ഭൂമിയുടെ അതിർത്തികൾവരെ രക്ഷ
എത്തിച്ചുകൊടുക്കാൻ ജനതകൾക്കു ദീപമായി
നിന്നെ സ്ഥാപിച്ചിരിക്കുന്നു (ഏശയ്യ 49,6).

വാല്യം 10 ഫെബ്രുവരി 2018 ലക്കം 02

# തലശ്ശേരി അതിരൂപതാ ബുള്ളറ്റിൻ

# THALASSERY ARCHDIOCESAN BULLETIN

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം


1. Prot. No.48/18, Pastoral Letter No.01/18 ........ 5
2. Prot. No.49/18, സർക്കുലർ നമ്പർ 01/2018 ........ 10
3. കെസിബിസി സർക്കുലർ - തിരുബാലസഖ്യദിനം ........ 16
4. കെസിബിസി സർക്കുലർ - മദ്യവിരുദ്ധ ഞായർ ........ 19
5. കച്ചേരിക്കാര്യം ........ 25
6. Prot. No.45/18 - വിജ്ഞാപനം ........ 30
7. സെമിനാരി വാർത്തകൾ ........ 38
8. വിശ്വാസപരിശീലനം ........ 39
9. ബൈബിൾ അപ്പൊസ്റ്റോലേറ്റ് ........ 43
10. ചെറുപുഷ്പ മിഷൻലീഗ് ........ 46
11. തിരുബാലസഖ്യം ........ 50
12. യുവജനശുശ്രൂഷ ........ 52
13. കുടുംബ പ്രേഷിതത്വം ........ 58
14. വിദ്യാഭ്യാസ ഏജൻസി ........ 68
15. വിമൽജ്യോതി വാർത്തകൾ ........ 72
16. നിർമ്മലഗിരി വാർത്തകൾ ........ 74
17. സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി ........ 76
18. ഫ്രാൻസിസ്കൻ അത്മായ സഭ ........ 82
19. ഇൻഫാം വാർത്തകൾ ........ 85
20. കെസിബിസി മദ്യവിരുദ്ധ സമിതി ........ 87
21. കത്തോലിക്കാ കോൺഗ്രസ്സ് ........ 93
22. സാമൂഹ്യസേവനവേദി ........ 94
23. പ്രതീക്ഷാ വാർത്തകൾ ........ 99
24. ശാന്തിതീരം ........ 101
25. ധ്യാനകേന്ദ്രങ്ങളിലൂടെ ........ 102
26. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) ........ 103
27. Programme of the Archbishop Mar George Njaralakatt ........ 106
28. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) ........ 108
29. Programme of the Abp. Emeritus Mar George Valiamattam ........ 110
30. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) ........ 111
31. Programme of the Auxiliary Bishop Mar Joseph Pamplany ........ 114

**Prot. No. 48/18, Pastoral Letter No. 01/18**

# ഇടയലേഖനം - വലിയനോമ്പ്

*ദൈവകൃപയാൽ*
*തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത*

*മാർ ജോർജ് ഞറളക്കാട്ട്*

*തന്റെ സഹശുശ്രൂഷകരായ വൈദികർക്കും സന്യസ്തർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്*

ഈശോയിൽ പ്രിയമുള്ളവരേ,

ഫെബ്രുവരി 11-ാം തീയതിയായ ഇന്ന് നോമ്പ് കാലത്തിന്റെ ആദ്യ ഞായറാണ്. നാളെ വിഭൂതി തിങ്കളാഴ്ച നാം വലിയ നോമ്പിലേക്ക് പ്രവേശിക്കുകയാണല്ലോ. ഈശോയുടെ 40 ദിവസത്തെ മരുഭൂമിയിലെ പ്രാർത്ഥനയും ഉപവാസവുമാണ് വലിയനോമ്പിന്റെ അടിസ്ഥാനം. മാർതോമ്മാക്രിസ്ത്യാനികൾ പേത്തൂർത്താ മുതൽ ഉയിർപ്പ് ഞായർവരെ നോമ്പുനോക്കിയതിനാലാണ് ഇതിനെ അമ്പതുനോമ്പ് എന്നു വിശേഷിപ്പിക്കുന്നത്. വലിയ നോമ്പിലെ ശ്രദ്ധാകേന്ദ്രം ഈശോയുടെ ജീവിതവും പ്രത്യേകിച്ച് പെസഹാരഹസ്യങ്ങളുമാണ്. നമുക്ക് നല്ല ചൈതന്യത്തോടെ നോമ്പിലേക്ക് പ്രവേശിക്കാം.

പിതാവായ ദൈവം തന്റെ ഏകജാതനെ മനുഷ്യനായി പിറക്കുവാൻ അവനുവദിച്ചത് മനുഷ്യവംശത്തെ പാപത്തിൽനിന്നും വീണ്ടെടുക്കാനാണ്. സുവിശേഷകനായ യോഹന്നാൻ ഇതു നമ്മെ ഓർമ്മപ്പെടുത്തുന്നു. "ദൈവം തന്റെ പുത്രനെ ലോകത്തിലേക്ക് അയച്ചത് ലോകത്തെ ശിക്ഷയ്ക്കു വിധിക്കാനല്ല പ്രത്യുത, അതുവഴി ലോകം രക്ഷപ്രാപിക്കാനാണ്" (യോഹ1:17). പിതാവ് ഏല്പ്പിച്ച ഈ ദൗത്യത്തെപ്പറ്റി നിരന്തരം ബോധവാനായിരുന്നു ഈശോ. തന്റെ പരസ്യജീവിതത്തിന്റെ ആരംഭത്തിൽ തന്നെ ഈശോ അത് വ്യക്തമാക്കുന്നു. അവിടുന്ന് ആഹ്വാനം ചെയ്തു "സമയം പൂർത്തിയായി ദൈവരാജ്യം സമീപിച്ചിരിക്കുന്നു. അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ" (മർക്കോ 1:15). കർത്താവിന് മുന്നോടിയായി വന്ന സ്നാപകനും ഇതു തന്നെ വിളിച്ചോതുന്നു."മാനസാന്തരപ്പെടുവിൻ; സ്വർഗ്ഗരാജ്യം സമീ

പിച്ചിരിക്കുന്നു" (ലൂക്ക 3:2). മനുഷ്യവംശത്തെ ബാധിച്ചിരിക്കുന്ന ഏറ്റവും വലിയ തിന്മയായിട്ടാണ് പാപത്തെ ഈശോ കണ്ടത്. അതിനാലാണ് താൻ ഇരുന്നിരുന്ന ഭവനത്തിന്റെ മേൽക്കൂരപൊളിച്ച് തളർവാത രോഗിയെ കട്ടിലോടെ തന്റെ മുമ്പിലേക്ക് ഇറക്കിയപ്പോൾ ഈശോ അവനോടു പറഞ്ഞത്. "മകനേ നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നുവെന്ന്" (മർക്കോ 2:5). പാപികളോടും ചുങ്കക്കാരോടു കൂടി ഭക്ഷിക്കുന്ന ഈശോയെ കണ്ട് വിമർശിച്ച നിയമജ്ഞരോട് അവിടുന്നുപറഞ്ഞു. "ആരോഗ്യമുള്ളവർക്കല്ല രോഗികൾക്കാണ് വൈദ്യനെക്കൊണ്ട് ആവശ്യം. നീതിമാൻമാരെയല്ല പാപികളെ വിളിക്കാനാണ് ഞാൻ വന്നിരിക്കുന്നത്" എന്ന് (മർക്കോ 2:17). പാപികളെ പശ്ചാത്താപത്തിലേക്ക് വിളിക്കാനാണ് ഈശോ വന്നത്. തന്റെ പക്കലേക്ക് വന്ന എല്ലാ പാപികളെയും സ്വീകരിക്കുന്ന കർത്താവിനെയാണ് വി. ഗ്രന്ഥത്തിൽ നാം കാണുക. അവസാനം തന്റെ ജീവൻ കുരിശിൽ സമർപ്പിച്ചപ്പോഴും പാപികളോടുള്ള തന്റെ അതിരറ്റ സ്നേഹമാണ് ഈശോ പ്രകടിപ്പിച്ചത്.

വലിയ നോമ്പുകാലം പാപത്തോട് വിടപറയുവാൻ നമ്മെ പ്രേരിപ്പിക്കുന്നു. ഈശോയുടെ രക്ഷാകരപ്രവർത്തനങ്ങളുടെ എല്ലാ ഉദ്ദേശവും നമ്മെ ഓരോരുത്തരെയും മനുഷ്യവർഗ്ഗം മുഴുവനെയും പാപത്തിന്റെ അടിമത്തത്തിൽ നിന്നു മോചിക്കുകയായിരുന്നു. പാപംനിറഞ്ഞ ഒരു ലോകത്തിലാണ് നാം ജീവിക്കുക. പാപത്തിന്റെ സാഹചര്യങ്ങൾ അനുദിനം വർദ്ധിച്ചുകൊണ്ടാണിരിക്കുന്നത്. പാപബോധം നഷ്ടപ്പെടുന്നു എന്നതാണ് ഈ കാലഘട്ടത്തിന്റെ പ്രത്യേകത. പാപത്തെക്കുറിച്ചുള്ള ശരിയായ അവബോധത്തോടെ നോമ്പിലേക്ക് പ്രവേശിക്കുന്നത് നല്ലതാണ്. എന്താണ് പാപം? വി. യോഹന്നാൻ തന്റെ ലേഖനത്തിൽ നമ്മോടു പറയും പാപംചെയ്യുന്നവൻ നിയമം ലംഘിക്കുന്നു. പാപം നിയമലംഘനമാണ് (1യോഹ 3:4). ഏറ്റം വലിയ നിയമം എന്താണെന്ന നിയമജ്ഞന്റെ ചോദ്യത്തിന് മറുപടിയായി ഈശോ തന്നെ പറയുന്നു. ഇതാണ് ഒന്നാമത്തെ കല്പന: "ഇസ്രായേലേ കേൾക്കുക! നമ്മുടെ ദൈവമായ കർത്താവാണ് ഏകകർത്താവ്. നീ നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കുക. രണ്ടാമത്തെ കല്പന: നിന്നെപ്പോലെ തന്നെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക. ഇവയേക്കാൾ വലിയ കല്പന ഒന്നുമില്ല" (മർക്കോ 12:28-31). അപ്പോൾ ദൈവത്തെയും മനുഷ്യനെയും സ്നേഹി

ക്കാതിരിക്കുന്നതാണ് പാപം. പാപം സ്നേഹ നിരസനമാണ്. സ്നേഹത്തിനെതിരായ തിന്മയാണ് വെറുപ്പും, വിരോധവും,വിദ്വേഷവും, പകയും, പ്രതികാരവുമെല്ലാം. ഇതെല്ലാമാണ് പാപം. വി. യോഹന്നാന്റെ വീക്ഷണത്തിൽ വിശ്വാസരാഹിത്യമാണ് പാപം. ദൈവത്തിന്റെ ഏകജാതനെ തിരസ്ക്കരിക്കുന്നത് പാപമാണ്. മനുഷ്യൻ പ്രകാശത്തെക്കാൾ അധികമായി അന്ധകാരത്തെ സ്നേഹിക്കുന്നതാണ് പാപം. ഓരോ പാപവും പ്രകാശമായ ഈശോയെ തള്ളിപറഞ്ഞ് അന്ധകാരമായ തിന്മയെ സ്വീകരിക്കലാണ്.

സൃഷ്ടിയുടെ ആരംഭം മുതൽ ദൈവം തന്റെ അനന്തമായ സ്നേഹവും കൃപയും മനുഷ്യന്റെമേൽ വർഷിക്കുകയുണ്ടായി. എന്നാൽ ദൈവത്തെ സ്നേഹിക്കുന്നതിനുപകരമായി മനുഷ്യൻ കൃതഘ്നതയോടെയാണ് വർത്തിച്ചിട്ടുള്ളത്. പാപം നന്ദികേടാണ്. പാപം വഴിയായി നാം ദൈവത്തിൽനിന്നും സഹോദരങ്ങളിൽനിന്നും അകന്നുപോകുന്നു. ദൈവത്തിൽനിന്നുള്ള അകൽച്ചയാണ് പാപം. ധൂർത്തപുത്രൻ പിതൃഭവനത്തിൽ നിന്നും അകന്നുമാറി. നമ്മുടെ ഇഹ ലോകജീവിതത്തിന്റെ അന്ത്യലക്ഷ്യം ദൈവത്തെപ്രാപിക്കലാണ്; നിത്യജീവൻ അവകാശപ്പെടുത്തുകയാണ്. എന്നാൽ ഓരോ പാപവും ആ ലക്ഷ്യത്തിൽ നിന്ന് നമ്മെ അകറ്റുന്നു. ലക്ഷ്യം തെറ്റി ഓടുന്നതാണ് പാപം. കർത്താവായ ഈശോ നമുക്ക് തന്ന വലിയ ദാനമാണ് പരിശുദ്ധാത്മാവ്. ഈ ആത്മാവിലൂടെ ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്ക് ചൊരിയപ്പെട്ടിരിക്കുന്നു. നാം പാപം ചെയ്യുമ്പോൾ ഈ ആത്മാവിന്റെ പ്രചോദനങ്ങളെ തള്ളിപറയുകയാണ് ചെയ്യുന്നത്. പരിശുദ്ധാത്മാവിനെതിരായ പ്രവർത്തിയാണ് പാപം. നമ്മുടെ പാപങ്ങൾ ഏറ്റെടുക്കുവാനാണ് ഈശോ മനുഷ്യനായി പിറന്നത്. എന്നാൽ നമ്മുടെ ഓരോ പാപവും ഈശോയെ മുറിപ്പെടുത്തുകയാണ് ചെയ്യുന്നത്. ഏശയ്യാ പ്രവാചകൻ പറയുന്നു "നമ്മുടെ അതിക്രമങ്ങൾക്കുവേണ്ടി അവൻ മുറിവേൽപ്പിക്കപ്പെട്ടു: നമ്മുടെ അകൃത്യങ്ങൾക്കുവേണ്ടി ക്ഷതമേൽപ്പിക്കപ്പെട്ടു" (ഏശയ്യ 53:5).

പാപത്തിന്റെ കാഠിന്യം മനസ്സിലാക്കി ഈശോയുടെ പക്കലേക്ക് തിരിയുവാൻ നോമ്പുകാലം നമ്മെ സഹായിക്കട്ടെ. നോമ്പുകാലം വളരെ പ്രത്യേകമായി നമ്മെ നമ്മുടെ പാപങ്ങളെ പറ്റിയുള്ള അനുതാപത്തിലേക്കും മാനസാന്തരത്തിലേക്കും ക്ഷണിക്കുന്നു. നമ്മുടെ പാപങ്ങളെയും പാപത്താൽ കലുഷിതമായ പഴയ മനുഷ്യനേയും ദൂരെ

യെറിയേണ്ട കാലഘട്ടമാണിത്. യഥാർത്ഥമായ വിശുദ്ധിയിലും നീതിയിലും ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട പുതിയ മനുഷ്യനെ ധരിക്കേണ്ട സമയമാണിത്. പത്രോസ്ശ്ലീഹായുടെ പ്രസംഗം ശ്രവിച്ച ആളുകൾ ഹൃദയം നുറുങ്ങി പത്രോസിനോടും മറ്റ് അപ്പസ്തോലന്മാരോടും ചോദിച്ചു: "സഹോദരന്മാരെ ഞങ്ങൾ എന്താണ് ചെയ്യേണ്ടത്? പത്രോസ് പറഞ്ഞു: നിങ്ങൾ പശ്ചാത്തപിക്കുവിൻ. പാപമോചനത്തിനായി എല്ലാവരും യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം സ്വീകരിക്കുവിൻ" (അപ്പ 2:37). ഈ നോമ്പ് കാലത്ത് കർത്താവിന്റെ സ്വരം ശ്രവിച്ച് നമ്മുടെ പാപങ്ങളെപ്പറ്റി പശ്ചാത്തപിച്ച് അവിടുത്തെ പക്കലേക്ക് തിരിച്ചുവരുവാൻ കർത്താവ് നമ്മെ ക്ഷണിക്കുന്നു. അനുരഞ്ജനകൂദാശയുടെ സ്വീകരണത്തിലൂടെ ദൈവത്തിങ്കലേക്ക് അടുക്കുവാൻ നമുക്ക്  കഴിയട്ടെ.

അനുതാപത്തിന്റെ യഥാർത്ഥ ഫലങ്ങൾ നമ്മുടെ ജീവിതത്തിൽ പ്രകടമാക്കണമെന്ന ചിന്തയും നോമ്പുകാലം നമുക്ക് നല്കുന്നു. കർത്താവിനെ കണ്ടുമുട്ടിയ സക്കേവൂസ് തന്റെ പഴയകാല ചെയ്തികൾക്കെല്ലാം പരിഹാരം ചെയ്യുവാൻ തയ്യാറായി. അവൻ പറഞ്ഞു: "കർത്താവേ, ഇതാ എന്റെ സ്വത്തിൽ പകുതി ഞാൻ ദരിദ്രർക്ക് കൊടുക്കുന്നു. ആരുടെയെങ്കിലും വക വഞ്ചിച്ചെടുത്തിട്ടുണ്ടെങ്കിൽ നാലിരട്ടിയായി തരിച്ചുകൊടുക്കുന്നു". യേശു അവനോടു പറഞ്ഞു: "ഇന്ന് ഈ ഭവനത്തിനു രക്ഷ ലഭിച്ചിരിക്കുന്നു" (ലൂക്ക 19:8-9). നമ്മുടെ പാപങ്ങൾക്ക് പരിഹാരം ചെയ്യുവാൻ നാം തയ്യാറാകണം. ഉപവാസത്തിനും, പ്രാർത്ഥനയ്ക്കും, പരിഹാരത്തിനും, ധർമ്മദാനത്തിനും നാം ഈ നോമ്പുകാലത്ത് കൂടുതൽ ഊന്നൽ നല്കണം. അനുതപിച്ച് തന്റെ പക്കലേക്കു വന്ന ജനത്തോട് സ്നാപകൻ ആവശ്യപ്പെട്ടതും ഇതു തന്നെ: "മാനസാന്തരത്തിന് യോജിച്ചഫലങ്ങൾ പുറപ്പെടുവിക്കുവിൻ" (മത്തായി 3:9). കർത്താവിനെ കണ്ടുമുട്ടി മാനസാന്തരപ്പെട്ട സമരിയാക്കാരി കർത്താവിനെ പ്രഘോഷിക്കുന്നവളായി മാറുകയുണ്ടായല്ലോ. മാനസാന്തരപ്പെട്ട സാവൂൾ ഈശോയുടെ ഏറ്റം വലിയ പ്രേഷിതനായി മാറിയ കാര്യവും നമുക്കറിയാം.

ഈ നോമ്പുകാലം കർത്താവ് ആഗ്രഹിക്കുന്ന വിധത്തിൽ ജീവിക്കുവാൻ ഉത്സാഹിക്കാം. തിരുവചനങ്ങൾ വായിച്ച് ധ്യാനിക്കുവാനും, ശക്തിസംഭരിക്കാനും കഴിയണം. ഈ അടുത്ത നാളുകളിൽ പലസ്ഥലങ്ങളിലായി നടന്ന ബൈബിൾ കൺവെൻഷനുകളിൽ ധാരാളം ആളു

കൾ പങ്കെടുക്കുകയുണ്ടായി. ഈ നോമ്പുകാലത്ത്  കുടുംബസമേതം ധ്യാനങ്ങളിൽ സംബന്ധിക്കുന്നത് നല്ലതാണ്. രോഗീസന്ദർശനം, ഭവനസന്ദർശനം എന്നിവയിലൂടെ മറ്റുള്ളവരിലേക്ക് കൂടുതൽ കടന്നുചെല്ലുവാൻ നോമ്പ് കാലത്ത് ശ്രമിക്കാം. നമ്മുടെ ശുശ്രൂഷയും സഹായവും ആവശ്യമായവർക്ക് അതു നല്കുവാൻ നമുക്ക് ഉദാരമതികളാകാം. ഉപവാസത്തിനും, പ്രാർത്ഥനയ്ക്കും, പരിത്യാഗപ്രവർത്തികൾക്കും, വി. കുർബാനയിലുള്ള പങ്കുചേരലിനും, ധർമ്മദാനപ്രവർത്തനങ്ങൾക്കും കൂടുതൽ ഊന്നൽ നല്കാം.

ഏവർക്കും നല്ല നോമ്പുകാലം ആശംസിക്കുന്നു. നമ്മുടെ പാപങ്ങളും പാപസാഹചര്യങ്ങളും തിരിച്ചറിഞ്ഞ് അവയെപ്രതി പശ്ചാത്തപിച്ച് അവയെ കുമ്പസാരത്തിലൂടെ ഏറ്റുപറഞ്ഞ്, നവീകരിക്കപ്പെട്ട പുതിയ വ്യക്തികളായിത്തീരാൻ കർത്താവ് നമ്മെ സഹായിക്കട്ടെ. മാനസാന്തരത്തിന്റെ ഫലങ്ങൾ നമ്മുടെ ജീവിതത്തിൽ പ്രകടമാകുവാൻ പരിശുദ്ധാത്മാവ് നമ്മെ ശക്തരാക്കട്ടെ.  കർത്താവിന്റെ രക്ഷാകര പ്രവർത്തനങ്ങളോട് ഏറ്റം അടുത്ത് സഹകരിച്ച പരിശുദ്ധ അമ്മയും വി. യൗസേപ്പിതാവും അപ്പസ്തോലന്മാരും നമുക്ക് തുണയായിരിക്കട്ടെ.  ഈ നോമ്പുകാലത്ത് ദൈവത്തിന്റെ കൃപസമൃദ്ധമായി നിങ്ങളുടെമേൽ ഉണ്ടാകട്ടെയെന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

നിങ്ങളുടെ വത്സലപിതാവ്

തലശ്ശേരി<br>27-01-2018

**മാർ ജോർജ് ഞറളക്കാട്ട്**<br>തലശ്ശേരി അതിരൂപതാദ്ധ്യക്ഷൻ

---

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ ഇടയലേഖനം 2018 ഫെബ്രുവരി 11-ാം തീയതി ഞായറാഴ്ച എല്ലാ ഇടവക ദൈവാലയങ്ങളിലും വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.

**Prot. No. 49/18 സർക്കുലർ നമ്പർ 01/2018**

## വത്സലപിതാവ് കുഞ്ഞുങ്ങളോട്...

ഈശോയിൽ ഏറ്റവും പ്രിയപ്പെട്ട വത്സലമക്കളേ,

"താൻ മുൻകൂട്ടി നിശ്ചയിച്ചവരെ അവിടുന്ന് വിളിച്ചു. വിളിച്ചവരെ വിശുദ്ധീകരിച്ചു. വിശുദ്ധീകരിച്ചവരെ മഹത്വപ്പെടുത്തി." (റോമ : 8:30).

പുതുവർഷത്തിൽ ആദ്യമായി ഞാൻ നിങ്ങൾക്കെഴുതുകയാണല്ലോ. ഈ വർഷം നിങ്ങൾക്കെല്ലാവർക്കും ദൈവാനുഗ്രഹം നിറഞ്ഞ വർഷമാകട്ടെയെന്ന് ആശംസിക്കുന്നു. ഡിസംബർ മാസത്തെ കത്ത് വായിച്ചതിനുശേഷം ഒട്ടേറെ കുഞ്ഞുകൂട്ടുകാരും അവരുടെ മാതാപിതാക്കളും സ്നേഹപൂർവ്വം എനിക്കെഴുതുകയുണ്ടായി. ഒത്തിരി നന്ദിയോടെ, അതിലേറെ സന്തോഷത്തോടെ ഒരു കാര്യം പറഞ്ഞുകൊള്ളട്ടെ, ഇരുപത്തഞ്ചുനോമ്പിലെ പ്രത്യേക സുകൃതമായി ആവശ്യപ്പെട്ടിരുന്ന അദിലാബാദ് രൂപതയിലെ കുട്ടികൾക്കായി "ഉണ്ണീശോയ്ക്ക് ഒരു കട്ടിൽ" വാങ്ങുന്നതിനായി ഒട്ടേറെ സുമനസ്സുകൾ സഹായഹസ്തവുമായി മുന്നോട്ടുവന്നു. അതിൽ ഏറ്റവുമധികം എന്റെ ഹൃദയത്തെ സ്പർശിച്ച സംഭവം നിങ്ങളുമായി പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു. പേരാവൂരിനടുത്തുള്ള കണിച്ചാർ ഇടവകയിലെ ശിശുഭവനിലെ കുഞ്ഞുകൂട്ടുകാർ അവർക്ക് അത്യാവശ്യകാര്യങ്ങൾക്കായി ആരോ സ്നേഹപൂർവ്വം നൽകിയ തുകയുടെ വലിയ ഒരു ഭാഗം മാറ്റിവച്ച്, അതോടൊപ്പം ത്യാഗപൂർവ്വം പലദിവസങ്ങളിലായി ഭക്ഷണം ഉപേക്ഷിച്ച് ഉപവാസമെടുത്തതിന്റ ദശാംശംകൂടി കൂട്ടിച്ചേർത്ത്, ഉണ്ണീശോ കട്ടിൽ വാങ്ങാനായി അവർ എന്നെ ഏൽപ്പിച്ചു. സുഭിക്ഷതയുടെ നടുവിൽ കഴിയുന്ന അനേകംപേർ ഈ കൊച്ചുകാര്യം ശ്രദ്ധിക്കാതെ വിട്ടപ്പോൾ അന്നന്നുള്ള ആഹാരത്തിനായി എന്നും പ്രാർത്ഥിക്കുന്ന ഈ കുഞ്ഞുമക്കൾ തങ്ങളുടെ അത്യാവശ്യങ്ങൾ മാറ്റിവച്ച് മറ്റുള്ളവരെ സഹായിക്കാൻ തയ്യാറായി. സത്യത്തിൽ ഈശോയിൽ വളരുക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതും ഇതുതന്നെയല്ലേ? "നിങ്ങൾ അളക്കുന്ന അളവുകൊണ്ടുതന്നെ നിങ്ങൾക്കും അളന്നുകിട്ടും എന്ന തിരുവചനം നമുക്ക് മറക്കാതിരിക്കാം." ഈ കാര്യത്തിൽ ഹൃദയപൂർവ്വം സഹകരിച്ച എല്ലാവർക്കും, നിങ്ങളെ പ്രചോദിപ്പിച്ചവർക്കും നന്ദിയും പ്രാർത്ഥനയും അറിയിക്കുന്നു.

ഫെബ്രുവരി 11-ാം തീയതി ആഗോളസഭയിൽ തിരുബാലസഖ്യ ദിനം ആചരിക്കുകയാണല്ലോ. "കുഞ്ഞുങ്ങൾ കുഞ്ഞുങ്ങളെ സഹാ

യിക്കട്ടെ, കുഞ്ഞുങ്ങൾ കുഞ്ഞുങ്ങൾക്കായി പ്രാർത്ഥിക്കട്ടെ" എന്ന താണല്ലോ തിരുബാലസഖ്യത്തിന്റെ ആപ്തവാക്യമായി സ്വീകരിച്ചി രിക്കുന്നത്. കുഞ്ഞുങ്ങൾ നല്ലകാര്യങ്ങൾക്കായി ഒരുമിച്ച് പ്രാർത്ഥിച്ച്, ഒരുമിച്ച് പ്രവർത്തിച്ച്, നന്മയുള്ളവരായി വളർന്നുവരിക എന്നതാണ് ഈ സംഘടന ലക്ഷ്യംവയ്ക്കുന്നത്. തിരുബാല്യത്തെക്കുറിച്ച് നിങ്ങൾക്കെഴുതുന്നതിനെക്കുറിച്ച് ആലോചിച്ചുകൊണ്ടിരുന്നപ്പോൾ, ഈ കഴിഞ്ഞ മാസം എനിക്ക് ഏറെ സന്തോഷകരവും ദൈവാനുഗ്ര ഹപ്രദവുമായ അനുഭവങ്ങൾ സമ്മാനിച്ച ദിനങ്ങളെക്കുറിച്ച് നിങ്ങളോട് പറഞ്ഞുകൊണ്ട് ആരംഭിക്കാം എന്ന് എനിക്ക് തോന്നി. അത് മറ്റൊ ന്നുമല്ല, നമ്മുടെ അതിരൂപതയ്ക്കായും മിഷനുവേണ്ടിയുമായി അമ്പ തിലധികം പേർക്ക് തിരുപ്പട്ടം നൽകാൻ കഴിഞ്ഞു എന്നതാണ്. ഈ വർഷം തലശ്ശേരി അതിരൂപതയിൽപ്പെട്ട ഏകദേശം അമ്പതോളം അച്ച ന്മാരും അത്രയുംതന്നെ സിസ്റ്റേഴ്സും ദൈവവിളി സ്വീകരിച്ച് സുവി ശേഷപ്രഘോഷണത്തിനായി തയ്യാറായിട്ടുണ്ട്. പണ്ടുകാലത്ത് തിരു പ്പട്ടം കൊടുത്തിരുന്നത് സെമിനാരികളിലായിരുന്നു. പിന്നീട് അത് അവ രവരുടെ ഇടവകകളിലേയ്ക്ക് മാറ്റി. ദൈവവിളി പ്രോത്സാഹിപ്പിക്കു ന്നതിനും വളർത്തുന്നതിനുംവേണ്ടിയാണിത്. നിങ്ങളുടെ ഇടവകക ളിൽ നടന്ന തിരുപ്പട്ടസ്വീകരണത്തിൽ നിങ്ങൾ പങ്കെടുത്തുകാണുമ ല്ലോ. പട്ടം സ്വീകരിക്കുന്ന അച്ചന്മാരുടെ മാതാപിതാക്കൾക്ക് ദേവാല യത്തിൽ പ്രത്യേക ഇരിപ്പിടവും പിതാക്കന്മാരോടൊപ്പം നിന്ന് ഫോട്ടോ എടുക്കുന്നതുമൊക്കെ നിങ്ങൾ കണ്ടിട്ടുണ്ടാകും. ഒരു മകനെ ദൈവ ത്തിനുവേണ്ടി വളർത്താൻകഴിഞ്ഞതിന്റെ സന്തോഷത്താൽ പല മാ താപിതാക്കളും ഈ അവസരങ്ങളിൽ കണ്ണീർപൊഴിക്കുന്നതും ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. ദൈവാനുഗ്രഹത്തിന്റെ ഈ അനുഗ്രഹീത നിമിഷങ്ങ ളിൽ പങ്കുചേരുമ്പോൾ നിങ്ങളിൽ പലർക്കും നല്ലൊരു വൈദീ കനാകാനോ, സിസ്റ്ററാകാനോ ഒക്കെയുള്ള പ്രേരണകൾ ഉണ്ടായിട്ടു ണ്ട്. മാതാപിതാക്കൾക്ക് തങ്ങളുടെ മക്കളിൽ ഒരാളെയെങ്കിലും ദൈവ ത്തിനുസമർപ്പിക്കാനുള്ള പ്രേരണ ലഭിക്കാനും അതിനായി പ്രാർത്ഥി ക്കാനുമൊക്കെ ഇത്തരം സന്ദർഭങ്ങളിൽ പ്രേരണ ലഭിക്കാറുണ്ട്. കൊച്ചു കുട്ടികളായിരിക്കുമ്പോൾ നമ്മുടെ മനസ്സിൽ തോന്നുന്ന ഇത്തരം പ്രേര ണകളാണ് വലുതാകുമ്പോൾ ദൈവവിളിയായി പരിണമിക്കുന്നത്.

ദൈവവിളി എല്ലാക്കാലത്തും ഒരു വെല്ലുവിളിതന്നെയാണ്. ഈശോ യ്ക്കുവേണ്ടി ജീവിക്കുവാനും ലോകത്തിന്റെ അതിർത്തികൾവരെ അവി ടുത്തെ സുവിശേഷത്തിന് സാക്ഷ്യംവഹിക്കുവാനും ലഭിക്കുന്ന ഒര പൂർവ്വ വിളിയാണത്. എല്ലാവർക്കും ദൈവവിളിയുണ്ടെങ്കിലും ചിലർ

മാത്രമേ ആ വെല്ലുവിളി ഏറ്റെടുക്കാൻ ധൈര്യപ്പെടാറുള്ളൂ. വി. അമ്മത്രേസ്യായുടെ ദൈവവിളിയെക്കുറിച്ച് സൂചിപ്പിക്കുന്ന ഹൃദയസ്പർശിയായ ഒരു സംഭവം ഞാൻ ഈ അടുത്ത നാളുകളിൽ വായിക്കാനിടയായി. കുഞ്ഞുനാൾമുതൽ വി. അമ്മത്രേസ്യാ ഈശോയുടെ മണവാട്ടിയാകുവാൻ ആഗ്രഹിച്ച് അതിനായി പ്രാർത്ഥിച്ചിരുന്നു. ദൈവത്തെ കാണണമെന്നുള്ള ആഗ്രഹംമൂലം അമ്മത്രേസ്യാ ഒരിക്കൽ ആഫ്രിക്കയിലെ മൂർ ജാതിക്കാരുടെ ഇടയിൽപ്പോയി സുവിശേഷം പ്രസംഗിക്കാനും അവിടെവച്ച് ഈശോയ്ക്കുവേണ്ടി മരിക്കുവാനും തീരുമാനിച്ചു. അതിനായി കുഞ്ഞനുജനെയും അവൾ കൂട്ടുപിടിച്ചു. രണ്ടുപേരും ആരും കാണാതെ വീടുവിട്ടിറങ്ങുന്നതിനിടയിൽ അമ്മത്രേസ്യായുടെ പിതൃസഹോദരൻ കണ്ട് അവരെ വീട്ടിലേക്ക് തിരികെ കൊണ്ടുവന്നു. എവിടെപ്പോയതായിരുന്നു എന്ന ചോദ്യത്തിന് അവൾ നൽകിയ മറുപടി എല്ലാവരെയും അത്ഭുതപ്പെടുത്തി. ഈശോയ്ക്കുവേണ്ടി മരിച്ചാൽ സ്വർഗ്ഗത്തിൽ പോകാം. അതിനായി മരിക്കാനുള്ള സ്ഥലംതേടി പോയതാണത്രേ. അതെ ദൈവവിളി വളരെ ചെറുപ്പത്തിൽത്തന്നെ നമ്മിൽ നിറയുന്ന അരൂപിയാണ്. ദൈവീകകാര്യങ്ങളോടുള്ള ഇഷ്ടമോ താത്പര്യമോ ആയാണ് അത് നമ്മിൽ വളർന്നു തുടങ്ങുന്നത്. ഉദാഹരണമായി, കൊച്ചുകുട്ടികളായിരിക്കുമ്പോൾ തോർത്ത് തലയിലിട്ട് പ്രാർത്ഥനകൾ ചൊല്ലുന്നതും, പുതപ്പ് പുതച്ചുകൊണ്ട് വൈദീകരെപ്പോലെ വി. കുർബ്ബാനയർപ്പിക്കാനുമൊക്കെയുള്ള താത്പര്യം കൊച്ചുകുട്ടികളിൽ നാം കാണാറുണ്ട്. കുഞ്ഞായിരിക്കുമ്പോൾ കുടുംബപ്രാർത്ഥനയിലുള്ള ആവേശം, അൾത്താര ശുശ്രൂഷിയാകാനുള്ള മോഹം, എന്നും പള്ളിയിൽ പോകാനുള്ള ഉത്സാഹം, സംഘടനാപ്രവർത്തനങ്ങളിലുള്ള ചുറുചുറുക്കും താത്പര്യവുമൊക്കെ കാണിക്കുന്നത് നമ്മിൽ ദൈവവിളി മുളപൊട്ടുന്നു എന്നതാണ്. ദൈവവിളി ഒരു കുഞ്ഞുചെടിപോലെയാണ്. അത് എന്നും ശ്രദ്ധയോടെ വളർത്തേണ്ട ഒന്നാണ്. എന്റെ ഈ വാക്കുകേൾക്കുന്ന നിങ്ങളിൽ പലർക്കും ദൈവവിളി സ്വീകരിക്കാനുള്ള ചെറിയ ആഗ്രഹമെങ്കിലും ഉണ്ടായിരിക്കും. പക്ഷേ പലർക്കും അത് തുറന്നുപറയാനുള്ള ധൈര്യമുണ്ടാകില്ല. അതുകൊണ്ടുതന്നെ വളർച്ചയ്ക്കിടയിൽ ദൈവവിളി നഷ്ടപ്പെടാനോ വഴിതെറ്റിപ്പോകാനോ സാധ്യതയുണ്ട്. പ്രിയപ്പെട്ട കുഞ്ഞുമക്കളേ, ദൈവവിളിയെക്കുറിച്ചുള്ള നിങ്ങളുടെ സ്വപ്നങ്ങൾ മാതാപിതാക്കളോടോ, വികാരിയച്ചനോടോ, സിസ്റ്റേഴ്സിനോടോ, മതാധ്യാപകരോടോ ഒക്കെ പങ്കുവയ്ക്കണം. ഞാൻ എന്റെ അമ്മച്ചിയോടാണ് ഒരു വൈദീകനാകണം എന്ന ആഗ്രഹം ആദ്യമായി പങ്കുവച്ചത്. അമ്മ അപ്പച്ചനോട് ഈ വിഷയം അവതരിപ്പിച്ച് എനിക്ക്

പോകാനുള്ള അനുവാദം സംഘടിപ്പിച്ചുതരികയും ചെയ്തു. അതിനാൽ നിങ്ങളുടെ ദൈവവിളിയെക്കുറിച്ചുള്ള സ്വപ്നങ്ങൾ തീർച്ചയായും പ്രിയപ്പെട്ടവരോട് പങ്കുവയ്ക്കുമല്ലോ. ഈശോ പറഞ്ഞതുപോലെ ദൈവവിളിയാകുന്ന ഗോതമ്പുമണി വെറുതെ മനസ്സിൽവയ്ക്കാതെ, അനുയോജ്യമായ നിലത്തുപാകി നൂറുമേനി ഫലം പുറപ്പെടുവിക്കാൻ സാധിക്കുന്നതായിത്തീരട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

ദൈവവിളി നട്ട്, നനച്ച് പരിപോഷിപ്പിക്കപ്പെടേണ്ട ഏറ്റവും പ്രധാനപ്പെട്ട ഇടമാണ് കുടുംബം. തിരുപ്പട്ടങ്ങൾ രൂപപ്പെടുന്നത് തിരുക്കുടുംബങ്ങളിൽനിന്നാണ്. തിരുബാല്യങ്ങൾ രൂപപ്പെടുന്ന തിരുക്കുടുംബങ്ങളെക്കുറിച്ചുകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ ഈ കത്ത് ചുരുക്കുകയാണ്. ഈ കഴിഞ്ഞ ഡിസംബർ 23-ാം തിയതി ഫാമിലി അപ്പസ്റ്റോലേറ്റിന്റെ നേതൃത്വത്തിൽ നടത്തിയ 'ജീവോത്സവ്' എന്ന പരിപാടി സംഘടിപ്പിക്കുകയുണ്ടായി. 2014 ന് ശേഷം നാലാമതൊരു കുഞ്ഞുകൂടി ജനിച്ച എല്ലാ മാതാപിതാക്കളെയും ആദരിക്കുന്ന ഒരു പരിപാടിയായിരുന്നു അത്. 41 കുടുംബങ്ങൾ ഇതിൽ പങ്കെടുക്കുകയുണ്ടായി. വളരെ ഹൃദയസ്പർശിയായി മാറിയ ഈ സംഗമത്തിൽ കാസർഗോഡ് ഇടവകയിൽനിന്നും പത്ത് മക്കളുമായി ഒരു കുടുംബം വരികയുണ്ടായി. (വേരനാനിക്കൽ ഷാജി-ബോബി എന്ന കുടുംബം). ഡിഗ്രിക്കാരൻമുതൽ കൈക്കുഞ്ഞുവരെയുള്ള ആ കുടുംബത്തിന്റെ സാന്നിധ്യം ഈ മീറ്റിംഗിൽ എല്ലാവരും ശ്രദ്ധിക്കപ്പെട്ട ഒന്നായിരുന്നു. ആ അമ്മയുടെ വാക്കുകൾ എല്ലാ അമ്മമാർക്കും പ്രചോദനമാകുന്ന ഒന്നാണ്. "പത്ത് കുഞ്ഞുങ്ങൾക്ക് ജന്മം നൽകിയതിന്റെ പേരിൽ പലരിൽനിന്നും ഒരുപാട് കുത്തുവാക്കുകളും കളിയാക്കലുകളുമൊക്കെ കേൾക്കേണ്ടിവന്നിട്ടുണ്ട്. എന്നിരുന്നാലും ഈ ലോകത്തിൽ മറ്റെന്തെല്ലാം ചെയ്യുന്നതിലുമുപരി ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ പങ്കുചേർന്ന് കുഞ്ഞുങ്ങൾക്ക് ജന്മം നൽകുന്നതിൽപ്പരം വലുതായി മറ്റൊന്നുമില്ല എന്ന ഉറച്ച ബോധ്യമാണ് പത്ത് മക്കൾക്ക് ജന്മംനൽകാൻ എന്നെ ശക്തിപ്പെടുത്തിയതെന്ന്". ദൈവവിളികൾ കുറയുവാനുള്ള പ്രധാന കാരണങ്ങളിലൊന്ന് കുടുംബങ്ങളിൽ മക്കളുടെ എണ്ണം കുറയുന്നു എന്നതാണ്. കൂടുതൽ മക്കളുള്ള കുടുംബങ്ങളിൽ നടത്തിയ പഠനങ്ങളിൽനിന്നും മനസ്സിലാക്കാൻ കഴിഞ്ഞത്, പരസ്പര ധാരണയും അംഗീകരിക്കലും മനസ്സിലാക്കലും മറ്റുള്ളവർക്കായി ത്യാഗങ്ങൾ ഏറ്റെടുക്കാനുള്ള സന്മനസ്സും വിശാലമനസ്സുമൊക്കെ മക്കളുടെ എണ്ണം കൂടുതലുള്ള കുടുംബങ്ങളിലെ കുട്ടികളിൽ വളരെ കൂടുതലാണ് എന്നതാണ്. ഇങ്ങനെയുള്ള കുട്ടികൾക്ക് ജീവിതപ്രശ്നങ്ങളെ അഭിമുഖീകരിക്കാനുള്ള ധൈര്യമുണ്ടാ

കും. ഇവർക്ക് ദുഃശാഠ്യവും ദുർവ്വാശിയുമൊക്കെ വളരെ കുറവുമായിരിക്കും.

ഒന്നും രണ്ടും മക്കളുള്ള കുടുംബങ്ങളിൽ വളരുന്നവരാണല്ലോ നിങ്ങളിൽ കൂടുതൽപേരും. നിങ്ങളെക്കുറിച്ചുള്ള അമിതമായ ഉത്കണ്ഠയും നിങ്ങളുടെ മാതാപിതാക്കൾക്കുണ്ട്. മക്കളുടെ എണ്ണം നിയന്ത്രിക്കാൻ മാതാപിതാക്കളെ പ്രേരിപ്പിക്കുന്ന പ്രധാന കാരണങ്ങളെന്തൊക്കെയാണെന്ന് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? നിങ്ങളുടെ പഠനത്തിനും ഉയർച്ചയ്ക്കും വേണ്ടിയുള്ള പണത്തെക്കുറിച്ചുള്ള ആകുലതയാണ് അതിൽ പ്രധാനപ്പെട്ട ഒരു കാര്യം. നിങ്ങളല്ലാതെ മറ്റൊരു കുഞ്ഞുകൂടി ഉണ്ടാകുമ്പോൾ നിങ്ങൾക്ക് പലതും അതിന്റെ പൂർണ്ണതയിൽ നൽകുവാൻ കഴിയില്ല എന്ന ചിന്തയാണ് പല മാതാപിതാക്കളെയും ഇനിയൊരു കുഞ്ഞുകൂടി വേണ്ട എന്ന് തീരുമാനിക്കാൻ പ്രേരിപ്പിക്കുന്നത്. സത്യത്തിൽ ഇതൊരു സ്വാർത്ഥതയാണ്. ഇങ്ങനെ പല മാതാപിതാക്കളും ചിന്തിച്ചിരുന്നെങ്കിൽ വി. മദർതെരേസായോ, വി. കൊച്ചുത്രേസ്യായോ, സച്ചിൻ തെണ്ടുൽക്കറോ ഇന്ന് ഈ ഭൂമിയിൽ ഉണ്ടാകുമായിരുന്നില്ല. പ്രശസ്തരായ പല ശാസ്ത്രജ്ഞന്മാരും ഉണ്ടാകുമായിരുന്നില്ല. മക്കൾക്ക് കുറെ ആസ്തിനൽകി വളർത്താതെ നല്ല സ്വഭാവം രൂപീകരിക്കാനാണ് മാതാപിതാക്കൾ ശ്രമിക്കേണ്ടത്. മക്കൾ ദൈവത്തിന്റെ ദാനമാണെന്നും അതിനാൽത്തന്നെ മക്കൾക്ക് വളരാനുള്ള അനുകൂലസാഹചര്യങ്ങൾ ദൈവം ഒരുക്കിത്തരും എന്നും മാതാപിതാക്കൾ വിശ്വസിക്കണം. തിരുബാലസഖ്യദിനത്തിൽ നമ്മുടെ പ്രത്യേക പ്രാർത്ഥനാനിയോഗം ലോകം മുഴുവനുമുള്ള തിരുബാലന്മാർക്കും, തിരുബാലികമാർക്കും, ഒപ്പം അവരുടെ പ്രിയപ്പെട്ട മാതാപിതാക്കൾക്കുമായിരിക്കട്ടെ. കൂടുതൽ കുഞ്ഞുങ്ങൾ ഈ ഭൂമിയിൽ ഉണ്ടാകണമേയെന്ന് നമുക്ക് പ്രാർത്ഥിക്കാം. ജീവന്റെ വില മനസ്സിലാക്കി, മക്കൾ ദൈവത്തിന്റെ ദാനമാണെന്ന വിശ്വാസത്തോടെ കൂടുതൽ കുഞ്ഞുങ്ങൾ ഈ ലോകത്തിൽ ജന്മംകൊള്ളുവാൻ ഈ വിശുദ്ധബലിയിൽ നമുക്ക് പ്രാർത്ഥിക്കാം.

തിരുബാലന്മാരെയും തിരുബാലികമാരെയും ലോകത്തിനു നൽകുന്ന തിരുഹൃദയമുള്ള മാതാപിതാക്കൾ ഉണ്ടാകണമെന്നതാണ് വളരെ പ്രധാനപ്പെട്ട മറ്റൊരു കാര്യം. തിരുക്കുടുംബങ്ങളിൽനിന്നുമാണ് തിരുബാലന്മാരും തിരുബാലികമാരും ഉണ്ടാകുന്നത്. അവരിൽനിന്നുമാണ് തിരുപ്പട്ടങ്ങൾ ഉണ്ടാകുന്നത്. നല്ല കുടുംബങ്ങളിൽനിന്നും നല്ല

മക്കളും, നല്ല മക്കളിൽനിന്നും നല്ല ദൈവവിളികളും രൂപപ്പെടുന്നു എന്ന് നാം മനസ്സിലാക്കണം. മക്കളുടെ എണ്ണം കുറയുമ്പോൾ മാതാപിതാക്കൾക്ക് മക്കളെ കൊടുക്കുവാൻ മനസ്സ് കുറയുന്നു. ദൈവത്തിന് ഈ ഭൂമിയിലേക്ക് ഒത്തിരി മക്കളെ നൽകുവാൻ മനസ്സുണ്ടെങ്കിലും അവരെ വാങ്ങുവാനും വളർത്തുവാനും നല്ല ഹൃദയമുള്ള നല്ല മാതാപിതാക്കൾ ഇല്ലാതെപോകുകയാണ്. അതിനാൽ നല്ല മാതാപിതാക്കളും നല്ല കുടുംബങ്ങളുമുണ്ടാകുവാനായി നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം. ദൈവവിളിയെക്കുറിച്ചുള്ള നിങ്ങളുടെ സ്വപ്നങ്ങളെയും പ്രതീക്ഷകളെയുംകുറിച്ച് എനിക്കെഴുതുമല്ലോ.

വാർഷികപ്പരീക്ഷയ്ക്കായി നിങ്ങളെല്ലാവരും തയ്യാറെടുക്കുന്ന കാലമാണല്ലോ. എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷകൾക്കായി തയ്യാറെടുക്കുന്ന നിങ്ങളുടെ ചേട്ടന്മാർക്കും ചേച്ചിമാർക്കുംവേണ്ടി നിങ്ങൾ പ്രത്യേകം പ്രാർത്ഥിക്കണം. ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നുവന്ന ഉണ്ണീശോ നിങ്ങൾക്ക് നല്ല ജ്ഞാനവും പ്രായത്തിനുചേർന്ന പക്വതയും, ഹൃദയത്തിനുചേർന്ന വിവേകവും നൽകി നിങ്ങളെ അനുഗ്രഹിക്കട്ടെ. ഒരിക്കൽക്കൂടി നിങ്ങൾക്കെല്ലാവർക്കും എല്ലാ വിജയങ്ങളും നേർന്നുകൊണ്ട്,

സ്നേഹപൂർവ്വം,

തലശ്ശേരി — **മാർ ജോർജ് ഞറളക്കാട്ട്**

27-01-2018 — തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

---

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ സർക്കുലർ 2018 ഫെബ്രുവരി 25-ാം തീയതി ഞായറാഴ്ച എല്ലാ ഇടവക ദൈവാലയങ്ങളിലും വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.

Ref: 3062/K-5/KCBC/OL/DS 17.1.2018

## 2018 ഫെബ്രുവരി 11 തിരുബാലസഖ്യദിനം

**കെസിബിസി വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ**

ക്രിസ്തുവിൽ പ്രിയ സഹോദരരേ,

ഈ വർഷം സാർവ്വത്രികസഭ തിരുബാലസഖ്യദിനം ആചരിക്കുന്നത് ഇന്നേ ദിനം (11.02.2018) ആണ്. യേശുവിന്റെ ബാല്യം അനുസ്മരിച്ചുകൊണ്ട് നമ്മുടെ കുട്ടികളെ സഭയ്ക്കും സമൂഹത്തിനും ഉപകാരികളാക്കി പരമോന്നതനായ ദൈവത്തിന്റെ ഉപരി മഹത്വത്തിനായി വളർത്തി വലുതാക്കുകയാണ് മാതാപിതാക്കളുടെയും മുതിർന്നവരുടെയും കടമ. അതിനാൽ തിരുബാലസഖ്യദിനം ആചരിക്കുമ്പോൾ തിരുബാലസഖ്യ കൂട്ടായ്മയിലെ എല്ലാ കുട്ടികൾക്കും അവരെ നയിക്കുന്നവർക്കും ആശംസകൾ നേരുന്നു. അതോടൊപ്പം എല്ലാ മാതാപിതാക്കളും മുതിർന്നവരും ചിന്തിക്കുവാനും പ്രവർത്തിക്കുവാനും വേണ്ടി ചില ചിന്തകൾ പങ്കുവയ്ക്കുന്നു.

ദൈവത്തിന്റെ ദാനമാണ് മക്കൾ. അവരെ വിശ്വാസത്തിലും വിശുദ്ധിയിലും വളർത്തണം എന്നതാണ് ദൈവത്തിന്റെ പദ്ധതി. മാതാപിതാക്കൾ ഒരുമിച്ച് നടപ്പിലാക്കേണ്ട പദ്ധതിയാണിത്. എന്നാൽ ഇന്ന് പല കാരണങ്ങളാൽ കുട്ടികളിൽനിന്നും അകന്നുജീവിക്കുന്ന മാതാപിതാക്കളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്നു. കുടുംബത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്കും ക്ഷേമത്തിനും വേണ്ടി മറുനാടുകളിലും അകലങ്ങളിലും ജീവിക്കുന്ന മാതാപിതാക്കൾക്ക് ഈ അകലം തികച്ചും വേദനാജനകം തന്നെ. എന്നാൽ അതോടൊപ്പം പക്വതയോടെ മക്കളുടെ വളർച്ചയ്ക്കുവേണ്ടി തീരുമാനമെടുക്കേണ്ടി വരുമ്പോൾ ശ്രദ്ധാപൂർവ്വം അതു ചെയ്യുവാൻ സാധിക്കാത്തവരും ഉണ്ട്.

ചിലപ്പോഴെങ്കിലും ഒരേ ഭവനത്തിൽ ജീവിക്കുന്നവർ പരസ്പരം മറന്ന് ജീവിക്കുന്നുവെന്നത് തികച്ചും ദുഃഖകരമായ കാര്യമാണ്. കൊച്ചുകുട്ടികളെ നാം ഇന്ന് കൂടുതലായി കാണുന്നത് മാതാപിതാക്കളുടെ കൂടെയല്ല, മറിച്ച്, ടിവിയുടെയും സ്മാർട്ട് ഫോണിന്റെയും കൂടെയാണ്. ഇവയൊക്കെയും സങ്കേതികതലത്തിൽ ഇവരുടെ ബുദ്ധിവികാസത്തിന് ഉപകരിക്കുമെങ്കിലും ഇവയുടെ അനിയന്ത്രിതമായ ഉപയോഗം ശാരീരികമായും മാനസികമായും ആത്മീയമായും കുട്ടികളെ ദോഷകരമായി ബാധിക്കുന്നുണ്ട്.സ്വാർത്ഥലോകത്തേക്ക് അവർ ഒതുങ്ങുകയും ആത്മീയതയുടെ അടിസ്ഥാനങ്ങൾ ഇല്ലാതാവുകയും ചെയ്യും. ചിന്താലോകത്തു വളർന്നുവരുന്ന കുട്ടികളുടെ ബോദ്ധ്യതല

ങ്ങൾ രൂപപ്പെടേണ്ടിടത്ത് അമ്മയ്ക്കു പകരം വിവരസാങ്കേതികത നിന്നാൽ ശിഥിലമാവുന്നത് കുടുംബങ്ങളായിരിക്കും. താത്കാലിക ലാഭത്തിനുവേണ്ടിയും സ്വസ്ഥതയ്ക്കുവേണ്ടിയും ഇത്തരം ശീലങ്ങൾ കുട്ടികളിൽ വളർത്തിയാൽ അതേ ദുഃശ്ശീലങ്ങൾ വളർന്ന് ഭാവിയുടെ കണ്ണീരായി മാറുമെന്ന തിരിച്ചറിവുണ്ടാകണം.

ഇന്നിന്റെ സാമൂഹികസമ്പർക്കമാധ്യമങ്ങളിൽ സെൽഫികളും പ്രകടനങ്ങളും ഒക്കെയുണ്ട്. സ്വയം വെളിപ്പെടുത്തുക, സ്വന്ത വിചാര ങ്ങൾപോലും കാറ്റത്തു വിതറുന്ന പഞ്ഞിപോലെ 'നെറ്റിൽ' ഇടുക എന്നതുമൊക്കെ ഇന്നിന്റെ രീതികളാണ്. പ്രൗഢിയുടെയും പരസ്യത്തി ന്റെയും പിന്നിൽ ഒത്തിരി തിന്മകൾ ഒളിച്ചിരിക്കുന്നുണ്ടാകാം. ഉയർന്നുവരുന്ന ആത്മഹത്യാനിരക്കുകളും വിവാഹമോചനങ്ങളും ശ്രദ്ധാപൂർവ്വം വിശകലനം ചെയ്യപ്പെടേണ്ടതാണ്.

അതോടൊപ്പം സ്നേഹത്തിന്റെയും വിനയത്തിന്റെയും വഴികളിൽ കുഞ്ഞുമക്കളെ വളർത്തുവാൻ മാതാപിതാക്കൾ പഠിക്കണം. കിട്ടുന്ന ലൈക്കുകളുടെ എണ്ണം നോക്കി സ്വന്തം മൂല്യമളക്കുകയെന്ന പ്രവർത്ത നരീതികൾ വികലമായ ഭാവിയാണ് നിർമ്മിക്കുന്നത്. കുഞ്ഞുമക്കൾ സ്വയം പ്രദർശിപ്പിച്ച് ജനശ്രദ്ധയാകർഷിക്കുമ്പോൾ അക്കൂട്ടത്തിൽ കുട്ടികളെയും കുടുംബത്തെത്തന്നെയും കൊത്തിവിഴുങ്ങാൻ കഴിവുള്ള കഴുകന്മാർ നമ്മുടെ ചുറ്റും ഉണ്ടെന്നു തിരിച്ചറിയുന്നത് നല്ലതാണ്. ഗുരുസ്ഥാനീയരും ആത്മജ്ഞാനമുള്ളവരും ജീവിതത്തിന്റെ യഥാർത്ഥ മൂല്യമറിയുകയും അതിനു ചേർന്ന പരിശീലനം കുഞ്ഞുതലമുറയ്ക്കു നല്കുകയും ചെയ്യും.

കുടുംബത്തിന്റെ ആത്മാവിഷ്ക്കാരം തെളിയുന്നത് ഒന്നിച്ചുള്ള ഈ പ്രയാണത്തിലാണ്. സ്നേഹത്തിന്റെ സന്തോഷം എന്ന പ്രബോധന ത്തിൽ (266, 267 274) ഫ്രാൻസിസ് മാർപാപ്പാ പറയുന്നതുപോലെ ദൈനംദിനജീവിതത്തിലെ ആത്മീയതയിലാണ് ഒരുമ കാണപ്പെടുന്നത്. സന്തോഷത്തിലും സന്താപത്തിലും ഒക്കെ ജീവിതസഖിയെയും ദൈവം തന്ന സമ്മാനമായ മക്കളെയും ഹൃദയത്തോടു ചേർത്തു നിർത്തി യാത്ര ചെയ്യാനാവുക എന്നതാണ് പുണ്യം. സുരക്ഷിത ത്വത്തിലേക്കായാലും സമ്പത്തിലേക്കായാലും കുടുംബത്തിലെ എല്ലാ അംഗങ്ങളും ഒന്നിച്ചുള്ള പ്രയാണം ആത്മീയതയുടെ അടയാളം തന്നെയാണ്.

പ്രിയ സഹോദരങ്ങളേ, തിരുബാലസഖ്യദിനവുമായി ബന്ധപ്പെട്ട് ചിന്തിക്കുമ്പോൾ നാം സൂക്ഷിക്കേണ്ട ചില മേഖലകളാണ് ഇവിടെ സൂചിപ്പിച്ചത്. കൂടുതൽ കൂടുതൽ അകന്നുപോകുന്ന ശൈശവങ്ങളെ

വിശ്വാസത്തിന്റെ തലത്തിലേക്കും സാന്മാർഗികതയുടെ നന്മയിലേക്കും കൈപിടിച്ച് നടത്തേണ്ടത് അത്യാവശ്യമായ കാര്യമാണ്. കുട്ടികൾ വളരുന്ന സംസ്കാരം വളരെ കൃത്യതയോടുകൂടെ പരുവപ്പെടുത്തി എടുക്കേണ്ടതാണ്. വർഗീയതയും നിരീശ്വരത്വവും ഒക്കെ വളരുന്ന ഈ കാലഘട്ടത്തിൽ വിശ്വാസസത്യങ്ങൾ മുറുകെപ്പിടിക്കുവാനും സഹവർത്തിത്തത്തിന്റെ പാതയിലൂടെ വളരുവാനും വളർത്തുവാനും നമ്മൾ ശ്രദ്ധിക്കേണ്ടതാണ്.

സ്നേഹത്തിന്റെ സന്തോഷം എന്ന പ്രബോധനത്തിൽ ഫ്രാൻസിസ് മാർപാപ്പാ ഊന്നിപ്പറയുന്നതുപോലെ നല്ല ശീലങ്ങൾ വളർത്തിയെടുക്കുവാനും മനഃസാക്ഷിയുടെ ശരിയായ രൂപീകരണത്തിനും നല്ല ഒരു വളർച്ച സംസ്കാരം നമ്മുടെ കുടുംബങ്ങളിലും ഇടവകകളിലും സ്ഥാപനങ്ങളിലും ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. കുട്ടികളുടെ ശാരീരികവും മാനസികവും ബൗദ്ധികവും ആത്മീയവുമായ ഒരു സമഗ്ര വളർച്ച മൂല്യബന്ധിതമായി നടക്കണമെങ്കിൽ വിവരസാങ്കേതിക വിദ്യകളുടെ കൂടെ ശരിയായ മനഃസാക്ഷിയും കൂടി രൂപപ്പെടുത്തിക്കൊടുക്കേണ്ടതുണ്ട്. ഇതിനായി ഓരോ കുടുംബവും ഓരോ ഇടവകയും ശ്രദ്ധിക്കണം. നമ്മുടെ ഈ പ്രവർത്തനങ്ങളെ കാരുണ്യവാനായ ദൈവം അനുഗ്രഹിക്കട്ടെ. ഇന്നത്തെ സ്തോത്രക്കാഴ്ച തിരുബാലസഖ്യ പ്രവർത്തനങ്ങളെ സഹായിക്കാനായി നല്കാൻ ശ്രദ്ധിക്കുമല്ലോ.

പ്രാർത്ഥനാശംസകളോടെ,

**ബിഷപ്പ് വിൻസെന്റ് സാമുവൽ**
ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

**ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം**
വൈസ് ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് സാമുവൽ മാർ ഐറിനോസ്**
വൈസ് ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയം
കൊച്ചി- 682 025

NB: 2018 ഫെബ്രുവരി 11-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിച്ച് വിശദീകരിച്ചു കൊടുക്കേണ്ടതാണ്.

## മദ്യവിരുദ്ധ ഞായർ, 18 ഫെബ്രുവരി 2018

### കെസിബിസി മദ്യവിരുദ്ധ സമിതി പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയപ്പെട്ടവരേ,

കേരള കത്തോലിക്കാസഭ 2018 ഫെബ്രുവരി 18-ാംതീയതി മദ്യവിരുദ്ധ ഞായറായി ആചരിക്കുകയാണ്. വലിയ നോമ്പിന്റെ മൂന്നാമത്തെ ഞായറാഴ്ചയാണ് മദ്യവിരുദ്ധ ഞായറായി ആചരിച്ചു പോരുന്നത്. വിശുദ്ധ നോമ്പ് പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും നവീകരണത്തിന്റെയും കാലഘട്ടമാണ്. വ്യക്തിപരവും സമൂഹപരവുമായ ഒരു നവീകരണത്തിനാണ് നോമ്പുകാലം നമ്മെ ക്ഷണിക്കുന്നത്. വ്യക്തികളെയും കുടുംബങ്ങളെയും സമൂഹത്തെയും നശിപ്പിക്കുന്ന തിന്മകളിൽ നിന്നും പാപസാഹചര്യങ്ങളിൽ നിന്നും അകന്നു നിൽക്കണമെന്ന് ഓരോ നോമ്പുകാലവും നമ്മെ ആഹ്വാനം ചെയ്യുന്നു. നമ്മുടെ സമൂഹത്തിൽ വർദ്ധിച്ചുവരുന്ന തിന്മയാണ് മദ്യത്തിന്റെയും ലഹരിയുടെയും ഉപയോഗം. മദ്യാസക്തി ദുർമോഹങ്ങളിലേക്ക് നയിക്കുന്നതാണെന്നും അന്ധകാരത്തിന്റെ പ്രവൃത്തിയാണെന്നും തിരുവചനം നമ്മെ ഓർമ്മപ്പെടുത്തുന്നു (റോമ 13: 13-14). മദ്യപാനി ദൈവരാജ്യം അവകാശമാക്കുകയില്ല (1 കൊറി. 6-10) എന്ന പൗലോസ് ശ്ലീഹായുടെ പ്രഖ്യാപനംതന്നെ മദ്യാസക്തി എന്ന തിന്മയുടെ ഗൗരവം നമ്മെ ബോധ്യപ്പെടുത്തുന്നതാണ്. "പകലിന് യോജിച്ചവിധം പെരുമാറാം. സുഖലോലുപതയിലോ, മദ്യലഹരിയിലോ, അവിഹിത വേഴ്ചകളിലോ, വിഷയാസക്തിയിലോ, കലഹങ്ങളിലോ, അസൂയയിലോ വ്യാപരിക്കരുത്" (റോമ 13:13). ജീവിത ബലഹീനതകളിൽ നിന്ന് അകന്ന് പ്രകാശത്തിന്റെ മക്കളാകുവാൻ തിരുസഭ നമ്മെ ക്ഷണിക്കുന്ന ഈ നോമ്പുകാലം മദ്യമെന്ന തിന്മയ്ക്കെതിരെയുള്ള ആത്മീയ പോരാട്ടത്തിന്റെ അവസരമാക്കി മാറ്റാം.

കെസിബിസി മദ്യവിരുദ്ധ സമിതി കേരളസഭയിൽ പ്രവർത്തിച്ചു തുടങ്ങിയിട്ട് ഇത് 20-ാം വർഷമാണ്. "മദ്യ വിമുക്തസഭയും സമൂഹവും" എന്നതാണ് സമിതിയുടെ മുദ്രാവാക്യം. മദ്യവിരുദ്ധ സമിതി സ്വപ്നം കാണുന്ന മദ്യവിമുക്തമായ സഭയും സമൂഹവും എന്ന സ്വപ്നം സാക്ഷാത്ക്കരിക്കാൻ ഇനിയും ബഹുദൂരം മുന്നോട്ടു പോകേണ്ടതുണ്ട്. മദ്യത്തിനും മയക്കുമരുന്നിനുമെതിരെ പ്രതികരിക്കുന്നതും സാധ്യമായ വിധത്തിലെല്ലാം ഈ തിന്മകൾക്കെതിരെ നിലകൊള്ളുന്നതും ഈ കാലഘട്ടത്തിലെ ഏറ്റവും ശ്രേഷ്ഠമായ സാമൂഹ്യ പ്രവർത്തനമാണ്. "സ്വന്തം ബോധ്യത്തിൽ അടിയുറച്ച് വിശ്വസിക്കുന്ന ഒരുസംഘം ആളു

കൾ ഉണ്ടെങ്കിൽ സമൂഹത്തിൽ മാറ്റം വരുത്താനാകും" എന്ന മഹാത്മാ ഗാന്ധിയുടെ വാക്കുകൾ മദ്യവിരുദ്ധ പ്രവർത്തകർക്ക് കരുത്തേകേണ്ട താണ്.

സാക്ഷരത, കുടുംബക്ഷേമം, ആരോഗ്യം എന്നീ തലങ്ങളിൽ ലോകത്തിനു തന്നെ മാതൃകയായിത്തീർന്ന സാംസ്കാരിക കേരളം മദ്യപാനത്തിലും ആത്മഹത്യയിലും ഒന്നാം നിരയിലാണെന്ന ലജ്ജാ കരമായ സത്യം നമ്മുടെ കണ്ണു തുറപ്പിക്കേണ്ടതാണ്. വിദ്യാഭ്യാസരം ഗത്തും ആരോഗ്യരംഗത്തും അത്ഭുതാവഹമായ നേട്ടങ്ങളും സംഭാവ നകളും കേരളത്തിന്റേതായിട്ടുണ്ട്. എന്നാൽ കേരളസമൂഹം നേടിയെ ടുത്ത സൽപ്പേരിന്റെയും സൽമാതൃകകളുടെയും മേൽ കരിനിഴൽ വീഴ്ത്തി മദ്യ-ലഹരി സംസ്ക്കാരം ഇന്ന് ദൈവത്തിന്റെ സ്വന്തം നാടിന് അപമാനം സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ലഹരിയുടെ വർദ്ധിച്ചു വരുന്ന ഉപയോഗം നാടിന്റെ പ്രതീക്ഷകളിൽ ഇരുൾ പരത്തുന്നു. ലക്ഷ ക്കണക്കിന് കുടുംബങ്ങളാണ് മദ്യത്തിന്റെ കെണിയിൽപ്പെട്ട് ദിനംപ്രതി നശിക്കുന്നത്. പട്ടണത്തിലായാലും ഗ്രാമത്തിലായാലും കുടുംബങ്ങൾ അക്ഷരാർത്ഥത്തിൽ മദ്യംമൂലം നരകയാതന അനുഭവിക്കുകയാണ്. ഈ മദ്യ പിശാചിന്റെ ശാപവും ദുർവിധിയും പേറുന്നത് സ്ത്രീകളും കുട്ടികളുമാണ്. മദ്യസംസ്ക്കാരത്തിന്റെ പൈശാചിക രൂപഭാവങ്ങളും അവ കുടുംബ-സാമൂഹ്യ-സാംസ്കാരിക-ധാർമ്മിക-രാഷ്ട്രീയ മണ്ഡ ലങ്ങളിൽ സൃഷ്ടിക്കുന്ന ഭീകരാവസ്ഥയും കണ്ടിട്ടും കണ്ടില്ലായെന്ന് നടിക്കുന്നവർ ചെയ്യുന്നത് പാപമാണ്.

മനുഷ്യ നന്മ ലക്ഷ്യം വച്ചുള്ള പ്രവർത്തനങ്ങൾ എന്നും സഭയുടെ മുഖമുദ്രയാണ്. കേരള സമൂഹത്തിന്റെ വിദ്യാഭ്യാസ-ആരോഗ്യ-നവോ ത്ഥാന രംഗങ്ങളിൽ മാറ്റത്തിന്റെ ചാലക ശക്തിയാകാൻ കേരള സഭയ്ക്ക് എന്നും കഴിഞ്ഞിട്ടുണ്ട്. നാടിന്റെ വികസനപ്രക്രിയയിൽ കാലത്തി നൊപ്പം നടക്കാൻ സഭ എന്നും പ്രതിജ്ഞാബദ്ധയാണ്. മദ്യത്തിനും മറ്റു ലഹരി വസ്തുക്കൾക്കെതിരെയുമുള്ള സന്ധിയില്ലാസമരം സാമൂഹ്യ നന്മയ്ക്കുവേണ്ടിയുള്ള സഭയുടെ പ്രതിബദ്ധതയുടെ പ്രതി ഫലനമാണ്. വരും തലമുറയ്ക്കുവേണ്ടിയുള്ള സഭയുടെ ഏറ്റവും മഹ ത്തായ ഒരു കരുതൽ നടപടിയാണ് മദ്യത്തിനും മറ്റ് ലഹരിവസ്തു ക്കൾക്കുമെതിരെയുള്ള സാമൂഹ്യ ഇടപെടൽ.

മദ്യത്തിനെതിരായ പോരാട്ടത്തിൽ സർക്കാർ ഒപ്പമുണ്ടാകും എന്ന പ്രതീക്ഷയ്ക്ക് മങ്ങൽ ഏറ്റുകഴിഞ്ഞു. സർക്കാരിന്റെ മദ്യനയം മദ്യ ലഭ്യത കുറയ്ക്കുകയല്ല മറിച്ച് വർദ്ധിപ്പിക്കുകയാണെന്ന് ഓണം-ക്രി സ്തുമസ്സ്ക്കാല റിക്കാർഡ് മദ്യവില്പന നമ്മെ ബോധ്യപ്പെടുത്തിക്ക

ഴിഞ്ഞു. തെരഞ്ഞെടുപ്പ് പ്രകടന പത്രികയിൽ, 'മദ്യം കേരളത്തിൽ ഗുരുതരമായ ഒരു സാമൂഹ്യവിപത്തായി മാറിയിട്ടുണ്ടെന്നും അതിനാൽ മദ്യത്തിന്റെ ലഭ്യതയും ഉപയോഗവും പടിപടിയായി കുറയ്ക്കാൻ സഹായകമായ നയമായിരിക്കും സ്വീകരിക്കുകയെന്നും' വ്യക്തമാക്കിയിരുന്നു. എന്നാൽ ഇതിന് കടകവിരുദ്ധമായ നിലപാടാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആദ്യംചെയ്തത് പ്രതിവർഷം 10 ശതമാനം വീതം ബീവറേജ് ഔട്ട്ലെറ്റുകൾ പൂട്ടുവാനുള്ള മുൻതീരുമാനം റദ്ദ് ചെയ്യലായിരുന്നു. തുടർന്ന് ഒരു പ്രദേശത്ത് മദ്യശാലകൾ വേണമോ വേണ്ടയോ എന്ന് തീരുമാനിക്കാൻ ജനത്തിന് അധികാരം നല്കുന്ന പഞ്ചായത്ത്രാജ്-നഗരപാലികാ ബില്ലിലെ 232, 447 എന്നീ വകുപ്പുകൾ റദ്ദ് ചെയ്യുകയുണ്ടായി. സുപ്രീംകോടതി വിധിയെ തുടർന്ന് ദേശീയ സംസ്ഥാന പാതയോരങ്ങളിലെ മദ്യശാലകൾ ജനവാസ കേന്ദ്രങ്ങളിലേക്ക് മാറ്റി സ്ഥാപിക്കാനുള്ള ആസൂത്രിത നീക്കത്തെ ജനം ചെറുത്തു തോല്പിച്ചപ്പോഴാണ് ജനത്തിന്റെ ഈ അധികാരം എടുത്തുകളഞ്ഞത്. മുമ്പ് മദ്യനയത്തിന്റെ ഭാഗമായി പഞ്ചനക്ഷത്രബാറുകൾ ഒഴികെ മറ്റെല്ലാ മദ്യശാലകളും നിരോധിച്ചിരുന്നു. എന്നാൽ ഈ സർക്കാർ ത്രീ സ്റ്റാറും അതിനു മുകളിലും ഉള്ള ഹോട്ടലുകൾക്കെല്ലാം ബാർ അനുവദിച്ചുകൊടുത്തു. ബീവറേജിന്റെയും കൺസ്യൂമർഫെഡിന്റെയും മദ്യക്കടകൾ സൂപ്പർ മാർക്കറ്റുകളാക്കി മാറ്റി മദ്യം സുലഭമാക്കുകയാണ് സർക്കാർ ചെയ്യുന്നത്. കൂടാതെ മദ്യം സുലഭമാക്കാനുള്ള വിവിധ നടപടികൾ വിവിധ മേഖലകളിൽ സ്വീകരിച്ചു വരുകയും ചെയ്യുന്നു.

ആശങ്ക ഉണർത്തുന്ന മറ്റൊരു കാര്യമാണ് ബ്രിട്ടീഷ്കാരുടെ കാലം മുതൽ ആരാധനാലയങ്ങളുടെയും വിദ്യാലയങ്ങളുടെയും 200 മീറ്റർ ചുറ്റളവിൽ മദ്യവില്പന പാടില്ലെന്ന നിയമം ഈ സർക്കാർ എടുത്തുകളഞ്ഞത്. ഇവിടെയുള്ള ദൂരപരിധി 50 മീറ്ററാക്കി ചുരുക്കുകയുണ്ടായി. വിദ്യാലയങ്ങളും ആരാധനാലയങ്ങളും നമ്മുടെ സാംസ്ക്കാരിക പൈതൃകത്തിന്റെയും ധാർമ്മികതയുടെയും അടയാളങ്ങളാണ്. ഒരു രാജ്യത്തിന്റെ ധാർമ്മിക നിലവാരം കാത്തു സൂക്ഷിക്കുവാനുള്ള ബാധ്യത പ്രധാനമായും സർക്കാരിനാണ്. മദ്യക്കച്ചവടക്കാർക്ക്വേണ്ടി അതു അടിയറ വച്ചത് ഖേദകരമാണെന്ന് പറയേണ്ടിയിരിക്കുന്നു. വിദ്യാലയങ്ങളെയും ദൈവാലയങ്ങളെയുംകാൾ മദ്യവില്പനയ്ക്ക് മുൻതൂക്കം കൊടുക്കുന്നത് ധാർമ്മിക അപചയമാണെന്ന് പറയാതെ വയ്യാ. ജനങ്ങളുടെ താത്പര്യമല്ല, മറിച്ച് മദ്യ മുതലാളിമാരുടെ താത്പര്യമാണ്

ഇവിടെ സംരക്ഷിക്കപ്പെടുന്നതെന്ന യാഥാർത്ഥ്യവും കൂടുതൽ വ്യക്തമാകുന്നു.

മദ്യനിരോധനം, മദ്യവർജ്ജനം എന്നീ സമീപനങ്ങളെക്കുറിച്ച് ഏറെ നാളുകളായി നമ്മൾ കേൾക്കുന്നതാണ്. മദ്യവർജ്ജനമെന്നത് ഒരു വ്യക്തി സ്വമേധയാ വ്യക്തിജീവിതത്തിൽ എടുക്കേണ്ട നിലപാടാണ്. അതേസമയം, മദ്യത്തിന്റെ ഉല്പാദനം, സൂക്ഷിപ്പ്, വിതരണം എന്നിവ സംബന്ധിച്ച് നിയമനിർമ്മാണം നടത്താനും നിലവിലുള്ള നിയമങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ നിയന്ത്രണമോ നിരോധനമോ ഏർപ്പെടുത്താനും ഉള്ള അധികാരവും കടമയും ഉത്തരവാദിത്വവും സർക്കാരിന് മാത്രമാണ്. ഇക്കാര്യത്തിൽ വ്യക്തമായ നയം സർക്കാരിന് ഉണ്ടായിരിക്കണം. മദ്യലഭ്യത കുറച്ചുകൊണ്ടുവരാൻ മദ്യനിയന്ത്രണം ആവശ്യമാണ്. അതിന് മദ്യവർജ്ജനനയംപോരാ. മദ്യാസക്തമായ ഒരു സമൂഹത്തിൽ മദ്യത്തിന്റെ ലഭ്യതയിലും ഉപഭോഗത്തിലും സർക്കാർ ഏർപ്പെടുത്തുന്ന നിയന്ത്രണമാണ് മദ്യവർജ്ജനത്തിലേയ്ക്കുള്ള ഒരു സുപ്രധാന കാൽവെയ്പ്. മദ്യനിയന്ത്രണത്തിലൂടെയും ബോധവത്ക്കരണ കർമ്മപരിപാടികളിയൂടെയും സമൂഹത്തിലെ ഓരോ വ്യക്തിയും മദ്യവർജ്ജനമെന്ന നന്മയിലേക്ക് എത്തിച്ചേരണം. അതാണ് ഫലപ്രദവും പ്രായോഗികവുമായ മദ്യനയം. മദ്യം സുലഭമാക്കിയിട്ട് മദ്യവർജ്ജനം ഉപദേശിക്കുന്നത് മേശപ്പുറത്ത് മിഠായി ഭരണി തുറന്നുവച്ചിട്ട് അത് കഴിക്കരുതെന്ന് കുട്ടികളെ ഉപദേശിക്കുന്നതുപോലെ വ്യർത്ഥമാണെന്ന് ഗാന്ധിജി പറഞ്ഞുവച്ചതും നമുക്കോർക്കാം.

ജനാധിപത്യസംവിധാനത്തിൽ ഒരു രാജ്യത്തെ ജനതയുടെ ക്ഷേമത്തിനാണ് ഭരണാധികാരികൾ പ്രാധാന്യം കൊടുക്കേണ്ടത്. പാവപ്പെട്ടവന്റെ ജീവിതനിലവാരം ഉയർത്തുകയും വളർത്തുകയും ചെയ്യുന്നതിനാവശ്യമായ നയങ്ങളാണ് സർക്കാർ ആവിഷ്ക്കരിക്കേണ്ടത്. മദ്യനയം പരിശോധിക്കുമ്പോൾ ദരിദ്രനെ കൂടുതൽ ദരിദ്രനാക്കി മാറ്റുന്ന നയമാണ് സർക്കാർ അവലംബിക്കുന്നതെന്ന് കാണാം. ഒരു തൊഴിലാളി മദ്യംകൊണ്ട് ഉപജീവനംനടത്തുമ്പോൾ ആയിരം തൊഴിലാളികൾ മദ്യം കുടിച്ച് നശിക്കുകയാണ്. മദ്യശാലയ്ക്ക് മുന്നിൽ ഒരാൾ ക്യൂ നിൽക്കുമ്പോൾ അവന്റെ കുടുംബത്തിൽ അസ്വസ്ഥമായ മനസ്സോടെ അഞ്ചുപേർ ഇരിക്കുന്നുണ്ട്. അവരുടെ ദുരിതജീവിതം സർക്കാർ കാണുന്നില്ല, മനസ്സിലാക്കുന്നില്ല. സമൂഹത്തിലെ പാവപ്പെട്ടവരുടെയും സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും സമാധാനവും സുസ്ഥിതിയും ഉറപ്പാക്കാൻ സർക്കാരിന് പ്രത്യേക കടമയും ബാധ്യ

തയുമുണ്ട്. മദ്യവില്പനയിൽ നിന്ന് ലഭിക്കുന്ന ലാഭത്തെക്കാൾ കൂടുതൽ തുക സർക്കാരിന് മദ്യം വിതയ്ക്കുന്ന പ്രത്യാഘാതങ്ങളെ നേരിടാൻ ചിലവാക്കേണ്ടിവരുന്നുണ്ട്. മദ്യം മൂലമുണ്ടാകുന്ന ഗാർഹിക-സ്ത്രീ പീഡനങ്ങൾ, ആക്രമണങ്ങൾ, ഗുണ്ടാ-ക്വട്ടേഷൻ സംഘങ്ങളുടെ വിളയാട്ടങ്ങൾ, വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ, കൊലപാതകങ്ങൾ, വിവാഹമോചനങ്ങൾ, രോഗങ്ങൾ തുടങ്ങിയവക്ക് മദ്യം വിൽക്കുന്ന അധികാരികൾ ഉത്തരവാദികളാണ് എന്നതും എടുത്തുപറയേണ്ടതാണ്. ലഹരിക്കെതിരെ നിലവിലെ സർക്കാർ കേരളത്തിൽ ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്ന ബോധവത്ക്കരണ പരിപാടികളെ സ്വാഗതം ചെയ്യുമ്പോഴും ഈ മദ്യനയം ഒരു ജനാധിപത്യ സർക്കാരിന് ചേരുന്ന പ്രവർത്തനശൈലിയാണോയെന്ന് ഗൗരവകരമായ പരിശോധനയ്ക്ക് വിഷയമാക്കണം.

മദ്യത്തോട് സന്ധിയില്ലാ സമരം ചെയ്യുമ്പോഴും പുതിയ തലമുറ മദ്യത്തിൽനിന്നും ഇതര ലഹരിവസ്തുക്കളിലേക്ക് നീങ്ങുന്ന ദുരവസ്ഥ രൂപപ്പെട്ടുകൊണ്ടിരിക്കുന്നത് നമ്മുടെ സവിശേഷ ശ്രദ്ധ പതിയേണ്ട സാഹചര്യമാണ്. ധാരാളം യുവജനങ്ങൾ ഇന്ന് ഏതെങ്കിലും തരത്തിലുള്ള ലഹരിപദാർത്ഥങ്ങൾ ഉപയോഗിക്കുന്നതായി വിവിധ ഏജൻസികളുടെ പഠന റിപ്പോർട്ടുകൾ വെളിപ്പെടുത്തുന്നു. മയക്കുമരുന്നു വ്യാപനത്തിനെതിരെ ജാഗ്രത പുലർത്താനും കർശനമായ നിയമനടപടികളിലൂടെ അതിനെ നേരിടുവാനും കേരള സമൂഹം അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു.

മദ്യനിരോധന പ്രവർത്തനങ്ങളുടെ ചാലകശക്തിയായി വർത്തിച്ചുകൊണ്ട് നിർണ്ണായകഘട്ടങ്ങളിൽ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ കെസിബിസി മദ്യ വിരുദ്ധ സമിതിക്ക് സാധിച്ചിട്ടുണ്ട് എന്നത് യാഥാർത്ഥ്യമാണ്. 2017 നവംബർ 15 മുതൽ ഡിസംബർ 2 വരെ മദ്യനയത്തിനും മദ്യവിപത്തിനുമെതിരെ കെസിബിസി മദ്യവിരുദ്ധ സമിതിയുടെ നേതൃത്വത്തിൽ തിരുവനന്തപുരം മുതൽ കാസർകോഡ് വരെ നടത്തിയ 'വിമോചനയാത്ര' പ്രത്യേക പ്രശംസ പിടിച്ചുപറ്റിയിരുന്നു. കൂടുതൽ ഫലപ്രദവും ദൂരവ്യാപക മാറ്റങ്ങൾക്ക് വഴിതുറക്കുന്നതുമായ പ്രവർത്തനങ്ങൾ ഇടവക-ഫൊറോന-രൂപതാ തലങ്ങളിൽ ഇനിയും കൂടുതൽ സജീവമാക്കേണ്ടതുണ്ട്. നമ്മുടെ എല്ലാ ഇടവകകളിലും മദ്യവിരുദ്ധ ഞായറിന് മുന്നോടിയായി വേണ്ട ഒരുക്കങ്ങൾ നടത്തുകയും ഈ ദിനം സമുചിതമായി ആചരിക്കുകയും ചെയ്യണമെന്ന് എല്ലാവരോടും അഭ്യർത്ഥിക്കുന്നു. എല്ലാ ഇടവകകളിലും കെസിബിസി മദ്യവിരുദ്ധ സമിതിയുടെ യൂണിറ്റുകൾ ആരംഭിച്ച് മദ്യവിരുദ്ധ പ്രവർത്തനം

കാര്യക്ഷമമാക്കണം. നമ്മുടെ ആഘോഷങ്ങളിൽ മദ്യം ഉണ്ടാവില്ല എന്ന പ്രതിജ്ഞ ഉത്തരവാദിത്തബോധത്തോടെ എടുക്കണം. മദ്യവിരുദ്ധ ഞായറാഴ്ച്ച ആചരിക്കുന്ന ഫെബ്രുവരി 18-ാം തീയതി ദൈവാലയങ്ങളിൽ എടുക്കുന്ന സ്തോത്രക്കാഴ്ച രൂപതാ കേന്ദ്രങ്ങളിൽ എത്തിക്കുകയും മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്കായി ഓരോ രൂപതയിലെയും കെസിബിസി മദ്യവിരുദ്ധസമിതിക്ക് നല്കുകയും ചെയ്യുമല്ലോ.

മദ്യവിമുക്ത സഭയും സമൂഹവും എന്ന ലക്ഷ്യത്തിലേക്ക് പ്രതിബദ്ധതയോടെ നമുക്കൊരുമിച്ച് മുന്നേറാം. മദ്യം തിന്മയാണെന്ന തിരിച്ചറിവും ഈ തിന്മയ്ക്കെതിരെ പോരാടാനുള്ള നിശ്ചയദാർഢ്യവും മദ്യവിമുക്ത സമൂഹത്തിനായുള്ള പ്രതിബദ്ധതയും നമുക്ക് വളർത്തിയെടുക്കാം. നല്ല നാളേയ്ക്കുവേണ്ടിയുള്ള പരിശ്രമങ്ങളിൽ കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയോടു ചേർന്ന് പ്രവർത്തിക്കുവാൻ എല്ലാവരെയും ആഹ്വാനം ചെയ്തുകൊണ്ട്,

സ്നേഹപൂർവം,

**ബിഷപ് മാർ റെമജിയൂസ് ഇഞ്ചനാനിയിൽ**
ചെയർമാൻ, കെസിബിസി മദ്യവിരുദ്ധകമ്മീഷൻ

**ബിഷപ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധകമ്മീഷൻ

**ബിഷപ് ക്രിസ്തുദാസ് ആർ**
വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധകമ്മീഷൻ

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം പി.ഒ.സി.,
കൊച്ചി - 682 025

---

NB: 2018 ഫെബ്രുവരി 18-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ-മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിന്റെ സാരാംശം എല്ലാവർക്കും വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.

# കച്ചേരി കാര്യം

## 1. ബഹു. വൈദികരുടെ സ്ഥലംമാറ്റവും നിയമനവും (03-02-2018)

റവ. ഫാ. പോൾ കണ്ടത്തിൽ - പ്രോ-വികാർ, പൊന്മല
,, പയസ്സ് പടിഞ്ഞാറെമുറിയിൽ - കോ-ഓർഡിനേറ്റർ, കോച്ചിംഗ് പ്രോഗ്രാം
,, ആന്റണി പള്ളിക്കുന്നേൽ - പഠനം
,, ജോൺസൺ വേങ്ങപ്പറമ്പിൽ - പ്രോ-വികാർ, രത്നഗിരി
,, മാത്യു വെട്ടുവയലിൽ - പ്രോ-വികാർ, മാവുംചാൽ

## അസിസ്റ്റന്റ് വികാരിമാർ

റവ. ഫാ. തോമസ് ചക്കിട്ടമുറിയിൽ അസി. വികാരി - വായാട്ടുപറമ്പ
,, ജോർജ് ചാലിൽ ,, - പെരുമ്പടവ്
,, ബിജോയി ചെറുവില്ലത്ത് സി.എം.ഐ. ,, - പെരുമ്പുന്ന
,, ജോസഫ് കളപ്പുരയ്ക്കൽ ,, - പേരാവൂർ (2)
,, വർഗ്ഗീസ് കളപ്പുരയ്ക്കൽ ,, - ആലക്കോട് (2)
,, മാത്യു കല്ലുങ്കൽ ,, - കുന്നോത്ത്
,, ജോസഫ് കണ്ണംകുളത്തേൽ ,, - കാസർഗോഡ്
,, കുര്യാക്കോസ് കാരക്കാട്ട് ,, - പേരാവൂർ
,, ജോസ് കാരുവേലിൽ എം.എസ്.എഫ്.എസ് ,, - പനത്തടി
,, ജോസഫ് കിഴക്കേഭാഗം എം.സി.ബി.എസ് ,, - കൊളക്കാട്
,, ജോൺ കൂറുമുള്ളിൽ എം.എസ്.ടി ,, - കടുമേനി
,, ജോൺ കൂവപ്പാറയിൽ ,, - അങ്ങാടിക്കടവ്
,, മാത്യു കുന്നേൽ ,, - എടൂർ (2)
,, ലൂക്കോസ് മാടശ്ശേരി ,, - പടന്നക്കാട്, റീജണൽ ബിഷപ്സ് ഹൗസ്
,, എമ്മാനുവൽ മാടവന എം.എസ്.ടി ,, - ഭീമനടി
,, തോമസ് മേനപ്പാട്ടുപടിക്കൽ ,, - വെള്ളാട്
,, ജോസഫ് ഓരത്തേൽ ,, - കണിച്ചാർ
,, തോമസ് പന്തലാനിക്കൽ ,, - ഉദയഗിരി
,, ജോർജ് പഴയപറമ്പിൽ ,, - അസി. ഡിറക്ടർ, കരുവഞ്ചാൽ ഹോസ്പിറ്റൽ
,, ജോജി പെരുമ്പള്ളിക്കുന്നേൽ സി.എം.ഐ. ,, - കിളിയന്തറ
,, കുര്യാക്കോസ് പ്ലാവ്നിൽക്കുംപറമ്പിൽ ,, - കരിക്കോട്ടക്കരി

റവ. ഫാ. മാത്യു പ്രവർത്തുമ്മലയിൽ അസി. വികാരി - ചെമ്പന്തൊട്ടി
„ ജോൺസൺ പുലിയുറുമ്പിൽ „ - പാണത്തൂർ
„ ചാക്കോ പുതുശ്ശേരി ഒപ്രേം „ - വിളക്കന്നൂർ
„ തോമസ് താമരക്കാട്ട് സി.എസ്.ടി. „ - ചെമ്പേരി (2)
„ ഷാന്റു വളയത്ത് സി.എം.ഐ. „ - തോമാപുരം (2)
„ റോയി വയലിക്കോടത്ത് (മാണ്ഡ്യ രൂപത) „ - മണ്ഡളം
„ അനു വെള്ളാപ്പള്ളി സി.എം.ഐ. „ - നെല്ലിക്കുറ്റി

## 2. നന്ദിയും സ്വാഗതവും

തലശ്ശേരി അതിരൂപതയിൽ പെരുമ്പടവ്, ചെമ്പേരി, മാവുംചാൽ ഇടവകകളിൽ 2015 ഫെബ്രുവരി മുതൽ സേവനമനുഷ്ഠിച്ചിരുന്ന ഫാ. സെബാസ്റ്റ്യൻ ചാത്തമ്പടത്തിൽ എസ്.ഡി.ബി. മാതൃ സന്യാസസമൂഹത്തിലേക്ക് തിരികെപോവുകയാണ്. അദ്ദേഹത്തിന് അതിരൂപതയുടെ നന്ദിയും ഭാവുകങ്ങളും അറിയിക്കുന്നു.

തലശ്ശേരി അതിരൂപതയിൽ സേവനത്തിനായി എത്തിച്ചേർന്നിരിക്കുന്ന ഫാ. ജോസ് കുന്നേൽ ഒ.എസ്.ബി., ഫാ. ബിജോയി ചെറുവില്ലത്ത് സി.എം.ഐ., ഫാ. ജോസ് കാരുവേലിൽ എം.എസ്.എഫ്.എസ്., ഫാ. ജോസഫ് കിഴക്കേഭാഗം എം.സി.ബി.എസ്., ഫാ. ജോൺ കുറുമുള്ളിൽ എം.എസ്.ടി., ഫാ. എമ്മാനുവേൽ മാടവന എം.എസ്.ടി., ഫാ. ജോജി പെരുംപള്ളിക്കുന്നേൽ സി.എം.ഐ., ഫാ. ചാക്കോ പുതുശ്ശേരി ഒപ്രേം, ഫാ. തോമസ് താമരക്കാട്ട് സി.എസ്.ടി., ഫാ. ഷാന്റു വളയത്ത് സി.എം.ഐ., ഫാ. റോയി വയലിക്കോടത്ത് (മാണ്ഡ്യ രൂപത), ഫാ. അനു വെള്ളാപ്പള്ളി സി.എം.ഐ. എന്നീ വൈദികർക്ക് സന്തോഷപൂർവ്വം തലശ്ശേരി അതിരൂപതാ വൈദികകൂട്ടായ്മയിലേക്ക് സ്വാഗതം ആശംസിക്കുന്നു.

## 3. പാസ്റ്ററൽ കൗൺസിൽ സമ്മേളനം

പുതുതായി രൂപീകരിച്ചിരിക്കുന്ന 17-ാമത് പാസ്റ്ററൽ കൗൺസിലിന്റെ ഉദ്ഘാടനസമ്മേളനം 2018 ഫെബ്രുവരി 13ന് ചൊവ്വാഴ്ച രാവിലെ 10 മണിക്ക് തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോനപ്പള്ളി ഓഡിറ്റോറിയത്തിൽവച്ച് ചേരുന്നതാണ്. എല്ലാ അംഗങ്ങളും കൃത്യസമയത്തുതന്നെ യോഗത്തിൽ പങ്കെടുക്കാനായി എത്തിച്ചേരണമെന്ന് അഭ്യർത്ഥിക്കുന്നു. അംഗങ്ങളുടെ ലിസ്റ്റ് ഈ ലക്കം ബുള്ളറ്റിനിൽ നല്കിയിട്ടുണ്ട്. വ്യക്തിപരമായി അംഗങ്ങൾക്കെല്ലാം ഇതിനകം കത്ത് അയച്ചിട്ടുണ്ട്.

## 4. വലിയ നോമ്പ്

ഈ വർഷത്തെ വലിയനോമ്പ് ഫെബ്രുവരി 12-ാം തീയതി തിങ്കളാഴ്ച വിഭൂതി ആചരണത്തോടെ ആരംഭിക്കുന്നു. അന്നുമുതൽ ഈസ്റ്റർ വരെയുള്ള ദിവസങ്ങളിൽ വിവാഹാഘോഷങ്ങൾക്ക് മുടക്കുണ്ടായിരിക്കും. ഇക്കാല

യളവിൽ വരുന്ന മറ്റ് ആഘോഷങ്ങളും നോമ്പിന്റെ ചൈതന്യത്തിൽ നടത്തുവാൻ ശ്രദ്ധിക്കുമല്ലോ.

## 5. തിരുബാലസഖ്യ ഞായർ - ഫെബ്രുവരി 11

ഈ വർഷം ഫെബ്രുവരി 11-നാണ് തിരുബാലസഖ്യദിനം ആചരിക്കുന്നത്. ഉചിതമായ പരിപാടികളോടെ ആ ദിനം ആചരിക്കുവാൻ ശ്രദ്ധിക്കുമല്ലോ. അന്നേദിവസം വി. കുർബാന മദ്ധ്യേ എടുക്കുന്ന സ്തോത്രക്കാഴ്ച ആഗോളതലത്തിലുള്ള തിരുബാലസഖ്യപ്രവർത്തനങ്ങളെ സഹായിക്കാനായി അതിരൂപതാ കേന്ദ്രത്തിലേക്ക് ഏല്പിക്കേണ്ടതാണ്.

## 6. പുതിയ ഫോൺനമ്പർ

തലശ്ശേരി ചേറ്റംകുന്ന് ജോസ്ഗിരി കോൺവെന്റ് (തിരുവസ്ത്രങ്ങൾ നിർമ്മിക്കുന്ന സ്ഥലം - 9496308750)

## 7. പ്രീസ്റ്റ് ഹോം നിർമ്മാണം - സംഭാവന

ഫാ. ജോസഫ് കദളിയിൽ - 15000
സെന്റ് ജോസഫ് ചർച്ച്, പരപ്പ - 1,00,000

## 8. അക്കൗണ്ടിംഗ് സോഫ്റ്റ് വെയർ

ഈ സാമ്പത്തിക വർഷത്തിലെ ഓഡിറ്റിംഗിന് ഇടവക കണക്കുകൾ നല്കേണ്ടത് പാരീഷ് അക്കൗണ്ടിംഗ് സോഫ്റ്റ് വെയറിൽ കണക്കുകൾ ചെയ്താണ് എന്ന് ഓർമ്മിപ്പിക്കുന്നു. ഇതുവരെ അക്കൗണ്ടിംഗ് സോഫ്റ്റ് വെയറിൽ കണക്കുകൾ ചെയ്യാത്ത എല്ലാ ഇടവകകളും മാർച്ച് 31ന് മുമ്പായി നിർബന്ധമായും കണക്കുകൾ സോഫ്റ്റ് വെയറിൽ ചെയ്യാൻ ശ്രദ്ധിക്കുമല്ലോ.

## 9. വികാരിയച്ചന്മാരുടെ ശ്രദ്ധയ്ക്ക്

കേരള കത്തോലിക്കാസഭയിൽ ബധിരർക്കും മൂകർക്കുംവേണ്ടിയുള്ള വിവാഹ ഒരുക്കകോഴ്സ് കെസിബിസി തലത്തിൽ സഭാ ആസ്ഥാനമായ പാലാരിവട്ടം പിഒസിയിൽ ആരംഭിക്കുന്നു. കേരളസഭയിൽ ആദ്യമായിട്ടാണ് സഭാതലത്തിൽ ഇത്തരത്തിലുള്ള ഒരു സംരംഭം. കെസിബിസി ഫാമിലി കമ്മീഷനായിരിക്കും ഇതിന് നേതൃത്വം കൊടുക്കുക. ബധിരരും മൂകരും ആയിട്ടുള്ള അകത്തോലിക്കരായ യുവതീയുവാക്കൾക്കും വിവാഹജീവിതത്തിലേക്ക് പ്രവേശിക്കുന്നതിനുമുമ്പ് ഈ കോഴ്സിൽ പങ്കെടുക്കാൻ സാധിക്കുന്ന തരത്തിലാണ് പാഠ്യപദ്ധതികൾ ക്രമീകരിച്ചിട്ടുള്ളത്.

ഇക്കാര്യം ബഹു. വികാരിമാർ ഞായറാഴ്ച കുർബാനമദ്ധ്യേ ആളുകളെ അറിയിക്കണം. ഇനിമുതൽ ഇടവകയിൽ ബധിരരും മൂകരും ആയിട്ടുള്ള യുവതീയുവാക്കൾ വിവാഹിതരാകുന്നതിനുമുമ്പ് ഈ കോഴ്സിൽ പങ്കെടുക്കുവാൻ ഓർമ്മിപ്പിക്കണം.

2018ൽ ബധിരർക്കും മുകർക്കുംവേണ്ടിയുള്ള രണ്ടു വിവാഹ ഒരുക്ക കോഴ്സുകളാണ് പിഒസിയിൽ ഒരുക്കിയിരിക്കുന്നത്: 1) ഏപ്രിൽ 13-15, 2) നവംബർ 9-11.

ബന്ധപ്പെടേണ്ട വിലാസം: സെക്രട്ടറി, കെസിബിസി ഫാമിലി കമ്മീഷൻ പിഒസി, പാലാരിവട്ടം, കൊച്ചി-682 025, ഫോൺ: 99950 28229, 94958 12190.

Email: kcbcfamilycommission@gmail.com,
Website:www.kcbcfamilycommission.org

## 10. മദ്യവിരുദ്ധ ഞായർ - ഫെബ്രുവരി 18

കേരള കത്തോലിക്കാസഭ ഫെബ്രുവരി 18 മദ്യവിരുദ്ധ ഞായറായി ആചരിക്കുകയാണ്. മദ്യവിരുദ്ധ സമിതിയുടെ ശാഖ എല്ലാ ഇടവകകളിലും സ്ഥാപിക്കാനും മദ്യവിരുദ്ധദിനം സമുചിതമായി ആചരിക്കാനും ശ്രദ്ധിക്കുമല്ലോ. അന്നേദിനം വി. കുർബാന മദ്ധ്യേ എടുക്കുന്ന സ്തോത്രക്കാഴ്ച മദ്യവിരുദ്ധ സമിതിയുടെ പ്രവർത്തനങ്ങൾക്കായി അതിരൂപതാകേന്ദ്രത്തിൽ ഏല്പിക്കേണ്ടതാണ്.

## 11. ദിയാക്കോണിയ - സംഘടന യൂണിറ്റുകൾ

കഴിഞ്ഞ ലക്കം ബുള്ളറ്റിനിൽ ആവശ്യപ്പെട്ടിരുന്നതുപോലെയും ബഹു. വൈദികരുടെ റീജണൽ സമ്മേളനങ്ങളിൽ അഭിവന്ദ്യ പിതാവ് വീണ്ടും ഓർമ്മിപ്പിച്ചതുപോലെയും ഫെബ്രുവരി 28-നുമുമ്പ് എല്ലാ ഇടവകകളിലും എല്ലാ സംഘടനകളുടെയും യൂണിറ്റുകൾ സ്ഥാപിച്ച് ഭാരവാഹികളുടെ ലിസ്റ്റ് അതിരൂപതാ കേന്ദ്രത്തിലേക്ക് അയച്ചുതരണമെന്ന് ഓർമ്മിപ്പിക്കുന്നു.

## 12. ഭവനരഹിതരെക്കുറിച്ചുള്ള സർവ്വേ

ഓരോ ഇടവകയിലും ഭവനരഹിതരായിട്ടുള്ളവർ, വീടും സ്ഥലവും സ്വന്തമായിട്ടില്ലാത്തവർ, ഭാഗികമായി ഭവനനിർമ്മാണസഹായം ആവശ്യമുള്ളവർ എന്നിവരുടെ ഒരു ലിസ്റ്റ് പാരീഷ് കൗൺസിൽ അംഗങ്ങളുടെ നേതൃത്വത്തിൽ മാർച്ച് 19ന് മുമ്പ് തയ്യാറാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഓരോ ഇടവകയും മുൻഗണനാക്രമത്തിൽ ലിസ്റ്റ് തയ്യാറാക്കുന്നതും നന്നായിരിക്കും. ഓരോ ഇടവകയ്ക്കും എത്ര വീടുകൾ അടുത്ത പത്തു വർഷംകൊണ്ട് നിർമ്മിച്ച് നല്കാൻ സാധിക്കും എന്ന ഒരു ഏകദേശ കണക്കും തയ്യാറാക്കി മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി ഭവനനിർമ്മാണ പദ്ധതിയുടെ ചുമതല വഹിക്കുന്ന ബഹു. തോമസ് തയ്യിലച്ചനെ മാർച്ച് 31ന് മുമ്പ് അറിയിക്കണമെന്ന് താത്പര്യപ്പെടുന്നു.

## 13. ആദരാഞ്ജലികൾ

**1. ശ്രീ. ജോസഫ് കുഴിപ്പള്ളിൽ :** ബഹു. മാത്യു കുഴിപ്പള്ളിയച്ചന്റെ സഹോദരൻ ശ്രീ. ജോസഫ് കുഴിപ്പള്ളിൽ 2017 ഡിസംബർ 26ന് നിര്യാതനായി. മൃതസംസ്ക്കാരം കരിക്കോട്ടക്കരി സെന്റ് തോമസ് ദൈവാലയ സിമിത്തേരിയിൽ നടന്നു. പരേതന് നിത്യശാന്തി നേരുന്നു.

**2. ശ്രീമതി സോഫി ടോമി പാലാത്ത് (58):** മോൺ. മാത്യു എം. ചാലിൽ അച്ചന്റെ സഹോദരി സോഫി 2017 ഡിസംബർ 31-ന് നിര്യാതയായി.

മൃതസംസ്ക്കാരം 2018 ജനുവരി 1ന് ചെമ്പേരി ലൂർദ്മാതാ ദൈവാലയ സിമിത്തേരിയിൽ നടന്നു. പരേതക്ക് നിത്യശാന്തി ലഭിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

## 14. സ്നേഹസ്മൃതി

1. റവ. ഫാ. ജോസഫ് മഞ്ചുവള്ളിൽ - 01-02-2016
2. റവ. ഫാ. തോമസ് മറ്റപ്പള്ളിൽ - 10-02-1987
3. റവ. ഫാ. പോൾ കളപ്പുര - 11-02-1998
4. റവ. ഫാ. കുര്യൻ പാണ്ട്യാമ്മാക്കൽ - 17-02-1973
5. റവ. ഫാ. മാത്യു മണ്ണൂരാംപറമ്പിൽ - 20-02-1983
6. റവ. ഫാ. പോൾ വെട്ടിക്കനാക്കുടി - 22-02-1960
7. റവ. ഫാ. മാത്യു മുതിരചിന്തിയിൽ - 24-02-2011
8. റവ. ഫാ. മാത്യു മണ്ണുക്കുശുമ്പിൽ - 25-02-1981
9. റവ. ഫാ. ദൊസിത്തേവൂസ് ആനിത്തോട്ടം സിഎംഐ - 25-02-1989
10. റവ. ഫാ. ജോസഫ് പുത്തൻപുര - 27-02-1998

**ഫാ. തോമസ് തെങ്ങുംപള്ളിൽ**
ചാൻസലർ

**സെന്റ് ജോസഫ്സ് പ്രീസ്റ്റ്സ് പ്രൊവിഡന്റ് ഫണ്ട്**
**അസോസിയേഷൻ തലശ്ശേരി അതിരൂപത**

2017 നവംബർ മാസം 29-ാം തീയതി കൂടിയ PPF നിർവ്വാഹക സമിതി PPF സംബന്ധമായ എല്ലാ കുടിശികകളും സമാഹരിക്കണമെന്ന് നിർദ്ദേശിച്ചു. അതിനാൽ PPF ലേക്ക് അച്ചൻ തരാനുള്ള വ്യക്തിവിഹിതവും ഇടവകാവിഹിതവും PPF ഓഫീസിൽ (Catechism Office) ഫെബ്രുവരി മാസം 28നു മുമ്പ് അടച്ച് സഹകരിക്കണമെന്ന് താത്പര്യപ്പെടുന്നു. ബാങ്ക് വഴിയും തുക അടയ്ക്കാം.

സൗത്ത് ഇന്ത്യൻ ബാങ്ക് തലശ്ശേരി, Account Holder. P.P.F Association, Archdiocese of Thalassery, A/C No. 0078053000072392, IFSC.SIBL 0000078. ബാങ്കിൽ പണം നിക്ഷേപിച്ചശേഷം വിളിച്ചറിയിക്കേണ്ടതാണ്. രസീത് അയച്ച് തരുന്നതാണ്.

Secretary, PPF Association

Prot. No. 45/18

## തലശ്ശേരി അതിരൂപതാ 17-ാമത് പാസ്റ്ററൽ കൗൺസിൽ സ്ഥാപിച്ചുകൊണ്ടുള്ള

## വിജ്ഞാപനം

ഈശോയിൽ പ്രിയമുള്ളവരെ,

അതിരൂപതയുടെ അജപാലന സംവിധാനത്തിലെ സുപ്രധാന മായ ഒരു സമിതിയാണ് അതിരൂപതാ അജപാലനസമിതി അഥവാ പാസ്റ്ററൽ കൗൺസിൽ. അജപാലനപരമായ കൃത്യനിർവ്വഹണത്തിൽ രൂപതാദ്ധ്യക്ഷനെ സഹായിക്കാനായി ദൈവജനത്തിന്റെ എല്ലാ വിഭാഗങ്ങളിലെയും പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു ആലോചനാസമിതിയാണ് പാസ്റ്ററൽ കൗൺസിൽ. അല്മായ-വൈദിക -സന്യസ്തപ്രതിനിധികൾ ഈ സമിതിയിൽ അംഗങ്ങളാണ്.

തലശ്ശേരി അതിരൂപതയുടെ 16-ാമത് പാസ്റ്ററൽ കൗൺസിലിന്റെ കാലാവധി അവസാനിച്ചിരിക്കുകയാണ്. കഴിഞ്ഞ മൂന്നുവർഷക്കാലം പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ എന്ന നിലയിൽ നിസ്വാർത്ഥമായ സഭാശുശ്രൂഷയിൽ ഏർപ്പെട്ട എല്ലാവർക്കും ഹൃദയംഗമമായ നന്ദി അറിയിക്കുന്നു.

അതിരൂപതാ അജപാലനസമിതി നിയമാവലി നമ്പർ 5.1, 5.2, 5.3 എന്നീ വകുപ്പുകൾക്കനുസൃതമായി തിരഞ്ഞെടുക്കപ്പെട്ടവരും നാമനിർദ്ദേശം ചെയ്യപ്പെട്ടവരും ഔദ്യോഗിക അംഗങ്ങളും ഉൾപ്പെടുന്ന താഴെ പേരുപറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് തലശ്ശേരി അതിരൂപതയുടെ 17-ാമത് പാസ്റ്ററൽ കൗൺസിൽ രൂപീകരിച്ചതായി അറിയിക്കുന്നു. 2018 ഫെബ്രുവരി ഒന്നുമുതൽ 2021 ജനുവരി 31 വരെ യായിരിക്കും ഈ സമിതിയുടെ കാലാവധി. ഈ സമിതിയുടെ ആദ്യയോഗം 2018 ഫെബ്രുവരി മാസം 13-ാം തീയതി തളിപ്പറമ്പ് സെന്റ് മേരീസ് ദൈവാലയ ഓഡിറ്റോറിയത്തിൽവച്ച് ചേരുന്നതാണ്. പാസ്റ്ററൽ കൗൺസിൽ യോഗങ്ങളിൽ മുടങ്ങാതെ പങ്കെടുത്ത് സജീവമായ ചർച്ചകളിലൂടെ അതിരൂപതയുടെ അജപാലനപ്രവർത്തനങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകാൻ അംഗങ്ങൾക്ക് ഉത്തരവാദിത്വ മുണ്ട് എന്ന കാര്യം സ്നേഹപൂർവ്വം ഓർമ്മിപ്പിക്കട്ടെ.

സ്നേഹപൂർവ്വം,

തലശ്ശേരി **മാർ ജോർജ് ഞറളക്കാട്ട്**

20-01-2018 തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

## തലശ്ശേരി അതിരൂപതാ 17-ാമത് പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ

### Ex Officio Members

1. Mar George Njaralakatt - President
2. Mar Joseph Pamplany - Vice President (Proto Syncellus)
3. Msgr. Alex Tharamangalam - Vice president (Syncellus)
4. Msgr. George Elukunnel - Vice President (Syncellus)
5. Fr. Thomas Thengumpallil - General Secretary (Chancellor)
6. Fr. Antony Parathepathickal- Finance Officer
7. Fr. John Kovoorputhenpura - Judicial Vicar
8. Fr. Mathew Thekkemury - Minor Seminary Rector, Cathedral Vicar
9. Fr. John Nooranmackal - St. John Paul II Formation Centre
10. Fr. George Kanjirakkattu - Director - Sandesabhavan & Catechism, PPF
11. Fr. George Alappatt - Director, Good Shepherd Pastoral Centre
12. Fr. James Chellamkottu - Manager, Corporate Ed. Agency
13. Fr. Thomas Thayyil - Director, TSSS
14. Fr. George Kovatt - Director, Family Apostolate
15. Fr. Francis Mechirakath - Director, Mission League, AKCC
16. Fr. Thomas Thythottam - Director, KCBC Madyavirudha Samithi & ADSU
17. Fr. Scaria Vadassery - Director, KCYM
18. Fr. Joseph Kakkaramattathil- Exc. Director, Alpha Institute
19. Fr. Jacob Vennayappilly - Director, DFC
20. Fr. Biju Elampachamveetil OFM - Director, SFO
21. Fr. Joseph Kavanady - Director, INFAM
22. Fr. Jose Manchappallil - Director, Charismatic Movement
23. Fr. Antony Anakkallil - Protopresbyter: Alakode
24. Fr. Jose Manickathazhe - ,, Chempanthotty
25. Fr. Joseph Karinattu - ,, Chemperi
26. Fr. George Vanderkunnel - ,, Cherupuzha
27. Fr. Antony Muthukunnel - ,, Edoor
28. Fr. Mathew Alamkottu - ,, Kanhangad
29. Fr. Joseph Chathanatt - ,, Kunnoth
30. Fr. Joseph Kalarickal - ,, Marygiri
31. Fr. Joseph Anithanam - ,, Nellickampoil
32. Fr. Jose Vettickal - ,, Paisakary

33. Fr. Thomas Paimpillil - ,, Panathady
34. Fr. Thomas Kochukarott - ,, Peravoor
35. Fr. Abraham Ponatt - ,, Thaliparamba
36. Fr. Augustine Pandiammackal - ,, Thomapuram
37. Fr. George Areekunnel - ,, Vayattuparamba
38. Fr. Antony Thekkemury - ,, Vellarikkundu
39. Fr. Mathew Asariparambil - Archeparchial Consultor & Director, Mother Home
40. Fr. Thomas Vadakkemury - Director, St. Joseph's Hospital
41. Fr. Paul Valloppilly - Bursar, Nirmalagiri College
42. Fr. Thomas Melvettath - Chairman, Vimal Jyothi Engineering College
43. Fr. Philip Kaviyil - Director, Karunalayam, Santhwanam
44. Fr. Mathew Sasthampadavil - Manager, San Jose Metropolitan School
45. Fr. Varghese Cheriampurath - Manager, Santhom Estate, Kunnoth
46. Fr. Augustine Vadakkan - San Maria Estate, Keezhpally
47. Fr. Johnson Anthyamkulam - Director, Pratheeksha, Ponniam
48. Mr. Devasia Kongola, Kunnoth - President, AKCC
49. Mr. Baby Plasseril - President, CML
50. Mr. Abin Kuriakose Kumbackal - President, KCYM
51. Mrs. Reji Pothanamuzhy, Josegiri - President, Mathruvedi
52. Dr. Joselet Mathew, Kunnoth - President, Madya Viruddha Samithi
53. Mr. P.K. Kuriakose Puthiyedathuparambil, Chemperi - President, SFO
54. Mr. Babu Joseph Kottarathil, Kunnoth - President, St. Vincent de Paul Society
55. Mr. Sajiv. O. D, Chemperi - President, Teacher's Guild
56. Mr. Baby Nettanany - President, DFC
57. Adv. Tony Punchakunnel - AKCC, Global General Secratary
58. Mr. Johny Thomas Vadakkekkara, - AKCC Global Working Committee Member
59. Mr. Jaison Pulichamackal, Charal - CML, State Executive Member
60. Ms. Eleykutty Edattu - CML, State Executive Member
61. Mr. Sijo Ambattu - Indian Catholic Youth Movement President
62. Mrs. Lysa Sojan Kalappuracka, Manjalampuram - Matruvedi National Senate Member

63. Ms. Mary Maleparambil - Marian Singles, State President
64. Mr. Celestine Vadakkel - Pro-life, National Vice President
65. Mr. Thankachan Kollakombil - Madya Viruddha Samithi State Vice-President
66. Mr. Sunny Paikattu - Madya Viruddha Samithi Malabar Regional
67. Mrs. Jolly Karakunnel, Chemperi -St. Vincent de Paul Society State Representative
68. Fr. Joseph Ottaplackal - INFAM, National Director
69. Mr. Mathew Joseph, Varampunkal - Teacher's Guild State Committee Member
70. Sr. Grace Mary NS - Superior General, Nazarath Sisters
71. Fr. Thomas Karingada OFM (Cap) - Provincial Superior, OFM (Cap)
72. Fr. Luke Varickamackal OCD - Regional Vicar, OCD
73. Sr. Lilly Augustine SH - Provincial Superior, SH
74. Sr. Petit Treesa SABS - Provincial Superior, SABS
75. Sr. Noble Mary FCC - Provincial Superior, FCC
76. Sr. Sinoby CMC - Provincial Superior, CMC
77. Sr. Mary Jose MSMI - Provincial Superior, MSMI
78. Sr. Regi SMS - Provincial Superior, SMS
79. Sr. Anitta SKD - Regional Superior, SKD
80. Sr. Lia Bastin CHF - Regional Superior, CHF

**Elected Members**

81. Fr. Thomas Chittilappally - Presbyteral Council Representative
82. Fr. Sebastian Chennoth Alakode Forane Representative
83. Mr. Joy Poovathinkal, Manakkadavu ,,
84. Mr. Arul Parayakkunnel, Ottathai ,,
85. Mrs. Mercy Uppammackal, Udayagiri ,,
86. Fr. Varkey Thadathimackal - Chempanthotty Forane Representative
87. Adv. Thankachan,Punarthamkunnel, Kottoor ,,
88. Mr. Thomas Dantis, Parampuzhayil, Sreekandapuram ,,
89. Mrs. Liji Mukalel, Vilakkannur ,,
90. Fr. George Padinjareanisseril Chemperi Forane Representative
91. Mr. Jose Memadam, Chemperi ,,
92. Mr. Albin Kanakkancheril, Pooparamba ,,
93. Mrs. Salomi Kaniyarolickal, Deepagiri ,,

94. Fr. Kuriakose Kalarickal Cherupuzha Forane Representative
95. Mr. Manoj Vadakkel, Koluvally ,,
96. Mr. Santhosh Johny, Mulapra ,,
97. Mrs.Valsamma Karikunnel, Snehagiri ,,
98. Fr. Kuriakose Orathel Edoor Forane Representative
99. Mr.P.V. Babu Palattikoonathan, Edoor ,,
100. Mr. Austin Kalappurackal, Edoor ,,
101. Mrs. Sheeja Madathippurath ,,
102. Fr. Mathew Karickal Kanhangad Forane Representative
103. Mr. Vinod Melemuriyil, Badiaduka ,,
104. Mrs. Theyyamma, Ennappara ,,
105. Mr. Sebastain Vechukettickal, Kanhangad ,,
106. Fr. Jacob Pallineerackal Kunnoth Forane Representative
107. Mr. Sunny Pattamana, Angadikkadavu ,,
108. Mr. Prince Thundathil, Peratta ,,
109. Mrs. Jessy Puttamattathil, Angadikkadavu ,,
110. Fr. Thomas Valiplackal Marygiri Forane Representative
111. Mr. Dominic Koodathinal, Peringala ,,
112. Mr. Thomas Mailakkatt, Rayarome ,,
113. Mrs. Molly Karimbanal, Perumpadavu ,,
114. Fr. George Elavumkunnel (Sr) Nellickampoil Forane Representative
115. Mr. Prince Kottukappally, Madathil ,,
116. Mr. Linto Edacheril, Puravayal ,,
117. Mrs.Cicily Pushpakkunnel, Manikkadavu ,,
118. Fr. Joseph Thenammackal Paisakary Forane Representative
119. Mr. Johnson P.V Paimpillil, Paisakary ,,
120. Mr. Joel Thottiyil, Paisakary ,,
121. Mrs. Biji Ariyamannil, Chandanackampara ,,
122. Fr. Joseph Kanakkatt Panathady Forane Representative
123. Mr. Johney Kakkanattu, Panathady ,,
124. Mr. Lijo Pinakkattuparambil, Chully ,,
125. Smt. Cathereena Perukarott, Kottody ,,
126. Fr. Joseph Poovatholil Peravoor Forane Representative
127. Mr. O Mathw Ottaplackal, Peravoor ,,

128. Mr. Libin Kallummarikkunnel, Peravoor ,,
129. Mrs. Anna Jolly Vadakkayil, Kolayad ,,
130. Fr. George Kalarimuriyil - Thaliparamba Forane Representative
131. Dr. Dominic Thomas Pulickal, Payyannuur ,,
132. Mr. Kiran Appasseril, Thaliparamba ,,
133. Mrs.Valsamma Madathilparambil, Thaliparamba ,,
134. Fr. Mathew Olickal Thomapuram Forane Representative
135. Mr. Benny Kalayathankal, Thayyeni ,,
136. Mr. Shijo Puthenpurackal, Kamballoor ,,
137. Mrs. Mini Kaithackal, Kannivayal ,,
138. Fr. Joseph Pathiyottil Vayattuparamba Forane Representative
139. Mr. Sebastain Puthenpura, Vayattuparamba ,,
140. Mr. D.P Jose Devasathil, Vayattuparamba ,,
141. Mrs. Thankamma Kanjiravila, Vellad ,,
142. Fr. Abraham Kochupurackal Vellarikundu Forane Representative
143. Mr. Zacharias T.S Thekkumkattil, Bheemanady ,,
144. Mr. Preyeshmon Panachickal, Kalichamaram ,,
145. Mrs. Bincy Jain Thokkanatt, Konnakkad ,,
146. Mr. Manu Joseph - Nirmalagiri College Staff Rep.
147. Dr. Manoj V. Thomas, Kurissinkal
- Vimal Jyothy Eng. College Staff Rep.
148. Mr. N. D. Sunny, Nellikkunnel, Edoor - Higher Secondary Principal
149. Mr. Mathew J Pulickal, Vayattuparamba
- High School Head Master
150. Mr. George T. J, Thekkemuriyil, Mattara - U P S Head Master
151. Mrs. Shiny Mathew Kochuvelikkakam, Vaniyappara
- L P S Head Master
152. Mr. Joby John Moolayil, Balal - Teacher’s Guild
153. Dr. Rosa M.C. Nalolickal - Teacher’s Guild
154. Mr. Johnson Thayyil, Kannur - Sunday School Staff Rep.
155. Mr. Sunny Varghese Kattuthara, Chayyoth - Sunday School Staff Rep.
156. Mr. Chackochan Karamayil, Ulickal - AKCC
157. Mrs. Kunjamma Thonikkuzhi, Thaliparamba - AKCC

158. Ms. Sherly Pambanal, Cherupuzha - CML
159. Mr. Sunil Mathew Kallidukkil, Neduvaloor - CML
160. Mr. Jaison Markose, Palayoorpoovathinkal, Peravoor
- KCBC Madya Virudha Samithy
161. Mrs. Margaret Mathew, Nellikkutty
- KCBC Madya Virudha Samithy
162. Ms. Angel Joseph Chirackathottiyil - KCYM
163. Mr. Ajin Jose Arackaparambil - KCYM
164. Mary Machel Kochukaipel, Chandanakampara - SFO
165. Aby George Karamayil, Iritty - SFO
166. Mrs. Daisy Remegius Machyanickal, Thomapuram - Mathruvedi
167. Mrs. Leelamma Puthenpura, Vayattuparamba - Mathruvedi
168. Mr. Sunny Kariyadiyil, Cheparamba - Prolife Movement
169. Mrs. Sobbi Munjanatt, Manjalampuram - Marian Singles
170. Mr.Tomy Chandrankunnel, Punnakkunnu - INFAM
171. Mr. Scaria Nellamkuzhy, Chundaparamba - INFAM
172. Mr. Devasia K.S. (Baby) Kalarickal - St. Vincent De Paul Society
173. Mrs. Leelamma Villanthanam, Karuvanchal ,,
174. Mr. Santhosh T.M. Thalachira - Charismatic Movement
175. Mr. Jain George Kochumalayil, Kannur - TSSS
176. Mrs. Santhamma Philip Peringalloor, Palavayal - TSSS
177. Mr. Benny Francis Elanjikkal - Cathedral Parish Council rep
178. Mrs. Joisy Oliver - Cathedral Parish Council Rep.
179. Fr. Joseph Chathanattu CST - Men Religious Rep.
180. Fr. Johney Karyathil MST - Men Religious Rep.
181. Fr. George Kizhakemury MCBS - Men Religious Rep.
182. Bro. Varkey CST - Men Religious Brothers
183. Sr. Daya DST, Nedumpuramchal - Women Religious
184. Sr. Jyothis DPM, Mandalam - Women Religious
185. Sr. Chaithanya CSN, Arivilanjapoil - Women Religious
186. Sr. Cini SDV, Cheemeni - Women Religious
187. Sr. Deena SD, Thalasserry - Women Religious

**Nominated Members**

188. Fr. Sebastian Cheripurath
 - Shanthitheeram Coun. Centre, Padannakkad
189. Fr. Sebastian Thazhappally - Secretary to the Archbishop
190. Fr. Sebastian Edayadiyil - Deepika
191. Fr. Joby Karakkatt - Vice Principal, Nirmalagiri College
192. Sr. Dr. Vineetha SH - Christuraja Hospital, Thokkilangandy
193. Sr. Dr. Deepa SABS - Josegiri Hospital, Thalassery
194. Prof. Dr. N.J. Saleena
 - Principal, Nirmalagiri College, Koothuparamba
195. Prof. Dr. John Joseph - Syndicate Member, Kannur University
196. Mr. P. T. Jose, Kannur - Lay leader
197. Adv. George Mechery, Thaliparamba
 - Archeparchial Legal Consultant,
198. Adv. Philip Kolathel, Thalasserry - Archeparchial Legal Consultant
199. Mr. George Thayyil, Kannur - Media Person
200. Adv. Manoj M. Kandathil, Karikkottakary - Advocate
201. Adv. Sheeja Karukulam, Charal - Lay Leader
202. Mr. Jacob Padinjath CA, Kannur - Archeparchial Auditor
203. Mr. Sunny Joseph MLA, Iritty - MLA, Peravoor
204. Prof. Dr. K. V. Philomina Vettickal - SES College, Sreekandapuram
205. Mr. James Manoor, Vellad - Engineer
206. Mathew Plathottam, Alakode - Media Person
207. Prof. Dr. Ousepachan Nalolickal - Nirmalagiri College
208. Adv. Sunny Augustine Vellakkada, Peravoor - Advocate
209. Prof. Dr. Mathew Mandapathil, Edoor
 - Principal M.G. College, Iritty
210. Prof. Dr. Sajimon Palackal, Kasargod
 - St. Aloysius College, Mangalore
211. Prof. Dr. Joseph Koipally, Kasargod - Central University, Kasargod
212. Mr. Santhosh Thayyil, Nileswaram
 - Kasargod Region, Co-ordinator
213. Mr. Jaison, Attarimackal, Vayattuparamba - Catechism

# സെമിനാരി വാർത്തകൾ

## 1. ബ്രദേഴ്സിന്റെ അവധിക്കാല സേവനങ്ങൾ

നമ്മുടെ അതിരൂപതയിലെ മേജർ സെമിനാരിയിൽ പഠിക്കുന്ന വൈദിക വിദ്യാർത്ഥികളുടെ അവധിക്കാല സേവനം ആവശ്യമുള്ളവർ അറിയിക്കുക. കുട്ടികൾക്ക് ധ്യാനങ്ങൾ, ക്ലാസ്സുകൾ, സെമിനാറുകൾ, ക്യാമ്പുകൾ, ആത്മ സ്ഥിതി തയ്യാറാക്കൽ etc. എന്നിവയക്ക് വൈദിക വിദ്യാർത്ഥികളുടെ സേവനം ആവശ്യമുള്ളവർ നേരത്തെ അറിയിക്കുക.

**2. ഉപകാരികളുടെ കൂട്ടായ്മ:** തലശ്ശേരി സെന്റ് ജോസഫ് മൈനർ സെമിനാരിയെ സഹായിക്കുന്ന 'ഉപകാരികളുടെ കൂട്ടായ്മ' ഫെബ്രു. 10-ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ ഉച്ചവരെ നടക്കുകയാണ്. ഈ കൂട്ടായ്മയിലേക്ക് ഇടവകയിൽ നിന്നുള്ളവരെ പറഞ്ഞുവിടുവാൻ ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**3. ദൈവവിളി ക്യാമ്പുകൾ:** നമ്മുടെ സെമിനാരിയിലേക്ക് മിടുക്കരായ വിദ്യാർത്ഥികളെ കണ്ടെത്തി പറഞ്ഞുവിടുന്ന കാര്യം എല്ലാ ബഹുമാനപ്പെട്ട വൈദികരും ശ്രദ്ധിക്കുമല്ലോ. നമ്മുടെ സെമിനാരിയിലും മറ്റ് സെമിനാരികളിലും ചേരാനാഗ്രഹിക്കുന്ന എല്ലാ കുട്ടികളും (കോൺവെന്റിൽ ചേരാനാഗ്രഹിക്കുന്ന പെൺകുട്ടികളും) നിർബന്ധമായും അതിരൂപതാ ദൈവവിളി ക്യാമ്പുകളിൽ സംബന്ധിക്കണമെന്ന കാര്യം ബഹു. വികാരിയച്ചന്മാർ കുട്ടികളെ ഓർമ്മപ്പെടുത്തണേ.

### 1. റീജണൽ വൊക്കേഷൻ ക്യാമ്പുകൾ

| **തീയതി ഏപ്രിൽ 8,9,10,11 തീയതികളിൽ** | |
|---|---|
| **സ്ഥലങ്ങൾ: ആൺകുട്ടികൾ**<br>1. പടന്നക്കാട് 2. മേരിഗിരി<br>3. കുന്നോത്ത് 4. തലശ്ശേരി, സെമിനാരി | **പെൺകുട്ടികൾക്ക്**<br>5. മദർ ഹോം |

### 2. സെലക്ഷൻക്യാമ്പ്

തലശ്ശേരി മൈനർ സെമിനാരിയിൽവച്ച് ഏപ്രിൽ 15,16,17,18 തീയതികളിൽ.

**മേജർ സെമിനാരിക്കാരുടെ വർക്ക് ക്യാമ്പ് :** മേജർ സെമിനാരിക്കാരുടെ രൂപീകരണത്തിന്റെ ഭാഗമായി എല്ലാവർഷവും നടത്താറുള്ള വർക്ക് ക്യാമ്പ് ഈ വർഷവും നടത്തുവാൻ ആഗ്രഹിക്കുന്നു. താൽപര്യമുള്ള ഇടവകകളോ/സ്ഥാപനങ്ങളോ മൈനർ സെമിനാരിയുമായി ബന്ധപ്പെടേണ്ടതാണ്.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വയലുങ്കൽ** — വൊക്കേഷൻ പ്രൊമോട്ടർ

**ഫാ. മാത്യു തെക്കേമുറിയിൽ** — റെക്ടർ

# വിശ്വാസപരിശീലനം

"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2: 52).

## 1. അതിരൂപതാ മതബോധന കമ്മിറ്റി

2017-18 അധ്യയനവർഷത്തെ രണ്ടാമത്തെ അതിരൂപതാ മതബോധന കമ്മിറ്റി അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ അധ്യക്ഷതയിൽ 2018 ഫെബ്രുവരി 13-ാം തീയതി ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 2 മണി മുതൽ 4 മണിവരെ തളിപ്പറമ്പ് ഫൊറോനാപള്ളിയിൽവച്ച് ചേരുന്നു. ഓരോ സന്യാസസമൂഹത്തിന്റെയും പ്രൊവിൻഷ്യലും ബഹു. ഫൊറോന വികാരിയച്ചന്മാരും മേഖലാ പ്രസിഡന്റുമാരും മറ്റ് പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടവരുമാണ് സംബന്ധിക്കേണ്ടത്.

## 2. അതിരൂപതാ സന്ദർശകരുടെ സമ്മേളനം

അതിരൂപതാ സൺഡേസ്കൂൾ സന്ദർശകരുടെ സമ്മേളനം മാർച്ച് 24ന് ശനിയാഴ്ച്ച രാവിലെ 10.30 മുതൽ 12 മണിവരെ സന്ദേശഭവനിൽവച്ച് നടത്തപ്പെടുന്നു. ബന്ധപ്പെട്ടവർ റിപ്പോർട്ടുകൾ തയ്യാറാക്കികൊണ്ടുവരുമല്ലോ.

## 3. ഹെഡ്മാസ്റ്റേഴ്സ് റീജനൽ കൂട്ടായ്മ

2017-2018 അധ്യയന വർഷത്തെ സൺഡേ സ്കൂൾ പ്രവർത്തനം വിലയിരുത്തുന്നതിനും വരുന്ന അധ്യയനവർഷത്തെക്കുറിച്ച് പ്ലാൻ ചെയ്യുന്നതിനുമായി മാർച്ച് മാസത്തിൽ ഹെഡ്മാസ്റ്റർമാരുടെ റീജനൽ കൂട്ടായ്മ നടത്തപ്പെടുന്നു. എല്ലാ ഹെഡ്മാസ്സ്റ്റർമാരും കൂട്ടായ്മയിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. പ്രസ്തുത മീറ്റിംഗിൽ ഓഫീസിൽ അടക്കാനുള്ള വിവിധ തുകകൾ അടച്ച് സഹകരിക്കേണ്ടതാണ്. (സ്റ്റുഡന്റ് ഫണ്ട്, ചോദ്യപേപ്പർ, ബുള്ളറ്റിൻ, വിശ്വാസോത്സവം, ലൂമെൻ എക്ലേസിയേ...)

| സ്ഥലം | തീയതി | സമയം | പങ്കെടുക്കേണ്ടഫൊറോനകൾ |
|---|---|---|---|
| കാഞ്ഞങ്ങാട് | മാർച്ച് 17 ശനി | 09.00 am | പനത്തടി, തോമാപുരം, കാഞ്ഞങ്ങാട്, വെള്ളരിക്കുണ്ട്, ചെറുപുഴ |
| തളിപ്പറമ്പ് | മാർച്ച് 17 ശനി | 02.30 pm | ചെമ്പേരി, ആലക്കോട്, മേരിഗിരി, തളിപ്പറമ്പ്, വായാട്ടുപറമ്പ്, ചെമ്പന്തൊട്ടി, പൈസക്കരി |
| ഇരിട്ടി | മാർച്ച് 18 ഞായർ | 02.30 pm | നെല്ലിക്കാംപൊയിൽ, എടൂർ, കുന്നോത്ത്, പേരാവൂർ |

## 4. സഭാവിജ്ഞാനീയ ക്വിസ്

അധ്യാപകർക്കു പഠിക്കാനുള്ള 'കത്തോലിക്കാ സഭ ഇന്നലെയും ഇന്നും' എന്ന പുസ്തകത്തെ ആസ്പദമാക്കിയുള്ള സഭാവിജ്ഞാനീയ ക്വിസ് ഫെബ്രുവരി 24ന് തളിപ്പറമ്പ് ഇടവകയിൽവച്ച് രാവിലെ 10 മണിക്ക് നടത്തുന്നു. പങ്കെടുക്കുന്നവർ ഫെബ്രവരി 22-ാം തീയതിക്കുള്ളിൽ ഓഫീസിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

## 5. ആസ്പെക്ട് പരീക്ഷ

സൺഡേസ്കൂൾ അധ്യാപകർ പഠിക്കുന്ന ഇന്ത്യൻ സഭാചരിത്രത്തിന്റെ പരീക്ഷ ഫെബ്രുവരി 25-ാം തീയതി ഞായറാഴ്ച്ച ഉച്ചകഴിഞ്ഞ് 2.30-4.30 വരെയായിരിക്കും. ചോദ്യപേപ്പർ 24-ാം തീയതി ഫൊറോന കേന്ദ്രത്തിൽനിന്ന് എടുക്കേണ്ടതാണ്. അധ്യാപകരെല്ലാം പരീക്ഷ എഴുതുന്നതു കൊണ്ട് ബഹു. വികാരിയച്ചന്മാർ പരീക്ഷയ്ക്ക് നേതൃത്വം കൊടുക്കു മല്ലോ. പഠനവിഷയങ്ങൾ ജനുവരി മാസത്തെ ബുള്ളറ്റിൻ (പേജ് 43) കൊടുത്തിട്ടുണ്ട്. പരീക്ഷയ്ക്ക് ഉത്തരം എടുത്തെഴുതേണ്ട പത്ത് ചോദ്യങ്ങളും ഒരു പേജിൽ ഉത്തരം എഴുതേണ്ട അഞ്ച് ചോദ്യങ്ങളും രണ്ടു പേജിൽ എഴുതേണ്ട ഒരു ചോദ്യവുമായിരിക്കും ഉണ്ടായിരിക്കുക. അധ്യാപകരെ ഇക്കാര്യങ്ങൾ അറിയിച്ച് അവരെ പരീക്ഷയ്ക്ക് ഒരുക്കുമല്ലോ.

പരീക്ഷയാണ് എല്ലാവരും എഴുതേണ്ടത്. മതിയായ കാരണത്താൽ അസൗകര്യമുള്ളവർക്ക് താഴെ കൊടുത്തിരിക്കുന്ന രണ്ട് പ്രബന്ധ വിഷയങ്ങളിൽ ഓരോന്നിനെയും കുറിച്ച് അഞ്ച് പേജിൽ കുറയാതെ എഴുതേണ്ടതാണ്.

**വിഷയം:** 1. ലെയോ മൊയ്റീന്റെ ശ്ലൈഹികസന്ദർശനം (1876-1877) മുതൽ സീറോമലബാർ ഹയരാർക്കിയുടെ സ്ഥാപനം വരെയുള്ള ചരിത്രം (1923) വിവരിക്കുക.

2. ഏക സഭാതലവന്റെ കീഴിൽ ഏക സഭയായിത്തീരാൻവേണ്ടിയുള്ള മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പരിശ്രമങ്ങൾ തുടങ്ങി സീറോ മലങ്കര കത്തോലിക്കാ ഹയരാർക്കിയുടെ സ്ഥാപനം വരെയുള്ള ചരിത്രം.

## 6. ബിഷപ്പ് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി തീർത്ഥാടനവും - മലബാർ കുടിയേറ്റ അനുസ്മരണ എക്സിബിഷനും

ഏപ്രിൽ 4-ാം തീയതി അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ 12-ാം ചരമവാർഷികം ആചരിക്കുകയാണല്ലോ. അതിരൂപതയിലെ സൺഡേ സ്കൂളുകളുടെ നേതൃത്വത്തിൽ മിഷൻലീഗ്, കെ.സി. വൈ. എം. തുടങ്ങിയ ഭക്തസംഘടനകളുടെ സഹകരണത്തോടെ ഈ വർഷം മുതൽ വള്ളോപ്പിള്ളി പിതാവിന്റെ ചരമവാർഷികദിനമായ ഏപ്രിൽ 4-ാം തീയതി അതിരൂപതാതീർത്ഥാടന ദിവസമായി ആചരിക്കുന്ന വിവരം

അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് റീജണൽ പ്രെസ്ബിത്തേരിയം കൂടിയപ്പോൾ എല്ലാ ബഹു. വൈദികരെയും അറിയിച്ചിരുന്നുവല്ലോ. അതിരൂപതയിലെ മുഴുവൻ സൺഡേസ്കൂളുകളിലേയും 10-ാം ക്ലാസ്സിലെ കുട്ടികൾ (3853 കുട്ടികൾ) വള്ളോപ്പിള്ളി പിതാവിന്റെ കബറിടത്തിങ്കലേക്ക് തീർത്ഥയാത്ര നടത്തുകയും അതിരൂപതയിലെ വിവിധ സ്ഥാപനങ്ങളെ പരിചയപ്പെടുകയും ചെയ്യുന്ന വിവിധ കർമ്മപദ്ധതികളാണ് അന്നേദിവസം ആവിഷ്ക്കരിച്ചിരിക്കുന്നത്. ഈ തീർത്ഥാടനം ഒരു വൻവിജയമാക്കു ന്നതിനു വേണ്ടി എല്ലാ ബഹു. വികാരിയച്ചന്മാരുടേയും സൺഡേസ്കൂൾ അധ്യാപക രുടേയും ഇടവകയിൽ പ്രവർത്തിക്കുന്ന സംഘടനകളുടേയും സഹായം അഭ്യർത്ഥിക്കുകയാണ്.

## മലബാർ കുടിയേറ്റ അനുസ്മരണ എക്സിബിഷൻ

ഏപ്രിൽ 4-ാം തീയതി വള്ളോപ്പിള്ളി തീർത്ഥാടനത്തോടനുബന്ധിച്ച് നടത്തുന്ന മലബാർ കുടിയേറ്റ എക്സിബിഷനുവേണ്ടി കുടിയേറ്റ സ്മരണ കൾ ഉണർത്തുന്നതും അറിവ് പകരുന്നതുമായ അമൂല്യമായ സാധനങ്ങൾ, ഉപകരണങ്ങൾ, പണിയായുധങ്ങൾ, പാത്രങ്ങൾ, ചിത്രങ്ങൾ, പുസ്തകങ്ങൾ എന്നിവ ഇടവകാ തലത്തിൽ ശേഖരിച്ചു തന്നാൽ ഉപകാരമായിരുന്നു. അതിനായി ബഹു. ഹെഡ്മാസ്റ്ററുടെ നേതൃത്വത്തിൽ അതാത് ഇടവകകളിൽ ഒരു പ്രാഥമിക അന്വേഷണം നടത്തി ലഭിക്കാൻ സാധ്യതയുള്ള പ്രധാന പ്പെട്ട പത്തോളം സാധനങ്ങളുടെ ഒരു ലിസ്റ്റ് തയ്യാറാക്കി ഫെബ്രുവരി 11ന് ഞായറാഴ്ച്ച അതാത് ഫൊറോനാ പ്രസിഡന്റുമാരെ അറിയിക്കുമല്ലോ. പ്രസ്തുത ലിസ്റ്റ് ഫെബ്രുവരി 13ന് കൂടുന്ന അതിരൂപതാ മതബോധന കമ്മിറ്റിയിൽ ഫൊറോനാ പ്രസിഡന്റുമാർ കൊണ്ടുവരേണ്ടതാണ്. ലഭിച്ച ലിസ്റ്റിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന സാധനങ്ങൾ ഇടവകാതലത്തിൽ പിന്നീട് ശേഖരിക്കുന്നതായിരിക്കും. കൂടാതെ സ്റ്റാമ്പ്, നാണയങ്ങൾ, പെയിന്റിംഗ്സ് തുടങ്ങിയവ ശേഖരിച്ചിരിക്കുന്നവർക്ക് അവ പ്രദർശിപ്പി ക്കാനുള്ള അവസരവും ഈ എക്സിബിഷനിൽ ഉണ്ടായിരിക്കുന്നതാണ്. ഉടമസ്ഥന് ആവശ്യമുള്ള സാധനങ്ങൾ എക്സിബിഷനുശേഷം തിരിച്ചു തരുന്നതാണ്. അല്ലാത്തവ അതിരൂപതാ മ്യൂസിയത്തിൽ സ്ഥിരമായി സൂക്ഷി ക്കുന്നതായിരിക്കും. ഏപ്രിൽ 4-ാം തീയതി നടത്തുന്ന തീർത്ഥാടനത്തെ സംബന്ധിച്ചുള്ള കൂടുതൽ വിവിരങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

## 7. വിശ്വാസോത്സവ വർക്ക് ബുക്ക്, വാർഷിക പരീക്ഷ

വിശ്വാസോത്സവ വർക്ക് ബുക്കുകളുടെ വില, വാർഷിക പരീക്ഷാ തീയതി എന്നിവ സംബന്ധിച്ച വിവരങ്ങൾ കത്ത് മുഖാന്തരം നേരിട്ട് ബഹു. വികാരിയച്ചനെയും ഹെഡ്മാസ്റ്ററെയും ഉടൻതന്നെ അറിയിക്കുന്നതായി രിക്കും.

## 8. വിശ്വാസോത്സവ ആൽബം

ഈ വർഷവും കുട്ടികൾ ഇടവകാതലത്തിൽ വിശ്വാത്സോത്സവ ആൽബം തയ്യാറാക്കേണ്ടതാണ്. അധ്യാപകർ കുട്ടികൾക്ക് വേണ്ട നിർദ്ദേശങ്ങൾ നല്കി അവരെ ഒരുക്കുമല്ലോ. കൂടുതൽ വിവരങ്ങൾ മാർച്ച് മാസത്തിലെ ബുള്ളറ്റിനിൽ കൊടുക്കുന്നതായിരിക്കും.

**വിഷയം : കുടുംബം ഭൂമിയിലെ പറുദീസ.**

## 9. അഭിനന്ദനങ്ങൾ

മൗണ്ട് സെന്റ് തോമസിൽവച്ചു നടന്ന സീറോമലബാർ പ്രതിഭാസംഗമത്തിൽ തലശ്ശേരി അതിരൂപതയിൽനിന്നും അശ്വനി വടക്കെമുളഞ്ഞിനാൽ (പുറവയൽ), റാണിമരിയ പന്തപ്പള്ളിൽ (മാലോം), ട്രീസ ചേന്നാട്ട് (കരിക്കോട്ടക്കരി), അഗസ്റ്റിൻ പന്തപ്ലാക്കൽ (പയ്യാവൂർ), എഡ്ബിൻ അർത്തിയിൽ (ചെറുപുഴ), ജോസ്ബിൻ വെട്ടിത്താനത്ത് (പൈസക്കരി) എന്നീ കുട്ടികൾ പങ്കെടുത്തു. പത്തു പ്രതിഭകളിൽ ഒരാളായി തിരഞ്ഞെടുക്കപ്പെട്ട റാണി മരിയ പന്തപ്പള്ളിക്ക് പ്രത്യേക അഭിനന്ദനം.

## 10. വിവിധ കുടിശികകൾ

2017-2018 വർഷത്തെ കുട്ടികളുടെ ഫണ്ട്, ചോദ്യപേപ്പർ തുക, അതിരൂപതാ ബുള്ളറ്റിൻ എന്നിവയുടെ തുകകൾ മാർച്ച് 15ന് മുമ്പായി അടച്ചു സഹകരിക്കുമല്ലോ. ഓഫീസിൽ അടയ്ക്കുവാനുള്ള തുകകൾ ബാങ്കുവഴി ട്രാൻസ്ഫർ ചെയ്യാൻ സാധിക്കും. അപ്രകാരം ചെയ്യുന്നവർ പണം അടച്ചതിനുശേഷം ഓഫീസിൽ വിളിച്ച് അറിയിക്കേണ്ടതാണ്. രസീത് അയച്ചുതരുന്നതാണ് (ഫോൺ: 0490 2344430). താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ടിലേയ്ക്കാണ് തുകകൾ അയക്കേണ്ടത്.

A/c Holder : Department of Catechesis
A/c No : 0078053000073503, IFSC : SIBL 0000078
Bank : South Indian Bank, Thalassery

## 11. ഡയറക്ടറച്ചന്റെ സന്ദർശനം

തളിപ്പറമ്പ്, പൈസക്കരി ഇടവകകൾ സന്ദർശിക്കുകയും വി. കുർബാന അർപ്പിച്ച് പ്രാർത്ഥിക്കുകയും മാതാപിതാക്കൾക്കും അധ്യാപകർക്കും കുട്ടികൾക്കും ക്ലാസ്സെടുക്കുകയും ചെയ്തു.

സ്നേഹപൂർവ്വം,

**ഫാ. ജോർജ് കാഞ്ഞിരക്കാട്ട്**
ഡയറക്ടർ

# ബൈബിൾ അപ്പൊസ്തൊലേറ്റ് & ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

## 1. ലോഗോസ് ക്വിസ് 2017

ലോഗോസ് ക്വിസ് പരീക്ഷയുടെ സമ്മാനങ്ങൾ ഓരോ ഇടവകയിലും വിതരണം ചെയ്ത് കാണുമെന്ന് വിശ്വസിക്കുന്നു. ഓരോ വിഭാഗത്തിലും സമ്മാനം ലഭിച്ചവർക്കുള്ള സമ്മാനത്തുക അവരുടെ അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്തു കഴിഞ്ഞു. ലഭിച്ച സർട്ടിഫിക്കറ്റുകളും സമ്മാനപുസ്തകങ്ങളും ഇടവകയിൽത്തന്നെ വിതരണം ചെയ്യുമല്ലോ.

നമ്മുടെ അതിരൂപതയിൽ ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ചത് പാലാവയൽ ഇടവകയാണ്. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ട്രോഫിയും ക്യാഷ്പ്രൈസും വികാരിയച്ചനായ ഫാ. തോമസ് പട്ടാംകുളത്തിന് സമ്മാനിച്ചു. വരും വർഷങ്ങളിൽ കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ലോഗോസ് ക്വിസ് സജീവമാക്കുവാൻ ഏവരും ശ്രമിക്കണമെന്ന് അപേക്ഷിക്കുന്നു. പ്രത്യേകമായി ലോഗോസ് ക്വിസ് കുടുംബമായി പങ്കെടുക്കുന്നത് നമ്മുടെ ഇടവകകളിൽ വളരെ കുറവാണ്. അജപാലന പ്രവർത്തനങ്ങളെ കാര്യക്ഷമമാക്കുവാൻ സഹായിക്കുന്ന ദൈവവചന പഠനം പ്രോത്സാഹിപ്പിക്കുവാൻ കുടുംബങ്ങളെ പങ്കെടുപ്പിക്കുന്ന ലോഗോസ് ക്വിസ് ഏവരും പ്രോത്സാഹിപ്പിക്കുമല്ലോ.

## 2. മതാദ്ധ്യാപകരുടെ ശ്രദ്ധയ്ക്ക്

കഴിഞ്ഞ മാസങ്ങളിലായി നടത്തപ്പെട്ട ആസ്പെക്ട് സെമിനാറുകളിൽ പങ്കെടുത്ത അനേകം മതാദ്ധ്യാപകർ LE ദൈവശാസ്ത്ര ക്ലാസ്സുകളിൽ ചേരാൻ താല്പര്യം പ്രകടിപ്പിച്ചിരുന്നു. ഇടയ്ക്കുവച്ച് പഠനം മുടങ്ങിയവരും വീണ്ടും തുടരുവാൻ താല്പര്യപ്പെട്ടിട്ടുണ്ട്. ഫെബ്രുവരി മാസത്തിൽ നടക്കുന്ന ക്ലാസ്സുകളിൽ എല്ലാവരും പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. പരീക്ഷകൾ മുടങ്ങിപ്പോയവർക്ക് വർഷാവസാനം പരീക്ഷ അതാത് സെന്ററുകളിൽ നടത്തുവാൻ ക്രമീകരണം ചെയ്യുന്നതായിരിക്കും.

## 3. ദൈവശാസ്ത്ര കോൺടാക്റ്റ് ക്ലാസ്സുകൾ

ഈ മാസം നടക്കുന്ന ദൈവശാസ്ത്ര കോൺടാക്റ്റ് ക്ലാസ്സുകളുടെ സമയക്രമം ചുവടെ ചേർക്കുന്നു.

| തീയതി | സ്ഥലം | സമയം | വിഷയം |
|---|---|---|---|
| ഫെബ്രു 02 | അൽവേർണിയ പ്രൊവിൻഷ്യൽ ഹൗസ്, ചാലക്കുടി | 6.00 - 10.00 | ഇതരമത ദൈവശാസ്ത്രം<br>ജീവന്റെ ധാർമ്മികത |
| ഫെബ്രു 03 | അൽവേർണിയ പ്രൊവിൻഷ്യൽ ഹൗസ്, ചാലക്കുടി | 9.00 - 12.00 | വിജ്ഞാനഗ്രന്ഥങ്ങൾ<br>വെളിപാടു പുസ്തകം |
| ഫെബ്രു 17 | ഇടുക്കി ജയ് മാതാ പ്രൊവിൻഷ്യൽ ഹൗസ് | 9.30 - 4.30 | യോഹന്നാന്റെ സുവിശേഷം<br>മരിയവിജ്ഞാനീയം<br>ഗ്രീക്ക്<br>ആദ്ധ്യാത്മിക ദൈവശാസ്ത്രം |
| ഫെബ്രു 17 | കോതമംഗലം SD പ്രൊവിൻഷ്യൽ ഹൗസ് | 9.30 - 12.30 | യോഹന്നാന്റെ സുവിശേഷം<br>മരിയവിജ്ഞാനീയം<br>ആദ്ധ്യാത്മിക ദൈവശാസ്ത്രം |
| ഫെബ്രു 17 | കോതമംഗലം MSJ പ്രൊവിൻഷ്യൽ ഹൗസ് | 9.30 - 12.30 | യോഹന്നാന്റെ സുവിശേഷം<br>മരിയവിജ്ഞാനീയം<br>ആദ്ധ്യാത്മിക ദൈവശാസ്ത്രം |
| ഫെബ്രു 24 | ബഥനി കോൺവെന്റ് മാനന്തവാടി | 9.30 - 4.30 | യോഹന്നാന്റെ സുവിശേഷം<br>മരിയവിജ്ഞാനീയം<br>ഗ്രീക്ക്<br>ആദ്ധ്യാത്മിക ദൈവശാസ്ത്രം |

## 4. മതാദ്ധ്യാപകർക്കുള്ള കോൺടാക്റ്റ് ക്ലാസ്സുകൾ

മതാദ്ധ്യാപകർക്കുള്ള ഗ്രീക്ക്, ആദ്ധ്യാത്മിക ദൈവശാസ്ത്രം എന്നീ വിഷയങ്ങളുടെ ക്ലാസുകൾ ഫെബ്രുവരി 11,18,25 തീയതികളിൽ നടത്തപ്പെടുന്നതാണ്. ഓരോ സെന്ററിലും ക്ലാസ് നടക്കുന്ന തീയതി പിന്നീട് അറിയിക്കുന്നതാണ്.

## 5. BTh പ്രബന്ധം (തീസിസ്)

ബി.റ്റി.എച്ച്. പ്രബന്ധം ഈ വർഷം എഴുതുന്നവർ അവരുടെ വിഷയങ്ങളെക്കുറിച്ച് ചിന്തിച്ച് തുടങ്ങേണ്ട സമയമായി. തിരഞ്ഞെടുക്കുന്ന വിഷയങ്ങൾക്കനുസരിച്ചുള്ള പുസ്തകങ്ങളുടെ ലഭ്യതയും ശ്രദ്ധിക്കേണ്ടതാണ്. വിഷയത്തെക്കുറിച്ച് ആധികാരികമായ പുസ്തകങ്ങൾ വായിച്ചതിനുശേഷം മാത്രമേ സ്കേമാ തയ്യാറാക്കാവൂ. തയ്യാറാക്കുന്ന സ്കേമാ ദൈവശാസ്ത്രത്തിൽ ഉന്നതബിരുദം കരസ്ഥമാക്കിയവരെ കാണിച്ച് നിർദ്ദേശങ്ങൾ തേടേണ്ടതാണ്. കൈകൊണ്ട് എഴുതുകയാണെങ്കിൽ കുറഞ്ഞത് 50 പേജും DTP ചെയ്യുകയാണെങ്കിൽ 30 പേജും ഉണ്ടായിരിക്കണം.

## 6. ദൈവശാസ്ത്ര ക്ലാസ്സുകൾ Youtube -ൽ

അനേകം വർഷങ്ങളായി ശാലോം ടെലിവിഷനിലൂടെ സംപ്രേഷണം ചെയ്തുകൊണ്ടിരുന്ന ആൽഫാ ദൈവശാസ്ത്ര വിഷയങ്ങൾ ഇപ്പോൾ പൂർണ്ണമായും Youtube-ൽ ലഭ്യമാണ്. Youtube - ൽ ആൽഫാ തിയോളജിയാ

എന്ന് കൊടുത്താൽ 500ൽ പരം ക്ലാസ്സുകൾ ലഭിക്കും. ദൈവശാസ്ത്ര വിദ്യാർത്ഥികൾക്ക് alphathalassery - വെബ്സൈറ്റിലും ഈ ക്ലാസ്സുകൾ കാണാവുന്നതാണ്. 25 മിനിറ്റുകൾ വീതമുള്ള ക്ലാസ്സുകൾ ഓരോ വിഷയവും തിരിച്ച് നല്കിയിരിക്കുന്നു.

## 7. സ്കൈപ്പ് നെറ്റുവഴിയുള്ള ക്ലാസ്സുകൾ

ലോകത്തിന്റെ ഏതു ഭാഗത്തുള്ള പഠിതാക്കൾക്കും ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്കൈപ്പ് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്. ക്ലാസ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഇന്റർനെറ്റ് സൗകര്യവും സ്കൈപ്പ് അക്കൗണ്ടും ക്രമീകരിച്ചശേഷം Alpha Thalassery എന്ന അക്കൗണ്ടിൽ ലോഗിൻ ചെയ്യുക. ആൽഫാ ഓഫീസിൽ മുൻകൂട്ടി അറിയിച്ചാൽ ഇതിനുള്ള ക്രമീകരണം ചെയ്തു തരുന്നതാണ്. അതാത് മാസത്തെ ക്ലാസ്സുകളുടെ സമയക്രമം, വിഷയം എന്നിവ ആൽഫായുടെ വെബ്സൈറ്റിൽനിന്നും ലഭ്യമാണ്.

സ്നേഹപൂർവ്വം,

**ഡയറക്ടർ**

## കുന്നോത്ത് മേജർ സെമിനാരിയിൽ അല്മായർക്കായി വിശുദ്ധവാര ധ്യാനം

സ്നേഹ ബഹു. അച്ചന്മാരെ,

കുന്നോത്ത് ഗുഡ്ഷെപ്പേർഡ് മേജർ സെമിനാരിയിൽ അല്മായർക്കായി വിശുദ്ധവാര ധ്യാനം സംഘടിപ്പിക്കുന്ന കാര്യം സന്തോഷത്തോടെ അറിയിക്കട്ടെ. 2018 മാർച്ച് 25-ാം തീയതി ഓശാന ഞായറാഴ്ച 4.00pmന് ആരംഭിക്കുന്ന ധ്യാനം 28-ാം തീയതി ബുധനാഴ്ച 4.00pmന് അവസാനിക്കുന്നു. തലശ്ശേരി അതിരൂപതയുടെ സഹായ മെത്രാനും അനുഗ്രഹീത വചനപ്രഘോഷകനുമായ മാർ ജോസഫ് പാംപ്ലാനി പിതാവ് ധ്യാനം നയിക്കുന്നു. ആദ്യം രജിസ്റ്റർ ചെയ്യുന്ന 100 പേർക്കാണ് പ്രവേശനം ലഭിക്കുന്നത്. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ഫെബ്രുവരി 25-ാം തീയതിക്ക് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. അച്ചൻ ദയവായി ഈ വിവരം പള്ളിയിൽ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പ്രത്യേക ഫീസ് നിശ്ചയിച്ചിട്ടില്ല. അച്ചന്റെ സഹകരണവും പ്രാർത്ഥനയും അഭ്യർത്ഥിക്കുന്നു.

**For Reg. Mob** : 984766575 - Fr. Joseph Kochuparambil (Co. Ordin...)
9447547866 - Fr. Emmanuel Attel (Rector)

# ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചാ, സിസ്റ്റേഴ്സ്, കുഞ്ഞു പ്രേഷിതരേ,

പുതുവർഷ പ്രഭാവത്തിൽ തീക്ഷ്ണതയുടെ തീജ്വാല നമ്മെ കർമ്മോത്സുകരാക്കുമ്പോൾ നമ്മുടെ ജീവിതത്തെ അല്പംകൂടി ആത്മീയതയിൽ ആഴപ്പെടുത്താൻ ഉതകുന്നതാകട്ടെ ഈ നോമ്പുകാലം. നമ്മുടെ എല്ലാ പ്രവർത്തനമണ്ഡലങ്ങളിലും ദൈവാനുഗ്രഹം ധാരാളമായി ഉണ്ടാകുവാൻ ഈ നോമ്പുകാലത്തിൽ നമുക്ക് ഊർജ്ജ്വസ്വലതയോടെ പ്രാർത്ഥിക്കാം...

| | |
|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : സകല മരിച്ചവരുടെയും തിരുനാൾ |
| ,, വിശുദ്ധർ | : വി. ബ്രിജിറ്റ് |
| പ്രാർത്ഥനാനിയോഗം | : ശുദ്ധീകരണാത്മാക്കൾ |
| സുകൃതജപം | : ഈശോ, എന്റെ മരണനേരത്തിൽ എന്നെ അങ്ങേപക്കലേക്ക് വിളിക്കണമേ |
| സപ്തതി സുകൃതം | : 70 മരിച്ചവിശ്വാസികൾക്ക്. |

## ശാഖകൾ ശ്രദ്ധിക്കാൻ

11 ഞായർ - തിരുബാലസഖ്യദിനം

12 തിങ്കൾ - വിഭൂതിദിനം

## മേഖലകൾ ശ്രദ്ധിക്കാൻ

എക്സിക്യൂട്ടീവ്കൂടി മേഖലാ പ്രവർത്തനങ്ങൾ വിലയിരുത്തുകയും തുടർപ്രവർത്തനങ്ങൾ ഭംഗിയായി ക്രമീകരിക്കുകയും ചെയ്യുമല്ലോ.

## മേഖലാ ഡയറക്ടേഴ്സ് വൈസ് ഡയറക്ടേഴ്സ് പ്രസിഡന്റ് സംഗമം

മിഷൻലീഗ്-തിരുബാലസഖ്യ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഈ വർഷത്തെ പ്രധാന കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനുമായി ജനുവരി 2-ാം തീയതി രാവിലെ 10 മണിക്ക് തളിപ്പറമ്പ് ഫൊറോനപള്ളി ഓഡിറ്റോറിയത്തിൽവച്ച് മേഖലാ ഡയറക്ടേഴ്സ്, വൈസ് ഡയറക്ടേഴ്സ്, പ്രസിഡന്റ് എന്നിവരുടെ സംഗമം നടന്നു. 16 ഫൊറോനകളിലും നിന്നുമായി 42 പേർ പങ്കെടുത്തു.

## വൈസ് ഡയറക്ടേഴ്സ് മീറ്റിംഗും ജീവ കാരുണ്യകൂപ്പൺ സമ്മാനദാനവും

മിഷൻലീഗ് തിരുബാലസഖ്യ വൈസ് ഡയറക്ടേഴ്സ് മീറ്റിംഗും ജീവ കാരുണ്യകൂപ്പൺ നറുക്കെടുപ്പിൽ വിജയികളായവർക്കുള്ള സമ്മാനദാനവും ജനുവരി 26-ാം തീയതി തളിപ്പറമ്പ് ഫൊറോനപള്ളി ഓഡിറ്റോറിയത്തിൽവച്ച്

നടന്നു. രാവിലെ 9.15ന് വി. കുർബാനയെത്തുടർന്ന് നടന്ന പൊതുസമ്മേളനത്തിലേയ്ക്ക് അതിരൂപതാ ഡയറക്ടർ ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത് എല്ലാവരെയും സ്വാഗതം ചെയ്തു. അതിരൂപതാ പ്രസിഡന്റ് ശ്രീ. ബേബി പ്ലാശ്ശേരി അദ്ധ്യക്ഷതവഹിച്ച സമ്മേളനം അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് ഉദ്ഘാടനം ചെയ്തു. തളിപ്പറമ്പ് ഫൊറോന വികാരി ഫാ. അബ്രാഹം പോണാട്ട്, സി. ജോസ് മരിയ സിഎംസി, ജോസഫ് വടക്കേക്കര, എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. ടീംക്വിസ്സ്, പ്രബന്ധ രചന, മിഷൻപച്ചക്കറിത്തോട്ടം, സപ്തതിവർഷ ആൽബം, ക്രിസ്കാർഡ്, മിഷൻ ബംബർ, തുടങ്ങിയവയുടെ സമ്മാനങ്ങളും മീറ്റിംഗിൽവച്ച് അഭിവന്ദ്യപിതാവ് നൽകി.

കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ,വരുന്ന വർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള പ്ലാനിംഗ് എന്നിവയെക്കുറിച്ചുള്ള ചർച്ചയും മീറ്റിംഗിൽവച്ച് നടന്നു. അതിരൂപതാ സെക്രട്ടറി ശ്രീ. സുനിൽ കല്ലിടുക്കിൽ മീറ്റിംഗിൽ നന്ദി പറഞ്ഞു. 250ഓളം വൈസ്ഡയറക്ടേഴ്സ് മീറ്റിംഗിൽ പങ്കെടുത്തു.

## ക്രിസ്കാർഡ് മത്സരവിജയികൾ

Ist - വർഗ്ഗീസ് മരുക്കാട്ടുകുന്നേൽ (ചെട്ട്യാംപറമ്പ്)

IInd - മരിയ സ്രാമ്പിൽ (കീഴ്പ്പള്ളി)

IIIrd - റാണി മരിയ കുന്നുംകൈ (ആനറ)

## ഉണ്ണിശോയ്ക്കൊരു കട്ടിൽ - ഒരായിരം നന്ദിയോടെ...

അദിലാബാദിലെ കുഞ്ഞുകൂട്ടുകാർക്ക് കട്ടിൽ വാങ്ങാൻ ഹൃദയപൂർവ്വം സഹകരിച്ചുകൊണ്ടിരിക്കുന്ന എല്ലാ ശാഖകളോടും സുമനസ്സുകൾക്കും ഒരായിരം നന്ദി. വത്സല കുഞ്ഞുങ്ങളിലൂടെ ഇക്കാര്യത്തെ അതിരൂപതയിൽ അറിയിച്ച അഭിവന്ദ്യ ഞറളക്കാട്ട് പിതാവിനും സാമ്പത്തികമായി സഹകരിച്ച എഫ്.സി.സി. പ്രൊവിൻഷ്യൽ സി. നോബിൾ, കണിച്ചാർ ശിശുഭവനിലെ പ്രിയകുഞ്ഞുകൂട്ടുകാർക്കും സിസ്റ്ററിനും പത്ത് കട്ടിലുകൾ വീതം നൽകിയ അങ്ങാടിക്കടവ്, തലശ്ശേരി കത്തീഡ്രൽ ശാഖകൾക്കും ഒപ്പം തളിപ്പറമ്പ്, മാലോം, കരിക്കോട്ടക്കരി, മാടത്തിൽ, എടൂർ, കോളയാട്, കരുണാപുരം, മേലെ ചൊവ്വ, ചെടിക്കുളം, വെളിമാനം, പൈസക്കരി, പുളിങ്ങോം, മേരിഗിരി, അരിവിളഞ്ഞപൊയിൽ, വായാട്ടുപറമ്പ്, വട്ട്യറ, കീഴ്പള്ളി, എടപ്പുഴ, കാലിച്ചാമരം, കണിച്ചാർ, തടിക്കടവ്, താബോർ, കുന്നുംകൈ, നീലേശ്വരം, കാലാങ്കി, തിരുമേനി എന്നീ ശാഖകൾക്കും അതിരൂപതാകുടുംബത്തിന്റെ നന്ദി സ്നേഹപൂർവ്വം അറിയിക്കുന്നു... ബാക്കി ശാഖകളിൽനിന്നുള്ള തുക എത്രയും വേഗം ഓഫീസിൽ എത്തിക്കുമല്ലോ.

## ബഹു. വൈസ്ഡയറക്ടർമാരുടെ ശ്രദ്ധയ്ക്ക്

- സംഘടനാപരമായ കുടിശ്ശികകൾ ഇനിയും അടയ്ക്കാനുള്ളവർ എത്രയും വേഗം അടച്ച് തീർത്ത് സഹകരിക്കുമല്ലോ.
- അദീലാബാദ് മിഷൻ സഹായം നൽകാത്ത ശാഖകൾ ഈ മാസംതന്നെ നൽകുവാൻ ശ്രദ്ധിക്കുമല്ലോ.
- വിശ്വാസോത്സവത്തോടനുബന്ധിച്ച് 2018-19 വർഷത്തേയ്ക്കുള്ള ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നടത്തി ലിസ്റ്റ് ഓഫീസിൽ എത്തിക്കുമല്ലോ.

## എയ്ഞ്ചൽമീറ്റ്

ഈ വർഷം ആദ്യകുർബാന സ്വീകരിക്കുന്ന കുട്ടികളെ മേഖലാതലത്തിൽ ഒരുമിച്ചുകൂട്ടി അഭിനന്ദിക്കുകയും ചെറുപുഷ്പമിഷൻലീഗ് സംഘടനയിലേയ്ക്കുള്ള ഔദ്യോഗികപ്രവേശനം നൽകുകയും ചെയ്യുന്നതിനായി എല്ലാ മേഖലകളിലും ഏയ്ഞ്ചൽസ്മീറ്റ് നടത്തുവാൻ ബഹു. മേഖലാ ഡയറക്ടർ അച്ചന്മാർ ശ്രദ്ധിക്കുമല്ലോ. മെയ് ആദ്യ ആഴ്ചകളിൽ അഭിവന്ദ്യ പിതാക്കന്മാരുടെ സൗകര്യത്തിനനുസരിച്ച് തീയതികൾ സെക്രട്ടറി അച്ചനെ വിളിച്ച് അതാത് മേഖലാ ഡയറക്ടമാർ ഉറപ്പു വരുത്തുക.

## എം.റ്റി.സി. ക്യാമ്പ്

മേഖലകളിൽ ഇനിയും എം.റ്റി.സി. ക്യാമ്പ് നടത്താത്തവർ ഈ മാസം തന്നെ ക്യാമ്പ് നടത്തി അതിരൂപതാ ക്യാമ്പിലേയ്ക്കുള്ള 3 ആൺകുട്ടികളുടെയും 3 പെൺകുട്ടികളുടെയും പേര് ഫെബ്രുവരി 28-ാം തീയതിക്കുള്ളിൽ ഓഫീസിൽ തരേണ്ടതാണ്. മേഖലകളിൽ ക്യാമ്പ് നടത്താതെ തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികളെ അതിരൂപതാക്യാമ്പിൽ പങ്കെടുപ്പിക്കുന്നതല്ല. രൂപതാതല എംറ്റിസി പരീക്ഷ ഉണ്ടായിരിക്കുന്നതല്ല.

## നവവൈദികരെ ആദരിച്ചു

ചെറുപുഷ്പമിഷൻലിഗ് അതിരൂപതാ ഭാരവാഹികളുടെ നേതൃത്വത്തിൽ ഈ വർഷം വൈദികപട്ടം സ്വീകരിച്ച നവവൈദികരെ ആദരിച്ച് സമ്മാനങ്ങൾ നൽകി.

## മിഷൻതാര പുരസ്ക്കാരത്തിന് അപേക്ഷ ക്ഷണിക്കുന്നു

ശാഖാതലങ്ങളിൽ മികച്ച മിഷൻ പ്രവർത്തനം കാഴ്ചവയ്ക്കുന്ന കുട്ടികളെ പ്രോത്സാഹിപ്പിക്കാൻ സംസ്ഥാനതലത്തിൽ നടത്തുന്ന മിഷൻതാര പുരസ്ക്കാരത്തിനായ് അപേക്ഷ ക്ഷണിക്കുന്നു. അതിരൂപതയിലെ എല്ലാ ശാഖകളിലെയും ഏറ്റവും മികച്ച മിഷണറിയെ (കുട്ടികൾ) തെരഞ്ഞെടുക്കുക. തിരഞ്ഞെടുക്കപ്പെടുന്ന മിഷൻതാരം തങ്ങളുടെ വ്യക്തിപരമായ പ്രവർത്തനങ്ങൾ, സുകൃതങ്ങൾ, പ്രേഷിതപ്രവർത്തന ഡയറി എന്നിവ തയ്യാറാക്കി ഒരു റിപ്പോർട്ട് ഫെബ്രുവരി 28-ാം തീയതിക്കുള്ളിൽ അതിരൂപതയിലേയ്ക്ക് അയച്ച് തരുവാൻ ശ്രദ്ധിക്കുമല്ലോ. അതിരൂപതയിൽ ഒന്നും രണ്ടും

മൂന്നും സ്ഥാനം കരസ്ഥമാക്കുന്ന മിഷൻതാരത്തിന് സമ്മാനങ്ങൾ നല്കുകയും ഏറ്റവും മികച്ച റിപ്പോർട്ട് സംസ്ഥാനത്തേയ്ക്ക് അയച്ച് കൊടുക്കുന്നതുമായിരിക്കും.

## മിഷൻ അസംബ്ലി 2018

അതിരൂപത അസംബ്ലിയിലെ തീരുമാനപ്രകാരം 2018-19 വർഷം സംഘടനാ ശക്തീകരണ വർഷമായി പ്രഖ്യാപിച്ചിരിക്കുകയാണല്ലോ. ചെറുപുഷ്പ മിഷൻലീഗ് സംഘടനയുടെ വരും വർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ച് ആലോചിക്കുന്നതിനും, സംഘടനയെ വിവിധതരത്തിൽ പ്രേഷിത ചൈതന്യത്തിൽ ഉജ്ജ്വലിപ്പിക്കുന്നതിനുമായി ഫൊറോനതലത്തിൽ 'മിഷൻ അസംബ്ലികൾ' ഫെബ്രുവരി-മാർച്ച് മാസങ്ങളിൽ സംഘടിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ഓരോ ഫൊറോനയിലെയും അസംബ്ലി തീയതികളും സ്ഥലവും ബഹുമാനപ്പെട്ട മേഖലാ ഡയറക്ടർ അച്ചന്മാരോട് ആലോചിച്ചശേഷം അറിയിക്കുന്നതായിരിക്കും.

## ശാഖാസന്ദർശനങ്ങൾ

മേരിഗിരി, ചന്ദനക്കാംപാറ, പെരിങ്ങാല, കാര്യപ്പള്ളി, പെരുമ്പുന്ന, ഓടംതോട്, കണിച്ചാർ, മഞ്ഞളാംപുറം, ചെമ്പേരി, നെടുംപുറംചാൽ, ചെട്ട്യാംപറമ്പ്, ചെങ്ങോം, ആര്യപ്പറമ്പ്, രാജമുടി, കോളയാട്, പൂളക്കുറ്റി, നെല്ലിക്കുറ്റി, മുത്താറിക്കുളം, നിർമ്മലഗിരി, കൊളക്കാട്, പേരാവൂർ, എടത്തൊട്ടി, കല്ലുമുതിരക്കുന്ന്, പൈസക്കരി എന്നീ ശാഖകളിൽ അതിരൂപതാ ഭാരവാഹികൾ സന്ദർശനം നടത്തി.

## ഹോളിമന്ന

5,6,7 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി വി. കുർബാന അനുഭവധ്യാനം ഡിസംബർ 26മുതൽ 28വരെ എടത്തൊട്ടി നവജ്യോതിയിൽവച്ച് നടത്തപ്പെട്ടു. മലബാർ ക്രിസ്റ്റീൻ മിനിസ്ട്രിയും മിഷൻലീഗും ധ്യാനത്തിന് നേതൃത്വം നൽകി. 28ന് രാവിലെ മാതാപിതാക്കളുടെ സംഗമവും ദിവ്യകാരുണ്യ എക്സിബിഷനും ഉണ്ടായിരുന്നു. ഇടവകകളിൽ നിന്നുമായി 200ഓളം കുട്ടികൾ പങ്കെടുത്തു.

## മതേതരത്വ സംരക്ഷണപദയാത്ര

ഭാരതത്തിൽ വർദ്ധിച്ചുവരുന്ന മതപീഡനങ്ങളെ അപലപിച്ചുകൊണ്ട് ജനുവരി 26ന് എല്ലാ ശാഖകളിലും വിവിധസംഘടനകൾ സഹകരിച്ച് മതേതരത്വ സംരക്ഷണ പദയാത്ര നടത്തി.

സ്നേഹപൂർവ്വം

**ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത്**
അതിരൂപതാ ഡയറക്ടർ

# തിരുബാലസഖ്യം

സ്നേഹ ബഹു. അച്ചന്മാരേ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

ഫെബ്രുവരി 11-ാം തീയതി ഞായറാഴ്ച തിരുബാലസഖ്യദിനമായി നാം ആചരിക്കുകയാണല്ലോ. ഇന്നത്തെ കുഞ്ഞുങ്ങളാണ് നാളെയുടെ വാഗ്ദാനങ്ങൾ. നമ്മുടെ കുഞ്ഞുമക്കളെ വിശുദ്ധിയിലും ദൈവഭക്തിയിലും വളർത്തിക്കൊണ്ടുവരുവാൻ നമുക്കൊരുമിച്ച് പരിശ്രമിക്കാം. ഉണ്ണീശോയുടെ എല്ലാ പ്രിയകൂട്ടുകാർക്കും തിരുബാലസഖ്യദിനത്തിന്റെ ആശംസകൾ...

**'നിങ്ങൾക്കറിയാമോ?' ഫെബ്രുവരി മാസത്തിലെ വിജയികൾ**

I റോസ്മേരി പൊൻപാറ - നെല്ലിക്കുറ്റി
II മരീന ഞാറയ്ക്കാട്ട് - നെല്ലിക്കുറ്റി
III അയോണ കളത്തിച്ചിറ - നെടുവാലൂർ

**'നിറംകൊടുക്കാമോ?' ഫെബ്രുവരി മാസത്തിലെ വിജയികൾ**

I അൽഫോൻസ വാഴപ്പനാടി - ദീപഗിരി
II ദിൽന മൂലക്കാട്ട് - വട്ട്യറ
III മരിയ ഷൈജു പുരയിടത്തിൽ - വിമലശ്ശേരി

## തിരുബാലസഖ്യദിനം

ഫെബ്രുവരി 11-ാം തീയതി ഞായറാഴ്ച തിരുബാലസഖ്യദിനം ശാഖകളിൽ സമുചിതമായി ആഘോഷിക്കുമല്ലോ. സംഘടനയെക്കുറിച്ച് കുട്ടികൾക്ക് അറിവ് ലഭിക്കത്തക്കവിധം മീറ്റിംഗുകളും കലാപരിപാടികളും റാലിയും മറ്റും സംഘടിപ്പിച്ച് ഈ ദിനത്തിന്റെ പ്രാധാന്യം കുട്ടികൾക്ക് ബോധ്യപ്പെടുത്തിക്കൊടുക്കുമല്ലോ.

## ക്രിസ്കാർഡ് മത്സരവിജയികൾ

I അന്ന റോസ് സിബി - പൊന്നാരത്തിൽ
II അനാമിക മരിയറോയി - ചായ്യോത്ത്
III മിഷേൽ അന്ന ചാൾസ് മുളയ്ക്കൽ - ചായ്യോത്ത്

## ഫാ. ജോർജ് നരിപ്പാറ പൗരോഹിത്യ സുവർണ്ണജൂബിലി എൻഡോവ്മെന്റ് ജേതാക്കൾ

തിരുബാലസഖ്യം അതിരൂപതാ കലോത്സവത്തിൽ പ്രസംഗമത്സരത്തിൽ ഒന്നാംസ്ഥാനം നേടുന്ന കുട്ടികൾക്കായി ഏർപ്പെടുത്തിയിരിക്കുന്ന ഫാ. ജോർജ് നരിപ്പാറ പൗരോഹിത്യ സുവർണ്ണജൂബിലി എൻഡോവ്മെന്റിന് തളി

പ്പറമ്പ് ശാഖയിലെ അജയ്ഇഗ്നേഷ്യസ്, പരിയാരം ശാഖയിലെ തെരേസ കണ്ടുകുളം എന്നിവർ അർഹരായി.

## അതിരൂപതാകലോത്സവ വിജയികൾ

തിരുബാലസഖ്യം അതിരൂപതാ കലോത്സവം എയ്ഞ്ചൽസ് ഫെസ്റ്റ് 2018 ജനുവരി 13-ാം തീയതി ചെമ്പേരി നിർമലഹയർസെക്കന്ററി സ്കൂളിൽ വച്ച് നടന്നു. രാവിലെ 10ന് ചെമ്പേരി കരുണാലയം-സ്വാന്തനം ഡയറക്ടർ ഡോ. ഫിലിപ്പ് കവിയിൽ കലോത്സവം ഉദ്ഘാടനം ചെയ്തു. അതിരൂപതാ പ്രസിഡന്റ് ബേബി പ്ലാശ്ശേരി അധ്യക്ഷനായിരുന്ന കലോത്സവത്തിൽ അതിരൂപതാ ഡയറക്ടർ ഫാ. ഫ്രാൻസിസ് മേച്ചറാകത്ത് മുഖ്യപ്രഭാഷണം നടത്തി. മേഖലാ ഡയറക്ടർ ഫാ. ജോർജ് പടിഞ്ഞാറേ ആനിശ്ശേരിയിൽ, ചെമ്പേരി നിർമല ഹൈസ്കൂൾ മുഖ്യാധ്യാപിക വത്സമ്മ ജോസ് എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു.

അതിരൂപതാകലോത്സവത്തിൽ ആലക്കോട്, നെല്ലിക്കാംപൊയിൽ, പേരാവൂർ മേഖലകൾ ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കി. കൂടാതെ ഫാ. ജോർജ് നരിപ്പാറ പൗരോഹിത്യ സുവർണ ജൂബിലി സ്മാരക പ്രസംഗമത്സരത്തിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ ഒന്നാംസ്ഥാനം തളിപ്പറമ്പ് ശാഖയിലെ അജയ് മനയാനിക്കലിനും പെൺകുട്ടികളുടെ വിഭാഗത്തിൽ ഒന്നാംസ്ഥാനം പരിയാരം ശാഖയിലെ തെരേസ കണ്ടംകുളവും കരസ്ഥമാക്കി. ലഘുനാടകമത്സരത്തിൽ മികച്ച അഭിനേതാവായി മേരിഗിരി ശാഖയിലെ ജെറോം കാരക്കുന്നേലും മികച്ച അഭിനേത്രിയായി പേരാവൂർ ശാഖയിലെ നിഥിയ പനയ്ക്കലിനെയും തെരഞ്ഞെടുത്തു. മേരിഗിരി മേഖലാ ഡയറക്ടർ ഫാ. ജോസ് വാളിപ്ലാക്കൽ വിജയികൾക്ക് ട്രോഫികളും സമ്മാനങ്ങളും നൽകി. 16 ഫൊറോനകളിൽനിന്നുമായി 800ൽപരം കലാപ്രതിഭകൾ പങ്കെടുത്തു. മത്സരത്തിൽ പങ്കെടുത്ത എല്ലാ കുട്ടികൾക്കും കുട്ടികളെ പഠിപ്പിച്ചൊരുക്കിയ വൈസ് ഡയറക്ടർ സിസ്റ്റേഴ്സിനും പ്രത്യേകം നന്ദി...

സ്നേഹപൂർവ്വം

**ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത്**
അതിരൂപതാ ഡയറക്ടർ

# യുവജനശുശ്രൂഷ

പ്രിയ വികാരിയച്ചൻമാരെ, ആനിമേറ്റേഴ്സ്, യുവജനസുഹൃത്തുക്കളെ,

പ്രതീക്ഷനിർഭരമായ ഒരു യുവജന വർഷം ഏറ്റവും സ്നേഹത്തോടെ ആശംസിക്കുന്നു.

## തടവറ സന്ദർശനം

ഞാൻ കാരാഗ്രഹത്തിലായിരുന്നു നിങ്ങൾ എന്റെ അടുക്കൽ വന്നു. (മത്താ. 25:36) തിരുവചനത്തിന്റെ വെളിച്ചത്തിൽ ഡിസംബർ 25 – ക്രിസ്മസ് ദിനം അതിരൂപതാ ഡയറക്ടർ ബഹു. സോണി വടശ്ശേരി അച്ചന്റെ നേത്രുത്വത്തിൽ അതിരൂപതാ ഭാരവാഹികൾ, ഫാ. ജോമിഷ് നൂറമ്മാക്കൽ, ബ്രദേഴ്സ്, എം.എസ്.എം.ഐ സിസ്റ്റേഴ്സ്, ആനിമേറ്റർ ഉൾപ്പെടെ 15 പേർ തലശ്ശേരി സബ് ജയിൽ സന്ദർശിച്ച് ക്രിസ്മസ് സന്ദേശം നല്കി.

ബ്രദേഴ്സും അന്തേവാസികളും ചേർന്ന് അവതരിപ്പിച്ച വിവിധ കലാപരിപാടികൾ ഏറെ ആകർഷകമായിരുന്നു. ജയിൽ സൂപ്രണ്ട് കേക്ക് മുറിച്ച് ക്രിസ്മസ് ആശംസകൾ നല്കി

## റൂബി ജൂബിലി & യൂത്ത് അസംബ്ലി

കെസിബിസി യുടെ ഔദ്യോഗിക യുവജന പ്രസ്ഥാനമായ കെ സി വൈ എം ന്റെ സംസ്ഥാന റൂബി ജൂബിലി ആഘോഷങ്ങളും യുവജന അസംബ്ലിയും ഡിസംബർ 28,29,30 തിയതികളിലായി തിരുവനന്തപുരം മാർ ബസേലിയോസ് എൻജിനിയറിംഗ് കോളജിൽവച്ച് നടത്തപ്പെട്ടു. 32 രൂപത കളിലെ യുവജന പ്രതിനിധികളും ഡയറക്ടേഴ്സും, ആനിമേറ്റേഴ്സും പങ്കടുത്തു. തലശ്ശേരി അതിരൂപതയിൽ നിന്നും ഡയറക്ടർ ഫാ. സോണി വടശ്ശേരിയും അതിരൂപതാ ഭാരവാഹികളും പങ്കെടുത്തു.

## സ്പോട്സ് & ഷട്ടിൽ ടൂർണ്ണമെന്റ് മാറ്റിവച്ചു

ജനുവരി 13 ന് നടത്താനിരുന്ന ഷട്ടിൽ ടൂർണ്ണമെന്റും, ഫെബ്രുവരി 13 ന് നടത്താനിരുന്ന സ്പോട്സും അതിരൂപതാ പാസ്റ്ററൽ കൗൺസിലായതു കൊണ്ടും മാറ്റിവച്ചു. തീയതി പിന്നീട് അറിയിക്കുന്നതായിരിക്കും.

## പ്രതിഷേധിച്ചു

ബോണക്കാട് കുരിശുമലയിൽ ക്രൈസ്തവവിശ്വാസത്തെ മുറിപ്പെടു ത്തുന്ന തരത്തിൽ കുരിശ് തകർക്കുകയും അതിനെതിരെ പ്രതിഷേധിച്ച വിശ്വാസികളെ നിഷ്ഠൂരമായി മർദ്ദിക്കുകയും ചെയ്ത പോലീസ് അതിക്രമ ത്തിനെതിരെ തലശ്ശേരി അതിരൂപതാ കെസിവൈഎം ശക്തമായി പ്രതിഷേധിച്ചു.

## സബ് റീജിയൺ ലീഡേഴ്സ് ട്രെയ്നിംഗ് പ്രോഗ്രാം

ജീസസ്സ് യൂത്ത് കോഴിക്കോട് സബ് റീജിയന്റെ നേതൃത്വത്തിൽ ജനുവരി 12,13,14 തീയതികളിൽ തലശ്ശേരി സന്ദേശഭവനിൽവച്ച് ലീഡേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം നടത്തപ്പെട്ടു. 35 പേർ പങ്കെടുത്ത പ്രോഗ്രാം ഡയറക്ടർ ഫാ. സോണി വടശ്ശേരി ഉദ്ഘാടനം ചെയ്തു.

## ഫൊറോന യൂത്ത് അസംബ്ലി

കെ.സി.വൈ.എം, എസ്.എം.വൈ.എം. ഫൊറോന യൂത്ത് അസംബ്ലി കാഞ്ഞങ്ങാട് ഉണ്ണിമിശിഹാ ഫൊറോന ദൈവാലയത്തിൽ വികാരി റവ. ഫാ. മാത്യു ആലങ്കോട്ട് ഉദ്ഘാടനം ചെയ്തു. 75 ഭാരവാഹികൾ പങ്കെടുത്ത അസംബ്ലി വൈകിട്ട് 6.30ന് ആരംഭിച്ചു. ഫൊറോന പ്രസിഡന്റ് നിഖിൽ ബാബുവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഫൊറോന ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പൊടിമറ്റത്തിൽ സ്വാഗതം ആശംസിച്ചു. അതിരൂപതാ സഹായ മെത്രാൻ മാർ ജോസഫ് പാംപ്ലാനി അനുഗ്രഹ പ്രഭാഷണവും, അതിരൂപതാ ഡയറക്ടർ ഫാ. സോണി വടശ്ശേരി മുഖ്യ പ്രഭാഷണവും നടത്തി. വികാരി ജനറൽ മോൺ. ജോർജ് എളുക്കുന്നേൽ, ഫൊറോന വികാരി ഫാ. മാത്യു ആലങ്കോട്ട്, അതിരൂപതാ പ്രസിഡന്റ് ശ്രീ. എബിൻ കുമ്പക്കൽ എന്നിവർ ആശംസകൾ അർപ്പിച്ചു.

യുവജന വർഷത്തിന്റെ മുന്നൊരുക്കമായി ആരംഭിച്ച ഫൊറോന യൂത്ത് അസംബ്ലിയിൽ ഒരു വർഷത്തെ ആക്ഷൻ പ്ലാനിനുള്ള പ്രാഥമിക ചർച്ചകൾ നടത്തി. യുവജന വർഷത്തോടനുബന്ധിച്ച് ഫൊറോനാ യൂത്ത് ആനിമേഷൻ ടീം രൂപീകരിച്ചു. എല്ലാ യൂണിറ്റുകളും തങ്ങളുടെ റിപ്പോർട്ടുകൾ വായി ക്കുകയും ഒരു വർഷത്തെ പദ്ധതികൾ അറിയിക്കുകയും ചെയ്തു.

അസംബ്ലി ഏറ്റവും ഭംഗിയാക്കാൻ സ്ഥലസൗകര്യങ്ങൾ ഒരുക്കിത്തന്ന് കൂടെ നിന്ന കാഞ്ഞങ്ങാട് ഉണ്ണിമിശിഹാ ദൈവാലയ വികാരി ബഹു. മാത്യു ആലംങ്കോട്ടച്ചനും, പൂർണ്ണ ഉത്തരവാദിത്വത്തോടെ അസംബ്ലി വിളിച്ചു കൂട്ടി മുഴുവൻ സമയവും ആത്മാർത്ഥമായി സഹകരിച്ച ബഹു. സെബാസ്റ്റ്യൻ പൊടിമറ്റത്തിലച്ചനും, ഫൊറോന പ്രസിഡന്റ് നിഖിൽ ബാബുവിനും ഭാരവാഹികൾക്കും, എല്ലാ ആനിമേറ്റേഴ്സിനും കാഞ്ഞങ്ങാട് ഇടവകാ ജനങ്ങൾക്കും, ഭാരവാഹികളെ പറഞ്ഞയച്ച എല്ലാ വികാരി അച്ചന്മാർക്കും, പങ്കെടുത്ത എല്ലാ യുവജനനേതാക്കൾക്കും പ്രത്യേകിച്ച് ആശംസകൾ അർപ്പിച്ച് സംസാരിച്ച മോൺ. ജോർജ് എളുക്കുന്നേൽ അച്ചനും യുവജനങ്ങളോടൊപ്പം നിന്ന് യുവജനങ്ങളെ ഒത്തിരി സ്നേഹിക്കുന്ന പാംപ്ലാനി പിതാവിനും തലശ്ശേരി അതിരൂപതയുടെ നന്ദി അറിയിക്കുന്നു.

## നെല്ലിയ്ക്കാംപൊയിൽ ഫൊറോന

ജനുവരി 22-ാം തീയതി ഇരിട്ടി സെന്റ് ജോസഫ്സ് ദൈവാലയ ഓഡി

റ്റോറിയത്തിൽ വച്ച് നെല്ലിയ്ക്കാംപൊയിൽ ഫൊറോന യൂത്ത് അസംബ്ലി നടത്തപ്പെട്ടു. ഫൊറോന പ്രസിഡന്റ് ശ്രീ. അൻവിൻ അബ്രാഹത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന അസംബ്ലി ഇരിട്ടി പള്ളി വികാരി റവ. ഫാ. ജോസഫ് മഞ്ചപ്പള്ളി ഉദ്ഘാടനം ചെയ്തു. ഫൊറോന ഡയറക്ടർ ഫാ. തോമസ് ചെരുവിൽ സ്വാഗതവും, അതിരൂപതാ ഡയറക്ടർ ഫാ. സോണി വടശ്ശേരി ആമുഖ പ്രഭാഷണവും, അതിരൂപതാ പ്രസിഡന്റ് ശ്രീ. എബിൻ കുര്യാക്കോസ് ആശംസയും അർപ്പിച്ചു. 17 ഇടവകകളിൽ നിന്നും വന്ന 110 ലീഡേഴ്സ് പങ്കെടുത്ത അസംബ്ലിയിൽ ഓരോ യൂണിറ്റും തങ്ങളുടെ റിപ്പോർട്ടുകൾ വായിച്ച്, പുതിയ വർഷത്തെ പ്ലാനുകൾ അവതരിപ്പിച്ചു. ഫൊറോനയിൽ യൂവജന വർഷം ചെയ്യാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഫൊറോന ഡയറക്ടർ ഫാ. തോമസ് ചെരുവിൽ അറിയിച്ചു.

വളരെ മനോഹരമായ രീതിയിൽ അസംബ്ലി നടത്താൻ സഹകരിച്ച ബഹു. ജോസഫ് മഞ്ചപ്പള്ളി അച്ചനും, ജോബി ചെരുവിലച്ചനും, ഫൊറോന ഭാരവാഹികൾക്കും എല്ലാ ആനിമേറ്റേഴ്സിനും, പങ്കെടുത്ത എല്ലാ ഭാരവാഹികൾക്കും, ഇവരെ പറഞ്ഞയച്ച വികാരി അച്ചൻമാർക്കും തലശ്ശേരി അതിരൂപതയുടെ നന്ദി അറിയിക്കുന്നു.

### തളിപ്പറമ്പ് ഫൊറോന

തളിപ്പറമ്പ് ഫൊറോന യൂത്ത് അസംബ്ലി ജനുവരി 23-ാം തീയതി തളിപ്പറമ്പ് സെന്റ് മേരീസ് ദൈവാലയ ഓഡിറ്റോറിയത്തിൽ 6-30ന് ആരംഭിച്ചു. ഫൊറോന പ്രസിഡന്റ് ശ്രീ. കിരൺ തോമസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന അസംബ്ലി തളിപ്പറമ്പ് ഫൊറോന വികാരി റവ. ഫാ. അബ്രാഹം പോണാട്ട് ഉദ്ഘാടനം ചെയ്തു. ഫൊറോന ഡയറക്ടർ ഫാ. സിറിൽ സ്വാഗതവും, അതിരൂപതാ ഡയറക്ടർ ഫാ. സോണി വടശ്ശേരി ആമുഖ പ്രഭാഷണവും, തളിപ്പറമ്പ് അസി. വികാരി ഫാ. സുബിൻ റാത്തപ്പള്ളി ആശംസയും അർപ്പിച്ചു. 8 ഇടവകകളിൽ നിന്നുമായി 60 ഭാരവാഹികൾ പങ്കെടുത്തു. ഓരോ ഇടവകയും റിപ്പോർട്ടുകൾ വായിച്ച് ഒരു വർഷത്തെ പദ്ധതികൾ അറിയിച്ചു. യുവജന വർഷത്തോടനുബന്ധിച്ച് ഫൊറോനതലത്തിൽ നടത്താൻ പ്ലാൻ ചെയ്ത കാര്യങ്ങൾ ഫൊറോന ഡയറക്ടർ ഫാ. സിറിൽ അറിയിച്ചു. ഫൊറോന യുവജന അസംബ്ലി ഏറെ മനോഹരമാക്കാൻ സഹകരിച്ച ഫൊറോന വികാരി ബഹു. അബ്രാഹം പോണാട്ടച്ചനും സുബിനച്ചനും, സിറിലച്ചനും, ഫൊറോന ഭാരവാഹികൾക്കും, എല്ലാ ആനിമേറ്റേഴ്സിനും എല്ലാ ഭാരവാഹികൾക്കും സജീവപങ്കാളിത്വം നൽകാൻ സഹകരിച്ച തളിപ്പറമ്പ് ഫൊറോനയിലെ എല്ലാ വികാരി അച്ചന്മാർക്കും തലശ്ശേരി അതിരൂപതയുടെ നന്ദി.

### സംസ്ഥാന ഇലക്ഷൻ

2018-2019 വർഷത്തിലെ കെസിവൈഎം സംസ്ഥാന ഭാരവാഹികളെ

മാവേലിക്കരയിൽവച്ച് നടന്ന വാർഷിക സെനറ്റിൽവച്ച് സെരഞ്ഞെടുത്തു. ശ്രീ. ഇമ്മാനുവൽ മൈക്കിൾ തിരുവനന്തപുരം ലാറ്റിൻ അതിരൂപതാ, സെക്രട്ടറി എബിൻ പാലക്കാട്, കിഷോർ തിരുവനന്തപുരം മലങ്കര, ജോമോൾ ഇടുക്കി, ടോം കോതമംഗലം, ആരതി മൂവാറ്റുപുഴ, ജോബി ജോൺ മാവേലിക്കര, സ്റ്റെഫി വാരാപ്പുഴ, ലിബിൻ ആലപ്പുഴ പുതിയതായി തെരഞ്ഞെടുക്കപ്പെട്ട എല്ലാ ഭാരവാഹികൾക്കും തലശ്ശേരി അതിരൂപതയുടെ പ്രാർത്ഥനകളും വിജയാശംസകളും സ്നേഹപൂർവ്വം ആശംസിക്കുന്നു. കഴിഞ്ഞ ഒരു വർഷം കെസിവൈഎം നെ വിജയപൂർവ്വം നയിച്ച ശ്രീ. പ്രദീപ് നല്ലയുടെ നേതൃത്വത്തിലുള്ള സമിതിയ്ക്ക് എല്ലാ നന്മകളും നേരുന്നു.

**അഭിനന്ദനങ്ങൾ**

**കെസിവൈഎം സംസ്ഥാന സാഹിത്യ മത്സരവിജയികൾ**

- കവിതാരചന : ശ്രീ. ആദർശ് കുന്നത്ത് ചെമ്പന്തൊട്ടി, കരയത്തുംചാൽ (1-ാം സ്ഥാനം).
- കഥാരചന : ശ്രീ. ക്രിസ്റ്റി കോട്ടായിൽ ചെമ്പൻതൊട്ടി, കരയത്തുംചാൽ (2-ാം സ്ഥാനം).
- ഉപന്യാസം : കുമാരി മൃദുല കുന്നപ്പള്ളി, കുന്നോത്ത്, കിളിയന്തറ (3-ാം സ്ഥാനം).
- ഷോട്ട് ഫിലിം : ശ്രീ. ബോണി വടക്കേക്കര & ടീം, പൈസക്കരി, (3-ാം സ്ഥാനം).

സംസ്ഥാന സാഹിത്യമത്സരവിജയികൾക്ക് തലശ്ശേരി അതിരൂപതയുടെ അഭിനന്ദനങ്ങൾ.

## യുവജനങ്ങൾക്കുവേണ്ടിയുള്ള തൊഴിലധിഷ്ഠിത കോഴ്സുകൾ

| കോഴ്സുകൾ | കോഴ്സ് കാലാവധി | യോഗ്യത |
|---|---|---|
| AUTOMOBILE ELECTRICAL | 3 മാസം | S S L C |
| HOTEL MANAGEMENT (FOOD & BEVERAGE SERVICE) | 3 മാസം | S S L C |
| CUSTOMER CARE EXECUTIVE (COMPUTER) | 3 മാസം | 12th/ +2 |
| DATE ENTRY OPERATOR (COMPUTER) | 3 മാസം | 12th/ +2 |
| ACCOUNTS EXECUTIVE | 3 മാസം | B.COM / BBA |
| WHEEL ALIGNMENT | 3 മാസം | S S L C |

## ഓഖി ദുരിത ബാധിതർക്ക് സാന്ത്വനം

### എസ്.എച്ച്. ഹൃദയാരാം കോളേജ് കണ്ണൂർ

തിരുവനന്തപുരം പൂന്തുറ കടൽതീരത്തുണ്ടായ ഓഖി കൊടുങ്കാറ്റ് ദുരിതത്തിനുശേഷം കടലിനെ ഭയപ്പെട്ട് ഉറക്കം നഷ്ടപ്പെട്ട് കടലിലിറങ്ങാൻ കഴിയാതിരുന്ന മുക്കുവരെ കൗൺസിലിങ് നടത്തി ഭയത്തിൽനിന്ന് മോചിപ്പിച്ച് കടലിലിറക്കി മീൻപിടിക്കുന്നതിന് പ്രാപ്തരാക്കി കണ്ണൂർ തിരുഹൃദയ സന്യാസിനി സമൂഹത്തിന്റെ നേതൃത്വത്തിലുള്ള കൗൺസിലിങ് ടീമിന്റെ പ്രവർത്തനം മാതൃകയായി. ഓഖി ദുരന്തത്തിൽ കേഴുന്ന കടലോര മക്കൾക്ക് ആശ്വാസമേകാൻ, മനഃകരുത്ത് പകരാൻ 'ഞങ്ങളുണ്ട് കൂടെ' എന്ന സന്ദേശവുമായി ഹൃദയസ്പർശം ക്യാമ്പിനായി കണ്ണൂർ സർവകലാശാലയുടെ ഹൃദയാരാം കമ്മ്യൂണിറ്റി കോളേജിലെ കൗൺസിലേഴ്സും സൈക്കോ തെറാപ്പിസ്റ്റുകളും അടങ്ങിയ 65 പേരുടെ സംഘത്തിന്റെ യാത്ര കഴിഞ്ഞ ഏഴിന് കണ്ണൂരിൽ ജില്ലാ കലക്ടർ മീർ മുഹമ്മദ് അലി ഫ്ളാഗ് ഓഫ് ചെയ്തത്. ദുരിത ബാധിത പ്രദേശത്ത് മുക്കുവരുടെ

➔ ------------------------

പ്രായപരിധി വയസ്സ് 18-35

ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്.

**പ്രത്യേകതകൾ**

* സൗജന്യ പരിശീലനം With Travelling Allowance
* തൊഴിലധിഷ്ഠിത കോഴ്സ്
* സൗജന്യ കമ്പ്യൂട്ടർ, സ്പോക്കോൺ ഇംഗ്ലീഷ് പരിശീലനം
* പ്ലേസ്മെന്റ് സെൽ വഴി ജോലി
* സൗജന്യ യൂണിഫോം
* സൗജന്യ പഠന സാമഗ്രികൾ
* ദിവസവും 8 മണിക്കൂർ പരിശീലനം (9 to 5)

FOR CORRESPONDENCE
8547227325, 8281517660

സ്നേഹപൂർവ്വം,

**ഫാ. സോണി സ്ക്കറിയ വടശ്ശേരിൽ**
യുവജനപ്രേഷിതത്വം, ഡയറക്ടർ

കുടുംബങ്ങളിൽ 7 ദിവസം താമസിച്ച് വേണ്ടത്ര സൗഖ്യം നൽകിയാണ് ടീം തിരികെ മടങ്ങിയത്.

ദുരന്തത്തിൽ മകൻ മരിച്ചതിനുശേഷം 43 ദിവസമായി ഭക്ഷണം കഴിക്കാതിരുന്ന അമ്മയെ കൗൺസിലിങ്ങിനുശേഷം ഭക്ഷണം കഴിപ്പിക്കുന്നതിനും ഉറ്റവർ മരിച്ചിട്ട് ഉറങ്ങാനോ, ഭക്ഷണം കഴിക്കാനോ കഴിയാതിരുന്നവരെ പഴയ ജീവിതത്തിലേക്ക് തിരികെ എത്തിക്കാനും കഴിഞ്ഞു. ഭർത്താക്കന്മാർ നഷ്ടപ്പെട്ട ഭാര്യമാരെയും അമ്മമാരെയും ഇനിയും കാണാതായവരെ കാത്തിരിക്കുന്ന കുടുംബാംഗങ്ങളെയും ദുഃഖത്തിന്റെ ആഴത്തിൽനിന്ന് കരകയറ്റി. ദുരന്തസമയങ്ങളിൽ വളരെ ഫലദായകമായ സൈക്കോ തെറാപ്പിയുടെ സ്കിൽസ് പഠിച്ചിട്ടുള്ള ഇവരുടെ പ്രവർത്തനം വിസ്മയാവഹമായിരുന്നെന്ന് പൂന്തുറ പള്ളി വികാരി ഫാ. ജസ്റ്റിൻ ജൂഡ് സാക്ഷ്യപ്പെടുത്തുന്നു.

രണ്ടു ഘട്ടങ്ങളായി നാല് ബാച്ചുകളായായിരുന്നു ഇവരുടെ സേവനം. ഒന്നാം ഘട്ടത്തിൽ തിരുഹൃദയ സന്യാസികളായ ഡോ. സി. ട്രീസ പാലക്കൽ, സി. നിർമ്മല, സി. റിൻസി ജോർജ്, സി. സിനി റോസ്, സി. റ്റിസി കുരുവിള എന്നിവരുടെ നേതൃത്വത്തിൽ നടത്തിയ പ്രവർത്തനങ്ങൾ ഫലപ്രദമായപ്പോഴാണ് ഫാ. ജെസ്റ്റിൻ ജൂഡിൻ കൂടുതൽ വിപുലമായ പ്രവർത്തനങ്ങൾ ആവശ്യപ്പെട്ടത്. തുടർന്നാണ് 15 സിസ്റ്റേഴ്സ് ഉൾപ്പെടെയുള്ള 65 കൗൺസിലേഴ്സും സൈക്കോ തെറാപ്പിസ്റ്റും അടങ്ങുന്ന സംഘം പൂന്തുറക്ക് പോയത്. അച്ചൻ പൂന്തുറയിൽ ഒരുക്കിയിരുന്ന സന്നദ്ധ സംഘത്തിന്റെ നേതൃത്വത്തിൽ 15 വാർഡുകളായി തിരിച്ചായിരുന്ന രണ്ടാംഘട്ട പ്രവർത്തനങ്ങൾ നടത്തിയത്.

*****************************

## എം.എസ്.എം.ഐ. തലശ്ശേരി പ്രൊവിൻസ്

എം.എസ്.എം.ഐ. തലശ്ശേരി പ്രൊവിൻസിന്റെ നേതൃത്വത്തിൽ ഓഖി ദുരിത ബാധിതർക്കായി പൂന്തുറ, പുതിയതുറ എന്നീ ഇടവകകളിൽ ഭവനസന്ദർശനം, കൗൺസിലിംഗ്, ധ്യാനം എന്നിവ നടത്തി ദുരിതബാധിതരെ സാധാരണ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവരാൻ സഹായിച്ചു.

സി. ജോമേരിയുടെ നേതൃത്വത്തിൽ രണ്ടു ഘട്ടമായി 12 സിസ്റ്റേഴ്സ് ദുരിത ബാധിത പ്രദേശങ്ങൾ സന്ദർശിക്കുകയും അവരോടൊപ്പം താമസിച്ച് പ്രിയപ്പെട്ടവർ നഷ്ടപ്പെട്ട ദുഃഖത്തിൽ കഴിയുന്ന കടലോര നിവാസികളെ ആശ്വസിപ്പിക്കുകയും അവരുടെ സാധാരണ ജോലികളിലേക്ക് പ്രവേശിക്കാൻവേണ്ട മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്തു.

# കുടുംബ പ്രേഷിതത്വം

പ്രിയമുള്ള വൈദികരെ, സിസ്റ്റേഴ്സ്, മാതാപിതാക്കളെ,

ഫ്രാൻസിസ് പാപ്പ പറയുന്നു ഇന്നത്തെ ലോകത്തിനാവശ്യം സുദൃഢമായ ബന്ധങ്ങളാൽ രൂപീകരിക്കപ്പെടുന്ന നല്ല കുടുംബങ്ങളാണ്. അതിനായി കുടുംബങ്ങൾ വിശ്രമിക്കാനും ഒരുമിച്ച് പ്രാർത്ഥിക്കുവാനും സമയം കണ്ടെത്തണം. മതിയായ വിശ്രമം കുടുംബത്തിന്റെ നന്മയ്ക്കാവശ്യമാണ്. ശാരീരിക മാനസികാരോഗ്യത്തിന് ശരിയായ വിശ്രമം അത്യന്താപേക്ഷിതമാണെന്ന് നമുക്കറിയാം. അതുപോലെ തന്നെ ആത്മീയാരോഗ്യത്തിനും വിശ്രമം കൂടിയേതീരൂ. ജീവിതതിരക്കുകളും മനസ്സിന്റെ ആകുലതകളും മാറ്റിവച്ച് വിശ്രമിക്കാൻ സമയം കണ്ടെത്തിയാൽ മാത്രമേ കുടുംബങ്ങൾക്ക് തങ്ങളോടു സംസാരിക്കുന്ന ദൈവസ്വരം കേൾക്കാനും അവിടുന്ന് വെളിപ്പെടുത്തുന്ന സന്ദേശങ്ങൾ സ്വീകരിക്കാനും സാധിക്കൂ. വി.യൗസേപ്പിതാവിനോട് ദൈവം സംസാരിക്കുന്നതും തന്റെ ഹിതം വെളിപ്പെടുത്തുന്നതും അദ്ദേഹം വിശ്രമിച്ച വേളയിലാണ്. അദ്ദേഹം നിയോഗിക്കപ്പെട്ടത് ഈശോയുടെ വളർത്തുപിതാവും, മറിയത്തിന്റെ ഭർത്താവുമായി ജീവിച്ച് ഈശോയ്ക്കായി ഒരു ഭവനമൊരുക്കി വിശുദ്ധമായ കുടുംബബന്ധം രൂപീകരിക്കാനാണ്. ദൈവസ്വരം കേൾക്കാനും തിരുഹിതം സ്വീകരിക്കാനും, ഈശോയ്ക്കായി ഒരു ഭവനം രൂപപ്പെടുത്താനും കർത്താവിൽ വിശ്രമിക്കുന്ന ഒരു കുടുംബത്തിനു മാത്രമേ സാധിക്കൂ. കർത്താവിൽ വിശ്രമിക്കുക എന്നു പറയുമ്പോൾ പ്രാർത്ഥിക്കുക, ദൈവത്തോടൊത്ത് സമയം ചിലവഴിക്കുക എന്നാണർത്ഥം. ഒരുമിച്ച് പ്രാർത്ഥിക്കുന്ന കുടുംബം ഒന്നായി നിലനിൽക്കും. ഇപ്രകാരമുള്ള കുടുംബമാണ് ഏറ്റവും വലിയ പാഠശാല. സ്നേഹിക്കാനും, ക്ഷമിക്കാനും, ഉദാരമായി പെരുമാറുവാനും, തുറന്ന് ഇടപെടുവാനും, നിസ്വാർത്ഥമായി ജീവിക്കുവാനും, സ്വന്തം ആവശ്യങ്ങൾക്കും ആഗ്രഹങ്ങൾക്കുമപ്പുറം മറ്റുള്ളവരുടെ നന്മ ലക്ഷ്യം വച്ച് പ്രവർത്തിക്കുവാനും നാം പരിശീലിക്കുന്നത് ഇത്തരം കുടുംബങ്ങളിൽ നിന്നുമാണ്. അതുകൊണ്ടാണ് സഭയെക്കുറിച്ചുള്ള ദൈവിക പദ്ധതിയിൽ കുടുംബം ഏറ്റവും പ്രധാനഘടകമാണെന്ന് പറയുന്നത്. അതിനാൽ നമ്മുടെ കുടുംബങ്ങളെ ദൈവത്തോടൊത്ത് സമയം ചിലവഴിക്കാൻ നമ്മുക്ക് പരിശീലിപ്പിക്കാം. അവർ ദൈവസ്വരം ശ്രവിച്ച്, ദൈവഹിതം മനസ്സിലാക്കി തിരുക്കുടുംബങ്ങളായി രൂപപ്പെടട്ടെ.

## I. 1. കൊയ്നോണിയ

ഇടവകയിലെ കുടുംബങ്ങൾക്ക് കുടുംബയോഗങ്ങൾ നല്ല രീതിയിൽ സംഘടിപ്പിച്ച് നടത്താനുള്ള നിർദ്ദേശങ്ങൾ നൽകുക. ചുരുക്കം ചില കുടും

ബങ്ങൾ തങ്ങളുടെ കുടുംബക്കാരായവരെ മുഴുവൻ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള കുടുംബയോഗങ്ങൾ ഭംഗിയായി നടത്തുന്നുണ്ട്. അതേരീതിയിൽ വർഷത്തിലൊരിക്കൽ ഒരേ കുടുംബത്തിൽപെട്ടവരെല്ലാവരും ആ കുടുംബത്തിൽപ്പെട്ട ഏതെങ്കിലും ഭവനത്തിലോ, പൊതുസ്ഥാപനങ്ങളിലോ ഒരുമിച്ച് ചേർന്ന് കുടുംബങ്ങൾ തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തി കൂട്ടായ്മ വളർത്തുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഇത്തരം യോഗങ്ങൾ കുടുംബത്തിൽപ്പെട്ട ആരെങ്കിലും തമ്മിൽ വഴക്കുകളോ, പിണക്കങ്ങളോ ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ ഉപകരിക്കും. വിവാഹത്തിലൂടെ പുതുതായി കുടുംബത്തിലേക്ക് ചേർന്നവരെ പരിചയപ്പെടാൻ സഹായിക്കും. പുതിയ തലമുറയ്ക്ക് തങ്ങളുടെ കുടുംബ ചരിത്രവും ബന്ധുജനങ്ങളെയും മനസ്സിലാക്കാൻ സാധിക്കും. സാമ്പത്തികമായി പിന്നോക്കാവസ്ഥയിലായ കുടുംബാംഗങ്ങളെ അവരുടെ വിവിധങ്ങളായ ആവശ്യങ്ങളിൽ സഹായിക്കാനായി കഴിയും. വൃദ്ധ മാതാപിതാക്കൾക്ക് തങ്ങളുടെ കുടുംബത്തിലെ കൊച്ചുമക്കളെയും, പേരക്കിടാങ്ങളെയും പരിചയപ്പെടാൻ അവസരം ലഭിക്കും. എല്ലാറ്റിലുമുപരിയായി ഈ കുടുംബത്തിലേക്ക് ദൈവം ചൊരിഞ്ഞ അളവറ്റ നന്മകൾ കുടുംബത്തെ എത്രമാത്രം വളർത്തി എന്ന് മനസ്സിലാക്കി വിവിധ മതലമുറകൾക്കൊരുമിച്ച് ദൈവത്തിന് നന്ദിയുടെ ബലിയർപ്പിക്കാനും സ്നേഹവിരുന്നിലൂടെ കുടുംബബന്ധം ശക്തിപ്പെടുത്താനും കഴിയും. ബഹുമാനപ്പെട്ട വികാരിയച്ചന്മാരും ആനിമേറ്റർ സിസ്റ്റർമാരും ഇത്തരം കുടുംബയോഗങ്ങൾ നടത്താനുള്ള പ്രോത്സാഹനം നൽകണെ.

**2. ജീവോത്സവം**

തലശ്ശേരി സന്ദേശഭവനിൽ വച്ച് 2017 ഡിസംബർ 23 ശനിയാഴ്ച തലശ്ശേരി അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെയും മാതൃവേദിയുടെയും പ്രോലൈഫിന്റെയും സംയുക്താഭിമുഖ്യത്തിൽ ജീവോത്സവം 2017 എന്ന പേരിൽ വലിയ കുടുംബങ്ങളെ ആദരിക്കുന്ന പരിപാടി നടത്തപ്പെട്ടു. തലശ്ശേരി അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ.ജോബി കോവാട്ട് പ്രസ്തുത യോഗത്തിൽ ഏവരെയും സ്വാഗതം ചെയ്യുകയും, തലശ്ശേരി അതിരൂപതാ സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി ജീവോത്സവം പരിപാടി ഉദ്ഘാടനം ചെയ്യുകയും ചെയ്തു. തുടർന്ന് ഡിസംബർ 8 ന് നടത്തിയ മരിയൻ മെഗാ ക്വിസിൽ വിജയികളായവർക്കുള്ള കാഷ് അവാർഡ് വിതരണം ചെയ്തു. അഭിവന്ദ്യ പിതാവ് വലിയ കുടുംബങ്ങളെ അനുമോദിക്കുകയും സ്നേഹോപഹാരം നൽകി ആദരിക്കുകയും ചെയ്തു. അതിരൂപതാ മാതൃവേദി സെനറ്റ് അംഗം ശ്രീമതി ലൈസ സോജൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ അതിരൂപതാ മതബോധന ഡയറക്ടർ ഫാ.ജോർജ്ജ് കാഞ്ഞിരക്കാട്ട് അനുഗ്രഹപ്രഭാഷണം നടത്തി. തുടർന്ന് പ്രോലൈഫ് രൂപതാ ട്രഷറർ ശ്രീ റോബിൻ സെബാസ്റ്റ്യൻ വടക്കുംതല ആശംസകളർപ്പിച്ച് സംസാരിച്ചു. ചടങ്ങിൽ കുടുംബങ്ങളുടെ പ്രതിനിധിയായി പത്തു മക്കളുള്ള കുടും

ബത്തിൽ നിന്നും ബോബി വേരനാനിക്കലും, നാല് മക്കളുള്ള കുടുംബത്തിൽ നിന്നും ബിനു ഓരത്തേലും തങ്ങളുടെ അനുഭവങ്ങൾ പങ്കു വച്ചു. തലശ്ശേരി അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ആനിമേറ്റർ സി. ലിയ റോസ് സി. എച്ച്.എഫ്. എല്ലാവർക്കും നന്ദിയർപ്പിച്ചു. ചടങ്ങിൽ 39 വലിയ കുടുംബങ്ങളും പ്രോലൈഫ് സമിതി, മാതൃവേദി അംഗങ്ങളും ഉൾപ്പെടെ 250 ഓളം പേർ പങ്കുചേർന്നു.

**3. നവോമി കൂട്ടായ്മ - രൂപീകരണം**

നമ്മുടെ അതിരൂപതയിലെ വിധവകളായ സഹോദരികളുടെ നന്മയും വളർച്ചയും ലക്ഷ്യം വച്ച് അതിരൂപതാതലത്തിലും റീജണൽ തലത്തിലും കൂട്ടായ്മകൾ നടത്തുകയുണ്ടായി. ഇടവകകളിൽ ഇത്തരത്തിലുള്ള സഹോദരികളെ ഒരുമിച്ച് കൂട്ടുന്നതു സംബന്ധിച്ച് ബഹു.മേഖലാ ഡയറക്ടേഴ്സിന് അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ നിന്നും അയച്ച കത്ത് കിട്ടിക്കാണുമല്ലോ. പല ഇടവകകളും ഇത്തരം സംഗമങ്ങൾ ഇതിനോടകം നടത്തിയെന്നറിയുന്നതിൽ സന്തോഷമുണ്ട്. ഇനിയും നടത്താത്ത ഇടവകകളിൽ ഈ കൂട്ടായ്മകൾ സംഘടിപ്പിച്ച് പൊതുവായ നിർദ്ദേശങ്ങൾ സമയാസമയങ്ങളിൽ അറിയിച്ച് അവരെ കർമ്മോത്സുകരാക്കാൻ ഒരാളെ ലീഡറായി തിരഞ്ഞെടുത്ത് പേരുവിവരങ്ങൾ ഫോൺനമ്പർ സഹിതം അതിരൂപതാഓഫീസിൽ അറിയിക്കണമെന്ന് അപേക്ഷിക്കുന്നു.

**4. ഹോംമിഷൻ**

ഇടവകകളിൽ ഹോംമിഷൻ നടത്താൻ ആഗ്രഹിക്കുന്ന വികാരിയച്ചന്മാർ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഓഫീസിൽ അറിയിക്കുകയാണെങ്കിൽ ടീമുകളെ തയ്യാറാക്കി വേണ്ട ക്രമീകരണങ്ങൾ ചെയ്തുതരുന്നതാണ്. ഇന്നത്തെ കാലഘട്ടത്തിന്റെ ആവശ്യമാണ് ഹോംമിഷൻ. വിവിധങ്ങളായ അസ്വസ്ഥതകൾ അനുഭവിക്കുന്ന കുടുംബാംഗങ്ങളെ നേരിൽ കണ്ട് ആശ്വസിപ്പിക്കാനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനും അങ്ങനെ ആ കുടുംബത്തെ സമഗ്രവളർച്ചയിലേക്ക് നയിക്കാനും ഇതുവഴി സാധിക്കും.

**5. ഫാമിലി കൗൺസിലിംഗ്**

കുടുംബബന്ധങ്ങളുടെ ശാക്തീകരണം ഉദ്ദേശിച്ച് അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ ഫാമിലി കൗൺസിലിംഗിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. ഇടവകകളിൽ ഏതെങ്കിലും തരത്തിൽ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന കുടുംബങ്ങൾ ഉണ്ടെങ്കിൽ ഈ സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

**6. ദമ്പതീ ക്വിസ്**

തലശ്ശേരി അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ ദമ്പതികൾക്കായി ഒരു ക്വിസ് പ്രോഗ്രാം ഒരുക്കുന്നു. ഭാര്യാഭർത്താക്കന്മാർക്ക്

ഒരുമിച്ച് പഠിച്ചെഴുതാനായി നടത്തുന്ന ഈ ക്വിസ് പരിപാടിയിൽ താൽപര്യ പൂർവ്വം പങ്കുകൊള്ളാൻ ദമ്പതികളായവരെ ക്ഷണിക്കുന്നു. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഈ വിവരം പള്ളികളിൽ അറിയിച്ച് ആനിമേറ്റർമാരുടെ സഹായത്തോടെ ടീമിനെ പഠിപ്പിച്ചൊരുക്കുമല്ലോ. പുസ്തകങ്ങൾ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഓഫീസിൽ ലഭ്യാമാക്കുന്നതാണ്.

**പഠനഭാഗം: വിശുദ്ധ ദമ്പതികൾ, സ്നേഹത്തിന്റെ ആനന്ദം – 4, 7 അധ്യായങ്ങൾ, മത്സരദിവസം: നവംബർ 10 ശനി**

**7. വലിയ നോമ്പാരംഭം**

ഫെബ്രുവരി 12–ാം തീയതി വിഭൂതി തിരുനാളോടുകൂടി വലിയനോമ്പി ലേക്ക് നാം പ്രവേശിക്കുകയാണല്ലോ. കഴിയുന്നിടത്തോളം കുടുംബങ്ങൾ എല്ലാ ദിവസങ്ങളിലും ദിവ്യബലിയിൽ സംബന്ധിക്കുവാൻ ശ്രദ്ധിക്കണെ. നോമ്പെടുത്ത് പാപപരിഹാര കർമ്മങ്ങൾ അനുഷ്ഠിച്ച്, ദാനധർമ്മത്തിലൂടെ മിശിഹായുടെ പീഢാനുഭവ മരണോത്ഥാന യോഗ്യതകൾ സ്വന്തമാക്കാൻ നമ്മുക്കും പരിശ്രമിക്കാം. അമ്മമാരും പ്രോലൈഫ് അംഗങ്ങളും ഏകസ്ഥരും നോമ്പാചരണത്തിനും മറ്റ് ഭക്തകർമ്മ അനുഷ്ഠാനങ്ങൾക്കും കുടുംബാംഗ ങ്ങൾക്കെല്ലാവർക്കും മാതൃകയും പ്രോത്സാഹനവും നൽകണെ

## II. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

809, 810 എന്നീ എം.പി.സി കോഴ്സുകൾ ഡിസംബർ 19–21, ജനുവരി 9–11 എന്നീ തീയതികളിൽ യഥാക്രമം പേരാവൂർ മൗണ്ട് കാർമ്മൽ ആശ്ര മം, തലശ്ശേരി സന്ദേശഭവൻ എന്നീ സെന്ററുകളിൽവച്ച് നടക്കുകയുണ്ടായി. രണ്ട് കോഴ്സുകളിലായി 116 ആൺകുട്ടികളും 123 പെൺകുട്ടികളും ഉൾപ്പെടെ ആകെ 239 പേർ കോഴ്സിൽ സംബന്ധിച്ച് വിവാഹത്തിനായി ഒരുങ്ങി.

### എം.പി.സി പേരന്റ്സ് മീറ്റ്

തലശ്ശേരി സന്ദേശഭവൻ, പേരാവൂർ മൗണ്ട് കാർമ്മൽ ആശ്രമം എന്നീ സെന്ററുകളിൽ വച്ച് ഡിസംബർ 21, ജനുവരി 11 എന്നീ തീയ്യതികളിൽ എം പി സി 809, 810 എന്നീ കോഴ്സുകളിൽ സംബന്ധിച്ചവരുടെ മാതാപിതാ ക്കൾക്ക് ക്ലാസ്സ് നടത്തുകയുണ്ടായി. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. ജോർജ്ജ് കോവാട്ട് ക്ലാസ്സ് നയിക്കുകയുണ്ടായി.

### പ്രീ മാരിറ്റൽ കൗൺസലിംഗ്

അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ 809, 810 എം.പി.സി കോഴ്സുകളിൽ സംബന്ധിച്ചവരിൽ നിന്നും ആവശ്യപ്പെട്ടതനു സരിച്ച് 33 പേർക്ക് പ്രീ-മാരിറ്റൽ കൗൺസലിംഗ് നടത്തി വിവാഹത്തിനായി ഒരുക്കി.

## MPC - 2018

| MONTH | SANDESABHAVAN | PADANNAKKAD | PERAVOOR |
|---|---|---|---|
| FEBRUARY | 6 - 8 | Nil | Nil |
| MARCH | 6 - 8 | 13 - 15 | 20 - 22 |
| APRIL | 24 - 26 | 10 - 12 | 17 - 19 |
| MAY | 22 - 24 | 8 - 10 | Nil |
| JUNE | 26 - 28 | 12 - 14 | Nil |
| JULY | 10 - 12 | Nil | 24 - 26 |
| AUGUST | 7 - 9, 21 - 23 | Nil | Nil |
| SEPTEMBER | 25 - 27 | 11 - 13 | Nil |
| OCTOBER | 9 - 11 | Nil | 23 - 25 |
| NOVEMBER | 6 - 8, 27 - 29 | 13 - 15 | Nil |
| DECEMBER | 4 - 6 | 11 - 13 | 18 - 20 |

**പ്രത്യേക ശ്രദ്ധയ്ക്ക്:-**

1. കെ.സി.ബി.സി ഫാമിലി കമ്മീഷൻ ആവശ്യപ്പെട്ട പ്രകാരം എം.പി.സി യുടെ സമാപനദിനം ഉച്ചയ്ക്ക് 2 മണി മുതൽ 4 മണി വരെ കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കൾക്കു വേണ്ടി ക്ലാസ് ഉണ്ടായിരിക്കും. കോഴ്സ് സർട്ടിഫിക്കറ്റ് മാതാപിതാക്കളുടെ കൈയ്യിലാണ് നൽകുക. മാതാപിതാക്കൾ നിർബന്ധമായും ഈ ക്ലാസിൽ പങ്കെടുക്കേണ്ടതാണ്. ഇക്കാര്യം വികാരിയച്ചന്മാർ പള്ളികളിൽ അറിയിക്കുമല്ലോ.

2. കോഴ്സ് കൂടാൻ ആഗ്രഹിക്കുന്നവർ www.familytly.com എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചൻമാർ ഓർമ്മിപ്പിക്കുമല്ലോ. മുൻകൂട്ടി പണം അടക്കേണ്ട ആവശ്യമില്ല.

**എം.പി.സി ബുക്ക് ചെയ്യേണ്ട വിധം**

www.familytly.com എന്ന വെബ്സൈറ്റ് തുറക്കുക. എം.പി.സി. രജിസ്ട്രേഷൻ എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.

കോഴ്സ് ബുക്ക് ചെയ്യേണ്ട ആളിന്റെ മുഴുവൻ ബയോഡാറ്റ ഫിൽ ചെയ്യുക.

പേജിന്റെ താഴെ കാണുന്ന സബ്മിറ്റ് ബട്ടണിൽ ക്ലിക്ക് ചെയ്യുക.

അപ്പോൾ കിട്ടുന്ന പേജിന്റെ പ്രിന്റൗട്ട് എടുത്ത് വികാരിയച്ചന്റെ സീലും ഒപ്പുംവെച്ച് കോഴ്സിന് വരുമ്പോൾ കൊണ്ടുവരിക.

കൂടാതെ ഒരു പാസ്പോർട്ട് സൈസ് ഫോട്ടോയും 900 രൂപ കോഴ്സ് ഫീസും കൊണ്ടുവരിക.

അഡ്വാൻസ് പേയ്മെന്റ് ആവശ്യമില്ല.

എം.പി.സി. രജിസ്ട്രേഷൻ 9amന് ആരംഭിക്കും. കൃത്യസമയത്ത് എത്തിച്ചേരാനായി ശ്രദ്ധിക്കുക. 10 മണിക്കുശേഷം വരുന്നവരെ കോഴ്സിൽ പങ്കെടുക്കാൻ അനുവദിക്കുന്നതല്ല.

ഏതെങ്കിലും കാരണവശാൽ കോഴ്സിന് വരാൻ സാധിക്കുന്നില്ല എങ്കിൽ നേരിട്ട് ഓഫീസിൽ വിളിച്ച് Cancel ചെയ്യേണ്ടതാണ്. മറ്റൊരാളുടെ അവസരം നഷ്ടമാക്കരുതേ.

**Family Apostolate**
**Contact Number : 0490 2343414, Mob : 9400206974**

## III. മാതൃവേദി

### 1) സ്പർശം

ഫെബ്രുവരി മാസത്തിൽ പ്രത്യേകമായി സ്പർശം എന്ന പേരിൽ മാതൃവേദി അംഗങ്ങൾ രോഗീശുശ്രൂഷ നിർവ്വഹിക്കുകയാണ്. അതാത് ഇടവകയിലെ രോഗികൾക്കും വിവിധ ആശുപത്രികളിൽ കഴിയുന്ന രോഗികൾക്കും ഈ ശുശ്രൂഷ ഫലപ്രദമായി ചെയ്യുവാൻ എല്ലാവരും ശ്രദ്ധിക്കണേ.

- രോഗനിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിക്കുക.
- രോഗികൾക്ക് ചികിത്സാസഹായം നൽകുക.
- രോഗീസന്ദർശനം, ഹോസ്പിറ്റൽ സന്ദർശനം കൃത്യമായി നടത്തുക
- വിവിധ ഹോസ്പിറ്റലുകളുമായി ബന്ധപ്പെട്ട് വിദഗ്ദ ചികിത്സ കുറഞ്ഞ ചിലവിൽ ലഭ്യമാക്കുക.
- ആവശ്യമെങ്കിൽ സ്ഥിരം സഹായം നൽകുക.
- രോഗികൾക്കു വേണ്ടി പ്രത്യേകമായി പ്രാർത്ഥിക്കുക.
- ഹോസ്പിറ്റലുകളിൽ കഴിയുന്ന ദരിദ്രരായ രോഗികൾക്ക് പൊതിച്ചോറുകൾ എത്തിക്കുക.

### 2. മേഖലാ സമ്മേളനം, സെമിനാർ - വായാട്ടുപറമ്പ്

മാതൃവേദിയുടെ വായാട്ടുപറമ്പ് മേഖലാ സമ്മേളനവും ഏകദിന സെമിനാറും കരുവഞ്ചാൽ ലിറ്റിൽ ഫ്ളവർ ഓഡിറ്റോറിയത്തിൽവച്ച് 2017 ഡിസംബർ 15-ാം തീയതി നടന്നു. മേഖലാ ഡയറക്ടർ റവ. ഫാ. ജിയോ പുളിയ്ക്കൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. മേഖലാ പ്രസിഡണ്ട് ശ്രീമതി ലീലാമ്മ പുത്തൻപുരയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മേഖലാ ആനിമേറ്റർ സി. ലിസ്ന, സെക്രട്ടറി ശ്രീമതി തങ്കമ്മ കാഞ്ഞിരവിള, ട്രഷറർ ശ്രീമതി മേരി കുരുവിനാപകുതി എന്നിവർ പ്രസംഗിച്ചു. തലശ്ശേരി അതിരൂപതാ ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് അസിസ്റ്റന്റ് ഡയറക്ടർ ഫാ. സിജു വെണ്ണാ

യിപ്പള്ളി സെമിനാറിന് നേതൃത്വം നൽകി. മേഖലാ കലാമത്സരങ്ങളിൽ വിജയിച്ചവർക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.

**3. മാതൃവേദി എക്സിക്യൂട്ടീവ് - സന്ദേശഭവൻ**

തലശ്ശേരി അതിരൂപതാ മാതൃവേദി എക്സിക്യൂട്ടീവ് മീറ്റിംഗ് 2018 ജനുവരി 6-ാം തീയതി ശനിയാഴ്ച സന്ദേശഭവനിൽ വച്ച് നടത്തപ്പെട്ടു. രൂപതാ ഭാരവാഹികളും മേഖലാ പ്രതിനിധികളും പങ്കുകൊണ്ട മീറ്റിംഗിൽ 12 മാസത്തേക്കുള്ള മാതൃവേദി പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. രാവിലെ 10 മണിയോടെ ആരംഭിച്ച മീറ്റിംഗ് ഉച്ചയ്ക്ക് 2 മണിയോടെ സമാപിച്ചു. മാതൃവേദിയുടെ പ്രതിനിധികളായി ശ്രീമതി റെജി പോത്തനാമുഴി, ശ്രീമതി ഡെയ്സി മച്ചിയാനി, ശ്രീമതി വത്സമ്മ പുത്തൻപുരയിൽ എന്നിവരെ അതിരൂപതാ പാസ്റ്ററൽ കൗൺസിലിലേക്ക് തെരഞ്ഞെടുത്തു.

**4. ഹരിതം 2018**

മുൻവർഷങ്ങളിൽ നാം നടത്തി വന്ന ഹരിതം എന്ന പച്ചക്കറിത്തോട്ട നിർമ്മാണം കുറേക്കൂടി വിപുലമായി ഈ വർഷം നടത്തുവാൻ ശ്രദ്ധിക്കുക. നാം ജീവിക്കുന്ന പ്രപഞ്ചത്തിന്റെയും നമ്മോടൊത്തു കഴിയുന്നവരുടെ ജീവന്റെയും സംരക്ഷകരാണ് നമ്മൾ എന്ന തിരിച്ചറിവിൽ നിന്നുകൊണ്ട് ഈ ജനുവരി മാസത്തിൽ അമ്മമാർ പരമാവധി പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, പൂച്ചെടികൾ, കിഴങ്ങുവർഗ്ഗങ്ങൾ, ഔഷധസസ്യങ്ങൾ, മറ്റുവൃക്ഷങ്ങൾ എന്നിവ നട്ടുവളർത്താൻ ശ്രദ്ധിക്കുക. ജൈവവളങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ഈ കൃഷികളിലൂടെ ഭക്ഷ്യസ്വയംപര്യാപ്തതയിലേക്ക് എത്തുവാനും ജീവന്റെയും പ്രപഞ്ചത്തിന്റെയും കാവലാളുകളായി തീരുവാനും നമ്മുക്ക് കഴിയണം. മേഖലാ, ശാഖാ ഭാരവാഹികളുടെ നേതൃത്വത്തിൽ വിത്തുകളും വിവിധഇനം തൈകളും എത്തിച്ച് കൊടുത്ത് മാറ്റാൾ പണിയിലൂടെയും കൂട്ടായ പ്രവർത്തനങ്ങളിലൂടെയും ഇത് വിജയകരകമായി നടപ്പിലാക്കാനും എല്ലാ കുടുംബങ്ങളെയും ഇതിൽ ഉൾച്ചേർക്കാനും ശ്രദ്ധിക്കണേ. ഏറ്റവും കൂടുതൽ ഇനം പച്ചക്കറികളും, കിഴങ്ങുവർഗ്ഗങ്ങൾ, പഴവർഗ്ഗങ്ങൾ എന്നിവ നട്ടുവളർത്തി ഫലമെടുക്കുന്നവർക്ക് പ്രത്യേക സമ്മാനം നൽകുന്നതാണ്.

**5. അതിരൂപതാ കോർകമ്മിറ്റി**

വിവിധ സംഘടനാ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനു വേണ്ടി ജനുവരി 15-ാം തീയതി സന്ദേശഭവനിൽവച്ച് എല്ലാ സംഘടനകളുടെയും ഡയറക്ടർമാർ, അതിരൂപതാ പ്രസിഡണ്ട്, അതിരൂപതാ സെക്രട്ടറി എന്നിവരുൾപ്പെടുന്ന ഒരു കോർകമ്മിറ്റി അഭിവന്ദ്യ പിതാക്കന്മാരുടെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. മാതൃവേദിയുടെയും പ്രോലൈഫിന്റെയും നിശ്ചിത

ഭാരവാഹികൾ മേൽപ്പറഞ്ഞ യോഗത്തിൽ സംബന്ധിക്കുകയും തങ്ങളുടെ ഈ വർഷത്തെ കർമ്മപദ്ധതികൾ അവതരിപ്പിക്കുകയും ചെയ്തു. കോർ കമ്മിറ്റി തീരുമാനങ്ങളുടെ വെളിച്ചത്തിൽ മറ്റ് സംഘടനകളുമായിച്ചേർന്ന് വിവിധങ്ങളായ പ്രവർത്തനങ്ങൾക്ക് സഹകരണം വാഗ്ദാനം ചെയ്തു.

## IV. അമല പ്രോലൈഫ് – പ്രോലൈഫ് കൂട്ടായ്മകൾ

അതിരൂപതയിലെ എല്ലാ ഇടവകകളിലും പ്രോലൈഫ് യൂണിറ്റുകൾ രൂപീകരിക്കാനും ജീവന്റെ മഹത്വവും മൂല്യവും ഉയർത്തിപ്പിടിച്ച് ജീവന്റെ സംരക്ഷകരായിത്തീരുവാനുമുള്ള പ്രവർത്തനങ്ങൾ നടത്തുവാൻ സഹകരിക്കുമല്ലോ. അതിരൂപതാ പ്രോലൈഫ് ടീം ഓരോ ഇടവകയിലും വൈകുന്നേരങ്ങളിൽ വന്ന് വി. കുർബ്ബാന ചൊല്ലി, ജീവന്റെ മൂല്യത്തെക്കുറിച്ചും ജീവൻ നേരിടുന്ന വെല്ലുവിളികളെക്കുറിച്ചും ക്ലാസുകൾ, വീഡിയോ പ്രദർശനങ്ങൾ, അനുഭവവിവരണങ്ങൾ എന്നിവ നൽകി, ജനങ്ങൾക്ക് ബോധവത്ക്കരണം നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. പ്രോലൈഫ് ടീം നയിക്കുന്ന ആരാധനയോടെ പരിപാടി സമാപിക്കും. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ തങ്ങളുടെ ഇടവകയിൽ ഈ പ്രോഗ്രാം എന്ന് നടത്താൻ കഴിയും എന്ന വിവരം ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഓഫീസിൽ വിളിച്ച് (9400206974) അറിയിക്കുമല്ലോ. വൈകിട്ട് 5 മണി മുതൽ 8.30 വരെയുള്ള സമയം ക്രമീകരിച്ചാൽ മതിയാകും. ജീവന്റെ സംരക്ഷണത്തിനായുള്ള ഈ സംരംഭത്തിന് പരമാവധി പ്രോത്സാഹനം നൽകണെ.

### 1. പ്രോലൈഫ് എക്സിക്യൂട്ടീവ് – സന്ദേശഭവൻ

അമല പ്രോലൈഫ് സമിതിയുടെ എക്സിക്യൂട്ടീവ് മീറ്റിംഗ് തലശ്ശേരി സന്ദേശഭവനിൽവച്ച് ജനുവരി 5-ാം തീയതി വെള്ളിയാഴ്ച വൈകിട്ട് 6 മണിക്ക് നടത്തപ്പെട്ടു. പ്രേലൈഫ് പ്രവർത്തനങ്ങളെ കൂടുതൽ ഉണർവ്വുള്ളതും ക്രിയാത്മകവുമാക്കാൻ അടുത്ത വർഷത്തേക്കുള്ള പദ്ധതികൾ ചർച്ച ചെയ്ത് തീരുമാനമെടുത്തു. അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. ജോബി കോവാട്ടിന്റെ നേതൃത്വത്തിൽ നടന്ന യോഗം 9 മണി യോടെ സമാപിച്ചു. പ്രോലൈഫിനെ പ്രതിനിധീകരിച്ച് ശ്രീ. സെലസ്റ്റിൻ വടക്കേൽ, ശ്രീ സണ്ണി കാര്യാടിയിൽ എന്നിവരെ അതിരൂപതാ പാസ്റ്ററൽ കൗൺസിലിലേക്ക് തെരഞ്ഞെടുത്തു.

## V. അനുഗ്രഹ മാര്യേജ് ബ്യൂറോ – അവിവാഹിതരുടെ സംഗമം

നമ്മുടെ അതിരൂപതയിൽ വിവാഹപ്രായം കഴിഞ്ഞിട്ടും വിവാഹം നടക്കാത്തവരുടെ ഒരു കൂട്ടായ്മ ഫെബ്രുവരി 13 ചൊവ്വാഴ്ച തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽവച്ച് രാവിലെ 10 മണിക്ക് നടത്തുകയാണ്. സാധാരണ ഇത്തരം മീറ്റിംഗുകളിൽ പുരുഷന്മാർ മാത്രമാണ് പങ്കെടുക്കുക എന്ന

കാരണത്താൽ പലരും വരാൻ മടി കാണിക്കാറുണ്ട്. നമ്മുടെ അതിരൂപതയിൽ പ്രായം കഴിഞ്ഞിട്ടും വിവാഹം നടക്കാത്ത സ്ത്രീകൾ 100ൽ താഴെയും പുരുഷന്മാർ 2000-ൽ അധികവുമാണെന്ന സത്യം മനസ്സിലാക്കേണ്ടതുണ്ട്. ഈ കൂട്ടായ്മയിൽ നമ്മൾ ഉദ്ദേശിക്കുന്ന കാര്യങ്ങൾ:

1. മറ്റ് രൂപതകളുമായി ബന്ധപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അവിടെ നിന്നും പങ്കാളികളെ ലഭിക്കാനുള്ള സാധ്യതകൾ.
2. പല കാരണങ്ങളാൽ വിവാഹബന്ധം തകർന്ന് ഒറ്റയ്ക്ക് കഴിയുന്ന സ്ത്രീകളുമായുള്ള വിവാഹസാധ്യതകൾ.
3. നോർത്ത് ഇന്ത്യയിലെ മിഷൻ രൂപതകളിലെ പെൺകുട്ടികളുമായുള്ള വിവാഹസാധ്യതകൾ. അതിനുവേണ്ടി ഫാമിലി അപ്പൊസ്റ്റോലേറ്റിന് ചെയ്തുകൊടുക്കാൻ കഴിയുന്ന സേവനങ്ങൾ.

അവിവാഹിതരായി നിൽക്കുന്ന ചെറുപ്പക്കാർ അതിരൂപതയുടെ മുഴുവൻ നൊമ്പരമാണ്. ആയതിനാൽ ഏതെങ്കിലും വിധത്തിൽ അവരെ സഹായിക്കുവാൻ കഴിയുമോ എന്ന പരിശ്രമമാണ് നമ്മൾ നടത്തുന്നത്. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഈ വിവരം പള്ളികളിൽ അറിയിച്ച് പ്രായമായിട്ടും അവിവാഹിതരായി നിൽക്കുന്ന എല്ലാ സ്ത്രീ-പുരുഷന്മാരെയും ഈ മീറ്റിംഗിൽ പറഞ്ഞയക്കുവാൻ സഹകരിക്കണെ.

**സ്ഥലം : സെന്റ് മെരീസ് ഓഡിറ്റോറിയം, തളിപ്പറമ്പ്**
**ദിവസം : 2018 ഫെബ്രുവരി 13, ചൊവ്വ 10 am**
**രജിസ്ട്രേഷൻ ഫീസ് : 50 രൂപ.**

## VI. മരിയൻ സിംഗിൾസ്

നമ്മുടെ അതിരൂപതയിൽ ഏകസ്ഥജീവിതം നയിക്കുന്ന വ്യക്തികളുടെ ഒരു കൂട്ടായ്മ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇന്ന് അതിൽ 20-ൽ താഴെ അംഗങ്ങൾ മാത്രമാണുള്ളത്. നമ്മൾ നടത്തിയ സർവ്വെ പ്രകാരം 500-ൽ അധികം ആളുകൾ ഏകസ്ഥജീവിതം നയിക്കുന്നവരായിട്ടുണ്ട്. ഏകസ്ഥജീവിതത്തിന്റെ പ്രാധാന്യം, അവർക്ക് ചെയ്യാൻ കഴിയുന്ന വിവിധങ്ങളായുള്ള സേവനങ്ങൾ, അവർക്കായുള്ള ധ്യാനങ്ങൾ, സെമിനാറുകൾ, ഈ കൂട്ടായ്മയിലൂടെ അതിരൂപതയ്ക്ക് അവർക്ക് ചെയ്ത് കൊടുക്കുവാൻ കഴിയുന്ന സഹായങ്ങൾ എന്നിവ മനസ്സിലാക്കികൊടുക്കാനുള്ള അവസരങ്ങളാണ് ഈ മരിയൻ സിംഗിൾസ് കൂട്ടായ്മ. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ തങ്ങളുടെ ഇടവകയിൽ ഏകസ്ഥജീവിതം നയിക്കുന്നവരുണ്ടെങ്കിൽ ഈ കൂട്ടായ്മയിൽ പങ്കെടുക്കുവാൻ പ്രേരിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യണെ.

## വികാരിയച്ചന്മാരുടെ ശ്രദ്ധയ്ക്ക്

കേരള കത്തോലിക്കാസഭയിൽ ബധിരർക്കും മൂകർക്കും വേണ്ടിയുള്ള വിവാഹ ഒരുക്ക കോഴ്സ് കെ.സി.ബി.സി തലത്തിൽ സഭാ ആസ്ഥാനമായ പാലാരിവട്ടം പി.ഒ.സി യിൽ ആരംഭിക്കുന്നു. കേരളസഭയിൽ ആദ്യമായിട്ടാണ് സഭാതലത്തിൽ ഇത്തരത്തിലുള്ള ഒരു സംരംഭം. കെ.സി.ബി.സി ഫാമിലി കമ്മീഷനായിരിക്കും ഇതിന് നേതൃത്വം കൊടുക്കുക. ബധിരരും മൂകരും ആയിട്ടുള്ള അകത്തോലിക്കരായ യുവതീയുവാക്കൾക്കും വിവാഹജീവിതത്തിലേക്ക് പ്രവേശിക്കുന്നതിനുമുമ്പ് ഈ കോഴ്സിൽ പങ്കെടുക്കാൻ സാധിക്കുന്ന തരത്തിലാണ് പാഠ്യപദ്ധതികൾ ക്രമീകരിച്ചിട്ടുള്ളത്. ഇക്കാര്യം ബഹുമാനപ്പെട്ട വികാരിമാർ ഞായറാഴ്ച കുർബാനമദ്ധ്യേ ആളുകളെ അറിയിക്കണം. ഇനി മുതൽ ഇടവകയിൽ ബധിരരും മൂകരും ആയിട്ടുള്ള യുവതീയുവാക്കൾ വിവാഹിതരാകുന്നതിനു മുമ്പ് ഈ കോഴ്സിൽ പങ്കെടുക്കുവാൻ ഓർമ്മിപ്പിക്കണം. 2018 ൽ ബധിരർക്കും മൂകർക്കും രണ്ടു വിവാഹ ഒരുക്ക കോഴ്സുകളാണ് പി.ഒ.സി യിൽ ഒരുക്കിയിരിക്കുന്നത്.

**1. ഏപ്രിൽ 13 – 15**

**2. നവംബർ 9 – 11**

**ബന്ധപ്പെടേണ്ട വിലാസം : സെക്രട്ടറി, കെ.സി.ബി.സി ഫാമിലി കമ്മീഷൻ പി.ഒ.സി, പാലാരിവട്ടം, കൊച്ചി – 682025**

**ഫോൺ: 9995028229, 9495812190**

സ്നേഹപൂർവ്വം,

**ഫാ. ജോർജ് കോവാട്ട്**

ഡയറക്ടർ, ഫാമിലി അപ്പൊസ്റ്റൊലേറ്റ്

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

## സർക്കാരിന് നൽകിയ നിവേദനങ്ങൾ

വിദ്യാഭ്യാസ മേഖലയുടെ കാര്യക്ഷമമായ പ്രവർത്തനത്തിനും പ്രശ്ന പരിഹാരങ്ങൾക്കും താഴെ സൂചിപ്പിക്കുന്ന നിവേദനങ്ങൾ സർക്കാരിന് സമർപ്പിച്ചു.

1) 2015-16 അധ്യയനവർഷം തസ്തികനിർണ്ണയം നടത്തിയപ്പോൾ കുട്ടികളുടെ എണ്ണത്തിനനുസൃതം പുതിയ അനുപാതപ്രകാരം തസ്തിക നിർണ്ണയം നടത്തിയിട്ടില്ല. അധ്യാപകരുടെ എണ്ണത്തിനനുസൃതമായിട്ടാണ് ഡിവിഷനുകളും തസ്തികയും പല വിദ്യാഭ്യാസ ഓഫീസിൽനിന്നും തസ്തികനിർണ്ണയം നടത്തി ലഭിച്ചിട്ടുള്ളത്. വിദ്യാർത്ഥി അനുപാതപ്രകാരം അനുവദിക്കാത്ത തസ്തിക നിർണ്ണയ ഉത്തരവുകൾ അപ്പലറ്റ് ഉത്തരവുകൾ കൂടാതെ റിവൈസ് ചെയ്യാൻ നിർദ്ദേശം നൽകണം.

2) 2016-17ലെ തസ്തിക നിർണ്ണയം ഈ മാസം പൂർത്തിയായി വരുന്നതേയുള്ളൂ. സംരക്ഷിത അധ്യാപകരുടെ ലിസ്റ്റ് തയ്യാറാക്കാൻ സാധിക്കുക തസ്തികനിർണ്ണയം പൂർത്തിയായി കഴിയുമ്പോഴാണല്ലോ. വിദ്യാഭ്യാസ അവകാശ നിയമപ്രകാരം 2016-17 അധ്യായനവർഷത്തിൽ നിയമിതരായ അധ്യാപകർക്ക് പുതിയ തസ്തിക, പുതുതായി അപ്ഗ്രേഡ് ചെയ്ത സ്കൂളുകളിലെ തസ്തിക, എന്നീ വിവിധ കാരണങ്ങളാൽ അധ്യാപകരുടെ നിയമനം തടസ്സപ്പെട്ടിരിക്കുകയാണ്. അതിനാൽ അപ്പലറ്റ് ഉത്തരവുകൾ കൂടാതെ 2016-17 ൽ അംഗീകൃത തസ്തികകളിൽ നിയമിതരായ എല്ലാവർക്കും നിയമനാംഗീകാരം നൽകാനുള്ള നിർദ്ദേശം നൽകണം.

3) 2016 -17 അധ്യയന വർഷം ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തവർക്ക് മാത്രം നിയമനാംഗീകാരം നിഷേധിക്കപ്പെട്ടിരിക്കുകയാണ്. 2015-16 അധ്യയന വർഷംവരെയും 2017-18 വർഷത്തിലും ഒരു മാസത്തിൽ അധികം ജോലിചെയ്തവർക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമനാംഗീകാരം ലഭിച്ചിട്ടുണ്ട്. 2016-17 വർഷത്തെ തസ്തിക നിർണ്ണയം പൂർത്തിയായി വരുന്നതിന്റെ അടിസ്ഥാനത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം ലഭിച്ചവർക്കും അപ്പലേറ്റ് ഉത്തരവ് കൂടാതെ നിയമനാംഗീകാരം നൽകാൻ നിർദ്ദേശം നൽകണമെന്ന് അപേക്ഷിക്കുന്നു.

4) കായികമേഖലയിൽ വളരെയേറെ താരങ്ങളെ കേരളം വളർത്തിയെടുത്തിട്ടുണ്ട്. എന്നാൽ കായിക പരിശീലനത്തിലും നേട്ടങ്ങളിലും നാം ഇന്ന് പിന്നോക്കം പോവുകയാണ്. സ്കൂൾതലത്തിൽ തന്നെ കാര്യക്ഷമമായ പരിശീലനങ്ങളും പ്രോത്സാഹനങ്ങളും ഉണ്ടാകേണ്ടതുണ്ട്.

എന്നാൽ കായികാദ്ധ്യാപകരും അധ്യാപക തസ്തികകളും നമ്മുടെ വിദ്യാലയത്തിൽ നിന്നും അപ്രത്യക്ഷമായികൊണ്ടിരിക്കുകയാണ്. ദേശീയ വിദ്യാഭ്യാസ നയത്തെ അടിസ്ഥാനമാക്കി വിദ്യാലയങ്ങളിൽ അനുപാത പുനഃക്രമീകരണം നടന്നെങ്കിലും കായികാദ്ധ്യാപക തസ്തികയുടെ നിലനിൽപ്പിന് ആവശ്യമായ പുനഃക്രമീകരണങ്ങൾ നടന്നിട്ടില്ല. വിദ്യാർത്ഥികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിന് കായിക മേഖലയിൽ ഒരു കുതിച്ചു ചാട്ടത്തിന് അനുപേക്ഷണിയമായ രീതിയിൽ സർക്കാർ തീരുമാനങ്ങൾ എടുക്കണം. അതിനു സഹായിക്കുന്ന നിർദ്ദേശങ്ങൾ സൂചിപ്പിക്കട്ടെ.

1. എൽ പി, യു പി വിഭാഗങ്ങളിൽ 1:200 എന്ന അനുപാത പ്രകാരം കായികാദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കണം.

2. കോർപ്പറേറ്റ് മാനേജമെന്റുകളിൽ 200 കുട്ടികളിൽ കുറവുള്ള സ്കൂളുകളെ അതേ മാനേജ്മെന്റിലുള്ള മറ്റൊരു സ്കൂളുമായി ക്ലബ് ചെയ്ത് നിയമിക്കാൻ മാനേജ്മെന്റിന് അനുവാദം നൽകുകയും നിയമനാംഗീകാരം നൽകുകയും ചെയ്യണം.

3. ഹൈസ്ക്കൂൾ വിഭാഗത്തിൽ 8, 9, 10 ക്ലാസുകളുള്ള ഒരു പൂർണ്ണ വിദ്യാലയത്തിൽ കായികാദ്ധ്യാപക തസ്തിക നിർബന്ധമായും നല്കണം.

നിലവിലുള്ള അധ്യാപകരുടെ സംരക്ഷണത്തിനു മാത്രമായി അനുപാത പുന ക്രമീകരണങ്ങൾ നടത്താതെ വിദ്യാർത്ഥി കേന്ദ്രീകൃതമായി കായിക മേഖലയുടെ വളർച്ച മുന്നിൽ കണ്ട് തീരുമാനങ്ങൾ എടുക്കണമെന്ന് സർക്കാറിനോട് അഭ്യർത്ഥിക്കുന്നു

## അഭിനന്ദനങ്ങൾ

- പ്രവർത്തി പരിചയമേളയിൽ തുടർച്ചയായി നാലാംതവണയും പത്ത് ഇനങ്ങളിൽ ഒൻപത് എണ്ണത്തിൽ ഒന്നാംസ്ഥാനവും ഒരെണ്ണത്തിൽ മൂന്നാം സ്ഥാനവും കരസ്ഥമാക്കിയ വിളക്കന്നൂർ എൽ.പി സ്കൂളിന് അഭിനന്ദനങ്ങൾ.

## സദ്ഗമയലേഖന മത്സര വിജയികൾ

### പ്ലസ് വൺ

**1-ാം സ്ഥാനം:** മഞ്ജു സാവിയോ, ചെമ്പേരി എച്ച്.എസ്.എസ്

**2-ാം സ്ഥാനം:** നൈമി ശരണ്യ, കൊളക്കാട് എച്ച്.എസ്.എസ്

**3-ാം സ്ഥാനം:** അലൻ ജോസ് എടൂർ എച്ച്.എസ്.എസ്

**3-ാം സ്ഥാനം:** അൽഫോൻസ സെബാസ്റ്റ്യൻ, പാലാവയൽ എച്ച്.എസ്.എസ്

### പ്ലസ് ടു

**1-ാം സ്ഥാനം:** ആതിര ടി.എസ്, മണിക്കടവ് എച്ച്.എസ്.എസ്

**2-ാം സ്ഥാനം:** സ്റ്റെഫിൻ റോയി, പെരുമ്പടവ് എച്ച്.എസ്.എസ്

**3-ാം സ്ഥാനം:** നീതി തോമസ്, വെളിമാനം എച്ച്.എസ്.എസ്

## സ്കൂൾ സന്ദർശനം

ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യം സാധ്യമാക്കാൻ നമ്മുടെ വിദ്യാലയങ്ങളുടെ പ്രവർത്തനങ്ങൾ നിരന്തരം നിരീക്ഷിച്ച് മാർഗ നിർദേശങ്ങൾ നൽകുന്നതിന്റെ ഭാഗമായി ശ്രീ. മാത്യു കുഴിവേലിൽ, മാത്യു കാഞ്ഞിരക്കാട്ട്, ശ്രീ. ദേവസ്യാ കളരിക്കൽ, ശ്രീ. വർക്കി തുരുത്തിമറ്റം, ശ്രീ. ജോസ് ചാണ്ടി കട്ടക്കയം, സി.വിനീത സി എം സി എന്നിവരോടൊപ്പം 03/01/2018ന് പെരുമ്പടവ് ഹയർസെക്കണ്ടറി, ഹൈസ്കൂൾ, 09/01/2018 ന് എടക്കോം എൽ.പി, വിളക്കന്നൂർ എൽ.പി, 11/01/2018 ന് നെല്ലിക്കുറ്റി ഹൈസ്കൂൾ, യു.പി സ്കൂൾ, 12/01/2018 ന് കിളിയന്തറ ഹയർസെക്കണ്ടറി, ഹൈസ്കൂൾ, എൽ.പി, 15/01/2018 ന് ചന്ദനക്കാംപാറ ഹൈസ്കൂൾ, യു.പി. സ്കൂൾ 18/01/2018 ന് കടുമേനി ഹൈസ്കൂൾ, മണ്ടപം യു.പി. എന്നീ സ്കൂളുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തി. അക്കാദമിക് വർഷം അവസാനിക്കാറായിട്ടും ഭാവനാപൂർവ്വമായ പുതിയ പദ്ധതികളും പ്രവർത്തനങ്ങളും ഇല്ലാതെ പതിവ് ശൈലിയിൽ തന്നെ തുടരുന്ന സ്കൂളുകളെയും ഊർജ്ജസ്വലതയോടെ പ്രവർത്തിക്കുന്ന സ്കൂളുകളെയും കണ്ടെത്താൻ കഴിഞ്ഞു.

## പൂർവ്വ വിദ്യാർത്ഥി സംഘടന

നമ്മുടെ വിദ്യാലയങ്ങൾ കാര്യക്ഷമമായി മുന്നോട്ട് പോകുന്നത് ഇടവകയുടെയും ബഹു. അച്ചന്മാരുടെയും നേതൃത്വം കൊണ്ടാണ്. മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി വിദ്യാലയ വികസനത്തിന് കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടിയിരിക്കുന്നു. പല സ്കൂളുകളിലും പൂർവ്വ വിദ്യാർത്ഥികളുടെ സാമ്പത്തിക സഹകരണങ്ങളും പ്രോത്സാഹനങ്ങളും ലഭിച്ചിട്ടുണ്ട് എന്നത് നന്ദിയോടെ ഓർക്കുന്നു. ഉദാഹരണത്തിന് വായാട്ടുപറമ്പ് ഹൈസ്കൂളിന് മുമ്പിൽ മനോഹരമായ ലൈബ്രറിയും, വായനാമുറിയും 1991 ബാച്ചിലെ പൂർവ്വ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ നിർമ്മിച്ചിട്ടുണ്ട്. വളരെ അഭിനന്ദനാർഹമായ മാതൃകയാണിത്.

സ്കൂൾ സന്ദർശന അവസരത്തിൽ വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനങ്ങളെക്കുറിച്ച് അന്വേഷിക്കുമ്പോൾ പല സ്കൂളുകളിലും കൃത്യമായ പ്രവർത്തനങ്ങളോ നടക്കുന്നില്ല എന്ന് മനസ്സിലാകുന്നു. അതിനാൽ പ്രധാന അധ്യാപകർ താഴെ സൂചിപ്പിക്കുന്ന നിർദ്ദേശങ്ങൾ സ്കൂളുകളിൽ കൃത്യമായി നടപ്പിലാക്കണം.

1. ഒരു അധ്യാപകന് പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ ഉത്തരവാദിത്വം നൽകണം.

2. എല്ലാ വർഷവും ഒരു ദിവസം പൂർവ്വവിദ്യാർത്ഥി ദിനമായി മാറ്റി വെക്കുക. പൂർവ്വ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഒത്തുചേരാനുള്ള അവസരം അങ്ങനെ ക്രമീകരിക്കണം.

3. ഓരോ വർഷത്തെയും പൂർവ്വവിദ്യാർത്ഥികളുടെ അഡ്രസ്സും ഫോൺനമ്പറും സമാഹരിക്കുക.

4. സ്കൂളിന് വേണ്ടിയും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കുവേണ്ടിയും നടപ്പിലാക്കാവുന്ന പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുക.

5. ഓരോ ബാച്ചിലും രണ്ട് പേരെ അതത് ബാച്ചുകാരെ സംഘടിപ്പിക്കുന്നതിന് നേതൃത്വം നൽകാൻ ചുമതല ഏൽപ്പിക്കുക.

പൂർവ്വ വിദ്യാർത്ഥികളുടെ സഹകരണത്തോടെ ഓരോ വർഷവും നമ്മുടെ സ്കൂളുകളിൽ ഓരോ പ്രൊജക്റ്റുകൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ കഴിയും.

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
കോർപ്പറേറ്റ് മാനേജർ

## ആരാധനക്രമഗ്രന്ഥങ്ങൾ പ്രകാശനം ചെയ്തു

സീറോ മലബാർസഭയുടെ ആരാധനക്രമകമ്മീഷന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ വിവാഹവാഗ്ദാനക്രമവും സുവിശേഷ പ്രഘോഷണമാർഗ്ഗരേഖയും കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ചു നടക്കുന്ന മെത്രാന്മാരുടെ സിനഡിൽവച്ച് മേജർ ആർച്ച്ബിഷപ്പ് മാർ ജോർജ് ആലഞ്ചേരി, മെൽബൺ രൂപതാ ബിഷപ്പ് മാർ ബോസ്കോ പുത്തൂർ, പാലാ രൂപതാ എമിരറ്റസ് ബിഷപ്പ് മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ എന്നിവർക്കു നല്കി പ്രകാശനം ചെയ്തു. സീറോ മലബാർസഭയ്ക്കുവേണ്ടി സിനഡ് പ്രസിദ്ധീകരിക്കുന്ന ആദ്യത്തെ വിവാഹവാഗ്ദാനക്രമഗ്രന്ഥമാണിത്. ഇതിന്റെ ഇംഗ്ലീഷ് പരിഭാഷയും സിനഡിൽവച്ച് പ്രകാശനം ചെയ്യുകയുണ്ടായി.

റോമിൽനിന്നും പ്രസിദ്ധീകരിച്ച സുവിശേഷപ്രഘോഷണ ഡയറക്ടറിയുടെ അടിസ്ഥാനത്തിൽ സീറോ മലബാർസഭയ്ക്കുവേണ്ടി തയ്യാറാക്കിയ സുവിശേഷപ്രഘോഷണമാർഗ്ഗരേഖ എന്ന ഗ്രന്ഥവും സിനഡ് ഹാളിൽവച്ച് പ്രകാശനം ചെയ്തു. പ്രസ്തുത പുസ്തകങ്ങളും സീറോ മലബാർ സഭയുടെ സുറിയാനി ഭാഷയിലുള്ള റാസകുർബാനയുടെ രണ്ടാം പതിപ്പിന്റെ കോപ്പികളും കാക്കനാട് മൗണ്ട് സെന്റ് തോമസിലെ ആരാധനക്രമ കമ്മീഷൻ ഓഫീസിൽ ലഭ്യമാണ്. ഫോൺ: 9446477924.

# വിമൽജ്യോതി വാർത്തകൾ

**ചെമ്പേരി വിമൽജ്യോതിയിൽനിന്നും സ്നേഹാശംസകൾ!**

## ഓഖി ദുരിതാശ്വാസത്തിൽ വിമൽ ജ്യോതിയുടെ സ്നേഹത്തണൽ

വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജ് ഓഖി ദുരന്തത്തിൽപെട്ട കുടുംബങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് സൗജന്യമായി എൻജിനീയറിംഗ് പഠനത്തിനുള്ള അവസരമൊരുക്കിയിരിക്കുന്നു. ബി.ടെക് കോഴ്സിന് 10 വിദ്യാർത്ഥികൾക്കും, എം.ടെക് കോഴ്സിന് 5 വിദ്യാർത്ഥികൾക്കും, എം.ബി.എ കോഴ്സിന് 5 വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് അനുവദിക്കുന്നതിനാണ് വിമൽ ജ്യോതി മാനേജ്മെന്റിന്റെ തീരുമാനം. തലശ്ശേരി അതിരൂപതയുടെ ദുരിതാശ്വാസ പദ്ധതിയുടെ ഭാഗമായിട്ടാണ് വിമൽ ജ്യോതി ഈ സ്നേഹത്തണൽ ഒരുക്കിയിരിക്കുന്നത് എന്ന് കോളേജിന്റെ രക്ഷാധികാരി അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് അറിയിച്ചു. 52 ലക്ഷം രൂപയുടെ സാമ്പത്തിക സഹായമാണ് ഈ പദ്ധതിക്കുവേണ്ടി വിമൽ ജ്യോതി മാനേജ്മെന്റ് മാറ്റിവച്ചിരിക്കുന്നത് എന്ന് അതിരൂപതയുടെ വിദ്യാഭ്യാസത്തിന്റെ ചുമതല വഹിക്കുന്ന മാർ ജോസഫ് പാംപ്ലാനി പിതാവ് ചെമ്പേരിയിൽ നടന്ന വൈദിക സമ്മേളനത്തിൽ പ്രഖ്യാപിച്ചു.

## സോളാർ കാറുമായി വിമൽ ജ്യോതി വിദ്യാർത്ഥികൾ

കഴിഞ്ഞ നാലു വർഷങ്ങളിൽ കോയമ്പത്തൂർ, ഡൽഹി, അമേരിക്ക എന്നീ സ്ഥലങ്ങളിൽ തങ്ങൾ നിർമ്മിച്ച വാഹനങ്ങളുമായി മത്സരങ്ങളിൽ പങ്കെടുത്ത വിമൽ ജ്യോതിയിലെ വിദ്യാർത്ഥി കൂട്ടായ്മക്ക് പിൻഗാമികൾ പുതിയ ആശയവുമായി രംഗത്തു വന്നിരിക്കുന്നു. മെക്കാനിക്കൽ എൻജിനീയറിംഗ് വിദ്യാർത്ഥികൾ ടീം സൗര എന്ന പേരിൽ സോളാർ കാറിന്റെ നിർമ്മാണം ആരംഭിച്ചിരിക്കുന്നു. ഡൽഹി നോയിഡയിൽ ഈ മാർച്ചിൽ ടീം സൗര സോളാർ കാറുമായി ഒന്നാംഘട്ട മത്സരത്തിൽ പങ്കെടുക്കുന്നുണ്ട്. നോയിഡയിൽ നിന്ന് സെലക്ഷൻ ലഭിച്ചാൽ ടീമിന് അമേരിക്കയിൽവച്ച് നടക്കുന്ന മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.

മെക്കാനിക്കൽ ഡിപ്പാർട്ടുമെന്റിലെ പ്രൊഫസർ ഡോ. ശ്രീധരന്റെയും, അസി. പ്രൊഫസർ ഹരിയുടെയും മാർഗ്ഗനിർദ്ദേശത്തിലാണ് സോളാർ കാർ നിർമ്മാണം പുരോഗമിക്കുന്നത്. വരും വർഷങ്ങളിൽ റോഡ് കയ്യടക്കാൻ പോകുന്ന സോളാർ വാഹനങ്ങളുടെ സാധ്യതകൾ മുന്നിൽ കണ്ടുകൊണ്ടാണ് എൻജിനീയറിംഗ് വിദ്യാർത്ഥികൾ ഈ സംരംഭത്തിന് തയ്യാറായത്.

## B.Tech, M.Tech അഡ്മിഷൻ 2018

2018ൽ അഡ്മിഷൻ ലഭിക്കാൻ ആഗ്രഹിക്കുന്ന നിശ്ചിത യോഗ്യതയുള്ളവർക്ക് മുൻകൂട്ടി സീറ്റ് ഉറപ്പുവരുത്താവുന്നതാണ്. കോളേജുമായി നേരിട്ടു ബന്ധപ്പെടുക. NRI അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. ഇപ്പോൾ എല്ലാ

ബ്രാഞ്ചുകളിലും B.Tech, M.Tech സീറ്റുകൾ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് : 04602212240, 2213399.

## 8,9,10,11 ക്ലാസ്സുകളിലെ കുട്ടികൾക്ക് അവധിക്കാല ക്ലാസ്സുകൾ

8,9,10,11 ക്ലാസ്സുകളിലെ കുട്ടികൾക്ക് ശാസ്ത്രാഭിമുഖ്യവും, സാങ്കേതിക പരിജ്ഞാനവും നൽകുന്നതിനായി 2018 ഏപ്രിൽ മാസത്തിൽ വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിൽ അവധിക്കാല ക്ലാസ്സുകൾ ക്രമീകരിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് കോളേജ് ഓഫീസുമായി ബന്ധപ്പെടുക.

## പ്ലേസ്മെന്റ് വാർത്തകൾ

- പൂനെ ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രമുഖ ഐ.റ്റി കമ്പനി KPTIയുടെ കാമ്പസ് റിക്രൂട്ട്മെന്റ് 21.01.2018ന് നടന്നു.
- റാഡ്വ്യൂ ടെക്നോളജീസ് 30.01.2018ന് വിമൽ ജ്യോതിയിൽ കാമ്പസ് ഇന്റർവ്യൂ നടത്തുന്നു.

## ചാരിറ്റി പിൽഗ്രിം 2018

വളർന്നു വരുന്ന യുവ എൻജിനിയർമാരിൽ സാമൂഹ്യ പ്രതിബദ്ധതയും, സാഹോദര്യവും, സഹാനുഭൂതിയും വളർത്തുന്നതിനായി വിമൽ ജ്യോതി എല്ലാ വർഷവും നടത്താറുള്ള ചാരിറ്റി പിൽഗ്രിം ഈ വർഷവും നല്ല നിലയിൽ നടത്തി. ഒന്നാംവർഷ വിദ്യാർത്ഥികളാണ് ഈ പരിപാടിയിൽ പങ്കെടുത്തത്. സമീപപ്രദേശങ്ങളിലെ അഗതിമന്ദിരങ്ങൾ സന്ദർശിച്ച് അവരോടൊത്ത് ഒരു ദിവസം ചിലവഴിച്ചു. കുട്ടികൾ ശേഖരിച്ച ഭക്ഷ്യവസ്തുക്കളും മറ്റും അവർക്കു നൽകുകയും, അവരോടൊപ്പം ഭക്ഷണം കഴിക്കുകയും കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു. അന്തേവാസികൾക്കും പങ്കെടുത്തവർക്കും നല്ല ഒരനുഭവമായിരുന്നു.

## വിമൽ ജ്യോതി എം.ബി.എ കോളേജ്

- KMATന് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾക്ക് വിമൽ ജ്യോതി എം.ബി.എ കോളേജിൽ സൗജന്യ പരിശീലന ക്ലാസ്സുകൾ നൽകുന്നതാണ്. MBA കോളേജ് ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 0460 2213900, 9400512240
- ICICI പ്രുഡൻഷ്യൽ 11.01.2018ന് കോളേജിൽ നടത്തിയ പ്ലേസ്മെന്റ് ഡ്രൈവിൽ പങ്കെടുത്തവരിൽ 15 പേർ സെലക്ട് ആയി.
- തൃശ്ശൂർ കൊടകര സഹൃദയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിൽവച്ച് 5.1.2018ന് കാത്തലിക് സിറിയൻ ബാങ്ക് നടത്തിയ പ്ലേസ്മെന്റ് ഡ്രൈവിൽ പങ്കെടുത്തവരിൽ 7 പേർ ഷോർട്ട് ലിസ്റ്റായി.
- റീഹാബിലിറ്റേഷൻ & റീസെറ്റിൽമെന്റ് ബിൽ 2013, ഡിജിറ്റൽ ലാൻഡ് സർവേ എന്നീ വിഷയങ്ങളെക്കുറിച്ച് റിട്ടയേർഡ് തഹസിൽദാർ ശ്രീ. വി. പി. ആദർശൻ 19.01.2018ന് ഒരു ഏകദിന സെമിനാർ നടത്തി.

**ഫാ. തോമസ് മേൽവെട്ടം**
ചെയർമാൻ, വിമൽജ്യോതി

# നിർമ്മലഗിരി വാർത്തകൾ

## 1. NGC Brain Battle 2018

മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളിയുടെ നാമധേയത്തിൽ ജെകെ സൂപ്പർ സിമന്റിന്റെയും ജിയോ മിക്സിന്റെയും സഹകരണത്തോടെ കൂത്തുപറമ്പ് നിർമ്മലഗിരി കോളേജിൽ കേരളത്തിലെ മുഴുവൻ കോളേജുകളിലെയും വിദ്യാർത്ഥികൾക്കുവേണ്ടി നടന്ന 'NGC Brain Battle 2018' എന്ന ക്വിസ് മത്സരത്തിൽ കേരള യൂണിവേഴ്സിറ്റി, കാര്യവട്ടം ക്യാമ്പസിലെ അരവിന്ദ് എം. ജെ, അക്ഷയ് ബി. വിനായക് എന്നിവർ ഒന്നാം സമ്മാനം കരസ്ഥമാക്കി. മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി എവർ റോളിംഗ് ട്രോഫിയും 25000 രൂപയും പ്രശസ്തി പത്രവുമാണ് സമ്മാനം. 15000 രൂപയുടെ രണ്ടാം സമ്മാനം തളിപ്പറമ്പ് സർ സയ്യിദ് കോളേജും 10000 രൂപയുടെ മൂന്നാം സമ്മാനം ആതിഥേയരായ കൂത്തുപറമ്പ് നിർമലഗിരി കോളേജും കരസ്ഥമാക്കി.

തലശ്ശേരി അതിരൂപതയുടെ സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം നിർവ്വഹിച്ച ചടങ്ങിൽ അശ്വമേധത്തിലൂടെ ലോകമെമ്പാടുമുള്ള പ്രേഷകരുടെ മനസ്സിൽ ഇടംപിടിച്ച ഡോ. ജിഎസ് പ്രദീപ് ആണ് ക്വിസ് മാസ്റ്റർ സ്ഥാനം അലങ്കരിച്ചത്. വിജയികൾക്കുള്ള സമ്മാനങ്ങൾ കോളേജ് പ്രിൻസിപ്പൽ ഡോ. എൻ. ജെ സലീന, ബർസാർ ഫാ. പോൾ വള്ളോപ്പിള്ളി, വൈസ് പ്രിൻസിപ്പാൾ ഫാ. ജോബി ജേക്കബ് എന്നിവർ വിതരണം ചെയ്തു. ഡോ. ഷാജിമോൻ റ്റി. ജെ, ലക്ഷ്മണൻ വി., ഡോ. അൻപിൻ രാജ, ഇമ്മാനുവൽ ടോം, കമ്മില്ലോ ജോസഫ്, അനാസ് കെ.വി. എന്നിവർ സന്നിഹിതരായിരുന്നു.

## 2. AMOFIZIKO 2K18: നിർമ്മലഗിരി ഫിസിക്സ് ഫെസ്റ്റ്

അടിസ്ഥാന ശാസ്ത്രവിഷയങ്ങളിൽ വിദ്യാർത്ഥികൾക്കുള്ള താൽപര്യം പരിപോഷിപ്പിക്കുന്നതിനും ഈ മേഖലയിലെ നൂതന പ്രവണതകൾ അവതരിപ്പിക്കുന്നതിനുമായി നിർമലഗിരി കോളേജ് ഫിസിക്സ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ദ്വിദിന ഫിസിക്സ് ഫെസ്റ്റ് സംഘടിപ്പിച്ചു. AMOFIZIKO 2K18: എന്ന പേരിൽ 2018 ജനുവരി 5,11 തീയതികളിൽ ഫെസ്റ്റിവലിന്റെ ഭാഗമായി സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി വിവിധ മത്സരങ്ങൾ നടത്തപ്പെട്ടു.

ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്രതത്വങ്ങൾ മനസ്സിലാക്കാൻ സഹായിക്കുന്ന 'എഡിസൺ ലാബിൽ' സമീപ സ്കൂളുകളിലെ 400ഓളം വിദ്യാർത്ഥികൾ പങ്കാളികളായി. ഹയർസെക്കന്ററി വിദ്യാർത്ഥികൾക്കായുള്ള ശാസ്ത്ര പ്രശ്നോത്തരിയിൽ ജില്ലയിലെ 23 സ്കൂൾ ടീമുകൾ പങ്കെടുത്തു.

കോളേജ് വിദ്യാർത്ഥികൾക്കായി സെമിനാർ പ്രസന്റേഷൻ, പോസ്റ്റർ പ്രസന്റേഷൻ, പ്രശ്ന നിർദ്ധാരണ മത്സരം എന്നിവയും പങ്കാളിത്തംകൊണ്ട് ശ്രദ്ധേയമായി. ജ്യോതിശാസ്ത്രത്തിന്റെ ബാലപാഠങ്ങൾ പകർന്നു നൽകിയ വാനനിരീക്ഷണ ക്യാമ്പോടുകൂടി ഫെസ്റ്റ് അവസാനിച്ചു. ഫിസിക്സ് വിഭാഗം അദ്ധ്യക്ഷൻ ഡോ. വർക്കി സെബാസ്റ്റ്യൻ, കൺവീനർ ശ്രീ ജോർജ്കുട്ടി പി. കുര്യാക്കോസ് എന്നിവർ നേതൃത്വം നൽകി.

## 3. കേരള സയൻസ് കോൺഗ്രസ് – Curtain Raiser Programme

ജനുവരി 28–30 വരെ ഗവൺമെന്റ് ബ്രണ്ണൻ കോളേജിൽ നടക്കുന്ന 30–ാമത് കേരള സയൻസ് കോൺഗ്രസ്സിന്റെ മുന്നോടിയായി Curtain Raiser Programme നിർമലഗിരിയിൽ നടത്തപ്പെട്ടു. Kerala State Council for Science, Technology & Enviornment വിഭാഗത്തിലെ ശാസ്ത്രജ്ഞന്മാർ ഡോ. ഹരി നാരായണൻ പി, കോഴിക്കോട് CWRDM ലെ ശാസ്ത്രജ്ഞന്മാർ ഡോ. മാധവൻ കെ., ഡോ. രശ്മി ടി. എന്നിവർ സംബന്ധിച്ചു. പ്രിൻസിപ്പൽ ഡോ. എൻ. കെ. സെലീന, പ്രോഗ്രാം കോ–ഓർഡിനേറ്റർ ഡോ. സി. ജേക്കബ് എന്നിവർ സംസാരിച്ചു.

## 4. ല്യൂമിനസെൻസ്

നിർമ്മലഗിരി കോളേജ് കെമിസ്ട്രി ഡിപ്പാർട്ട്മെന്റ് 'സയൻസ് ഡേ' ആഘോഷത്തിന്റെ ഭാഗമായി സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി, ഡോ.റോസി ആന്റണിയുടെ നേതൃത്വത്തിൽ ല്യൂമിനസെൻസ് എന്ന പേരിൽ സയൻസ് പ്രൊജക്ട് മത്സരം സംഘടിപ്പിച്ചു. സ്കൂൾതലത്തിൽ പട്ടാനൂർ ഗവൺമെന്റ് ഹൈസ്കൂൾ ഒന്നാംസ്ഥാനവും സെന്റ് മേരീസ് എച്ച്എസ് എസ് എടൂർ രണ്ടാംസ്ഥാനവും കരസ്ഥമാക്കി. കോളേജ്തലത്തിൽ സർ സയ്യിദ് കോളേജ് തളിപ്പറമ്പ് ഒന്നാം സ്ഥാനവും നിർമ്മലഗിരി കോളേജ് രണ്ടാംസ്ഥാനവും നേടി.

## 5. മലയാളം അസോസിയേഷൻ ഉദ്ഘാടനം

മലയാളം വിഭാഗം അസോസിയേഷൻ ഉദ്ഘാടനം കേരള ഫോക്‌ലോർ അക്കാദമി പ്രോഗ്രാം ഓഫീസർ ശ്രീ. ലൗലിൻ ഉദ്ഘാടനം ചെയ്തു. ഫാ. ജോബി ജേക്കബ്, ഫാ. മാർട്ടിൻ ജോസഫ്, എന്നിവർ സംസാരിച്ചു. തുടർന്ന് കേരള ഫോക്‌ലോർ അക്കാദമിയുടെ നേതൃത്വത്തിൽ ചവിട്ടുനാടകം സംഘടിപ്പിച്ചു.

**പി.ആർ.ഒ., നിർമ്മലഗിരി കോളേജ്**

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

## തലശ്ശേരി സെൻട്രൽ കൗൺസിൽ

### എടൂർ ഏരിയ കൗൺസിൽ

എടൂർ ഏരിയാകൗൺസിലിന്റെ 2-ാമത് ആദ്ധ്യാത്മിക സെമിനാർ 16.12.17ന് കരിക്കോട്ടക്കരി സെന്റ് തോമസ് ഓഡിറ്റോറിയത്തിൽവച്ച് നടത്തപ്പെട്ടു. എസി പ്രസിഡന്റ് ബ്ര. മൈക്കിൾ പൊടിമറ്റത്തിൽ അദ്ധ്യക്ഷം വഹിച്ചു. ആദ്ധ്യാത്മികഉപദേഷ്ടാവ് ഫാ. തോമസ് ചിറ്റിലപ്പള്ളി ഉദ്ഘാടനം നിർവ്വഹിച്ചു. ബഹു. ഡോ. ജോസ്‌ലറ്റ് മാത്യു ക്ലാസ് നയിച്ചു. ബ്ര. ജോർജ് വടക്കുംകര ജ്ഞാനവായന നടത്തി. ബ്ര. തോമസ് മാത്യു പള്ളത്തുശ്ശേരി സ്വാഗതവും ബ്ര. തോമസ് കാവുങ്കൽ നന്ദിയും പറഞ്ഞു. രാവിലെ 9.30ന് വി. കുർബാനയോടുകൂടി ആരംഭിച്ച സെമിനാർ ഉച്ചക്ക് 1 മണിക്ക് അവസാനിച്ചു. 90ഓളം അംഗങ്ങൾ പങ്കെടുത്തു.

### നെല്ലിക്കാംപൊയിൽ എ.സി. സെമിനാർ

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി നെല്ലിക്കാംപൊയിൽ എസിയുടെ 2017-18 വർഷത്തെ രണ്ടാമത്തെ ആദ്ധ്യാത്മിക സെമിനാർ 16.12.2017 ശനിയാഴ്ച 2 മണിമുതൽ 4.30 വരെ നെല്ലിക്കാംപൊയിൽ ഇടവക ഓഡിറ്റോറിയത്തിൽവച്ച് നടത്തപ്പെട്ടു. പ്രസ്തുത സെമിനാർ നെല്ലിക്കാംപൊയിൽ ഫൊറോന വികാരി ഫാ. ജോസഫ് ആനിത്താനം ഉദ്ഘാടനം ചെയ്തു. എസി പ്രസിഡന്റ് ബ്ര. ലൂക്കോസ് കണിപ്പള്ളിൽ അദ്ധ്യക്ഷം വഹിച്ച യോഗത്തിൽ സിസി പ്രസിഡന്റ് ബ്ര. ബാബു ജോസഫ് കൊട്ടാരത്തിൽ മുഖ്യപ്രഭാഷണം നടത്തി. ചെറുപുഴ ഫൊറോനയിലെ ചൂരപ്പടവ് ഹോളി ക്രോസ് ചർച്ച് വികാരിയും മലബാർ ക്രിസ്റ്റീന്റെ സ്പിരിച്ച്വൽ ആനിമേറ്ററുമായ ഫാ. ജോസഫ് മഞ്ഞളാംകുന്നേൽ ക്ലാസ് നയിച്ചു. പ്രസ്തുത സെമിനാറിൽവച്ച് കെആർസിസി വൈസ് കോ.ഓർഡിനേറ്ററായി തിരഞ്ഞെടുക്കപ്പെട്ട ബ്ര. ബാബു ജോസഫിനെ പൊന്നാട അണിയിച്ച് ആദരിക്കുകയുണ്ടായി. മധ്യപ്രദേശിലെ സത്നയിൽ ക്രിസ്മസ് പരിപാടിയിൽ പങ്കെടുക്കുകയായിരുന്ന വൈദികർക്കും സെമിനാരി വിദ്യാർത്ഥികൾക്കും നേരെ നടന്ന അക്രമണത്തിൽ ഈ സെമിനാൽ പ്രതിഷേധം രേഖപ്പെടുത്തുകയുണ്ടായി. എസി സെക്രട്ടറി ബ്ര. തങ്കച്ചൻ കുഴിയംപ്ലാവിൽ സ്വാഗതവും, നെല്ലിക്കാംപൊയിൽ കോൺഫ്രൻസ് പ്രസിഡന്റ് ബ്ര. മാത്യു മഞ്ഞപ്പള്ളിൽ നന്ദിയും രേഖപ്പെടുത്തി. സെമിനാറിൽ അറുപതോളംപേർ പങ്കെടുത്തു. സ്നേഹവിരുന്നോടെ യോഗം അവസാനിച്ചു.

## എടൂർ എസിയുടെ സി.സി.റൂബി ജൂബിലി ഭവന വെഞ്ചരിപ്പും താക്കോൽ ദാനവും

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ എടൂർ ഏരീയ കൗൺസിലിലെ നിർമ്മല കോൺഫ്രൻസിന്റെ നേതൃത്വത്തിൽ പണികഴിക്കപ്പെട്ട ആദ്യ റൂബി ജൂബിലി ഭവനത്തിന്റെ വെഞ്ചരിപ്പുകർമ്മം ഡിസംബർ 27 2017 ന് എടൂർ സെന്റ് മേരീസ് ഫൊറോന പള്ളി ഇടവക അസി. വികാരി ഫാ. ആന്റണി ചിറ്റേട്ട് നിർവ്വഹിച്ചു. എസി ആത്മീയ ഉപദേഷ്ടാവ് ഫാ. ആന്റണി മുതുകുന്നേൽ എല്ലാവിധ അനുഗ്രഹാശിസുകളും നേർന്നു. തലശ്ശേരി സെൻട്രൽ കൗൺസിൽ സെക്രട്ടറി. ബ്ര. ബേബി കളരിക്കൽ പണികഴിപ്പിക്കപ്പെട്ട ഭവനത്തിന്റെ താക്കോൽ ദാനകർമ്മം നിർവ്വഹിച്ചു. വിധവയായ കണിയംപ്ലാക്കൽ ഡെയ്സിക്കും കുടുംബത്തിനുംവേണ്ടിയാണ് ഈ ഭവനം നിർമ്മിച്ചത്. എടൂർ എസി. പ്രസിഡന്റ്, ബ്ര. മൈക്കിൾ പൊടിമറ്റത്തിൽ ജോയിന്റ് സെക്രട്ടറി. ബ്ര. തോമസ് തകിടിയേൽ, നിർമ്മല കോൺഫ്രൻസ് അംഗങ്ങൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. എടൂർ എസി നിർമ്മിക്കുന്ന 4 ജൂബിലി ഭവനങ്ങളിൽപ്പെട്ട ആദ്യത്തെ വീടിന് അഞ്ച്ലക്ഷത്തി ഇരുപത്തായ്യായിരം (5 25,000) രൂപയോളം ചിലവഴിച്ചാണ് നിർമ്മിച്ചിട്ടുള്ളത്. ഇതിനായി സഹകരിച്ച എല്ലാവർക്കും എസിയുടെ നന്ദി അറിയിക്കുന്നു. അതോടൊപ്പം സിസിയുടെ അഭിനന്ദനങ്ങൾ.

## സി.സി.തല മത്സരവിജയികൾ 2017

**പ്രസംഗം (ജൂണിയേഴ്സ്)**

I എയ്ഞ്ചൽ മേരി ജോജോ പാറേക്കാട്ട്-സെന്റ് ആൺറണീസ് കോൺഫറൻസ് തിരുമേനി, ചെറുപുഴ

II അജയ് കുഴുപ്പിൽ, കുടിയാന്മല, ചെമ്പേരി, എസി

**2. ക്വിസ് (ജൂണിയേഴ്സ്)**

I അൽഫോൻസ് റോസ് ജെറി കാരന്താനം, സെന്റ് മേരീസ് കോൺഫറൻസ് തളിപ്പറമ്പ് എസി.

II എലിസബത്ത് ഷാജി, പൈസക്കിരി ദേവമാതാ കോൺഫറൻസ്, പൈസക്കരി എസി.

II അൽഫോൻസ് റോസ് ചെമ്പേരി കോൺഫറൻസ് ചെമ്പേരി എസി

**3. ക്രിസ്തീയ ഭക്തിഗാനം (ജൂണിയേഴ്സ്)**

I മെറിൻ മേരി ജിമ്മി, സെന്റ് മേരീസ് വനിത കോൺഫറൻസ് വായാട്ടുപറമ്പ എസി.

II ലിൻമേരി പ്ലാത്തോട്ടം, സെന്റ് മേരീസ് കോൺഫറൻസ്, തളിപ്പറമ്പ എസി.

## യുവജനങ്ങൾ (അംഗങ്ങളല്ലാത്തവർ)

**1. പ്രസംഗം**

I നവ്യ സിബി, സെന്റ് തോമസ് കോൺഫറൻസ് വിജയപുരം, വായാട്ടുപറമ്പ എസി.

II ട്രീസ ജോസ് സെന്റ് സെബാസ്റ്റ്യൻസ് കോൺഫറൻസ് പാടിയോട്ടുചാൽ, ചെറുപുഴ എസി.

**2. ക്വിസ്**

I അഖില കുന്നുംപുറത്ത്, സെന്റ് മേരീസ് കോൺഫറൻസ് ചെറുപുഴ, ചെറുപുഴ എസി

II മേരി സേവ്യർ സെന്റ് മേരീസ് കോൺഫറൻസ് വായാട്ടുപറമ്പ്, വായാട്ടുപറമ്പ് എസി

**3. ക്രിസ്തീയ ഭക്തിഗാനം**

I ജിപ്സ പുറപ്പോക്കര, സെന്റ് മേരീസ് കോൺഫറൻസ് ചെറുപുഴ, ചെറുപുഴ എസി.

II അഭിഷേക് ജോസഫ്, സെന്റ് മേരീസ് കോൺഫറൻസ്, നീലേശ്വരം കാഞ്ഞങ്ങാട് എസി.

**4. ഉപന്യാസം**

I അമിത പി.ടോം, വെള്ളാട് കോൺഫറൻസ്, വായാട്ടുപറമ്പ് എസി.

II ചിഞ്ചു വട്ടപ്പാറ, മാങ്ങോട്ട് കോൺഫറൻസ്, എടൂർ എസി.

**പ്രസംഗം സീനിയേഴ്സ്**

I വർക്കിച്ചൻ ചെങ്ങഴശ്ശേരി സെന്റ് മേരീസ് കോൺഫറൻസ് ഉദയഗിരി, ആലക്കോട് എസി.

II ലിസി സെബാസ്റ്റ്യൻ ലിറ്റിൽഫ്ളവർ കോൺഫറൻസ് കരുവഞ്ചാൽ, വായാട്ടുപറമ്പ് എസി.

**ക്വിസ് സീനിയേഴ്സ്**

I ഫിലോമിന പൊടിമറ്റത്തിൽ മേഴ്സിഫുൾ ജീസസ്സ് കോൺഫറൻസ് ആനപ്പന്തി, കുന്നോത്ത് എസി.

II റോസമ്മ മച്ചിത്താനി സെന്റ് മേരീസ് കോൺഫറൻസ്, എടൂർ, എടൂർ എസി.

**ഉപന്യാസം സീനിയേഴ്സ്**

I റോസമ്മ മച്ചിത്താനി, സെന്റ് മേരീസ് കോൺഫറൻസ് എടൂർ, എടൂർ എസി.

II ജോസഫ് എവി പാലാവയൽ കോൺഫറൻസ്, തോമാപുരം എസി.

## നെല്ലിക്കാംപൊയിൽ എസിയുടെ, സിസി റൂബി ജൂബിലി ഭവന വെഞ്ചരിപ്പും താക്കോൽദാനവും

തലശ്ശേരി സെന്റ് വിൻസെന്റ്ഡിപോൾ സൊസൈറ്റിയുടെ റൂബി ജൂബിലി ഭവനനിർമ്മാണ ഭവനപദ്ധതിയുടെ ഭാഗമായി നെല്ലിക്കാംപൊയിൽ എസിയിൽ നിർമ്മിക്കുന്ന ആറ് ഭവനങ്ങളിൽ ആദ്യഭവനം മണിക്കടവ് സെന്റ് തോമസ് കോൺഫറൻസ് നിർമ്മാണം പൂർത്തിയാക്കി. മണിക്കടവ് ഇടവകയിലെ കല്ലുമ്മേൽ പുറത്ത് മിനിയുടെ കുടുംബത്തിനാണ് നിർമ്മിച്ചുകൊടുക്കുന്നത്. മിനിയും മൂന്നു മക്കളും, മിനിയുടെ മാതാപിതാക്കളും മടങ്ങുന്നതാണ് പ്രസ്തുത കുടുംബം. 5.25 ലക്ഷം രൂപാ ചെലവിൽ പണിത ഭവനം 2018 ജനുവരി ഒന്നാം തീയതി മണിക്കടവ് സെന്റ് തോമസ് ഇടവക, വികാരി, ഫാ. ജോർജ് ഇലവംകുന്നേൽ വെഞ്ചരിപ്പ് കർമ്മംനടത്തി. തലശ്ശേരി സിസി സെക്രട്ടറി ബ്ര. ബേബി കളരിക്കൽ, എസി പ്രസിഡന്റ് ബ്ര. ലൂക്കോസ് കണിപ്പള്ളിൽ, കോൺഫറൻസ് പ്രസിഡന്റ് ബ്ര. കുര്യൻ അറുപത് ചിറയിൽ, സെക്രട്ടറി ബ്ര. ചാക്കോച്ചൻ എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു. ഭവനനിർമ്മാണത്തിന്റെ കൺവീനർ ആയി പ്രവർത്തിച്ചത്, കോൺഫ്രൻസ് അംഗം ബ്ര. ബാബു വട്ടക്കുന്നേൽ ആയിരുന്നു. തുടർന്ന് നടത്തിയ സ്നേഹവിരുന്നിൽ, കോൺഫ്രൻസ് അംഗങ്ങളും കുടുംബാംഗങ്ങളും, അയൽവാസികളും പങ്കെടുത്തു. ഇതിനായി സഹകരിച്ച എല്ലാവർക്കും എസിയുടെ നന്ദി അറിയിക്കുന്നു. അതോടൊപ്പം സിസിയുടെ അഭിനന്ദനങ്ങൾ.

## കുന്നോത്ത് എസി സെമിനാർ

സെന്റ് വിൻസെന്റ് ഡിപോൾ സൊസൈറ്റി കുന്നോത്ത് എസിയുടെ 2017-2018 വർഷത്തെ മൂന്നാമത്തെ ആദ്ധ്യാത്മിക സെമിനാർ 16.12.2017 ശനിയാഴ്ച്ച 2 മണിമുതൽ 5 വരെ കിളിയന്തറ സെന്റ് മേരീസ് പാരീഷ്ഹാളിൽ വെച്ചു നടത്തപ്പെട്ടു. സെമിനാറിൽ 80ഓളം അംഗങ്ങൾ പങ്കെടുത്തു.

യോഗത്തിൽ എസി പ്രസിഡന്റ് ബ്ര.ബേബി കളരിക്കൽ അധ്യക്ഷത വഹിച്ചു. സിസി പ്രസിഡന്റ് ബ്ര. ബാബു കൊട്ടാരത്തിൽ മുഖ്യപ്രഭാഷണം നടത്തി. കിളിയന്തറ വികാരി ബഹു. മാത്യു പോത്തനാമലഅച്ചൻ സെമിനാറിൽ ക്ലാസ് നയിച്ചു. വിൻസെൻഷ്യൽ പ്രവർത്തകർ ദൈവകരുണയുടെ ആൾരൂപങ്ങളായി പ്രവർത്തിക്കണമെന്ന് ആഹ്വാനംചെയ്തു. ബ്ര. ബാബു അഴകാത്തുമണ്ണിൽ സ്വാഗതവും സി. കുട്ടിയമ്മ ജോർജ് തടവനാൽ നന്ദിയും പറഞ്ഞു.

## കുന്നോത്ത് എസി പ്രസിഡന്റ് തിരഞ്ഞെടുപ്പ്

9.01.2018ൽ കച്ചേരിക്കടവ് പാരീഷ്ഹാളിൽവച്ച് കൂടിയ എസി യോഗത്തിൽ പുതിയ പ്രസിഡന്റിനെ തെരഞ്ഞെടുത്തു. ബ്ര. ജോസ് വാണിയകി

ഴക്കേലിനെ (പെരിങ്കരി കോൺഫ്രൻസ് പ്രസിഡന്റ്) യോഗം ഐക്യക ണ്ഠേന തെരഞ്ഞെടുത്തു.

## കുന്നോത്ത് ഏരിയ കൗൺസിൽ ഭാരവാഹികൾ

പ്രസിഡന്റ് - ബ്ര. ജോസ് വാണിയകിഴക്കേൽ, വൈസ്. പ്രസിഡന്റ് ബ്ര. ജേക്കബ് പുത്തൻപുര, സെക്രട്ടറി - ബ്ര. ജോസ് അണിയറ, ജോ. സെക്രട്ടറി - സി. കുട്ടിയമ്മ ജോർജ് തടവനാൽ, ട്രഷറർ - ബ്ര. ബാബു അഴകാത്തുമണ്ണിൽ.

കഴിഞ്ഞ 6 വർഷക്കാലം കുന്നോത്ത് എസിയെ നയിക്കുകയും സ്തുത്യർഹമായി സേവനം ചെയ്യുകയും ചെയ്ത ബ്ര. ബേബി കളരിക്ക ലിനെ നന്ദിയോടെ ഓർക്കുന്നു. അദ്ദേഹത്തിന്റെ സേവനം കുന്നോത്ത് എസിക്ക് ഒരു മുതൽകൂട്ടായിരുന്നു. ഇനിയുള്ള കാലം തലശ്ശേരി സെൻട്രൽ കൗൺസിലിന്റെ വളർച്ചയ്ക്ക് ഏറെ ആവശ്യമായതിനാൽ അദ്ദേഹത്തിന് കൂടുതൽ ഉത്തരവാദിത്വങ്ങൾ ഏല്പിക്കുമെന്നും നന്ദി പ്രസംഗത്തിൽ സിസി പ്രസിഡന്റ് പറയുകയുണ്ടായി. എസി പ്രസിഡന്റ് സ്ഥാനം ഒഴിഞ്ഞ ബേബി സാർ പുതിയ പ്രസിഡന്റിന് ആശംസകൾ നേർന്നു. സിസി പ്രസിഡന്റ് തിരഞ്ഞെടുപ്പിന് നേതൃത്വം കൊടുത്തു. പുതിയ പ്രസിഡന്റിന് മറ്റു കോൺഫ റൻസ് പ്രസിഡന്റുമാർ ആശംസകൾ നേരുകയും പിന്തുണ പ്രഖ്യാപിക്കു കയും ചെയ്തു. സമാപന പ്രാർത്ഥനയോടെ യോഗം പര്യവസാനിച്ചു.

## അഭിനന്ദനങ്ങൾ

13.01.2018ന് എറണാകുളം സെന്റ് ആൽബർട്ട്സ് എച്ച്എസ്എസ് ൽവച്ച് കെആർസിസിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട സംസ്ഥാന മത്സരങ്ങ ളിൽ (ഓസാനം ഫെസ്റ്റ് 2018) തലശ്ശേരി സെൻട്രൽ കൗൺസിലിനെ പ്രതി നിധീകരിച്ചു വിജയികളായവർക്ക് തലശ്ശേരി സിസിയുടെ അഭിനന്ദനങ്ങൾ.

## ഓവറോൾ ചാമ്പ്യൻഷിപ്പ് - ഓസാനാം ഫെസ്റ്റ് 2018

ഒന്നാം സ്ഥാനം നേടിയത് കോതമംഗലം സിസിയും (57 പോയിന്റ്) രണ്ടും മൂന്നും സ്ഥാനങ്ങൾ തലശ്ശേരി സിസിയും (55 പോയിന്റ്) എറണാ കുളം സിസിയും (45 പോയിന്റ്) കരസ്ഥമാക്കി.

## മത്സരവിജയികൾ - ജൂണിയേഴ്സ്

**1. പ്രസംഗം:** ഒന്നാം സമ്മാനം - എയ്ഞ്ചല മേരി ജോജോ പാറേക്കാട്ട് സെന്റ് ആന്റണീസ് കോൺഫറൻസ്, തിരുമേനി ചെറുപുഴ എസി.

**2. ക്രിസ്തീയ ഭക്തിഗാനം:** ഒന്നാം സമ്മാനം - മെറിൻ മേരി ജിമ്മി സെന്റ് മേരീസ് കോൺഫറൻസ്, വായാട്ടുപറമ്പ എസി.

**3. ക്വിസ്:** മൂന്നാം സമ്മാനം - അൽഫോൻസ് റോസ് ജെറി കാരന്താനം, സെന്റ് മേരീസ് കോൺഫറൻസ്, തളിപ്പറമ്പ് എസി.

**യുവജനങ്ങൾ (അംഗങ്ങളല്ലാത്തവർ)**

**1. ക്വിസ്:** ഒന്നാംസമ്മാനം-അഖില അന്ന ബാബു കുന്നുംപുറത്ത് സെന്റ് മേരീസ് കോൺഫറൻസ് ചെറുപുഴ, ചെറുപുഴ എസി.

**സീനിയേഴ്സ്**

**പ്രസംഗം:** രണ്ടാംസമ്മാനം-ബ്ര. വർക്കിച്ചൻ ചെങ്ങഴശ്ശേരി സെന്റ് മേരീസ് കോൺഫറൻസ് ഉദയഗിരി, ആലക്കോട് എസി.

## വെള്ളരിക്കുണ്ട് എസിയുടെ സിസി റൂബി ജൂബിലി ഭവനത്തിന്റെ വെഞ്ചരിപ്പും താക്കോൽ ദാനവും

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി തലശ്ശേരി സെൻട്രൽ കൗൺസിൽ റൂബി ജൂബിലിയോടനുബന്ധിച്ച് നിർമ്മിച്ച ഭവനത്തിന്റെ താക്കോൽ ദാനം ജനുവരി 1ന് ഭീമനടി ക്രിസ്തുരാജ കോൺഫറൻസ് ഹാളിൽ നടന്ന ചടങ്ങിൽ തലശ്ശേരി അതിരൂപത സഹായമെത്രാൻ **മാർ ജോസഫ് പാംപ്ലാനി** നിർവ്വഹിച്ചു.

തുടർന്ന് ഭവനത്തിന്റെ ആശീർവാദകർമ്മം ഭീമനടി പള്ളിവികാരി ബഹു. തോമസ് ആൻഡ്രൂസ് തെക്കേൽ അച്ചൻ നിർവ്വഹിച്ചു. എസിപ്രസിഡന്റ് ബ്ര. ജോസഫ് പറയിടം, ബ്ര. ജോസഫ് പുല്ലാട്ടുകുന്നേൽ, ബ്ര. ഫിലിപ്പോസ് ഊത്തപാറയ്ക്കൽ ആശംസകൾ നേർന്നു. ക്രിസ്തുരാജ കോൺഫറൻസ് അംഗങ്ങൾ ഭവനനിർമ്മാണത്തിന് നേതൃത്വം നൽകി. 650, ച. അടിയിൽ നിർമ്മിച്ച ഭവനത്തിന് അഞ്ച് ലക്ഷത്തിൽപരം രൂപാ ചിലവായി. ചിറ്റടി മഞ്ജുവിന്റെ കുടുംബത്തിന് ഭവനം കൈമാറി. സഹകരിച്ച എല്ലാവർക്കും സിസിയുടെ അഭിനന്ദനങ്ങൾ നേരുന്നു.

## കാരുണ്യസ്പർശം

തലശ്ശേരി അതിരൂപതയിലെ സെന്റ് വിൻസെന്റ് ഡി പോൾ അംഗങ്ങൾ ഒരു ദിവസത്തെ രഹസ്യപ്പിരിവിലൂടെ സമാഹരിച്ച തുക **(1,30,617)** ഓഖി ദുരന്തത്തിൽ ദുരിതമനുഭവിക്കുന്ന സഹോദരങ്ങൾക്ക് നാഷണൽ കൗൺസിൽ വഴിയായി വിതരണം ചെയ്യുവാൻ അയച്ചുകൊടുത്തു.

സ്നേഹപൂർവ്വം,

**ബ്ര. ബാബു ജോസഫ് കൊട്ടാരത്തിൽ**
സിസി. പ്രസിഡന്റ്

# ഫ്രാൻസിസ്കൻ അൽമായസഭ
## (എസ്.എഫ്.ഒ.)

### ഏവർക്കും സമാധാനവും സൗഭാഗ്യവും!

### അതിരൂപതാ ഭാരവാഹികൾ

2018-2021 കാലഘട്ടത്തിൽ അൽമായ സഭയെ നയിക്കുവാനും ശുശ്രൂഷിക്കുവാനും വളർത്തുവാനുമുള്ള വലിയ ഉത്തരവാദിത്ത്വവുമായി പുതിയ അതിരൂപതാ ഭരണസമിതി നിലവിൽ വന്നു. ബ്ര. മാത്തുകുട്ടി പൂത്തോട്ടാൽ പ്രസിഡന്റായുള്ള അതിരൂപതാ സമിതിയുടെ കാലാവധി പൂർത്തിയാക്കിയതിനുശേഷമുള്ള ഈ തെരഞ്ഞെടുപ്പു ചാപ്റ്ററിൽ അത്യുത്സാഹത്തോടെ പങ്കെടുക്കുകയും ഉത്തരവാദിത്വബോധത്തൊടെ സഹകരിക്കുകയും ചെയ്ത എല്ലാ മിനിസ്റ്റേർസിനും ചാപ്റ്റർ മെമ്പേഴ്സിനും നന്ദിയർപ്പിക്കുന്നു. ചെമ്പേരി മദർ തെരേസ ഓഡിറ്റോറിയത്തിൽവച്ച് ജനുവരി 19-ാം തീയതി നടത്തിയ പ്രസ്തുത ചാപ്റ്ററിനുവേണ്ട എല്ലാ സാഹചര്യങ്ങളും കൃത്യമായി ഒരുക്കിയ ചെമ്പേരി ഭ്രാതൃത്വത്തിന്നും, അതിനു നേതൃത്വം നൽകുന്ന ബ്ര. ജോസ് കൊട്ടാരത്തിനും പ്രത്യേകം നന്ദിയർപ്പിക്കുന്നു. മൂന്ന് റീജിയനുകളിലായുള്ള ഭ്രാതൃത്വങ്ങളെ പ്രർത്ഥിച്ചൊരുക്കുകയും കൃത്യമായി വിളിച്ചുകൂട്ടുകയും ചെയ്ത റീജിയണൽ മിനിസ്റ്റർസ്, ബ്ര. ജോണി വാഴൂപടിക്കൽ, ബ്ര. ജോസ് ആലപ്പാട്ട്, ബ്ര. ജോയി മൂങ്ങാമാക്കൽ എന്നിവരോടും, സഹകരിച്ച എല്ലാ ഭ്രാതൃത്വ ഭാരവാഹികളോടും നന്ദി പറയുന്നു

20-ാം തീയതി വെള്ളിയാഴ്ച, രാവിലെ 9.30ന് ഫ്രാൻസിസ്ക്കൻ പ്രർത്ഥനയോടെയാണ് ചാപ്റ്റർ ആരംഭിച്ചത്. തുടർന്ന് അതിരൂപതാ ആത്മീയ സഹായി, ഫാ. ബിജു ഇളമ്പച്ചംവീട്ടിലിന്റെ കാർമ്മികത്വത്തിൽ ദിവ്യബലി അർപ്പിക്കുകയും ചാപ്റ്ററിന്റെ വിജയത്തിനായി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്തു. തുടർന്ന് മദർ തെരേസ ഓഡിറ്റോറിയത്തിൽ, പ്രാർത്ഥനയോടെയും വചനവായനയോടെയും കൂടി ആരംഭിച്ച ചാപ്റ്റർ സമ്മേളനത്തിന്, അതിരൂപത പ്രസിഡന്റു ബ്ര. മാത്തുക്കുട്ടി പൂത്തോട്ടാൽ സ്വാഗതം നേർന്നു. തുടർന്നു സെക്രട്ടറി എബി കാരാമയിൽ റിപ്പോർട്ട് അവതരിപ്പിക്കുകയും സമ്മേളനം അതു അംഗീകരിക്കുകയും ചെയ്തു. ചാപ്റ്റർ സമ്മേളനത്തിനു അദ്ധ്യക്ഷം വഹിച്ച എസ്.എഫ്.ഒ. അതിരൂപതാ ഡയറകടർ ഫാ. ബിജു ഇളമ്പച്ചംവീട്ടിൽ അധികാരത്തേയും സേവനത്തേയും കുറിച്ചുള്ള ഫ്രാൻസിസ്കൻ പഠനങ്ങൾ അവതരിപ്പിക്കുകയും മലബാർ മേഖലയുടെ വിശാലമായ സാധ്യതകളെക്കുറിച്ചു അംഗങ്ങളെ ഓർമ്മിപ്പിക്കുകയും ചെയ്തു. തുടർന്ന്, മുൻ അതിരൂപതാ മിനിസ്റ്റർ ബ്ര. മാത്യു പുല്ലാട്ട് ഇലക്ഷൻ ചാപ്റ്റർ ഉത്ഘാടനം ചെയ്യുകയും, നേതൃസ്ഥാനം അലങ്കരിക്കാൻ പോകുന്നവർക്കു വേണ്ട ആത്മീയ തീക്ഷ്ണതയെപ്പറ്റി ഓർമ്മപ്പെടുത്തുകയും ചെയ്തു.

തുടർന്ന് നടന്ന ഇലക്ഷനിൽ താഴെ പറയുന്നവർ എസ്.എഫ്.ഒ. അതിരൂപതാ ഭാരവാഹികളായി ഐക്യകണ്ഠേന തെരഞ്ഞെടുക്കപ്പെട്ടു.

ബ്ര. കുര്യാക്കോസ് പുതിയേടത്തുപറമ്പിൽ (ചെമ്പേരി) അതിരൂപതാ മിനിസ്റ്റർ, സി. മേരി കൊച്ചുകൈപ്പേൽ (ചന്ദനക്കാമ്പാറ) വൈസ് മിനിസ്റ്റർ ബ്ര. എബി കാരാമയിൽ (നെല്ലിക്കാംപോയിൽ) സെക്രട്ടറി, ബ്ര. പോൾ കൂട്ടുങ്കൽ (കോഴിച്ചാൽ) ഫോർമേറ്റർ, ബ്ര. സോജൻ കൊച്ചുമലയിൽ (എടൂർ) ഖജാൻജി, സി. മോളി മൂലമുറിയിൽ (ചെറുപുഴ) കൗൺസിലർ, സി. ഏലിക്കുട്ടി തൈക്കുന്നുമ്പുറം (വയാട്ടുപറമ്പ്) കൗൺസിലർ, ബ്ര. സാജു ഞാളിയൻ (ചുങ്കക്കുന്ന്) കൗൺസിലർ, ബ്ര. തങ്കച്ചൻ അരീക്കുഴിയിൽ (ആലക്കോട്) കൗൺസിലർ.

തുടർന്ന് നടന്ന ചടങ്ങിൽ, അതിരൂപതാ ഡയറക്ടറും മലബാർ മേഖലയുടെ ആത്മീയ സഹായിയുമായ ഫാ. ബിജു ഇളമ്പച്ചംവീട്ടിൽ തിരുസഭയുടെയും ഫ്രൻസിസ്കൻ സഭയുടേയും നാമത്തിൽ ഈ തെരഞ്ഞെടുപ്പ് സ്ഥിരീകരിക്കുകയും, അതിരൂപതാ മുൻ പ്രസിഡന്റ് ബ്ര. മാത്തുക്കുട്ടി പൂത്തോട്ടാൽ, സീൽ കൈമാറി പുതിയ ഭാരവാഹികളെ സ്ഥാനം ഏൽപിക്കുകയും ചെയ്തു. റീജിയണൽ മിനിസ്റ്റർമാരായ ബ്ര. ജോണി വഴൂപടിയിൽ, ബ്ര. ജോസ് ആലപ്പാട്ട്, ബ്ര. ജോയ് മൂങ്ങാമാക്കൽ എന്നിവർ പുതിയ ഭാരവാഹികളെ അനുമോദിക്കുകയും പിന്തുണ വാഗ്ദാനം ചെയ്യുകയും ചെയ്തു. തുടർന്ന് ബ്ര. കുര്യാക്കോസ് പുതിയിടത്തുപറമ്പിൽ ചാപ്റ്ററിനെ അഭിസംബോധന ചെയ്തു സംസാരിച്ചു. സെക്രട്ടറി എബി കാരാമയിലിന്റെ നന്ദിപ്രകശനത്തോട് കൂടി ചാപ്റ്റർ സമാപിക്കുകയും ഏവരും സ്നേഹവിരുന്നോടുകൂടി തങ്ങളുടെ സന്തോഷം പങ്കുവച്ചു പിരിയുകയും ചെയ്തു. അൽമായ സഭയുടെ മൂന്ന് വർഷം കൂടിയുള്ള ഈ ഇലക്ഷൻ ചാപ്റ്ററിൽ വിവിധ തലങ്ങളിലായി ഭാരവാഹിത്വം പേറുന്ന 82 അംഗങ്ങൾ പങ്കെടുത്തു.

## അതിരൂപതാ കമ്മറ്റി മീറ്റിംഗ്

19-ാം തീയതി തെരഞ്ഞെടുപ്പിനുശേഷം കൂടിയ അതിരൂപതാ കമ്മിറ്റിയുടെ ഹൃസ്വമായ മീറ്റിങ്ങിൽ ഭാരവാഹികൾ പരസ്പരം അഭിനന്ദിക്കുകയും പ്രാർത്ഥനയും പിന്തുണയും വാഗ്ദാനം ചെയ്യുകയും ചെയ്തു. അതിരൂപതയുടെ ഇടയന്മാരെ സന്ദർശിക്കുവാനും അവരുടെ അനുഗ്രഹാശിസ്സുകൾ വാങ്ങിക്കുവാനുമായി ഒരു ദിവസം പിതാക്കന്മാരുടെ അനുവാദത്തോടെ നിശ്ചയിക്കുവാൻ അതിരൂപതാ ആത്മീയസഹായിയെ യോഗം ചുമതലപ്പെടുത്തി. സാധിക്കുമെങ്കിൽ അന്നേദിവസം പിതാക്കന്മാരോടൊപ്പം അതിരൂപത കമ്മിറ്റി മീറ്റിംഗ് കൂടുവാനും നിർദ്ദേശിക്കപ്പെട്ടു. അതിരൂപതാ പാസ്റ്ററൽ കൗൺസിലിലേക്ക് എസ്.എഫ്.ഒ. പ്രതിനിധികളായി മൂന്നുപേരെ നാമനിർദ്ദേശം ചെയ്തു. ബ്ര. കുര്യാക്കോസ് പുതിയേടത്തു പറമ്പിൽ, സി.

മേരി കൊച്ചുകൈപ്പേൽ, ബ്ര. എബി കാരാമയിൽ എന്നിവരെ യാണ് യോഗം നാമനിർദ്ദേശം ചെയ്തതു.

പുതുതായി തെരഞ്ഞെടുക്കപ്പെട്ട അതിരൂപതാ ഭാരവാഹികളെ എസ്.എഫ്.ഒ. സീറോ മലബാർ കോർഡിനേഷൻ കമ്മിറ്റി അഭിനന്ദിച്ചു. മലബാർ മേഖലയിൽ മുഴുവനും ഫ്രാൻസിസ്കൻ ദീപ്തി പരത്താൻ പുതിയ ഭാരവാഹികളുടെ സമർപ്പിതശ്രമങ്ങൽ വഴി ഇടയാകട്ടെ എന്നു കോ-ഓർഡിനേഷൻ കമ്മിറ്റി ചെയർമാൻ ബ്ര. സിബിച്ചൻ സ്രാങ്കൻ ആശംസിച്ചു. സെക്രട്ടറി ബ്ര. ജോർജ് വരമ്പകത്ത്, നാഷണൽ സ്പിരിച്ചൽ അസിസ്റ്റന്റ് റവ. ഫാ. ജോസ് പോന്നൂർ തുടങ്ങിയവരും തങ്ങളുടെ ആശംസകൾ അറിയിച്ചു.

## ഫാ. ആർമണ്ട് അനുസ്മരണം

കേരള കരിസ്മാറ്റിക് മുന്നേറ്റത്തിന്റെ പ്രാരംഭകനും ഫ്രാൻസിസ്കൻ സഭയിലെ പുണ്യസാന്നിദ്ധ്യവുമായിരുന്ന ആർമണ്ടച്ചന്റെ 18-ാം ചരമ വാർഷികം ജനുവരി 12-ാം തീയതി പട്ടാരം വിമലഗിരി ധ്യാനമന്ദിരത്തിൽവച്ച് ആഘോഷിക്കപ്പെട്ടു. ഫ്രാൻസിസ്കൻ അൽമായ സഭയുടെ പാലാരൂപതാ ഡയറക്ടറായി സ്തുത്യർഹമായ സേവനം നിർവ്വഹിച്ച ആച്ചൻ, ഫ്രാൻസിസ്കൻ അൽമായ സഭാംഗങ്ങൾക്കുവേണ്ടിയായിരുന്നു ആദ്യമായി കരിസ്മാറ്റിക് ധ്യാനം നടത്തിയത് എന്നത് ശ്രദ്ധേയമാണ്. മലബാറിൽ അച്ചൻ സേവനം ചെയ്യുമ്പോഴും ഫ്രാൻസിസ്കൻ അൽമായ സഭാംഗങ്ങൾക്കായി സമയം മാറ്റിവയ്ക്കുന്നതിൽ സന്തോഷം കണ്ടെത്തിയിരുന്നു.

ആർമണ്ടച്ചന്റെ അനുസ്മരണത്തിൽ വിവിധ ഭ്രാതൃത്വങ്ങളിൽ നിന്നായി ധാരാളം അംഗങ്ങൾ പങ്കെടുക്കുകയും അച്ചനുവേണ്ടി പ്രർത്ഥിക്കുകയും ചെയ്തു. ഒരു വിശുദ്ധൻ എന്നു വിശ്വസിക്കപ്പെടുന്ന അച്ചന്റെ നാമകരണ നടപടികൾ എത്രയും പെട്ടന്ന് ആരംഭിക്കട്ടെ എന്ന് അൽമായ സഭാംഗങ്ങൾ പ്രാർത്ഥിക്കുന്നു. അൽമായരെ അങ്ങേയറ്റം സ്നേഹിക്കുകയും പ്രോത്സാഹിപ്പിക്കുകയും വളർത്തുകയും ചെയ്ത ആർമണ്ടച്ചന്റെ മാദ്ധ്യസ്ഥ്യം നമ്മുടെ അതിരൂപതയിലെ അൽമായ സഭയുടെ വളർച്ചക്ക് വളമാകും എന്നു നമുക്കു പ്രതീക്ഷിക്കാം.

ഏവർക്കും അനുഗ്രഹപ്രദമായ ഒരു നോമ്പുകാലപ്രവേശനം ആശംസിച്ചുകൊണ്ട്,

**ഫാ. ബിജു ഇളമ്പച്ചംവീട്ടിൽ, കപ്പൂച്ചിൻ**
അതിരൂപതാ ആത്മീയ സഹായി

# ഇൻഫാം വാർത്തകൾ

ജനുവരി 15 കർഷകദിനാചരണം വിവിധമേഖലകളിൽ ആചരിക്കുകയുണ്ടായി. ജനുവരി മാസം വിളവെടുപ്പിന്റെ അവസരമാണ് കഴിഞ്ഞ കൃഷിയെക്കുറിച്ച് വിലയിരുത്തുവാനും. വിചിന്തനം നടത്തുവാനും ഈ ആചരണം നമ്മെ ഓർമ്മപ്പെടുത്തുന്നു. കാർഷീക മേഖല കടുത്ത പരീക്ഷണങ്ങളിലൂടെയാണ് കടന്നുപോകുന്നത്. കാർഷിക വിളത്തകർച്ചയും വിലത്തകർച്ചയും സാരമായി ബാധിക്കുന്നു. കാർഷീകവിളകൾക്ക് വിലസ്ഥിരത ഉറപ്പുവരുത്താനുള്ള ബാധ്യത സർക്കാരിനാണ് രാജ്യത്തെ ഭക്ഷ്യ സുരക്ഷ ഉറപ്പു വരുത്തുന്ന കർഷകരോടു പ്രതിബദ്ധതയുള്ള സർക്കാർ ഉണ്ടാകണം അത്തരം സർക്കാരിനുവേണ്ടിയുള്ള പരിശ്രമം കർഷകരുടെ ഭാഗത്ത് നിന്നുണ്ടാകണം. രാജ്യത്തെ സർവ്വമേഖലകളിലും സംഘടിത ശക്തിയിലൂടെ അവകാശങ്ങൾ നേടിയെടുക്കുമ്പോൾ കർഷകർ മാത്രം നിശബ്ദരാകുന്നത് ശരിയല്ല. കർഷകരുടെ അവകാശങ്ങൾ നേടിയെടുക്കാൻ ഒറ്റക്കെട്ടായി നമുക്ക് പരിശ്രമിക്കാം.

## ഇൻഫാം ദേശീയ കർഷകദിനാചരണം

കല്ലുമുതിരക്കുന്നിൽ ഇൻഫാം ദേശീയ കർഷകദിനാചരണം നടന്നു. സമ്മേളനനഗരിയിൽ ഇൻഫാം ദേശീയ ചെയർമാൻ ഫാ. ജോസഫ് ഒറ്റപ്ലാക്കൽ പതാക ഉയർത്തി. ശ്രീ ബാബു അടിച്ചിറയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനം പേരാവൂർ എംഎൽഎ ശ്രീ സണ്ണി ജോസഫ് ഉദ്ഘാടനം നിർവ്വഹിച്ചു. ഫാ. ജോസഫ് കാവനാടി മുഖ്യപ്രഭാഷണം നടത്തി. ശ്രീ സ്കറിയ കളപ്പുര, ഫാ. ജയ്സൺ ആനിക്കാത്തോട്ടത്തിൽ, ശ്രീ സണ്ണി, ശ്രീ ലാലു ചാവറത്ത് എന്നിവർ പ്രസംഗിച്ചു. പരമ്പരാഗത കർഷകവേഷത്തിൽ കർഷകർ സമ്മേളനത്തിൽ പങ്കെടുത്തു. മികച്ച കർഷകരെ ആദരിക്കുകയും അവാർഡുകൾ വിതരണം ചെയ്യുകയും ചെയ്തു. ജില്ലാതല കർഷകദിനാചരണം അമ്മംകുളം പാരീഷ്ഹാളിൽ നടത്തുകയുണ്ടായി. അമ്മംകുളം ഇൻഫാം മേഖലാകമ്മറ്റി സമ്മേളനത്തിന് നേതൃത്വം നൽകി. സമ്മേളനം ഇൻഫാം അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് കാവനാടി ഉദ്ഘാടനം നിർവ്വഹിച്ചു. ജില്ലാപ്രസിഡന്റ് സ്ക്കറിയ നെല്ലംകുഴി അധ്യക്ഷത വഹിച്ചും റവ. ഫാ. ജോസഫ് പുതുശ്ശേരി, ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീ ജോയി കൊന്നയ്ക്കൽ, വാർഡ് മെമ്പർ ശ്രീ ജെയിംസ് പുറപ്പുക്കര, ഇൻഫാം ജില്ലാ സെക്രട്ടറി യു.ഒ. തോമസ് എന്നിവർ പ്രസംഗിച്ചു. ബെന്നി കൊള്ളിപ്പറമ്പിൽ, കെ.പി. കുഞ്ഞമ്പു, ബാബു പായിക്കാട്ട് എന്നിവരെ മികച്ച കർഷകർക്കുള്ള അവാർഡ് നല്കി ആദരിച്ചു.

## ചെമ്പന്തൊട്ടി മേഖല കർഷകദിനാചരണം

ചെമ്പന്തൊട്ടി മേഖലാ തലത്തിൽ ഇൻഫാം കർഷകദിനം ആചരിച്ചു. ഇൻഫാം അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് കാവനാടി സമ്മേളനം ഉദ്ഘാടനം നിർവ്വഹിച്ചു. ഫൊറോന വികാരി ഫാ. ജോസ് മാണിക്കത്താഴെ അദ്ധ്യക്ഷത വഹിച്ചു. ചെങ്ങളായി പഞ്ചായത്ത് പ്രസിഡന്റ് രത്നകുമാരി അവാർഡ് വിതരണം ചെയ്തു. ശ്രീകണ്ഠാപുരം നഗരസഭാ കൗൺസിലർ വർഗീസ് നെടിയകാലായിൽ, സ്കറിയ നെല്ലംകുഴി, സണ്ണിപുല്ലുവേലി, ലാലിച്ചൻ കുഴിയാത്ത്, ആന്റണി ജീരകത്തിൽ, ജോസ് തോനാനിക്കൽ, ബാബു തയ്യിൽ എന്നിവർ പ്രസംഗിച്ചു. മാത്യു മാനാമ്പുറം, ജിമ്മി കുര്യാക്കോസ് കുഴിയാത്ത്, പൗലോസ് ചക്യാത്ത്, ജേക്കബ് ചക്കുങ്കൽ, സോണി തുരുത്തിമറ്റം. എം.വി. ഇട്ടിര, ജോസഫ് കണ്ടത്തിൻകര, ഷാജൂ മുതുകാട്ടിൽ, ഇ. കെ. നാരായണൻ, ജോസഫ് കടുപ്പിൽ എന്നിവരെ കർഷക പ്രതിഭകളായി ആദരിച്ചു.

## കർഷകസ്നേഹ അവാർഡ്

2017–18 വർഷത്തെ കർഷകസ്നേഹി അവാർഡ് ജേതാക്കളായി ഫാ. ജോസഫ് പുതുശ്ശേരി, ശ്രീ ആന്റണി ജീരകത്തിൽ എന്നിവരെ തിരഞ്ഞെടുത്തു. മികച്ച കർഷകരും വർഷങ്ങളായി കർഷകരുടെ ഉന്നമനത്തിനായി പ്രവർത്തിക്കുകയും സാമൂഹ്യ സാംസ്കാരിക മേഖലകളിലെ സേവനങ്ങളെയും അനുസ്മരിച്ചാണ് അവാർഡിനായി തിരഞ്ഞെടുത്തത്. ബഹുമാനപ്പെട്ട ജോസഫ് പുതുശ്ശേരി അച്ചനും ഇൻഫാം കണ്ണൂർ ജില്ലാ വൈസ് പ്രസിഡന്റ് ശ്രീ ആന്റണി ജീരകത്തിനും ഇൻഫാം കുടുംബത്തിന്റെ അഭിനന്ദനങ്ങളും ആശംസകളും.

**ഫാ. ജോസഫ് ഒറ്റപ്ലാക്കൽ**
ദേശീയ ചെയർമാൻ

**ഫാ. ജോസഫ് കാവനാടി**
ഡയറക്ടർ

**സ്ക്കറിയ നെല്ലംകുഴി**
ജില്ലാ പ്രസിഡന്റ്

# കെ. സി. ബി. സി. മദ്യവിരുദ്ധ സമിതി

## അതിരൂപതാ മദ്യവർജ്ജന പ്രസ്ഥാനം റൂബി ജൂബിലി പ്രഖ്യാപനം

അതിരൂപത മദ്യവർജ്ജനപ്രസ്ഥാനത്തിന്റെ റൂബി ജൂബിലി പ്രഖ്യാപനം 2017 ഡിസംബർ 31ന് ഞായറാഴ്ച 2 മണിക്ക് പേരാവൂർ ബിഷപ്പ് വള്ളോപ്പിള്ളി (പാരീഷ്ഹാൾ) നഗറിൽ ചേർന്ന 40-ാം വാർഷിക സമ്മേളനത്തിൽ വച്ച് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ദീപം തെളിയിച്ച് ഉദ്ഘാടനം ചെയ്തു. സാമൂഹ്യതിന്മകൾക്കെതിരെയുള്ള പോരാട്ടം യുഗാന്ത്യംവരെയുള്ള പോരാട്ടമാണെന്നും ഈ ദീപത്തിന്റെ ജ്വലനംപോലെ നിങ്ങളുടെ ഹൃദയങ്ങളും തിന്മകൾക്കെതിരെ ജ്വലിച്ചുനിൽക്കണം എന്ന് ആശംസിച്ചു കൊണ്ട് റൂബി ജൂബിലി ദീപത്തിൽനിന്നും ചെറു ദീപങ്ങൾ പകർത്തി സദസ്യർക്ക് നൽകി. മദ്യവർജ്ജന പ്രസ്ഥാനത്തിന്റെ 40-ാം വാർഷിക സമ്മേളനം പേരാവൂർ എം.എൽ.എ. അഡ്വ. സണ്ണി ജോസഫ് നിലവിളക്ക് കൊളുത്തി ഉദ്ഘാടനം ചെയ്തു.

മദ്യപാനത്തിന്റെയും മയക്കുമരുന്ന് ഉപയോഗത്തിന്റെയും ദുരിതങ്ങൾക്ക് ഇരകളായി സ്വന്തം ജന്മത്തെ ശപിച്ചുകൊണ്ട് ജീവിതം ജീവിച്ചുതീർക്കുന്ന ലക്ഷക്കണക്കിനു അമ്മമാരുടെ തിളച്ചുമറിയുന്ന വികാരങ്ങളെ പ്രകടിപ്പിക്കാനുള്ള ഒരു പ്രതികരണ വേദിയായി മദ്യവിരുദ്ധ സമിതി വിഭാവനം ചെയ്യുന്ന മുക്തി ശ്രീ (മോചനം ഐശ്വര്യം) എന്ന സ്ത്രീ സംഘടനയുടെ ഉദ്ഘാടനം മുക്തി ശ്രീ പ്രസിഡന്റ് ശ്രീമതി മാർഗരറ്റ് മാത്യുവിന് പതാക കൈമാറികൊണ്ട് നിർമ്മലഗിരി കോളജ് പ്രിൻസിപ്പാൾ ശ്രീമതി സെലീന എൻ. ജെ. ഉദ്ഘാടനം ചെയ്തു.

കെ.സി.ബി.സി. മദ്യവിരുദ്ധസമിതി അതിരൂപത പ്രസിഡന്റ് ഡോ. ജോസ്‌ലറ്റ് മാത്യു സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. ഫാ. തോമസ് തൈത്തോട്ടം ആമുഖപ്രഭാഷണവും പേരാവൂർ ഫൊറോന വികാരി റവ. ഡോ. തോമസ് കൊച്ചുകരോട്ട് സ്വാഗതവും ആശംസിച്ചു. ശ്രീമതി മാർഗരറ്റ് മാത്യു (മുക്തി ശ്രീ) ദേവസ്യ കൊങ്ങോല (എ.കെ.സി.സി.) സിജോ അമ്പാട്ട് (കെ.സി.വൈ.എം.) ബേബി പ്ലാശ്ശേരിൽ (ചെറുപുഷ്പമിഷൻലീഗ്) തങ്കച്ചൻ കൊല്ലകൊമ്പിൽ (മദ്യവിരുദ്ധ സമിതി), സണ്ണി പായ്ക്കാട്ട് (മദ്യവിരുദ്ധ സമിതി), എന്നിവർ പ്രസംഗിച്ചു. മദ്യവിരുദ്ധ സമിതി ജന. സെക്രട്ടറി ജയ്സൺ മർക്കോസ് നന്ദി പ്രകാശിപ്പിച്ചു. തിരുഹൃദയസന്യാസിനി സഭയുടെ വൈസ് പ്രൊവിൻഷ്യാളും കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെയും മുക്തിശ്രീയുടെയും പേരാവൂർ മേഖല ആനിമേറ്ററുമായ സി. എൽസി ജെയിംസിന്റെ നേതൃത്വത്തിൽ നടത്തിയ രംഗപൂജയോടെയാണ് പൊതുസമ്മേളനം ആരംഭിച്ചത്.

റൂബി ജൂബിലി പ്രഖ്യാപന പരിപാടി വൻ വിജയമാക്കിതീർക്കാൻ അക്ഷീണം അദ്ധ്വാനിച്ച ബ. കൊച്ചുകരോട്ടച്ചൻ, ബഹു. ജിൻസൻനച്ചൻ, സി. എൽസി ജെയിംസ്, ജയ്സൺ മർക്കോസ്, കൈക്കാരന്മാർ, മദ്യവിരുദ്ധ സമിതി ഭാരവാഹികൾ തുടങ്ങി എല്ലാവർക്കും അതിരൂപത മദ്യവിരുദ്ധ സമിതിയുടെ ആയിരമായിരം നന്ദി.

## എഡിഎസ്‌യു നവദർശൻ ക്യാമ്പ്

എഡിഎസ്‌യു 15-ാമത് നവദർശൻ ക്യാമ്പ് 2017 ഡിസംബർ 26-30 വരെ പൈസക്കരി ദേവമാതാ സ്കൂളിൽ വച്ച് നടത്തി. ഡിസംബർ 26ന് വൈകുന്നേരം 6 മണിക്ക് എഡിഎസ്‌യു പ്രസിഡന്റ് മാസ്റ്റർ റോഷൻ ബെന്നി പതാക ഉയർത്തുകയും തുടർന്ന് ഉദ്ഘാടനസമ്മേളനവും നടന്നു. ഫാ. തോമസ് തൈത്തോട്ടം ആമുഖഭാഷണവും എഡിഎസ്‌യു പ്രസിഡന്റ് മാസ്റ്റർ റോഷൻ ബെന്നി സ്വാഗതവും ആശംസിച്ചു. പൈസക്കരി ഫൊറോന വികാരി റവ. ഡോ. ജോസ് വെട്ടിക്കലിന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനം പയ്യാവൂർ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഡെയ്സി ചിറ്റൂപ്പറമ്പിൽ നിലവിളക്ക് കൊളുത്തി ഉദ്ഘാടനം ചെയ്തു. മാസ്റ്റർ ഡാൽവിൻ സെബാസ്റ്റ്യൻ, മാസ്റ്റർ ക്രിസ്റ്റോ ജേക്കബ്, ബേബി നെട്ടനാനി, ഫിലിംസ്റ്റാർ സത്താർ പഞ്ചായത്ത് മെമ്പർ ബിനോയി ആലുങ്കത്തടത്തിൽ തുടങ്ങിയവർ ആശംസകൾ നേർന്നു സംസാരിച്ചു. എഡിഎസ്‌യു ചീഫ് ഓർഗനൈസറും ക്യാമ്പ് ഓഫീസറുമായ അഡ്വ. മനോജ് എം കണ്ടത്തിൽ ക്യാമ്പിനെ സംബന്ധിച്ച് പൊതുവിവരണം നൽകി. കുമാരി അലീന സോജൻ നന്ദി പ്രകാശിപ്പിച്ചു.

തുടർന്ന് ക്രിസ്മസ് പപ്പായുടെ നേതൃത്വത്തിൽ കമ്പിത്തിരികളുടെ വർണ്ണപൊലിമയിൽ കേക്ക് മുറിച്ച് മധുരം പങ്കുവച്ചുകൊണ്ട് ക്രിസ്മസ് ആഘോഷം നടത്തി.

കുട്ടികളുടെ വിവിധ കലാപരിപാടികൾ, സായംസന്ധ്യയിലെ ക്യാമ്പ് ഫയർ, ടൂറിസ്റ്റ് കേന്ദ്രമായ പാലക്കയം തട്ടിലേക്കുള്ള വിനോദപഠന യാത്ര എന്നിവയോടൊപ്പം തലശ്ശേരി ഡിവൈഎസ്പി പ്രിൻസ് എബ്രാഹം, കണ്ണൂർ എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ വി.വി. സുരേന്ദ്രൻ, റവ. ഫാ. മാത്യു കോണിക്കൽ, ബ്ര. വർക്കി സി.എസ്.റ്റി, സജീവ് മറ്റത്തിനാനി, അഡ്വ. മനോജ് കണ്ടത്തിൽ തുടങ്ങിയ പ്രഗത്ഭരായ വ്യക്തികൾ വിവിധ വിഷയങ്ങളെ കേന്ദ്രീകരിച്ച് കുട്ടികൾക്ക് ക്ലാസുകൾ എടുത്തു.

## 2018-2019 ലെ പുതിയ ഭാരവാഹികൾ

പ്രസിഡന്റ് - സഞ്ജു ഷാജി തോമാപുരം എച്ച്.എസ്.എസ്., ജന.സെക്രട്ടറി - അഭിനവ ജോർജ് ഷാജി വായാട്ടുപറമ്പ എച്ച്.എസ്. എസ്., വൈ. പ്രസിഡന്റ് - കെവിൻ വർഗീസ് വെള്ളരിക്കുണ്ട്, മെറിൻ ഇഗ്നേഷ്യസ് നെല്ലിക്കുറ്റി, അലീന സോജൻ പൈസക്കരി എച്ച്.എസ്.,അനന്ത കൃഷ്ണ ചെറുപുഴ എച്ച്.എസ്., ജോയിന്റ് സെക്രട്ടറിമാർ - അക്ഷയ സിബി വയത്തൂർ, ഡയാന ടോം പുലിക്കുരുമ്പ, റോസ് മേരി മണിക്കടവ്, മരിയ മഞ്ഞളാപുറം.

## സമാപനം

പഴയ ഭാരവാഹികളുടെ നിസ്വാർത്ഥമായ സേവനങ്ങൾക്ക് നന്ദിയും പുതിയ ഭാരവാഹികൾക്ക് വിജയങ്ങളും നേർന്നുകൊണ്ട് ഡയറക്ടർ ഫാ. തോമസ് തൈത്തോട്ടം പ്രസംഗിച്ചു.

എഡിഎസ്‌യുവിനെ സംബന്ധിച്ച് എത്ര നന്ദിപറഞ്ഞാലും തികയാത്ത വ്യക്തിത്വത്തിന്റെ ഉടമയാണ് എഡിഎസ്‌യു ചീഫ് ഓർഗനൈസറായ അഡ്വ. മനോജ് കണ്ടത്തിൽ. 15-ാമത് ക്യാമ്പിന് സർവ്വ ഉത്തരവാദിത്വങ്ങളും ഏറ്റെടുത്തുകൊണ്ട് കഴിഞ്ഞുപോയ ക്യാമ്പുകളിലേതുപോലെതന്നെ ക്യാമ്പിന്റെ വിജയത്തിനുവേണ്ടി അഹോരാത്രം അദ്ധ്വാനിച്ച മനോജിന് ഒത്തിരി ഒത്തിരി നന്ദി.

ക്യാമ്പിന്റെ തുടക്കം മുതൽ അവസാനം വരെയുള്ള എല്ലാ സജ്ജീകരണങ്ങൾക്കും നേതൃത്വം വഹിച്ച എഡിഎസ്‌യു കോ-ഓർഡിനേറ്റർ സി. ലീമയ്ക്ക് നന്ദിയും അഭിനന്ദനങ്ങളും. ക്യാമ്പിന്റെ വിജയത്തിനുവേണ്ടി സഹകരിച്ച സി. ജിൽസാ എസ്കെഡി, ശ്രീമതി മഞ്ജുഷ, ബേബി നെട്ടനാനി, ഷിന്റോ കാഞ്ഞിരത്തിങ്കൽ എന്നിവർക്കും നന്ദി.

ഒരു ക്യാമ്പിന്റെ വിജയത്തിന് അനിവാര്യമായ ഘടകമാണ് ക്യാമ്പിലെ രുചികരമായ ഭക്ഷണവും അതിന്റെ കൃത്യമായ വിതരണവും. ക്യാമ്പിലെ മെസിന്റെ ചുമതല ഏറ്റെടുത്ത് കൊണ്ട് കുട്ടികൾക്ക് തൃപ്തികരമായ രീതിയിൽ പാചകം മുതൽ പാത്രങ്ങൾ കഴുകിവെടിപ്പാക്കി നല്കുന്നതുവരെയുള്ള ജോലികൾ സ്തുത്യർഹമായ രീതിയിൽ ചെയ്തുതന്നെ തിരുഹൃദയ സന്ന്യാസിനി സോഫിയ സിസ്റ്ററിന് നിറഞ്ഞ ഹൃദയത്തോടെ നന്ദി.

വളരെയേറെ സന്തോഷത്തോടുകൂടെ ക്യാമ്പിനെ സ്വാഗതം ചെയ്യുകയും ആവശ്യമായ എല്ലാ സഹായ സഹകരണങ്ങളും ചെയ്തുതന്ന ബഹു. വെട്ടിക്കലച്ചൻ, ബഹു. ഞാമത്തോലിലച്ചൻ, സ്കൂൾ ഹെഡ്മാസ്റ്റർ സണ്ണിസാർ, ജോൺസൺ, കൈക്കാരന്മാർ, കോ ഓഡിനേറ്റർ തുടങ്ങി എല്ലാവർക്കും എഡിഎസ്‌യുവിന്റെ ഹൃദയം നിറഞ്ഞ നന്ദി.

## കെ.സി.ബി.സി. മദ്യവിരുദ്ധസമിതി - യൂണിറ്റുകൾ

**ജയഗിരി**

പ്രസിഡന്റ് - ജോസ് ആലുംമൂട്ടിൽ, വൈ. പ്രസിഡന്റ് - ടോമി പല്ലാട്ട്, സെക്രട്ടറി - ബിനോയി കരിയിലക്കുളം, ജോ. സെക്രട്ടറി - തങ്കച്ചൻ വണ്ടർകുന്നേൽ, ട്രഷറർ - ബേബി പറയൻകുഴി

**കുന്നോത്ത് ഫൊറോന യൂണിറ്റുകൾ**

**അങ്ങാടിക്കടവ്**

പ്രസിഡന്റ് - ജോർജ് ഒറ്റപ്ലാക്കൽ, വൈ. പ്രസിഡന്റ് - ജിമ്മി പുറ്റാമറ്റം, സെക്രട്ടറി -മാത്യു കുരീക്കൽ, ജോ.സെക്രട്ടറി -ജോസഫ് പീടികയിൽ ട്രഷറർ - ഫിലിപ്പ് പൊതിയിട്ടയിൽ

**ചരൾ**

പ്രസിഡന്റ് - ബെന്നി കുന്നപ്പള്ളിൽ, വൈ. പ്രസിഡന്റ് - സിബി മുട്ട നോലിൽ, സെക്രട്ടറി - ഷാജി പുളിച്ചമാക്കൽ, ജോ. സെക്രട്ടറി - ജോയി തളിപ്പറമ്പിൽ, ട്രഷറർ - റജി പറക്കണശ്ശേരി

**കച്ചേരിക്കടവ്**

പ്രസിഡന്റ് - സാന്റ് ചാലിൽ, വൈ. പ്രസിഡന്റ് - വിൽസൺ മണി ക്കൊമ്പേൽ, സെക്രട്ടറി - ജോസഫ് നരിമറ്റത്തിൽ, ജോ. സെക്രട്ടറി - ആഗസ്തി ഇല്ലിക്കക്കുന്നേൽ, ട്രഷറർ - ജോസഫ് മുത്തമാക്കൽ

**കിളിയന്തറ**

പ്രസിഡന്റ് - ജോർജ് താഴപ്പള്ളിൽ, വൈ. പ്രസിഡന്റ് - എം.ജെ ചാക്കോ മൂലയിൽ, സെക്രട്ടറി -തോമസ് കളപ്പുരയ്ക്കൽ, ജോ. സെക്രട്ടറി -സാന്റി ചെമ്പംകുളം, ട്രഷറർ - ബിജി പൊട്ടംകുളം

**മൊടയരഞ്ഞി**

പ്രസിഡന്റ് - കുരുവിള പുനമ്പുംതടത്തിൽ, വൈ. പ്രസിഡന്റ് - ചാക്കോ തെക്കേമുറി, സെക്രട്ടറി - മാത്യു പുളിക്കക്കുന്നേൽ, ജോ. സെക്രട്ടറി - ജോസ് വട്ടമറ്റം, ട്രഷറർ - തോമസ് കൊല്ലംകുന്നേൽ

**പാലത്തിൻകടവ്**

പ്രസിഡന്റ് - ജോയി വടയാറ്റുകുന്നേൽ, വൈ. പ്രസിഡന്റ് - ജോൺസൺ മൂഴയിൽ, സെക്രട്ടറി - വർഗീസ് വെല്ലൂർ, ജോ. സെക്രട്ടറി - സജി പോളക്കൽ, ട്രഷറർ - സണ്ണി കിഴക്കേക്കര

**പെരിങ്കിരി**

പ്രസിഡന്റ് - തോമസ് തച്ചിലേട്ട്, വൈ. പ്രസിഡന്റ് - ബിനോയ് പുതു പ്പറമ്പിൽ, സെക്രട്ടറി -ജോർജ് വാഴചാരിക്കൽ, ജോ. സെക്രട്ടറി -ജോസ് പൊടിമറ്റം, ട്രഷറർ - ജോസഫ് നടുവിൽപുരത്തിൽ

**രണ്ടാംകടവ്**

പ്രസിഡന്റ് - അഗസ്റ്റ്യൻ വെട്ടിക്കുഴി, വൈ. പ്രസിഡന്റ് - തോമസ് കൂടപ്പാട്ട്, സെക്രട്ടറി -ജോജോ ഞവരക്കാട്ട്, ജോ. സെക്രട്ടറി -ബെന്നി ആന പ്പാറ, ട്രഷറർ - അപ്പച്ചൻ മേൽവെട്ടം

**വാണിയപ്പാറ**

പ്രസിഡന്റ് - സജി കുളങ്ങരമുറിയിൽ, വൈ. പ്രസിഡന്റ് - ആഗസ്തി തുരു ത്തേൽ, സെക്രട്ടറി -ജോസഫ് കുളങ്ങരമുറിയിൽ, ജോ. സെക്രട്ടറി - ജോസഫ് താമരശ്ശേരി, ട്രഷറർ - മാത്യു കൂട്ടുകുളം

**ആനപ്പന്തി**

പ്രസിഡന്റ് - ജോസ് അണിയറ, വൈ. പ്രസിഡന്റ് - ജിമ്മി പുതുപ്പറമ്പിൽ, സെക്രട്ടറി -റൈജു കണ്ടത്തിൽപുത്തൻപുര, ജോ. സെക്രട്ടറി - പിന്റോ ശാശേരിൽ, ട്രഷറർ - സാജു കാട്ടൂര്

**കുന്നോത്ത് ഫൊറോന മുക്തിശ്രീ യൂണിറ്റുകൾ**

**അങ്ങാടിക്കടവ്**

പ്രസിഡന്റ് - ലീലാമ്മ മണ്ണാപറമ്പിൽ, വൈ. പ്രസിഡന്റ് - പിൽസി കിഴക്കേമ്യാലിൽ, സെക്രട്ടറി - ജസി പറക്കണശ്ശേരിൽ, ജോ. സെക്രട്ടറി - ലിസമ്മ പകലോമറ്റം, ട്രഷറർ - ബിന്നി കിഴക്കേക്കര

**ചരൾ**

പ്രസിഡന്റ് - സോളി രാമച്ചനാട്ട്, വൈ. പ്രസിഡന്റ് - സിനി കൂറ്റാരപ്പള്ളി, സെക്രട്ടറി - ടെസി കൊല്ലിത്തടത്തിൽ, ജോ. സെക്രട്ടറി - സിന്ധു കടുപ്പിൽ, ട്രഷറർ - ലിസി കുന്നപ്പള്ളിൽ

**കച്ചേരിക്കടവ്**

പ്രസിഡന്റ് - മോളി പെട്ടപ്പുഴ, വൈ. പ്രസിഡന്റ് - സൂസമ്മ മരോട്ടിപ്പാറ, സെക്രട്ടറി -ലിസി പാണ്ടിയാപ്പള്ളി, ജോ. സെക്രട്ടറി -ബിന്ദു ഇളംപിലാക്കാട്, ട്രഷറർ - തെയ്യാമ്മ കല്ലുപ്രായിൽ

**കിളിയന്തറ**

പ്രസിഡന്റ് - രാജി അടവനാൽ, വൈ. പ്രസിഡന്റ് - ത്രേസ്യാമ്മ മൈലാടുംപാറ, സെക്രട്ടറി - മോളി ചേരിക്കാത്തടത്തിൽ, ജോ. സെക്രട്ടറി -ബിൻസി ഒറ്റത്തെങ്ങേൽ, ട്രഷറർ - ലില്ലിക്കുട്ടി തോട്ടത്തിൽ

**മൊടയരഞ്ഞി**

പ്രസിഡന്റ് - രാജി കാരയ്ക്കാട്ട്, വൈ. പ്രസിഡന്റ് - ലൗലി ആയിത്താനം, സെക്രട്ടറി - ലൈല വട്ടംതൊട്ടിയിൽ, ജോ. സെക്രട്ടറി - റോസമ്മ പുഞ്ചായിൽ, ട്രഷറർ - ലൗലി പനച്ചിക്കൽ കരോട്ട്

**പാലത്തിൻകടവ്**

പ്രസിഡന്റ് - ചിന്നമ്മ തോട്ടത്തിൽ, വൈ. പ്രസിഡന്റ് - ഷീജ പുള്ളോലിൽ, സെക്രട്ടറി - മേഴ്സി ചെന്നേലിൽ, ജോ. സെക്രട്ടറി - സിജി ചെന്നേലിൽ, ട്രഷറർ - സിമി പോളക്കൽ

**പെരിങ്കിരി**

പ്രസിഡന്റ് - അച്ചാമ്മ വട്ടപ്പാറ, വൈ. പ്രസിഡന്റ് - സോളി നടുവിൽപുരയിടം, സെക്രട്ടറി -ലിസി കല്ലുങ്കൽ, ജോ. സെക്രട്ടറി - ഷാന്റി കുറുമുട്ടത്ത് ട്രഷറർ - ലൂസി തച്ചിലേട്ട്

**രണ്ടാംകടവ്**

പ്രസിഡന്റ് - ജാൻസി കോഴിമണ്ണിൽ, വൈ. പ്രസിഡന്റ് - വത്സമ്മ വേലമ്മാരുകുടിയിൽ, സെക്രട്ടറി - ഫിലോമിന വിലങ്ങോട്ടിൽ, ജോ. സെക്രട്ടറി - നീതു കയ്യാലയ്ക്കൽ, ട്രഷറർ - ജസ്മി പുതുപ്പറമ്പിൽ

**വാണിയപ്പാറ**

പ്രസിഡന്റ് - ജിനോ കുളങ്ങരമുറിയിൽ, വൈ. പ്രസിഡന്റ് - സിനി മാന്തോട്ടത്തിൽ, സെക്രട്ടറി -റജീന കുളങ്ങരമുറിയിൽ, ജോ. സെക്രട്ടറി - മേരി മരോട്ടിക്കൽ, ട്രഷറർ - മോളി ഒഴുകയിൽ

**ആനപ്പന്തി**

പ്രസിഡന്റ് - ലൂസി കുടുകപ്പള്ളിൽ, വൈ. പ്രസിഡന്റ് - ലിസി വലിയ തൊട്ടിയിൽ, സെക്രട്ടറി - ഷൈല വലിയതൊട്ടിയിൽ, ജോ. സെക്രട്ടറി - ലിസി കളപ്പുരയ്ക്കൽ, ട്രഷറർ - ജെസി കൊച്ചുമലയിൽ

## പേരാവൂർ ഫൊറോന മുക്തി ശ്രീ യൂണിറ്റുകൾ

**കണിച്ചാർ** - സോണിയ നുറ്റിക്കാട്ട്, ബിന്ദു വിലങ്ങുപാറ, ബിജി വാതുവെട്ടിക്കൽ, തങ്കമ്മ വാതല്ലൂർ, ജെസി പാമ്പാടിയിൽ

**ആര്യപ്പറമ്പ്**

പ്രസിഡന്റ് - ലിസമ്മ വടക്കേക്കര, സെക്രട്ടറി - ലില്ലി പാലക്കുന്നേൽ, വൈ. പ്രസിഡന്റ് - ഫിലോമിന ചേംപ്ലാനിയിൽ, ജോ. സെക്രട്ടറി - ബിന്ദു ചെറിയങ്ങാട്ട്, ട്രഷറർ - ഷൈജകണിപ്പള്ളിയിൽ.

**എടത്തൊട്ടി**

പ്രസിഡന്റ് - ഗ്രേസി എഴുത്തുപള്ളിക്കൽ, വൈ. പ്രസിഡന്റ് - മേരി നെല്ലിക്കുന്നേൽ, സെക്രട്ടറി - ലീമോൾ വടക്കേക്കര, ജോ. സെക്രട്ടറി - സിനി വലിയകുളം, ട്രഷറർ - മോളി തോട്ടുവയലിൽ.

**മാപുറംചാൽ**

പ്രസിഡന്റ് - സ്മിത വെള്ളാരംകുന്നേൽ, വൈ. പ്രസിഡന്റ് - സെലിന പാറനാൽ, സെക്രട്ടറി - ജിൻസി വിച്ചാട്ട്, ജോ. സെക്രട്ടറി - മോളി ചിരട്ടവേലിൽ, ട്രഷറർ - മോളി കാണ്ടാവനത്തിൽ.

**കൊളക്കാട്**

പ്രസിഡന്റ് - മേരി പ്ലാത്താനത്ത്, വൈ. പ്രസിഡന്റ് -ലൗലി പോക്കാട്ടിൽ, സെക്രട്ടറി - ഡെയ്സി പേന്താനത്ത്, ജോ. സെക്രട്ടറി -സോളി തെക്കേടത്ത്, ട്രഷറർ - ജോമിലി വലിയകുളത്തിൽ

**ഓടന്തോട്**

പ്രസിഡന്റ് - മിനി കുരുവൻപ്ലാക്കൽ, വൈ. പ്രസിഡന്റ് - നെസി മുല്ലുകുന്നേൽ, സെക്രട്ടറി - മേരി വട്ടോളിയിൽ, ജോ. സെക്രട്ടറി - ഷീബ പഴേമഠത്തിൽ, ട്രഷറർ - തങ്കമ്മ കോക്കാട്ട്

**പൂളക്കുറ്റി**

പ്രസിഡന്റ് - ഷൈനി കൊല്ലമന, വൈ. പ്രസിഡന്റ് - തങ്കമ്മ മനക്കലേടത്ത്, സെക്രട്ടറി - സെലിൻ ചെറിയമഠത്തിൽ, ജോ. സെക്രട്ടറി - തങ്കമ്മ തൂമ്പുങ്കൽ, ട്രഷറർ - ബിന്ദു പെരുന്താനത്ത്

**ഫാ. തോമസ് തൈത്തോട്ടം**
ഡയറക്ടർ

# കത്തോലിക്കാ കോൺഗ്രസ്സ്

## ഗ്ലോബൽസമിതി-വർക്കിംഗ്കമ്മിറ്റി

05.01.2018ന് കോട്ടയം സെൻട്രൽ കമ്മിറ്റി ഓഫീസിൽ കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതി വർക്കിംഗ് കമ്മിറ്റിയോഗം പ്രസിഡന്റ് അഡ്വ. ബിജു പറയന്നിലത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. എറണാകുളം-അങ്കമാലി അതിരൂപതയിൽ നടന്ന ഭൂപ്രശ്നം സംബന്ധിച്ച് പഠിക്കാൻ കത്തോലിക്കാ കോൺഗ്രസ് നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് യോഗത്തിൽ ചർച്ച ചെയ്തു. സീറോമലബാർ സഭയുടെ തലവനും പിതാവുമായ മേജർ ആർച്ച് ബിഷപ്പ് കാർഡിനൽ മാർ ജോർജ് ആലഞ്ചേരിക്ക് എല്ലാവിധ പിന്തുണയും സഹകരണവും യോഗം വാഗ്ദാനം ചെയ്തു. ഭൂപ്രശ്നം അടിയന്തിരമായി ചർച്ചയിലൂടെ പരിഹരിക്കുന്നതിന് സിനഡിൽ അപേക്ഷ നൽകുന്നതിനും തീരുമാനിച്ചു. ഫെബ്രുവരി 10ന് ഭരണങ്ങാനത്ത് നടത്തുന്ന കേന്ദ്ര വർക്കിംഗ് കമ്മിറ്റിയംഗങ്ങളുടെയും അതിരൂപതഭാരവാഹികളുടെയും കുടുംബസംഗമം വിജയിപ്പിക്കുന്നതിന് തീരുമാനമെടുത്തു. നേതാക്കൾ റോമിൽപോയി പരിശുദ്ധപിതാവ് ഫ്രാൻസീസ് മാർപ്പാപ്പയെ സന്ദർശിക്കുന്നതിന് തീരുമാനമുണ്ടായി. കത്തോലിക്കാ കോൺഗ്രസ് ശതാബ്ദിയാഘോഷ സമാപനം മെയ് 13ന് തൃശൂരിൽ നടത്തുന്നതാണ്. യോഗത്തിൽ അതിരൂപതപ്രസിഡന്റ് ദേവസ്യകൊങ്ങോല, ജനറൽസെക്രട്ടറി ചാക്കോച്ചൻ കാരാമയിൽ എന്നിവർ പങ്കെടുത്തു.

## അതിരൂപത എക്സിക്യൂട്ടീവ്

10.01.2018 ന് കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത എക്സിക്യൂട്ടീവ് യോഗം പ്രസിഡന്റ് ദേവസ്യ കൊങ്ങോലയുടെ അധ്യക്ഷതയിൽ അതിരൂപതാ കാര്യാലയത്തിൽ ചേർന്നു. അതിരൂപതാ ഡയറക്ടർ ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത് ഉദ്ഘാടനം ചെയ്തു. ജനുവരി 20ന് തളിപ്പറമ്പിൽവച്ച് നടത്തുന്ന ഏകദിന നേതൃത്വപരിശീലന ക്യാമ്പിൽ എല്ലാ യൂണിറ്റുകളിൽനിന്നും പ്രതിനിധികളെ പങ്കെടുപ്പിക്കുക, ഉണർവ്വ് 2018 ഫൊറോന സന്ദർശന യാത്ര ഫെബ്രുവരി 1 മുതൽ മാർച്ച് 31 വരെ നടത്തുക, ശതാബ്ധിയാഘോഷത്തിന്റെ ഭാഗമായി സൺഡേസ്കൂൾ വിദ്യാർത്ഥികൾക്കായി ക്വിസ്സ് മത്സരം വിശ്വാസപരിശീലന കേന്ദ്രവുമായി സഹകരിച്ച് നടത്തുക, ഫെബ്രുവരി മാസത്തോടുകൂടി യൂണിറ്റുകളില്ലാത്ത ഇടവകകളിൽ യൂണിറ്റുകൾ ആരംഭിക്കുക, അതിരൂപതാഎക്സിക്യൂട്ടീവ് കമ്മിറ്റിയംഗങ്ങളുടെ കുടുംബസംഗമം നടത്തുക, ഫൊറോനതലത്തിലും കുടുംബസംഗമങ്ങൾ നടത്തുക എന്നീ വിഷയങ്ങൾ ചർച്ച ചെയ്തു നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

# സാമൂഹ്യസേവനവേദി

## തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി
## (ടി.എസ്.എസ്.എസ്.)

### കേശദാന ക്യാമ്പ്

കാരക്കുന്ന് പ്രതീക്ഷ കുടുംബശ്രീയുടെയും, കണ്ണപുരം ഗ്രാമപഞ്ചായത്തിന്റെയും, തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെയും സംയുക്താഭിമുഖ്യത്തിൽ കാൻസർ രോഗികൾക്ക് വിഗ്ഗ് നിർമ്മിക്കുന്നതിന് ആവശ്യമായ മുടി ലഭിക്കുന്നതിനുവേണ്ടി 2018 ജനുവരി 1 തിങ്കളാഴ്ച ചെറുകുന്നിൽവച്ച് കേശദാനക്യാമ്പ് നടന്നു. മുടി ദാനം ചെയ്ത 18 പേരെ അനുമോദിക്കുകയും സർട്ടിഫിക്കറ്റ് വിതരണം നടത്തുകയും ചെയ്തു. ശ്രീമതി അനുഷ അഭിലാഷ് അദ്ധ്യക്ഷത വഹിച്ച പരിപാടി ടി.എസ്.എസ്.എസ്. അസി.ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ ഉദ്ഘാടനം ചെയ്തു.

### മേഖലാ വാർത്തകൾ

**നെല്ലിക്കാംപൊയിൽ :** നെല്ലിക്കാംപൊയിൽ മേഖലാ പ്രോഗ്രാം മാനേജറും, 18 വർഷം ടി.എസ്.എസ്.എസിലെ സ്റ്റാഫുമായിരുന്ന ശ്രീമതി കുസുമം ബേബിക്ക് ജനുവരി 3-ാം തീയതി നെല്ലിക്കാംപൊയിൽ മേഖലാ ഓഡിറ്റോ

---

കേന്ദ്രകമ്മിറ്റിയുടെ തീരുമാനങ്ങൾ ജനറൽ സെക്രട്ടറി ചാക്കോച്ചൻ കാരാമയിൽ യോഗത്തിൽ അവതരിപ്പിച്ചു. പ്രവർത്തന ഫണ്ട് സ്വരൂപിക്കുന്നതിന്റെ ഭാഗമായി പരസ്പരസഹായനിധി തുടരുന്നതിനും തീരുമാനിച്ചു. തളിപ്പറമ്പ് ജനുവരി 20ന് നടത്താനിരുന്ന ഏകദിന നേതൃത്വപരിശീലനക്യാമ്പ് ജില്ലയിൽ ഹർത്താൽ പ്രഖ്യാപിച്ചതിനെതുടർന്ന് മറ്റൊരു ദിവസത്തേക്ക് മാറ്റിവച്ചു.

ജനുവരി 26ന് മതേതരത്വ സംരക്ഷണദിനമായി ആചരിക്കുന്നതിനും മതേതരത്വസംരക്ഷണറാലി എല്ലാ ഇടവകകളിലും നടത്തുന്നതിനുള്ള അതിരൂപതയിലെ വിവിധസംഘടനകളുടെ തീരുമാനത്തെ സ്വാഗതം ചെയ്യുകയും അന്നേദിവസം നടത്തുന്ന മതേതരത്വസംരക്ഷണ റാലികൾ വിജയിപ്പിക്കുന്നതിന് എല്ലാ കത്തോലിക്കാ കോൺഗ്രസ് നേതാക്കളും പ്രവർത്തകരും സഹകരിക്കേണ്ടതാണ്.

സ്നേഹപൂർവ്വം,

**ദേവസ്യാ കൊങ്ങോല** — അതിരൂപതാ പ്രസിഡന്റ്

**ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത്** — ഡയറക്ടർ

റിയത്തിൽ വെച്ച് മേഖലാ ഡയറക്ടർ ഫാ. ജോസഫ് ആനിത്താനത്തിന്റെ അദ്ധ്യക്ഷതയിൽ സമുചിതമായ യാത്രയയപ്പ് നൽകി. ഈ ചടങ്ങിൽവച്ച് ഒരു നിർധന യുവതിയുടെ വിവാഹത്തിനായി 5000/- രൂപ സംഭാവന നൽകി.

**വെള്ളരിക്കുണ്ട് :** വെള്ളരിക്കുണ്ട് ആർ.സി.സി. ഓഫീസിൽ വെച്ച് ഡിസംബർ 30ന് സേവ് എ ഫാമിലി അംഗങ്ങൾക്കുവേണ്ടി കുടനിർമാണ പരിശീലനം നടത്തി. ടി.എസ്.എസ്.എസ്. അസി. ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ, സി. ലിസ്സ, ആർ.സി.സി. വൈസ് പ്രസിഡന്റ് ശ്രീ. ജോഷി, ശ്രീമതി ബീന എന്നിവർ നേതൃത്വം നൽകി.

## യൂണിറ്റ് വാർത്തകൾ

- മണിക്കടവ് ക്രെഡിറ്റ് യൂണിയന്റെ നേതൃത്വത്തിൽ 2017 ഡിസംബർ 27ന് ഓഫീസ് ഓഡിറ്റോറിയത്തിൽവച്ച് കുടുംബസംഗമവും, വിവിധ കലാപരിപാടികളും, സ്നേഹവിരുന്നും നടത്തി. ഈ പരിപാടിയിൽ ടി.എസ്.എസ്.എസിന്റെ പ്രോഗ്രാം മാനേജർ ശ്രീമതി കുസുമം ബേബി പങ്കെടുത്തു.
- രജതജൂബിലി നിറവിലായിരിക്കുന്ന കാഞ്ഞിരക്കൊല്ലി ക്രെഡിറ്റ് യൂണിയൻ ജൂബിലി സ്മാരകമായി ഒരു ബാസ്ക്കറ്റ്ബോൾ കോർട്ട് നിർമിക്കുകയും, നാടിന് സമർപ്പിക്കുകയും ചെയ്തു. 2018 ജനുവരി 1ന് യൂണിറ്റ് ഡയറക്ടർ ഫാ. ജോസ് ആനാനിക്കലിന്റെ അദ്ധ്യക്ഷതയിൽ ടി.എസ്.എസ്.എസ്. ഡയറക്ടർ ഫാ. തോമസ് തയ്യിൽ ഈ ബാസ്ക്കറ്റ് ബോൾ ക്വാർട്ടിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. അന്നേദിവസംതന്നെ കാഞ്ഞിരക്കൊല്ലി ക്രെഡിറ്റ് യൂണിയന്റെ കുടുംബസംഗമവും നടന്നു.
- വിളമന ക്രെഡിറ്റ് യൂണിയന്റെ ആഭിമുഖ്യത്തിൽ 2017 ഡിസംബർ 23ന് കുടുംബസംഗമവും, സ്നേഹവിരുന്നും, കലാവിരുന്നും നടത്തുകയും, ക്രിസ്മസ് സമ്മാനങ്ങൾ യൂണിറ്റിലെ എല്ലാ അംഗങ്ങൾക്കും കൈമാറുകയും ചെയ്തു.
- പുറവയൽ ക്രെഡിറ്റ് യൂണിയനിലേക്ക് വികാരി ഫാ. ജോർജ് കരോട്ടിന്റെ സജീവ നേതൃത്വത്തിൽ 140 പുതിയ അംഗങ്ങളെ ചേർത്തു. 2017 ഡിസംബർ 20ന് ശ്രീമതി കുസുമം ബേബിയുടെ നേതൃത്വത്തിൽ ബദൽ ജീവിത ശൈലിയുടെ പരിശീലന പരിപാടി നടത്തുകയും 35 പേർ പങ്കെടുക്കുകയും ചെയ്തു.
- മുണ്ടാനൂർ എം.എസ്.എസിന്റെ നേതൃത്വത്തിൽ 2017 ഡിസംബർ 21ന് ടി.എസ്.എസ്.എസിന്റെ പ്രോഗ്രാം മാനേജർ ശ്രീമതി കുസുമം ബേബിയുടെ നേതൃത്വത്തിൽ ബദൽ ജീവിത ശൈലിയുടെ പരിശീലന പരിപാടി നടത്തുകയും 40 പേർ പങ്കെടുക്കുകയും ചെയ്തു.

- ഉളിക്കൽ ക്രെഡിറ്റ് യൂണിയന്റെ നേതൃത്വത്തിൽ 2017 ഡിസംബർ 31-ന് ക്രിസ്മസ് സമ്മാനങ്ങൾ കൈമാറുകയും, ന്യൂ ഇയർ ആഘോഷിക്കുകയും, സംഘത്തിലെ രോഗികളായ അംഗങ്ങളെ സന്ദർശിച്ച് സമ്മാനങ്ങൾ നൽകുകയും ചെയ്തു.
- പൈസക്കരി ക്രെഡിറ്റ് യൂണിയന്റെ നേതൃത്വത്തിൽ 2017 ഡിസംബർ 17-ന് ജൈവ പച്ചക്കറികളുടെ വിതരണത്തിനായി ഒരു സ്റ്റാൾ ആരംഭിക്കുകയും അതിന്റെ ഉദ്ഘാടനം യൂണിറ്റ് ഡയറക്ടർ റവ. ഫാ. ഡോ. ജോസ് വെട്ടിക്കൽ നിർവ്വഹിക്കുകയും ചെയ്തു. എല്ലാ ഞായറാഴ്ചകളിലും ഇത് തുറന്ന് പ്രവർത്തിക്കുന്നതാണ്.

  ഡിസംബർ 21-ന് വെമ്പുവ തെരേസ ഭവൻ സന്ദർശിച്ച് 11500/- രൂപയുടെ സഹായം ചെയ്തു.

  ഡിസംബർ 30ന് പൈസക്കരി ദേവമാതാ ഓഡിറ്റോറിയത്തിൽവച്ച് പൈസക്കരി യൂണിറ്റിന്റെ കുടുംബ സംഗമം നടന്നു. ഈ ചടങ്ങിന്റെ ഉദ്ഘാടനം അസി. വികാരി ഫാ. അബ്രാഹം ഞാമത്തോലിൽ നിർവ്വഹിച്ചു. **"ഭക്ഷ്യ സുരക്ഷ"** എന്ന വിഷയത്തെകുറിച്ച് ടി.എസ്.എസ്.എസിന്റെ പ്രോഗ്രാം മാനേജർ ശ്രീ. ജോസ് പ്രകാശ് ക്ലാസ് എടുക്കുകയും തുടർന്ന് കുട്ടികളുടെ കലാപരിപാടികളും സ്നേഹവിരുന്നും നടന്നു.
- എടൂർ എം.എസ്.എസിന്റെ നേതൃത്വത്തിൽ **"സാമൂഹിക പ്രതിബദ്ധത"** എന്ന വിഷയത്തെ കുറിച്ച് ഭരണ സമിതി അംഗങ്ങൾക്കായി എടൂർ യൂണിറ്റ് അസി. ഡയറക്ടർ റവ. ഫാ. അനൂപ് ചിറ്റേട്ട് ക്ലാസ് നടത്തി. ഈ ചടങ്ങിൽവച്ച് ഒരു നിർധന രോഗിക്ക് 3000/- രൂപ ചികിത്സാ സഹായം നൽകുകയും ചെയ്തു.
- അങ്ങാടിക്കടവ് എം.എസ്.എസും, കരിക്കോട്ടക്കരി പി.എച്ച്.സിയും സംയുക്തമായി 2018 ജനുവരി 5-ന് കരിക്കോട്ടക്കരി പി.എച്ച്.സി. ഓഡിറ്റോറിയത്തിൽവച്ച് ക്ഷയരോഗ ബോധവത്കരണ ക്ലാസ് നടത്തി. അങ്ങാടിക്കടവ് ഗവ. ഹോസ്പിറ്റലിലെ ഡോ. ജെയ്നി തോമസ് ക്ലാസുകൾക്ക് നേതൃത്വം നൽകി.
- വാണിയപ്പാറ ക്രെഡിറ്റ് യൂണിയന്റെ നേതൃത്വത്തിൽ ക്രിസ്മസ് ദിനാഘോഷത്തിന്റെ ഭാഗമായി 2017 ഡിസംബർ 24-ന് ഇടവകയിലെ 70 അക്രൈസ്തവരായ കുടുംബങ്ങൾക്ക് ക്രിസ്മസ് കേക്ക് വിതരണം ചെയ്തു. കൂടാതെ ഡിസംബർ 23-ന് മുരിക്കുംകരി വൃദ്ധസദനം സന്ദർശിച്ച് 5300/- രൂപയുടെ സഹായധനം നൽകുകയും ചെയ്തു.
- കരുണാപുരം ക്രെഡിറ്റ് യൂണിയന്റെയും മറ്റ് സംഘടനകളുടെയും നേതൃത്വത്തിൽ കരുണാപുരം ചാണകക്കുണ്ട് പാലം പുതുക്കി പണിയുന്നതി

നായി സംസ്ഥാന മുഖ്യമന്ത്രിക്കും, പൊതുമരാമത്ത് മന്ത്രിക്കും നിവേദനവും ഹർജിയും നൽകി.

- വായാട്ടുപറമ്പ് ഗ്രാമികയുടെ നേതൃത്വത്തിൽ മരണാനന്തര റിസ്ക് ഫണ്ടിൽ നിന്നും മൂന്ന് കുടുംബത്തിലെ മരണപ്പെട്ടവരുടെ ആശ്രിതർക്ക് 10000/-രൂപ വീതം നൽകി. കൂടാതെ ഒരു മെമ്പറിന് 5000/- രൂപ ചികിത്സാ സഹായവും നൽകി.
- ചെമ്പന്തൊട്ടി ക്രെഡിറ്റ് യൂണിയന്റെ നേതൃത്വത്തിൽ 2017 ഡിസംബർ 23-ന് ഗുരുകുലം അഗതി മന്ദിരം സന്ദർശിച്ച് ക്രിസ്മസ് സമ്മാനമായി 2500/- രൂപ നൽകുകയും, അന്തേവാസികൾക്ക് ക്രിസ്മസ് കേക്ക് വിതരണവും നടത്തി.
- കുടിയാന്മല ക്രെഡിറ്റ് യൂണിയൻ ഭരണ സമിതി അംഗങ്ങൾ 2017 ഡിസംബർ 28-ന് വയനാട് കാരക്കുണ്ട് ഡാമിലേക്ക് പഠനയാത്ര പോകുകയും, വാർഡ് തലത്തിൽ ക്രിസ്മസ്-ന്യൂ ഇയർ ആഘോഷം നടത്തുകയും ചെയ്തു.
- പുലിക്കുരുമ്പ ക്രെഡിറ്റ് യൂണിയന്റെ നേതൃത്വത്തിൽ 2017 ഡിസംബർ 29-ന് യൂണിറ്റ്, വാർഡ് തലത്തിൽ വാർഷികാഘോഷ പരിപാടികൾ നടത്തി.
- അരീക്കമല ക്രെഡിറ്റ് യൂണിയന്റെ നേതൃത്വത്തിൽ 2017 ഡിസംബർ 22-ന് രണ്ട് കോളനികളിൽ ക്രിസ്മസ് കേക്ക് വിതരണവും, 5 പാവപ്പെട്ട കുടുംബങ്ങൾക്ക് ക്രിസ്മസ് കിറ്റ് വിതരണം നടത്തുകയും ചെയ്തു.
- വെള്ളരിക്കുണ്ട് ക്രെഡിറ്റ് യൂണിയന്റെ നേതൃത്വത്തിൽ 2017 ഡിസംബർ 12-ന് **"സ്ത്രീ-കുടുംബത്തിൽ"** എന്ന വിഷയത്തെ ആസ്പദമാക്കി ബിജി ടീച്ചർ ക്ലാസ് എടുക്കുകയും, 50 പേർ ക്ലാസിൽ പങ്കെടുക്കുകയും ചെയ്തു.
- 2017 ഡിസംബർ 27-ന് മാലോം കസബ സ്കൂളിലെ എൻ.എസ്.എസ്. കുട്ടികൾക്കായി സ്വാഭിമാൻ ഉൽപന്നങ്ങളുടെ നിർമ്മാണപരിശീലനം ടി. എസ്.എസ്.എസ്. പ്രോഗ്രാം മാനേജർമാരായ മോളി ജോഷായും, ശ്രീമതി വത്സമ്മ ടോമിയും ചേർന്ന് നടത്തി.

## ടി.എസ്.എസ്.എസ്. സെൻട്രൽ കമ്മിറ്റി മീറ്റിംഗ്

2017 ഡിസംബർ 29-ന് തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽവച്ച് ടി.എസ്.എസ്.എസിന്റെ സെൻട്രൽ കമ്മിറ്റി മീറ്റിംഗ് നടന്നു. 13 മേഖലകളിൽ നിന്നും എല്ലാ മേഖലാ പ്രസിഡണ്ടുമാരും സെക്രട്ടറിമാരും ടി.എസ്.എസ്.എസ്. സ്റ്റാഫ് അംഗങ്ങളും ഈ മീറ്റിംഗിൽ പങ്കെടുത്തു. 2018-ൽ

നടപ്പിലാക്കേണ്ട കർമ്മപദ്ധതികളെക്കുറിച്ചുള്ള രൂപരേഖ ഈ കമ്മിറ്റിയിൽവച്ച് തയ്യാറാക്കി.

### എസ്.എ.എഫ്.പി. ഇവാലുവേഷൻ

ദീർഘവർഷങ്ങളായി ടി.എസ്.എസ്.എസിലൂടെ നടപ്പിലാക്കിവരുന്ന സേവ് എ ഫാമിലി പ്രൊജക്ടിന്റെ വിലയിരുത്തൽ 2018 ജനുവരി 22, 23, 24, 25 തീയതികളിലായി നടന്നു. പാറപ്പുറം ഐശ്വര്യഗ്രാമിൽനിന്നും വന്ന ഇവാലുവേഷൻ ടീം സഹായം സ്വീകരിക്കുന്നവരുടെ വീടുകൾ സന്ദർശിക്കുകയും വിലയിരുത്തൽ നടത്തുകയും ചെയ്തു.

### കിണർ റീചാർജിംഗ്

ടി.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ പനത്തടി, അയ്യംകുന്ന് എന്നീ പഞ്ചായത്തുകളിൽ കിണർ റീചാർജിംഗ് നടത്തിവരുന്നു. ഇതിനോടകംതന്നെ മുന്നൂറിലധികം വീടുകളിൽ ഈ പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞു.

### ദിയാകോണിയ കോർ ടീം

തലശ്ശേരി അതിരൂപതയിൽ പ്രവർത്തിക്കുന്ന വിവിധ സംഘടനകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി നടത്തിയ ദിയാകോണിയ കോർ ടീം മീറ്റിംഗിൽ ടി.എസ്.എസ്.എസിനെ പ്രതിനിധീകരിച്ച് ടി.എസ്.എസ്.എസ്. കാസർഗോഡ് ജില്ലാ പ്രസിഡന്റ് ശ്രീ. സി.സി. വർഗ്ഗീസ് പങ്കെടുത്തു.

### യാത്രയയപ്പ്

കഴിഞ്ഞ പതിനെട്ട് വർഷമായി ടി.എസ്.എസ്.എസിൽ പ്രോഗ്രാം മാനേജരായി സേവനം ചെയ്തിരുന്ന ശ്രീമതി കുസുമം ബേബിക്ക് യാത്രയയപ്പ് നൽകി. ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് സമൂഹത്തിന്റെ ഉന്നമനത്തിനായി രാപകലില്ലാതെ അത്യധ്വാനം ചെയ്ത ശ്രീമതി കുസുമത്തിന് എല്ലാവിധ പ്രാർത്ഥനാമംഗളങ്ങളും നേർന്നുകൊള്ളുന്നു.

കഴിഞ്ഞ ഏഴ് വർഷമായി പൈസക്കരി ഭഗവത്പാത ഐ.ടി.ഐയുടെ പ്രിൻസിപ്പാൾ ആയി സേവനം ചെയ്ത ശ്രീ. വി. ജോസഫ് സാറിന് സ്നേഹോഷ്മളമായ യാത്രയയപ്പ് നൽകി. 2018 ജനുവരി 8-ന് പൈസക്കരി ഭഗവത്പാത ഐ.ടി.ഐ. ഓഡിറ്റോറിയത്തിൽവച്ച് നടന്ന യാത്രയയപ്പ് സമ്മേളനം പൈസക്കരി ഫൊറോന വികാരി റവ. ഫാ. ജോസ് വെട്ടിക്കൽ ഉദ്ഘാടനം ചെയ്തു.

സ്നേഹപൂർവ്വം,

**ഫാ. സ്ക്കറിയ നിരപ്പേൽ**
അസി. ഡയറക്ടർ

**ഫാ. തോമസ് തയ്യിൽ**
ഡയറക്ടർ

# പ്രതീക്ഷ വാർത്തകൾ

## ലഹരിവിരുദ്ധ കുടുംബക്കൂട്ടായ്മ

പ്രതീക്ഷാ സെന്ററിൽവച്ച് നടത്തപ്പെട്ട ലഹരിവിരുദ്ധ കൂട്ടായ്മയിൽ സി. ഡെയ്സി എസ്.എച്ച്. 'കുടുംബങ്ങളുടെ ചൈതന്യം കുടുംബനാഥൻമാരിലൂടെ' എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സെടുത്തു. ഡയറക്ടർ ഫാ. ജോൺസൺ അന്ത്യാകുളം അധ്യക്ഷതവഹിച്ചു. ടി.സി. തോമസ് ആശംസയർപ്പിച്ചു. മനു മാത്യു, സി. സിസിലി എന്നിവർ പ്രസംഗിച്ചു.

## സൈബർയുഗവും കുറ്റകൃത്യങ്ങളും

പ്രതീക്ഷയിൽ ചികിത്സയിൽ കഴിയുന്നവർക്കും മുൻകാല ചികിത്സാർത്ഥികൾക്കുംവേണ്ടി സംഘടിപ്പിക്കപ്പെട്ട ബോധവൽക്കരണ സെമിനാറിൽ ജില്ലാതല ഓഫീസർ രാധാകൃഷ്ണൻ ക്ലാസുകളും ചർച്ചകളും നയിച്ചു. പ്രത്യേകം നടത്തപ്പെട്ട സമ്മേളനത്തിൽ സി. സിസിലി അധ്യക്ഷത വഹിച്ചു. ഫാ. ജോൺസൺ അന്ത്യാംകുളം ഉദ്ഘാടനം നിർവഹിച്ചു.

**ബോധവൽക്കരണസെമിനാർ :** ഡിസംബർ 20ന് പ്രതീക്ഷയിൽവച്ച് ചികിത്സാർത്ഥികൾക്കും സ്റ്റാഫിനും വേണ്ടി നടത്തപ്പെട്ട ബോധവൽക്കരണ സെമിനാറിൽ കോഴിക്കോട് ഡിവൈഎസ്പി രഞ്ജിത്ത് ക്ലാസ്സുകൾ എടുത്തു. ഫാ. ഡയറക്ടർ സ്വാഗതവും സിജോ നന്ദിയും പറഞ്ഞു.

## ക്രിസ്തുമസ് ആഘോഷം

പ്രതീക്ഷയിൽ ഉള്ളവരും അയൽപക്കക്കാരും സംയുക്തമായി 23-ാം തീയതി ക്രിസ്തുമസ് ആഘോഷം നടത്തി. എരഞ്ഞോളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി രമ്യ എ.കെ. അധ്യക്ഷത വഹിച്ചു. ഫാ. ജോസഫ് കദളിയിൽ ക്രിസ്തുമസ് സന്ദേശം നൽകി. ഫാ. ജോസ് വട്ടുകുളത്തിൽ ഒ.എഫ്.എം. (കണ്ണൂർ), ഫാ. ജോൺ നൂറമ്മാക്കൽ എന്നിവർ ആശംസകൾ അർപ്പിച്ചു. ഫാ. ജോൺസൺ അന്ത്യാംകുളം പുൽക്കൂട് അനാഛാദനം ചെയ്യുകയും തിരി തെളിച്ചുള്ള പ്രതിജ്ഞക്ക് നേതൃത്വം നൽകുകയും ചെയ്തു. സി. ആലീസ് എഫ്സിസി (അമലഭവൻ, കണ്ണൂർ) ബ്രദർ ആൽബിൻ താന്നിക്കൽ എന്നിവർ പ്രസംഗിച്ചു. ക്രിസ്മസ് ആഘോഷങ്ങളുടെ ഭാഗമായി പ്രതീക്ഷയുടെ അയൽപക്കക്കാർ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.

**ഫിങ്ങോ ഡാപ്പ് മീറ്റിംഗ് :** കോട്ടയത്ത്വച്ച് നടത്തപ്പെട്ട കേരള റീജിയൺ ഫിങ്ങോ ഡാപ്പ് മീറ്റിംഗിൽ ഡയറക്ടർ സംബന്ധിച്ചു.

## ബോധവൽക്കരണം ചാലയിൽ

തളിപ്പറമ്പ് ചാലയിൽവച്ച് യുവജന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട 'വിമുക്തി' ലഹരിവിരുദ്ധ ബോധവൽക്കരണപരിപാടിയിൽ കൗൺസിലർ മനു മാത്യു ക്ലാസ്സെടുത്തു.

## മുക്തി-ലഹരിവിരുദ്ധ ക്യാമ്പയിൻ മനുഷ്യചങ്ങല

പ്രതീക്ഷയും എരഞ്ഞോളി ഗ്രാമപഞ്ചായത്തും സംയുക്തമായി സംഘടിപ്പിച്ച 'മുക്തി-എരഞ്ഞോളി' എന്ന ലഹരിവിരുദ്ധ ക്യാമ്പിന്റെ ഭാഗമായി എരഞ്ഞോളിപ്പാലം മുതൽ ഏതാനും കിലോമീറ്റർ നീളത്തിൽ സംഘടിപ്പിക്കപ്പെട്ട മനുഷ്യചങ്ങലയിൽ പ്രതീക്ഷാ സ്റ്റാഫ് അംഗങ്ങൾ സംബന്ധിച്ചു. ഡിവൈഎസ്പി പ്രിൻസ് അബ്രാഹം, ഫാ. ജോൺസൺ അന്ത്യാംകുളം ശ്രീമതി എ.കെ. രമ്യ എന്നിവർ പ്രസംഗിച്ചു.

## മാനേജിംഗ് കമ്മിറ്റി

ഡിസംബർ 20ന് ചികിത്സാ സെന്ററിൽവച്ച് നടത്തപ്പെട്ട മാനേജിംഗ് കമ്മിറ്റിയിൽ ഫാ. ജോൺസൺ അന്ത്യാംകുളം അധ്യക്ഷത വഹിച്ചു. വിവിധവിഷയങ്ങളെ സംബന്ധിച്ച് മാത്യു എം. കണ്ടത്തിൽ, ജയ്സൺ മർക്കോസ്, തങ്കച്ചൻ കൊല്ലക്കൊമ്പിൽ, അബ്രാഹം പാരിക്കാപ്പള്ളിൽ, ജയിംസ് എൻ. പോൾ, സെബാസ്റ്റ്യൻ പെരുമ്പുഴ, ജോൺ മുള്ളൻകുഴിയിൽ, ജോയി മണ്ഡപത്തിക്കുന്നേൽ എന്നിവർ സംസാരിച്ചു.

## ലഹരിവിരുദ്ധ കൂട്ടായ്മയും ഏകദിന സെമിനാറും

ജനുവരി ഏഴിന് ചികിത്സാകേന്ദ്രത്തിൽവച്ച് ലഹരി വിമുക്തരുടെ കൂട്ടായ്മയായ എ.എ. മീറ്റിംഗ് നടത്തപ്പെട്ടു. സി. സിസിലി അധ്യക്ഷത വഹിച്ചു. ഡയറക്ടർ സമ്മേളനം ഉദ്ഘാടനം ചെയ്തു. റവ. സി. ലിസാ എൻ.എസ്. ക്ലാസുകൾക്കും ചർച്ചകൾക്കും നേതൃത്വം നൽകി. സി. ലിനറ്റ് ഡിപിഎം ആശംസയർപ്പിച്ചു. നിതിൻ ജേക്കബ് സ്വാഗതവും ബ്രദർ ആൽബിൻ നന്ദിയും പറഞ്ഞു.

**പരിശീലന പരിപാടികൾ:** ഡിസംബർ 23ന് കണ്ണൂർ ചിന്മയാ വിദ്യാലയത്തിൽനിന്നുമുള്ള വിദ്യാർത്ഥികൾ പ്രതീക്ഷാ കേന്ദ്രത്തിൽ വരുകയും ഏകദിന ബോധവൽക്കരണ പരിപാടിയിൽ പങ്കെടുക്കുകയും ചെയ്തു.

## ജോസ്ഗിരി ബികെജെഎം സ്കൂൾ ഓഫ് നഴ്സിംഗ്

നഴ്സിംഗ് വിദ്യാർത്ഥികളുടെ ട്രെയിനിംഗിന്റെ ഭാഗമായി 25 പേർ പ്രതീക്ഷാസെന്ററിൽ മൂന്ന് ആഴ്ചകളിൽ പരിശീലനത്തിന് സംബന്ധിച്ചു.

## ശ്രദ്ധിക്കണേ

നമ്മുടെ പ്രതീക്ഷയിൽ ചികിത്സയ്ക്ക് വരുന്നവരും ചികിത്സയ്ക്ക് പറഞ്ഞുവിടുന്നവരും ശ്രദ്ധിക്കാൻ : 1) ആധാർകാർഡും ഏതെങ്കിലുമൊരു ഐഡന്റിന്റി പ്രൂഫും കൊണ്ടുവരണം 2) ചികിത്സയുടെ ദിനങ്ങൾ 31 ആണെന്ന് മറന്ന് പോവരുതേ. നമ്മുടെ ചികിത്സാകേന്ദ്രവുമായി സഹകരിച്ച് പ്രവർത്തിക്കുന്ന ഏവരെയും നന്ദിയോടെ അനുസ്മരിക്കുന്നു.

സ്നേഹപൂർവ്വം,

**ഫാ. ജോൺസൺ അന്ത്യാംകുളം**
ഡയറക്ടർ, പ്രതീക്ഷ

# ശാന്തിതീരം

**സെന്റർ ഫോർ കൗൺസലിംഗ് & സൈക്കോതെറാപ്പി**

## അഞ്ചാം വാർഷികം

തലശ്ശേരി രൂപതയുടെ പ്രൊഫഷണൽ കൗൺസിലിംഗ് സെന്ററായ ശാന്തിതീരം 5-ാം വാർഷികത്തോടനുബന്ധിച്ച് കാലികപ്രസക്തമായ വിഷയങ്ങളുൾപ്പെടുത്തി ദേശീയ തലത്തിൽ ഷോർട്ട് ഫിലിം മത്സരവും ഡിജിറ്റൽ പോസ്റ്റർ മത്സരവും നടത്തി. ഷോർട്ട് ഫിലിംമിൽ 16 എൻട്രികളും ഡിജിറ്റൽ പോസ്റ്റർ മത്സരത്തിൽ 36 എൻട്രികളും ലഭിച്ചു. വിജയികൾക്ക് ഡിസംബർ 16-ാം തീയതി പടന്നക്കാട്വച്ച് നടന്ന സമ്മേളനത്തിൽവച്ച് സമ്മാനങ്ങൾ നൽകി. വിജയികൾക്ക് അനുമോദനങ്ങൾ!

### I. 2 മിനിറ്റ് ദൈർഘ്യമുള്ള ഷോർട്ട് ഫിലിം മത്സരം

I Two Sides - സി. ജിയ എംഎസ്ജെ & ടീം (₹15001/- പ്രശംസാഫലകവും)

II Cry of the Dustbin - അഖിൽ തോമസ് പൂനൈ (₹10001/- „ )

III Being Human - കിഷോർ ലാൽ & ടീം തളിപ്പറമ്പ് (₹5001/- „ )

### പ്രത്യേക ജൂറി അവാർഡുകൾ

സൗഹൃദം-ജോസഫ് ജോർജ് മദർഹോം (₹1001/- പ്രശംസാഫലകവും)

അരിമണികൾ - നെൽസൺ ജോസഫ് കാസർഗോഡ് ( „ )

ഹോംവർക്ക് - ആബേൽ ഹർട്ടർ കൊച്ചി ( „ )

### II. ഡിജിറ്റിൽ പോസ്റ്റർ ഡിസൈൻസ്

**Theme : “Let us respect equality and dignity of women”**

I റബേക്കാ രചനാ പോൾ, എറണാകുളം, ₹ 5001/- പശംസഫലകവും

II അഖിൽ തോമസ്, പൂനൈ, ₹ 3001/- പ്രശംസഫലകവും

III അരുൺ കുമാർ കെ. കാസർഗോഡ്, ₹ 2001/- പ്രശംസഫലകവും

**Theme : “Let’s stop child Abuse”**

I ടോണി കുര്യൻ, മൂലയിൽ കോട്ടയം, ₹ 5001/- പശംസഫലകവും

II ജെനിൽ രേഖർ, നിസ്കോർട്ട്, ഡെൽഹി, ₹ 3001/- പ്രശംസഫലകവും

III റൂസോ ജ്യോതി മിത്ര, വെസ്റ്റ് ബംഗാൾ, ₹ 2001/- പ്രശംസഫലകവും

നന്ദിയോടെ,

**ഫാ. സെബാൻ ചെരിപ്പുറത്ത്**

ഡയറക്ടർ

# ധ്യാനകേന്ദ്രങ്ങളിലൂടെ...

**1. മദർഹോം, പരിയാരം; ഫോൺ: 04972-800544, 9447607101**

| | | |
|---|---|---|
| 2018 ഫെബ്രു. 02-04 | : | പരീക്ഷ ഒരുക്ക ധ്യാനം (10, +1, +2 ക്ലാസ്സുകാർക്ക്) |
| 04-09 | : | ആന്തരിക ശാരീരിക സൗഖ്യ ധ്യാനം |
| 10 | : | ഏകദിന കൺവെൻഷൻ |
| 18-23 | : | ആന്തരിക ശാരീരിക സൗഖ്യ ധ്യാനം |

**2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം - ഇരിട്ടി; ഫോൺ: 0490-2493491, 9745017131**

| | | |
|---|---|---|
| ഫെബ്രു. 04 | : | ജാഗരണപ്രാർത്ഥന |
| 10 | : | ക്രിസ്റ്റീൻ ഏകദിന ധ്യാനം |
| 11-15 | : | ആന്തരിക സൗഖ്യ ധ്യാനം |
| ,, 25 മാർച്ച് 1 | : | ആന്തരിക സൗഖ്യ ധ്യാനം |

**3. ദർശന ധ്യാനകേന്ദ്രം, പുഷ്പഗിരി-തളിപ്പറമ്പ ഫോൺ: 0460-2202613, 9447424076**

| | | |
|---|---|---|
| ഫെബ്രു. 11-15 | : | ശിഷ്യത്വ പരിശീലന ധ്യാനം |
| 16-18 | : | ദമ്പതീ - യുവജന ധ്യാനം |
| 22-25 | : | ഹീലിങ്ങ് & ഡെലിവറൻസ് റിട്രീറ്റ് |
| 25- മാർച്ച് 1 | : | പ്രാർത്ഥനാനുഭവ ആന്തരീക സൗഖ്യ ധ്യാനം (വൈദികർക്കും സിസ്റ്റേഴ്സിനും) |

**4. മൗണ്ട് കാർമ്മൽ, പേരാവൂർ; ഫോൺ: 0490 - 2444595**

| | | |
|---|---|---|
| ഫെബ്രു. 12-14 | : | ആന്തരീക സൗഖ്യ-കുടുംബാഭിഷേക ധ്യാനം (വെള്ളി വൈകു.4 മണി മുതൽ ഞായർ രാത്രി 9 വരെ) |
| 17 | : | ഏകദിന ധ്യാനം (രാവിലെ 10 മുതൽ വൈകു. 4 വരെ) |
| 23-25 | : | ആന്തരീക സൗഖ്യ-കുടുംബാഭിഷേക ധ്യാനം (വെള്ളി വൈകു. 4 മണി മുതൽ ഞായർ രാത്രി 9 വരെ) |

**5. സീയോൺ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി; ഫോൺ: 0460-2264451, 2264645**

| | | |
|---|---|---|
| ഫെബ്രു. 03 | : | ഏകദിന കൺവെൻഷൻ |
| 04-08 | : | ആന്തരിക ശാരീരിക സൗഖ്യ ധ്യാനം |
| 09 | : | ജാഗരണ പ്രാർത്ഥന |
| 10 | : | ക്രിസ്റ്റീൻ വിങ്സ് |
| 17, 24 | : | മരിയൻ ദിവ്യകാരുണ്യ ആരാധന |
| 18-22 | : | ആന്തരീക സൗഖ്യധ്യാനം |

**6. കൃപാലയം ധ്യാനകേന്ദ്രം, കാക്കേഞ്ചാൽ - ചെറുപുഴ; ഫോൺ: 9526609050, 9447481643, 9496253756**

| | | |
|---|---|---|
| ഫെബ്രു. 04-09 | : | ആന്തരിക സൗഖ്യ ധ്യാനം |
| 18-23 | : | ആന്തരിക സൗഖ്യ ധ്യാനം |
| 6, 13, 20, 27 | : | ഏകദിന കൺവെൻഷൻ |

# വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്
## മാർ ജോർജ് ഞറളക്കാട്ട്

**2017 ഡിസംബർ**

24 അതിരൂപതാ കേന്ദ്രത്തിൽ വിവിധ ഭാഗങ്ങളിൽനിന്ന് വന്ന സന്ദർശകരെ സ്വീകരിച്ചു.

25 രാവിലെ കത്തീഡ്രൽ പള്ളിയിൽ തിരുപ്പിറവിയുടെ കർമ്മങ്ങൾക്ക് നേതൃത്വം നൽകി. ഉച്ചകഴിഞ്ഞ് 2 മണിക്ക് ചെറുകാട്ടൂരിൽ നിര്യാതയായ സി. ലൂസി കാരക്കുന്നേലിന്റെ മൃതസംസ്ക്കാര ശുശ്രൂഷകൾ നടത്തി.

26 കച്ചേരിക്കടവ് ഇടവകയിൽ രാവിലെ 9 മണിക്ക് ബഹു. ഡീക്കന്മാർ ജോർജ് ചാലിൽ, സെബാസ്റ്റ്യൻ പുത്തൻപുരയ്ക്കൽ ഒഎസ്ബി, റിജോ മുണ്ടക്കശേരി എന്നിവർക്ക് തിരുപ്പട്ടം നൽകി. അതിനുശേഷം പാലത്തിൻകടവ് ഇടവകയും ബാലഭവനും സന്ദർശിച്ചു. പിന്നീട് കുന്നോത്ത് സെമിനാരിയിൽ വിശ്രമിച്ചു.

27 അങ്ങാടിക്കടവിൽ രാവിലെ 9മണിക്ക് ബഹു. ഡീക്കന്മാർ ജോസഫ് കളപ്പുരയ്ക്കൽ, വർഗീസ് കളപ്പുരയ്ക്കൽ എന്നിവർക്ക് തിരുപ്പട്ടം നൽകി.

28 ഭീമനടിയിൽ രാവിലെ 9 മണിക്ക് ഡീക്കൻ തോമസ് മേനപ്പാട്ടുപടിയ്ക്കലിന് തിരുപ്പട്ടം നൽകി. അതിനുശേഷം 12 മണിക്ക് പനത്തടിയിൽ കൊച്ചുകുന്നേൽ ജോസഫ്, മുരിയൻവേലിൽ അന്നമ്മ എന്നിവരുടെ മനസ്സമ്മതം നടത്തി. 12.30ന് മുരിയൻവേലിൽ ഫ്രാൻസീസ്, വാതപ്പള്ളിൽ എമിലി ഗ്രേസ്, തുണ്ടത്തിൽ സെറ ആഗ്നസ് എന്നീ കുഞ്ഞുങ്ങൾക്ക് മാമ്മോദീസാ നൽകി. വൈകുന്നേരം 3 മണിക്ക് വിമലഗിരി പരപ്പയിൽ എസ്ഡിപി സിസ്റ്റേഴ്സ് പുതുതായി പണികഴിപ്പിച്ച സ്കൂൾ കെട്ടിടം വെഞ്ചരിക്കുകയും പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

29 രാവിലെ 6.30ന് പടന്നക്കാട് ദൈവാലയത്തിൽ ദിവ്യബലി അർപ്പിച്ചു. പിന്നീട് രാവിലെ 9മണിക്ക് പടുപ്പിൽ ബഹു. ഡീക്കൻ മിൽട്ടൻ ഐമനചിറക്ക് തിരുപ്പട്ടം നൽകി.

30 രാവിലെ 6.30ന് ചെറുപുഴ ഫൊറോനപള്ളിയിൽ ദിവ്യബലി അർപ്പിച്ചു. അതിനുശേഷം 9 മണിക്ക് തിരുമേനിയിൽ ഡീക്കൻ വിൻസെന്റ് എടക്കരോട്ട് എംസിബിഎസ്ന് തിരുപ്പട്ടം നൽകി.

31 തലയോലപറമ്പിൽ ദിവ്യബലി അർപ്പിച്ചു.

## 2018 ജനുവരി

01 ഉച്ചകഴിഞ്ഞ് 2.30ന് ചെമ്പേരി ഫൊറോനപള്ളിയിൽ നിര്യാതയായ സോഫി പാലാത്തിന്റെ (ചാലിൽ) മൃതസംസ്ക്കാരശുശ്രൂഷ നടത്തി.

02 രാവിലെ 9 മണിക്ക് ചെടിക്കുളത്ത് ഡീക്കൻ ജോസഫ് ഓരത്തേലിന് തിരുപ്പട്ടം നൽകി. അതിനുശേഷം 12.00മണിക്ക് കുന്നോത്ത് എഫ്സി കോൺവെന്റിന്റെ സുവർണ്ണജൂബിലിയോടനുബന്ധിച്ച് ദിവ്യബലി അർപ്പിച്ചു. വൈകുന്നേരം 5 മണിക്ക് നിർമ്മലഗിരിയിൽ റിട്ടയേർഡ് ടീച്ചേഴ്സിന്റെ മീറ്റിംഗിൽ പങ്കെടുത്തു.

03 അതിരൂപതാകേന്ദ്രത്തിൽ വിവിധഭാഗങ്ങളിൽനിന്ന് വന്ന സന്ദർശകരെ സ്വീകരിച്ചു.

04 രാവിലെ 9.15ന് ചെങ്ങോം ഇടവകയിൽ ബഹു. ഡീക്കൻ അമൽ വലിയ പറമ്പിൽ എംസിബിഎസിന് തിരുപ്പട്ടം നൽകി.

05 വൈകുന്നേരം 3.30ന് വിളമനയിൽ ദിവ്യബലി അർപ്പിക്കുകയും പുതുതായി നിർമ്മിച്ച വൈദികമന്ദിരം വെഞ്ചരിക്കുകയും ചെയ്തു.

06 രാവിലെ 6.30ന് കത്തീഡ്രൽ പള്ളിയിൽ പ്രേഷിതവാരം ഉദ്ഘാടനം ചെയ്യുകയും ദിവ്യബലി അർപ്പിക്കുകയും ചെയ്തു. അതിനുശേഷം രാവിലെ 9 മണിക്ക് ലിസിഗിരിയിൽ ബഹു. ഡീക്കൻ ജോബി പരവരാകത്തിന് തിരുപ്പട്ടം നൽകി. ഉച്ചയോടുകൂടി ഷംസാബാദിന് യാത്ര തിരിച്ചു.

07 ഷംസാബാദ് രൂപതാസ്ഥാപന ചടങ്ങിൽ പങ്കെടുത്തു.

8-13 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സിനഡിൽ പങ്കെടുത്തു.

13 ഉച്ചകഴിഞ്ഞ് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ രജത ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

14 കമ്മന ഇടവകയിൽ ദിവ്യബലി അർപ്പിച്ച് വചനസന്ദേശം നൽകി. ഉച്ചകഴിഞ്ഞ് 4.00 മണിക്ക് കുറുമണി പള്ളിയുടെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് ദിവ്യബലി അർപ്പിച്ച് കുട്ടികൾക്ക് ആദ്യകുർബാന നൽകി.

15 രാവിലെ 9മണിക്ക് പുൽപ്പള്ളി ഇടവകയിൽ ബഹു. ഡീക്കൻ ജിന്റോ പൊന്നമ്പേൽ സിഎസ്ടിക്ക് തിരുപ്പട്ടം നൽകി. വൈകുന്നേരം 4മണിക്ക് സന്ദേശഭവനിൽ ഡിപ്പാർട്ട്മെന്റ്തല മീറ്റിംഗിൽ പങ്കെടുത്തു.

16 രാവിലെ 9.30 ന് പടന്നക്കാട് റീജണൽ പ്രെസ്ബിത്തേരിയത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് 2.30ന് ആലക്കോട് റീജണൽ പ്രെസ്ബിത്തേരിയത്തിൽ പങ്കെടുത്തു.

17 രാവിലെ 9.30 ന് ഇരിട്ടിയിൽ റീജണൽ പ്രെസ്ബിത്തേരിയത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് 2.30ന് ചെമ്പേരിയിൽ റീജണൽ പ്രെസ്ബിത്തേരിയത്തിന് നേതൃത്വം നൽകി വൈകുന്നേരം 7.30ന് അതിരൂപതാകേന്ദ്രത്തിൽ വച്ച് നവവൈദികർക്ക് നൽകിയ സ്വീകരണത്തിൽ പങ്കെടുത്തു.

18 രാവിലെ 6.30 ന് കത്തീഡ്രൽ പള്ളിയിൽ നവവൈദീകരോടൊപ്പം ദിവ്യബലി അർപ്പിച്ചു. അതിനുശേഷം അതിരൂപതാകേന്ദ്രത്തിൽ വിവിധഭാഗങ്ങളിൽ നിന്നു വന്ന വൈദികരെയും സന്യസ്തരെയും സ്വീകരിച്ചു. വൈകുന്നേരം 6മണിക്ക് അതിരൂപതാ കേന്ദ്രത്തിൽവച്ച് നടന്ന മാസധ്യാനത്തിൽ പങ്കെടുത്തു.

19 രാവിലെ 9 മണിക്ക് അതിരൂപതാകേന്ദ്രത്തിൽ നടന്ന കൂരിയ മീറ്റിംഗിന് നേതൃത്വം നൽകി. വൈകുന്നേരം 4 മണിക്ക് രാജപുരത്ത് കൺവെൻഷനോടനുബന്ധിച്ച് ദിവ്യബലി അർപ്പിച്ച് സന്ദേശം നൽകി. അതിനുശേഷം രോഗിയായിരിക്കുന്ന ബഹു. ജോർജ് ആശാരിക്കുന്നേലച്ചന്റെ വത്സല മാതാവിനെ സന്ദർശിച്ചു.

20 ഉച്ചകഴിഞ്ഞ് 2.30ന് വെമ്പുവായിൽ ശ്രീ. ബിജു മണ്ണൂരിന്റെ നാലാമത്തെ കുഞ്ഞിന് മാമ്മോദീസാ നൽകി. അതിനുശേഷം അരീക്കമലയിൽ പുതുതായി നിർമ്മിച്ച സൺഡേസ്കൂൾ കെട്ടിടം വെഞ്ചരിച്ചു.

❖❖❖

## Programme of the Archbishop Mar George Njaralakatt

### February - 2018

| | | | |
|---|---|---|---|
| 01-09 | | - | Bangalore : CBCI Meeting |
| 10 | 10am | - | Minor Seminary : Benefactor's Meeting |
| | 2.30pm | - | Sandesabhavan : Family Apostolate Meeting |
| 11 | | - | Pastoral Visit |
| 12 | 6.30 | - | Cathedral : Ash Monday |
| | 5.00pm | - | Pallikunnu |
| 13 | 10.00 | - | Thaliparamba : Pastoral Council |
| | 2.00 | - | Catechism Central Committee Meeting |
| 14 | | - | Visitor's day |
| | 6.00pm | - | Monthly Recollection TLY |
| 15 | | - | Priests & Sisters day |
| 16 | | - | Kunnoth Seminary Visit |
| | 6.00pm | - | Iritty Christ School |
| 17-18 | | - | Pastoral Visit |
| 19 | | - | Ernakulam |
| 20 | 6.00pm | - | Kannur : Melechovva |
| 21 | | - | Visitor's day |
| 22 | | - | Kottayam |
| 23 | 11.00am | - | TSSS Community Wedding |
| 24 | | - | Sandesabhavan : TSSS programme |
| 25 | | - | Pastoral Visit |
| 26-28 | | - | Thrissur, Kottayam |

## March - 2018

| | | | |
|---|---|---|---|
| 01 | | - | Visitor's day |
| 02 | 4.00pm | - | Thamarassery : Maruthomkara |
| 03-04 | | - | Pastoral Visit |
| 05-06 | | - | Coimbatore |
| 07 | | - | Visitor's day |
| 08 | | - | Priests & Sisters day |
| 09 | | - | Mount St. Thomas : Vocation Promoters Meeting |
| 10-11 | | - | Pastoral Visit |
| 12 | 3.00pm | - | Ulickal : School Blessing |
| | 5.00pm | - | Arabi : School Blessing |
| 14 | | - | Visitors day |
| 15 | | - | Bangalore |

**Secretary to the Archbishop**

❖❖❖

# വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്
## മാർ ജോർജ് വലിയമറ്റം

### 2017 ഡിസംബർ

24 രാവിലെ 7.30ന് വട്ടിയാംതോട് ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി.

25 മണിക്കടവ് ദൈവാലയത്തിൽ ക്രിസ്മസ് പാതിരാകർമ്മങ്ങൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ച് വി. കുർബാനയർപ്പിച്ചു. ഉച്ചക്ക് 1 മണിക്ക് കുന്നോത്ത് നസ്രത്ത് ജനറലേറ്റിൽ നടന്ന ക്രിസ്മസ് ആഘോഷങ്ങളിൽ പങ്കെടുത്തു.

27 രാവിലെ 9 മണിക്ക് തോമാപുരം ദൈവാലയത്തിൽ ഡീക്കൻ ജോർജ് ചാലിൽ സിഎസ്ടിക്ക് പൗരോഹിത്യപട്ടം നൽകി. തുടർന്ന് ഉച്ചകഴിഞ്ഞ് കരുവഞ്ചാൽ പ്രീസ്റ്റ്ഹോം സന്ദർശിച്ചു.

28 രാവിലെ 8.30ന് മേരിഗിരി ദൈവാലയത്തിൽ ഡീക്കൻ സെബാസ്റ്റ്യൻ കൊന്നക്കാട്ട് സിഎസ്ടിക്ക് വൈദികപട്ടം നൽകി. തുടർന്ന് 12 മണിക്ക് പയ്യന്നൂർ ദൈവാലയത്തിൽ നിഖിൽ പന്തുകുളത്തിന്റെയും ലിനുവിന്റെയും വിവാഹം ആശീർവദിച്ചു.

30 പെരിങ്ങാല ദൈവാലയത്തിൽ രാവിലെ 9 മണിക്ക് ഡീക്കൻ ജോസഫ് കൈതക്കുളം സിഎസ്ടിക്ക് വൈദികപട്ടം നൽകി. ഉച്ചക്ക് 12 മണിക്ക് എടത്തൊട്ടിയിൽ അലക്സ് പടിഞ്ഞാറേക്കൂറ്റിന്റെ ഭവനം വെഞ്ചരിച്ചു. വൈകുന്നേരം 5 മണിക്ക് തിരുവമ്പാടി ദൈവാലയത്തിൽ ആൻ നമിത ആനക്കല്ലേലും ഷോൺ ജോസും തമ്മിലുള്ള വിവാഹവാഗ്ദാനം നടത്തി.

### 2018 ജനുവരി

01 രാവിലെ 9 മണിക്ക് എടക്കാനം ദൈവാലയത്തിൽ ഡീക്കൻ മാത്യു കുന്നേലിന് വൈദികപട്ടം നൽകി.

02 മാനടുക്കം ഇടവകയിൽ രാവിലെ 9.15ന് ഡീക്കൻ സെബാസ്റ്റ്യൻ നരിപ്പാറ സിഎസ്റ്റിക്ക് വൈദികപട്ടം നൽകി. തുടർന്ന് പാണത്തൂർ, കള്ളാർ, അടോട്ടുകയം ദൈവാലയങ്ങൾ സന്ദർശിച്ചു.

04 പനത്തടി ദൈവാലയത്തിൽ രാവിലെ 9.15ന് ഡീക്കൻ തോമസ് പന്തലാനിക്ക് പൗരോഹിത്യം നൽകി.

06 പാലാ രൂപതയിൽ ഇലഞ്ഞി ദൈവാലയത്തിൽ രാവിലെ 6.30ന് വി.

കുർബാനയർപ്പിച്ചു. തുടർന്ന് 9.15ന് മുളക്കുളം ദൈവാലയത്തിൽ ഡീക്കൻ ജോൺ കൂവപാറയ്ക്ക് വൈദികപട്ടം നൽകി.

07 രാവിലെ 11.30ന് ആനിക്കാട് ദൈവാലയത്തിൽ ജോമോൻ കണ്ടൻകരിയുടെയും ആൽഫി അൽഫോൻസായുടെയും വിവാഹവാഗ്ദാനം നടത്തി. തുടർന്ന് ആനിക്കാട് എസ്എച്ച് മഠം, ചെങ്ങളം ദൈവാലയം എന്നിവിടങ്ങളിൽ സൗഹൃദസന്ദർശനം നടത്തി.

08-13 കാക്കനാട് നടന്ന മെത്രാൻ സിനഡിൽ പങ്കെടുത്തു.

10 രാവിലെ 10 മണിക്ക് പ്രവിത്താനം ദൈവാലയത്തിൽ അന്ന കുറുവത്താഴത്തിന്റെയും ജോസഫിന്റെയും വിവാഹവാഗ്ദാനം നടത്തി.

11 വൈകീട്ട് 6 മണിക്ക് എറണാകുളത്ത് ജോയി പന്തേനാലിന്റെ ഭവനം വെഞ്ചരിച്ചു.

14 രാവിലെ 9.15ന് മണിപ്പാറ ദൈവാലയത്തിൽ ഡീക്കൻ മാർട്ടിൻ വള്ളോപ്പിള്ളിൽ സിഎംഎഫ്ന് വൈദികപട്ടം നൽകി. തുടർന്ന് 11.30ന് വെമ്പുവ ദൈവാലയത്തിൽ മാനുവൽ മേച്ചേരിലിന്റെയും എലിസബത്ത് ഇരിങ്ങോലിന്റെയും വിവാഹം ആശീർവദിച്ചു.

16 രാവിലെ 11 മണിക്ക് നെൻമേനി ഇടവകയിൽ നിര്യാതനായ പോൾ കുറ്റിവയലിന്റെ മൃതസംസ്ക്കാരകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് താമരശ്ശേരി അരമനയിൽ പോൾ ചിറ്റിലപ്പള്ളി പിതാവിനെ സന്ദർശിച്ചു.

17 രാവിലെ 6.15ന് കോടഞ്ചേരി ദൈവാലയത്തിൽ വത്സലപിതാവിന്റെ അനുസ്മരണാദിനത്തിൽ ദിവ്യബലി അർപ്പിക്കുകയും ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു.

20 രാവിലെ 10.30ന് ഉളിക്കൽ ദൈവാലയത്തിൽ ലിൻസിന്റെയും ജെൽനാ എട്ടുക്കലിന്റെയും വിവാഹം ആശീർവദിച്ചു. തുടർന്ന് വൈകുന്നേരം 4.30ന് ആലക്കോട് അഭിഷേകാഗ്നി കൺവെൻഷനിൽ വി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി.

❖❖❖

## Programme of the Archbishop Emeritus Mar George Valiamatttam

### February - 2018

| | | | |
|---|---|---|---|
| 01-06 | | - | CBCI Banglore |
| 08 | 10.00am | - | Thomapuram |
| | 04.00pm | - | Marygiri |
| 10 | 10.00am | - | Nilambur |

**Secretary to the Archbishop Emeritus**

❖❖❖

# വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്
## മാർ ജോസഫ് പാംപ്ലാനി

### 2017 ഡിസംബർ

22 ഉച്ചകഴിഞ്ഞ് 3.30ന് ശ്രീകണ്ഠാപുരം ദൈവാലയത്തിൽ തിരുനാൾ കുർബാനയർപ്പിച്ച് സന്ദേശം നൽകി. 6 മണിക്ക് വൈഎംസിഎ ശ്രീകണ്ഠാപുരത്തിന്റെ ക്രിസ്മസ് ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു. തുടർന്ന് 7 മണിക്ക് ചെമ്പന്തൊട്ടി വൈഎംസിഎ ക്രിസ്മസ് ആഘോഷങ്ങളിൽ പങ്കെടുത്ത് സന്ദേശം നൽകി. രാത്രി 8 മണിക്ക് കരുവഞ്ചാൽ ശാന്തിഭവനിൽ വച്ച് നടന്ന ക്രിസ്മസ് ആഘോഷങ്ങളിൽ പങ്കെടുത്തു.

23 രാവിലെ സന്ദേശഭവനിൽവച്ച് നടന്ന ജീവോത്സവം പരിപാടി ഉദ്ഘാടനം ചെയ്ത് ഉപഹാരസമർപ്പണം നടത്തി. ഉച്ചകഴിഞ്ഞ് 3 മണിക്ക് ആലക്കോട് വൈഎംസിഎയുടെ ഭവനനിർമ്മാണ പദ്ധതിയുടെ താക്കോൽ ദാനം നടത്തുകയും ക്രിസ്മസ് ആഘോഷങ്ങളിൽ ആശംസയർപ്പിക്കുകയും ചെയ്തു. തുടർന്ന് 6മണിക്ക് പയ്യന്നൂർ ദൈവാലയത്തിൽ സംഘടിപ്പിക്കപ്പെട്ട സംയുക്ത ക്രിസ്മസ് ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു.

24 വൈകുന്നേരം 6 മണിക്ക് ചെമ്പേരി കരുണാലയത്തിൽ ഒരുക്കിയ ക്രിസ്മസ് ആഘോഷങ്ങളിൽ പങ്കെടുത്തു.

25 രാത്രി 12 മണിക്ക് പുലുക്കുരുമ്പ ദൈവാലയത്തിൽ ക്രിസ്മസ് പാതിരാ കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. രാവിലെ 7 മണിക്ക് കരുവഞ്ചാൽ ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് ക്രിസ്മസ് സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് 4 മണിക്ക് പേരിയാ ഇടവക ഭവനനിർമ്മാണ പദ്ധതിയുടെ താക്കോൽ ദാനം നിർവ്വഹിച്ചു.

26 വെമ്പുവാ ഇടവക ദൈവാലയത്തിൽ ഫാ. ആന്റണി പുന്നൂരിന്റെ പൗരോഹിത്യ രജത ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്ത് സന്ദേശം നൽകി.

27 രാവിലെ 9 മണിക്ക് മാങ്ങോട് ഇടവകയിൽ ഡീക്കൻ കുര്യാക്കോസ് ഓണാട്ടിനും ഡീക്കൻ ഫിലിപ്പ് തകിടിയേലിനും പൗരോഹിത്യപട്ടം നൽകി. ഉച്ചകഴിഞ്ഞ് 3.30ന് പാലാവയലിൽ ഫാ. ജോൺസൺ അന്ത്യാംകുളത്തിന്റെ പൗരോഹിത്യ രജതജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്ത് സന്ദേശം നൽകി. തുടർന്ന് 6 മണിക്ക് കരുവഞ്ചാൽ വ്യാപാരവ്യവസായ സമിതിയുടെ ക്രിസ്മസ് ആഘോഷങ്ങൾ ഉദ്ഘാടനംചെയ്ത് സന്ദേശം നൽകി.

28 രാവിലെ 9 മണിക്ക് വരക്കാട് ഇടവകയിൽ ഡീക്കൻ ജോൺസൺ പുലിയുറിമ്പിലിന് പൗരോഹിത്യപട്ടം നൽകി. വൈകുന്നേരം 4 മണിക്ക് പൂളക്കുറ്റി ഇടവകയിൽ പുതുതായി നിർമ്മിച്ച ഗ്രോട്ടോ വെഞ്ചരിക്കുകയും തിരുനാൾ കുർബ്ബാനയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.

29 താമരശ്ശേരി കട്ടിപ്പാറ ദൈവാലയത്തിൽ വൈകുന്നേരം 4 മണിക്ക് തിരുനാൾ കുർബാനയർപ്പിച്ച് സന്ദേശം നൽകി.

30 രാവിലെ 10.30ന് പെരുവണ്ണാമൂഴിയിൽ ഡോ. അമൽ ജ്യോതി ആശാരിപറമ്പിലിന്റെയും ഡോ. മനു പുന്നത്തറയുടെയും വിവാഹം ആശീർവദിച്ചു. വൈകുന്നേരം 4 മണിക്ക് പാലാവയൽ ഇടവകയിൽ തിരുനാൾ കുർബാനയർപ്പിച്ച് സന്ദേശം നൽകി.

31 രാവിലെ 8.30ന് എടത്തൊട്ടിയിൽ വച്ച് നടന്ന യുവജനധ്യാനത്തിൽ സന്ദേശം നൽകി. തുടർന്ന് പേരാവൂരിൽ ഉച്ചകഴിഞ്ഞ് 2 മണിക്ക് മദ്ധ്യവിരുദ്ധസമിതി റൂബി ജൂബിലി പ്രഖ്യാപനം നടത്തുകയും മുക്തിശ്രീ സംഘടനയുടെ ഉദ്ഘാടനം നടത്തുകയും ചെയ്തു. വൈകുന്നേരം 4 മണിക്ക് നടവയൽ ദൈവാലയത്തിൽ തിരുനാൾ കുർബാനയർപ്പിച്ച് സന്ദേശം നൽകി. രാത്രി 9 മണിക്ക് ചെമ്പേരിയിൽ നിര്യാതയായ സോഫി പാലാത്തിലിന്റെ ഭവനം സന്ദർശിച്ച് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

## 2018 ജനുവരി

01 രാവിലെ 10 മണിക്ക് ഉദയപുരം ദൈവാലയത്തിൽ പുതിയതായി നിർമ്മിച്ച ഗ്രോട്ടോ വെഞ്ചരിക്കുകയും ഫാ. മാത്യു അത്തിക്കളത്തിന്റെ പൗരോഹിത്യസുവർണ്ണജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്ത് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു. തുടർന്ന് ബളാൽ, വെള്ളരിക്കുണ്ട് ദൈവാലയങ്ങൾ സന്ദർശിച്ചു.

02 രാവിലെ 9 മണിക്ക് കരുണാപുരം ദൈവാലയത്തിൽവച്ച് ഡീക്കൻ സിമിൽ കാരുവേലിലിന് പൗരോഹിത്യപട്ടം നൽകി.

03 രാവിലെ 9 മണിക്ക് കാര്യപ്പള്ളി ദൈവാലയത്തിൽവച്ച് ഡീക്കൻ കുര്യാക്കോസ് പ്ലാവുനിൽക്കുംപറമ്പിലിന് പൗരോഹിത്യപട്ടം നൽകി. വൈകുന്നേരം 4 മണിക്ക് കോട്ടൂർ ഇടവകയിൽ നിർമ്മിച്ച ഗ്രോട്ടോ വെഞ്ചരിക്കുകയും തിരുനാൾ കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.

04 ഉച്ചകഴിഞ്ഞ് 3.30ന് പുന്നക്കുന്ന് ഇടവകയിൽ ഫാ. ജോസഫ് തയ്യിലിന്റെ പൗരോഹിത്യസുവർണ്ണജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്ത് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

05 വൈകുന്നേരം 6 മണിക്ക് പൊന്ന്യം വൈദീകപരിശീനകേന്ദ്രം സന്ദർശിച്ച് വി. കുർബാനയർപ്പിച്ചു.

06 രാവിലെ 10 മണിക്ക് മരിയാപുരത്ത് നടന്ന ഫാ. സുക്കോൾ അനുസ്മരണപരിപാടിയിൽ സന്ദേശം നൽകി. വൈകുന്നേരം 4 മണിക്ക് മേരിപുരത്ത് പുതുതായി നിർമ്മിച്ച സൺഡേ സ്കൂൾ കെട്ടിടം വെഞ്ചരിക്കുകയും വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു. തുടർന്ന് 7 മണിക്ക് പടന്നക്കാട് ഇടവകാതിരുനാളിൽ പ്രദിക്ഷണത്തെ തുടർന്ന് വചനസന്ദേശം നൽകി.

07 രാവിലെ 9 മണിക്ക് കാസർഗോഡ് ദൈവാലയത്തിൽ തിരുനാൾ കുർബാനയർപ്പിച്ച് സന്ദേശം നൽകി. വൈകുന്നേരം 4 മണിക്ക് ഉമ്മറപ്പോയിൽ ദൈവാലയത്തിൽ തിരുനാൾ കുർബാനയർപ്പിച്ച് സന്ദേശം നൽകി.

08–13 കാക്കനാട് നടന്ന മെത്രാൻ സിനഡിൽ പങ്കെടുത്തു.

14 രാവിലെ 9 ന് തളിപ്പറമ്പ് ഫൊറോനാ ദൈവാലയത്തിൽ തിരുനാൾ സന്ദേശം നൽകി തുടർന്ന് 10.30ന് കാഞ്ഞങ്ങാട് ഫൊറോനാ ദൈവാലയത്തിൽ ദിവ്യബലി മധ്യേ വചനസന്ദേശം നൽകി. ഉച്ചകഴിഞ്ഞ് 3 മണിക്ക് ഭീമനടി ദൈവാലയത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്യുകയും വി. കുർബാനയർപ്പിച്ച് സന്ദേശംനൽകുകയും ചെയ്തു. 7.30ന് പള്ളിക്കരയിൽ കാഞ്ഞങ്ങാട് ഇടവക നൽകുന്ന ധനസഹായവിതരണത്തിൽ പങ്കെടുത്തു. തുടർന്ന് 8 മണിക്ക് കാഞ്ഞങ്ങാട് ഫൊറോനാ യുവജനപ്രേഷിത സംഗമത്തിൽ പങ്കെടുത്തു.

15 ഉച്ചകഴിഞ്ഞ് 4 മണിക്ക് സന്ദേശഭവനിൽ വച്ച് നടന്ന ദിയാക്കോണിയ കോർടീം മീറ്റിൽ പങ്കെടുത്തു.

16 പടന്നക്കാട്, ആലക്കോട് സെന്ററുകളിൽ നടന്ന ബഹു. വൈദികരുടെ റീജണൽ മീറ്റിൽ പങ്കെടുത്തു.

17 ഇരിട്ടി, ചെമ്പേരി സെന്ററുകളിൽ നടന്ന ബഹു. വൈദികരുടെ റീജണൽ മീറ്റിൽ പങ്കെടുത്തു.

19 വൈകുന്നേരം 4 മണിക്ക് നടുവിൽ ദൈവാലയത്തിൽ ഫാ. സെബാസ്റ്റ്യൻ വാഴകാട്ടിന്റെ സുവർണ്ണജൂബിലി ആഘോഷത്തിലും ഇടവകാതിരുനാളിലും പങ്കെടുത്ത് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

21 വൈകുന്നേരം 4 മണിക്ക് ആലക്കോട് അഭിഷേകാഗ്നി കൺവെൻഷനിൽ പങ്കെടുത്ത് വി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി.

22 രാവിലെ 6.30ന് പൈസക്കരി ഇടവകാദൈവാലയത്തിൽ തിരുനാൾ കുർബാനയർപ്പിക്കുകയും ജോസഫ് തെരുവത്തിന് മാമ്മോദീസ നൽകു

# Programme of the Auxiliary Bishop
# Mar Joseph Pamplany

## February - 2018

| | | | |
|---|---|---|---|
| 01-09 | | - | CBCI Banglore |
| 10 | 10.00am | - | PMOC Kozhikode |
| | 4.00pm | - | Chemperi |
| 11 | | - | Engaged |

Feb.12-March13 - Out of Station

**Secretary to the Auxiliary Bishop**

കയും ചെയ്തു. തുടർന്ന് 8.30ന് കുടിയാന്മല സ്കൂളിൽ പുതുതായി നിർമ്മിക്കുന്ന ബ്ലോക്കിന്റെ കല്ലിടിൽ കർമ്മം നടത്തി. 9.15ന് വായാട്ടു പറമ്പ സ്കൂളിന്റെ വാർഷികാഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു. 11.15ന് കുടിയാന്മല ഇടവകയിൽ നെടുംപറത്ത് ടോണിയും അനുവും തമ്മി ലുള്ള വിവാഹം ആശീർവദിച്ചു വൈകുന്നേരം 5 മണിക്ക് അങ്ങാടിക്ക ടവ് ഇടവക സംഘടിപ്പിക്കുന്ന ഡയാലിസിസ് പദ്ധതി ഉദ്ഘാടനം ചെയ്തു. 6.30ന് ഇരിട്ടിയിൽവച്ച് നടന്ന നെല്ലിക്കാംപൊയിൽ ഫൊറോന യുവജനപ്രേഷിതസംഗമത്തിൽ പങ്കെടുത്തു.

23 രാവിലെ 9.30ന് നിർമ്മലഗിരി കോളേജ് സംഘടിപ്പിച്ച സംസ്ഥാനതല ക്വിസ് മത്സരം ഉദ്ഘാടനം ചെയ്തു. 11.30ന് തലശ്ശേരി സന്ദേശഭവനിൽ വച്ച് നടന്ന റിലീജിയസ് സുപ്പീരിയേഴ്സ് മീറ്റിൽ പങ്കെടുത്തു. വൈകു ന്നേരം 4 മണിക്ക് മണ്ഡപം ഇടവകയിൽ തിരുനാൾ കുർബാനയർപ്പിച്ച് സന്ദേശം നൽകി.

❖❖❖